KOTTAYAM PUBLIC LIBRARY

Call No.

Acc. No.

Author

Title

1066

32802.

# ശാസ്ത്രീയ സോഷ്യലിസത്തിന്റെ ഉല്പത്തിയും തത്വങ്ങളും

എൽ. മിനിയേവ്

KOTTAYAM PUBLIC LIBRARY
32802
KOTTAYAM

പ്രഭാത് ബുക്ക് ഹൗസ്
H. O. തിരുവനന്തപുരം-14.

335

MALAYALAM

# "SASTHRIYA SOCIALISATHINTAY ULPATHIYUM THATHUVANGALUM"

(ORIGIN AND PRINCIPLES OF SCIENTIFIC SOCIALISM)

By
MINAYEV

*Translated By*
ERRAVANGARA GOPALAKURUP
P. N. CHANDRASHEKARANUNNITHAN

1967 Jan.

Copies: 3000

Price: 3.10

*Published By*
**Prabhatham Printing & Publishing Co. (P) Ltd.**
H. O. TRIVANDRUM-14.

*Printed at*
BHASKARA PRINTING WORKS
EAST THAMPANOOR, TRIVANDRUM-1

# ഉള്ളടക്കം


| | | പുറം |
|---|---|---|
| | അവതാരിക | V |
| I | സുവർണ്ണയുഗത്തിന്റെ ഐതിഹ്യം | 1 |
| II | ശാസ്ത്രീയ സോഷ്യലിസത്തിന്റെ സിദ്ധാന്തത്തിന്റെ ആശയപരമായ മൂന്നുപാധികൾ | 8 |
| | ആദ്യകാലത്തെ സാങ്കല്പികസോഷ്യലിസ്റ്റുകൾ | 8 |
| | 18-ാം നൂറ്റാണ്ടിലെ ഫ്രഞ്ചുതത്വചിന്തകന്മാർ | 10 |
| | സാർവ്വത്രിക സമത്വത്തിന്റെ നായകന്മാർ | 12 |
| | **മാർക്സിസത്തിന്റെ പ്രഭവസ്ഥാനങ്ങൾ** | 16 |
| | 19-ാം ശതകത്തിന്റെ പൂർവ്വാർദ്ധത്തിലെ ജർമ്മൻ തത്വശാസ്ത്രം | 17 |
| | ഇംഗ്ലീഷ് ക്ലാസിക്കൽ രാഷ്ട്രീയ ധനശാസ്ത്രം | 19 |
| | ബൂർഷ്വാചിന്തയുടെ പരിമിതികൾ | 21 |
| | മഹാന്മാരായ സാങ്കല്പിക സോഷ്യലിസ്റ്റുകൾ | 23 |
| | **ചരിത്രത്തിൽ സാങ്കൽപിക സോഷ്യലിസത്തിന്റെ സ്ഥാനം** | 38 |
| | **പെറ്റിബൂർഷ്വാ സോഷ്യലിസം** | 42 |
| III | ശാസ്ത്രീയ സോഷ്യലിസം: തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ ദൗത്യത്തെപ്പറ്റി | 59 |
| | മാർക്സ്, ഏംഗൽസ്. കമ്മ്യൂണിസ്റ്റുമാനിഫെസ്റ്റോ | 60 |
| | തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ ദൗത്യം | 62 |
| | തൊഴിലാളി പ്രസ്ഥാനത്തിന്റെ സാർവ്വദേശീയ സ്വഭാവം | 70 |
| | ഒരു വിപ്ലവപ്പാർട്ടിയുടെ ആവശ്യകത | 74 |
| IV | സോഷ്യലിസ്റ്റ് വിപ്ലവം | 86 |
| | മാർക്സും, ഏംഗൽസും ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആവശ്യകതയെപ്പറ്റി | 86 |
| | സോഷ്യലിസ്റ്റ് വ.പ്ലവത്തിന്റെ സിദ്ധാന്തം ലെനിൻ വികസിപ്പിക്കുന്നു | 88 |
| | സോഷ്യലിസ്റ്റ് വിപ്ലവത്തെ സമീപിക്കുകയും പൂർത്തിയാക്കുകയും, ചെയ്യേണ്ടതെങ്ങനെ? | 95 |
| V | സോഷ്യലിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും സിദ്ധാന്തം | 101 |

പുറം

മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനം 101
ഒരു പരിവത്തന ഘട്ടത്തിന്റെ ആവശ്യകത 101
തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം 103
സോഷ്യലിസ്ററ വിപ്ളവത്തിന്റെയും സോഷ്യലിസ്ററ നിർമ്മാണത്തിന്റെയും സാമാന്യനിയമങ്ങൾ 111
മുതലാളിത്തത്തിനുമുമ്പുള്ള ഉല്പാദനബന്ധങ്ങളെ മാററി സോഷ്യലിസ്ററ ഉല്പാദനബന്ധങ്ങൾ സ്ഥാപിക്കൽ 119

## സോഷ്യലിസ്ററു സമുദായം 130

കമ്മ്യൂണിസ്ററ സമുദായത്തിന്റെ രണ്ടു ഭാവങ്ങൾ 130
സോഷ്യലിസത്തിൻ കീഴിൽ സാമൂഹ്യ സ്വത്തുടമ 134
സോഷ്യലിസ്ററൽപ്പാദനത്തിന്റെ മുഖ്യലക്ഷ്യം 136
സോഷ്യലിസം ഉയന്നതരത്തിൽ സംഘടിപ്പിക്കപ്പെട്ട സമുദായമാണ്. 137
സോഷ്യലിസത്തിൻ കീഴിലെ അദ്ധ്വാനം 141
സോഷ്യലിസത്തിൻ കീഴിലെ വിതരണം 143
സൗഹൃദവർഗ്ഗങ്ങളുടെ സമുദായം 147
സോഷ്യലിസ്ററ ജനാധിപത്യം 151
മുഴുവൻ ജനങ്ങളുടെയും ഭരണകൂടം 154
സോഷ്യലിസവും വ്യക്തിയും 157
നവീന സമുദായവികാസത്തിന്റെ പ്രേരകശക്തികൾ 160

## കമ്മ്യൂണിസ്ററു സമുദായം 164

സോഷ്യലിസത്തിൽനിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവത്തനത്തിന്റെ സ്വഭാവം 165
കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിത്തറ 168
ജനങ്ങളുടെ ജീവിതനിലവാരം അഭിവൃദ്ധിപ്പെടുത്തൽ 172
കമ്മ്യൂണിസത്തിൻ കീഴിലെ അദ്ധ്വാനം 177
ഓരോരുത്തർക്കും ആവശ്യമനുസരിച്ച് 179
കമ്മ്യൂണിസ്ററ സ്വത്തുടമ 182
വർഗ്ഗരഹിത സമുദായം 184
കമ്മ്യൂണിസത്തിൻ കീഴിൽ സ്വയംഭരണം 186
പുതിയ മനുഷ്യന്റെ വിദ്യാഭ്യാസം 188
വ്യക്തിയുടെ സർവ്വതോമുഖമായ വളച്ച. 190

# അവതാരിക

ചൂഷണംകൊണ്ടും ദാരിദ്ര്യംകൊണ്ടും കഷ്ടപ്പെടുന്ന ജനങ്ങൾ ഒരു സ്വതന്ത്ര്യവും സുഖസമ്പൂർണ്ണവുമായ ജീവിതത്തിനു വേണ്ടി വളരെ നൂറ്റാണ്ടുകളായി ആഗ്രഹിച്ചു. മനുഷ്യൻ മനുഷ്യനെ മർദ്ദിക്കുകയും അടിമപ്പെടുത്തുകയും ചെയ്യാതെ, എല്ലാവരും തുല്യമായ അവകാശങ്ങളനുഭവിക്കുന്നതും എല്ലാ സമ്പത്തും മനുഷ്യാദ്ധ്വാനത്തിന്റെ എല്ലാ ഫലങ്ങളും അതുണ്ടാക്കിയ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുതന്നെ ലഭിക്കുന്നതും ഭൗതികമായ നേട്ടങ്ങളുടെ സമൃദ്ധിയുള്ളതുമായ ദിനം വന്നുചേരുമെന്നവരാശിച്ചു.

ഈ സ്വപ്നം യഥാർത്ഥമാക്കുന്നതും കൂടുതൽ നല്ലൊരു ജീവിതം നേടുന്നതും എങ്ങനെയാണെന്നു വളരെ കാലത്തേക്കു് ആരുംതന്നെ മനസ്സിലാക്കിയിരുന്നില്ല. ശാസ്ത്രീയസോഷ്യലിസമാണിതിനുത്തരം നൽകിയതു്. ഭാവിസമുദായത്തെപ്പറ്റിയുള്ള അലസസ്വപ്നത്തേക്കാൾ മെച്ചമല്ലാതിരുന്ന സാങ്കല്പിക സോഷ്യലിസത്തിനു പിന്നാലെയാണു ശാസ്ത്രീയ സോഷ്യലിസം ആവിർഭവിച്ചതു്. സമാധാനത്തിന്റേതും അദ്ധ്വാനത്തിന്റേതും, സ്വാതന്ത്ര്യത്തിന്റേതും സമത്വത്തിന്റേതുമായ ഒരു സമുദായത്തിനുവേണ്ടിയുള്ള യുഗാന്തരങ്ങളിലെ ഹൃദയാഭിലാഷം കാറൽ മാർക്സ് (1818-1883) ഫ്രെഡറിക് എംഗൽസ് (1820-1895) വ്ളാഡിമിർ ഇല്യിച്ച് ലെനിൻ (1870-1924) എന്നിവർ ഒരു ശാസ്ത്രീയ സിദ്ധാന്തമായി രൂപാന്തരപ്പെടുത്തി. അവർ അതിലേക്കുള്ള മാർഗ്ഗം കാണിക്കുകയും പഴയലോകം നശിപ്പിച്ചു്, ഒരു പുതിയ സോഷ്യലിസ്റ്റുസമുദായം കെട്ടിപ്പടുക്കാൻ കഴിയുന്ന വിപ്ലവ ശക്തികളേതെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്തു.

ശാസ്ത്രീയസോഷ്യലിസം, സോഷ്യലിസ്ററു വിപ്ളവത്തിൻെറയും, ഒരു സോഷ്യലിസ്ററു സമുദായം കെട്ടിപ്പടുക്കുന്നതിൻെറയും ശാസ്ത്രമാകുന്നു. മാർക്സിൻെറ ചരിത്രപരമായ ഭൗതികവാദത്തിൻെറയും സാമ്പത്തികസിദ്ധാന്തത്തിൻെറയും നിഗമനങ്ങൾക്കനുസൃതമായി, അതു വിമോചനസമരത്തിൻെറ നിയമങ്ങളെപ്പററിയുള്ള വിജ്ഞാനം അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുണ്ടാക്കിക്കൊടുക്കുകയും സോഷ്യലിസത്തിലേക്കുള്ള പാത രേഖപ്പെടുത്തുകയും ചെയ്യുന്നു.

സോഷ്യലിസം ഒരു സിദ്ധാന്തം മാത്രമല്ലാതായിത്തീന്നിരക്കുന്നു. സോഷ്യലിസം കെട്ടിപ്പടുക്കുന്നതിൻെറ ശാസ്ത്രം സോഷ്യലിസ്ററു രാജ്യങ്ങളുടെ അനുഭവം കൊണ്ടുപരീക്ഷിക്കപ്പെട്ടിരിക്കുന്നു. സോവിയററു് യൂണിയനിലെ ജനങ്ങളാണു് ശാസ്ത്രീയസോഷ്യലിസത്തിൻെറ സിദ്ധാന്തത്തിൻെറ മാൎഗ്ഗദർശനത്തോടെ ചരിത്രത്തിലാദ്യമായി മുതലാളിത്ത അടിമത്തത്തിൻെറ ചങ്ങല പൊട്ടിച്ചെറിയുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയും ചെയ്തതു്, ഇപ്പോൾ സോഷ്യലിസ്റ്റുസമുദായം ജീവിക്കുന്നഒരു യഥാൎത്ഥമാണു്. രണ്ടാംലോകമഹായുദ്ധത്തിനുശേഷം സോഷ്യലിസ്റ്റും വിപ്ളവങ്ങൾ വീണ്ടും യൂറോപ്പിലേയും ഏഷ്യയിലേയും പല രാജ്യങ്ങളിലും വിജയം വരിച്ചു. ഇന്നു് അധികമധികം രാജ്യങ്ങളിലെ ജനങ്ങൾ ചൂഷണത്തെ നിരാകരിക്കുകയും സോഷ്യലിസത്തിനനുകൂലമായി സ്വയം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഈ പുസ്തകത്തിലെ ആദ്യത്തെ അദ്ധ്യായങ്ങൾ സോഷ്യലിസ്ററു ചിന്തയുടെ ചരിത്രത്തിൻേറയും ശാസ്ത്രീയസോഷ്യലിസത്തിൻെറ മുന്നുപാധികളുടെയും രൂപരേഖ നൽകുന്നു. എന്നാൽ കൂടുതൽ ഭാഗങ്ങളും ശാസ്ത്രീയസോഷ്യലിസത്തിൻെറ പ്രധാനതത്വങ്ങളെ സംബന്ധിച്ചാണു്. (തൊഴിലാളി വൎഗ്ഗത്തിൻെറ ചരിത്രപരമായ ദൗത്യം, സോഷ്യലി

സ്റ്റവിപ്ളവം, സോഷ്യലിസം, കമ്മ്യൂണിസം ഇവയെ കുറിച്ചുള്ള അദ്ധ്യായങ്ങൾ). പുസ്തകത്തിൻെറ പരിമിതമായ വലിപ്പം അനുവദിക്കുന്നിടത്തോളം പുതിയ സമുദായത്തിൻെറ നിർമ്മാണത്തിൻെറ അനുഭവങ്ങൾ പരിശോധനാവിധേയമാക്കിയിട്ടുണ്ട്. മുതലാളിത്തത്തിനു മുമ്പുള്ള ഉല്പാദനബന്ധങ്ങളെ മാററി സോഷ്യലിസ്റ്റ് ഉല്പാദനബന്ധങ്ങൾ സ്ഥാപിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങളെപ്പററിയുള്ള ശാസ്ത്രീയസോഷ്യലിസത്തിൻെറ സിദ്ധാന്തം പ്രതിപാദിക്കുന്ന ഒരു ഭാഗം "സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിൻെറയും സിദ്ധാന്തം" എന്ന അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

# I സുവർണ്ണയുഗത്തിൻെറ ഐതിഹ്യം

എന്നേക്കുമായി മൺമറഞ്ഞുപോയെന്നു കരുതപ്പെട്ട ഒരു സുവർണ്ണയുഗത്തെ സംബന്ധിച്ചുള്ള കെട്ടുകഥകൾ ഒരു കാലത്തു ജനങ്ങൾ വിശ്വസിച്ചിരുന്നു. ഭൂമിയിൽ ദുഷ്ടതയുടെയും ഹിംസയുടെയും വാഴ്ചയ്ക്കു വഴിമാറിക്കൊടുത്ത ഒരു സുഖജീവിതത്തെപ്പററിയുള്ള സങ്കല്പകഥ അടിമത്ത സമുദായത്തിലാണുത്ഭവിച്ചതു്; സമുദായത്തെ ശത്രുവർഗ്ഗങ്ങളായി വിഭജിക്കാനുള്ള ആരംഭം കുറിച്ചുകൊണ്ടു മർദ്ദകരും മർദ്ദിതരും ആദ്യമായി പ്രത്യക്ഷപ്പെട്ടതു് ആ സമുദായത്തിലാണു്.

ഭൂമിയിൽ അദ്ധ്വാനിക്കാതെ തന്നെ അവിടെനിന്നു ആവശ്യമായതെല്ലാം ലഭിച്ചിരുന്ന (അല്ലെങ്കിൽ അങ്ങനെ സങ്കല്പിക്കപ്പെട്ടിരുന്ന) ആദിമ മനുഷ്യനെ അടിമത്തച്ചങ്ങലയിൽപ്പെട്ട ജനങ്ങൾ താല്പര്യപൂർവ്വം ചിത്രീകരിച്ചു. ആ കാലത്തിൻെറ പ്രത്യേകതയായ

നൈരാശ്യബോധത്തിൽ നിന്നാണു ഈ സ്വപ്നലോകം ആവിർഭവിച്ചതു്. തിരിച്ചുപോകാനുള്ള അഭിലാഷമാണിതുപ്രകടമാക്കിയതു്; എന്നാൽ അതസാദ്ധ്യമാണു്. കാരണം, മാനവചരിത്രത്തിൻെറ ഗതി ഉയച്ച്യയിലേക്കും വളച്ച്യയിലേക്കുമാകുന്നു. ഇതു മനസ്സിലാക്കിയിട്ടെന്ന പോലെ, സുഖസമ്പൂർണ്ണമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള തങ്ങളുടെ അഭിലാഷം ജനങ്ങൾ യാഥാർത്ഥ്യത്തിൻെറ ലോകത്തിൽനിന്നു സങ്കല്പത്തിൻെറ സാമ്രാജ്യത്തിലേക്കു മാററി പ്രതിഷ്ഠിച്ചു. യാതൊരാൾക്കും വഴിയറിയാൻ വയ്യാത്തതിനാൽ ഒരത്ഭുതംകൊണ്ടല്ലാതെ എത്തിച്ചേരാൻ സാധിക്കാത്ത ആനന്ദരാജ്യത്തെപ്പററിയുള്ള ഐതിഹ്യങ്ങൾ പ്രാചീനകാലത്തു സൃഷ്ടിക്കപ്പെട്ടു.

നഷ്ടപ്പെട്ട പറുദീസയെപ്പററിയുള്ള സങ്കല്പകഥ അടിമത്തവ്യവസ്ഥയിലെയും പിന്നീടു ഫ്യൂഡലിസത്തിലെയും ആശയസംഹിതയുടെ ഭാഗമായിത്തീൎന്നു. അദ്ധ്വാനിക്കുന്ന ജനങ്ങൾ ചവിട്ടിത്താഴ്ത്തപ്പെട്ടവരും നിസ്സഹായരുമായിരുന്നെന്നാണിതു കാണിച്ചതു്; അസഹനീയമായ ജീവിതസാഹചര്യങ്ങൾക്കെതിരായ നിശ്ശബ്ദപ്രതിഷേധത്തെയാണിതു പ്രതിഫലിപ്പിച്ചതു്.

"സുവർണ്ണയുഗ"ത്തെപ്പറ്റിയുള്ള സങ്കല്പം ആവിർഭവിച്ച ആദ്യകാലത്തു ജനങ്ങൾ പ്രകൃതിയുമായുള്ള സമരത്തിലെ വൈഷമ്യങ്ങൾകൊണ്ടു നഷ്ടചൈതന്യരും തങ്ങളുടെ വിചിത്രവും അജ്ഞാതവുമായ പ്രാകൃതിക പരിതസ്ഥിതികളുടെ ഭയങ്കരമായ പ്രതിഭാസങ്ങളുടെ മുമ്പിൽ നിസ്സഹായരുമായിരുന്നു.

പ്രാചീന മനുഷ്യൻെറ ജീവിതത്തെപ്പററി ഏറെക്കുറെ ശരിയായ അറിവു ജനങ്ങൾക്കു ലഭിച്ചതോടെ നഷ്ടപ്പെട്ട പറുദീസായുടെ ഐതിഹ്യം ദുർബലമായിത്തീൎന്നു.

രണ്ടായിരം സംവത്സരങ്ങൾക്കുമുമ്പുതന്നെ ഗ്രീസിലെയും റോമിലെയും ഭൗതികവാദികളായ ചിന്തകന്മാർ വാസ്തവത്തിൽ ശാസ്ത്രീയമായ ചില ധാരണകൾ പ്രകടിപ്പിക്കുകയും സാമൂഹ്യവികാസത്തെപ്പററി ശരിയായ അഭ്യൂഹങ്ങൾ നടത്തുകയുംചെയ്തു. ക്രിസ്തുവിനു മുമ്പ് ഒന്നാംശതകത്തിലെ ഒരു റോമൻ കവിയും പണ്ഡിതനുമായ ല്യക്രീഷ്യസിൻെറ കൃതികളിൽ സമുദായത്തിൻെറ ചരിത്രത്തെപ്പററിയുള്ള അഭ്യൂഹങ്ങളിൽ ഏററവും പഴയതു കാണാം. താണജീവിതരൂപങ്ങളിൽനിന്നു ഉയൎന്നതിലേക്കുള്ള സമുദായത്തിൻെറ പുരോഗതി എന്ന ആശയത്തിൻെറ വളരെ ലളിതമായ ആദ്യത്തെ ആവിഷ്കരണമാണതു്. സാമൂഹ്യവികാസത്തെ സംബന്ധിച്ച തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചതിൽ, പ്രാചീനകാലത്തെ ഈ ഭൗതികവാദികളായ ചിന്തകന്മാർ "സുവർണ്ണയുഗ"ത്തിൻെറ കെട്ടുകഥയെ വിമർശിച്ചു. മനുഷ്യസമുദായം ഒരു നീണ്ടപാതകടന്നുപോന്നിട്ടുണ്ടെന്നും ഒട്ടുവളരെവിജ്ഞാനവും പ്രയോജനപ്രദമായ ധാരാളം അനുഭവങ്ങളും നേടിയിട്ടുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. കാടത്തത്തിൻെറയും അപരിഷ്കൃതത്വത്തിന്റെയും കാലഘട്ടമായി ഭൂതകാലത്തെ നിരാകരിച്ചെങ്കിലും മനുഷ്യവംശത്തിന്റെ ഭാവിയെപ്പററി പ്രവചിക്കാൻ അവർ അപ്രാപ്തരായി

രുന്നു. കാരണം, അടിമത്തത്തിൻെറ അടിസ്ഥാനത്തിലുള്ള ബന്ധങ്ങളുടെ സങ്കുചിത പരിധിക്കുള്ളിൽ അവരുടെ വീക്ഷണഗതി പരിമിതപ്പെട്ടിരുന്നു. സാമൂഹ്യവികാസത്തിൻെറ ഭാവിഗതിയെപ്പററി അവക്ക്യാതൊരു ധാരണയുമുണ്ടായിരുന്നില്ല. ആശയവാദിയായ ഗ്രീക്കുതത്വശാസ്ത്രജ്ഞനായിരുന്ന പ്ലേറേറാ (ക്രി. മു 427-347) സ്വപ്നംകണ്ടതു് അടിമയുടമകളുടെ വർഗ്ഗത്തിനുള്ളിൽ സാമൂഹ്യബന്ധങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പറ്റി മാത്രമായിരുന്നു. അടിമകൾ, കൈവേലക്കാർ കൃഷിക്കാർ എന്നിവരടങ്ങിയ ജനസംഖ്യയുടെ ബഹുഭൂരിപക്ഷത്തെപ്പററി അദ്ദേഹം ചിന്തിച്ചതേയില്ല.

സുവർണ്ണയുഗം ഭാവിയിലെ കാര്യമാണെന്നും ഭൂതകാലത്തേതല്ലെന്നും അതു വരാൻവേണ്ടി ഒരത്ഭുതം സംഭവിക്കാൻ കാത്തിരിക്കുകയും അലൗകിക ശക്തികളെ ആശ്രയിക്കുകയും ചെയ്യുന്നതിനുപകരം അതിനുവേണ്ടി ജനങ്ങൾ സമരം ചെയ്യേണ്ടതുണ്ടെന്നും പുരോഗമനവാദികളായ ചിന്തകന്മാക്ക് പറയാൻ കഴിഞ്ഞതു നൂററാണ്ടുകൾക്കുശേഷം മാത്രമാണു്.

മുതലാളിത്ത സമുദായത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങൾ അധികമധികം ദരിദ്രരായിത്തീരുന്നതു്, ജനസംഖ്യയുടെ വർദ്ധനവിൻെറ തോതനുസരിച്ചു വിഭവങ്ങൾ നൽകാൻ പ്രകൃതിക്കു കഴിയാത്തതിനാലാണെന്ന കൃത്രിമസിദ്ധാന്തത്തെ മാർക്സും എംഗൽസും ലെനിനും എതിരിടേണ്ടിവന്നു: മാൽത്തൂസ്യന്മാർ (ഇംഗ്ലീഷ് ബൂഷ്വാധന ശാസ്ത്രജ്ഞനായ മാൽത്തൂസ് 1766-1834)

ആണ് ഈ സിദ്ധാന്തം മുന്നോട്ടുകൊണ്ടുവന്നതു്. ബൂർഷ്വാസിയുടെ താല്പര്യങ്ങളെ പ്രതിരോധിക്കുകയും മനുഷ്യവർഗ്ഗത്തിനു സൗഖ്യത്തിലേക്കുള്ള പാത കാണിച്ചുകൊടുത്ത ശാസ്ത്രീയ സോഷ്യലിസത്തെ ആക്രമിക്കുകയും ചെയ്തു. സുവർണ്ണയുഗത്തെപ്പററിയുള്ള പഴയകെട്ടുകഥ അവരാവത്തിച്ചു; ചരിത്രത്തിൻെറ ആരംഭകാലത്തു തന്നെ മാനവസമുദായം അതിൽനിന്നു എന്നേക്കുമായി അകന്നു പോയി എന്നവർ പറഞ്ഞു.

സുവർണ്ണയുഗം ഒരിക്കലും ഉണ്ടായിരുന്നില്ല എന്നു ലെനിൻ ഈ നൂററാണ്ടിൻെറ ആരംഭത്തിൽ എഴുതി. സുഖപൂർണ്ണമായ ജീവിതം പുരോഭാഗത്താണു കിടക്കുന്നതു്. ചൂഷണത്തിൽനിന്നു സ്വതന്ത്രമായ ഒരു വർഗ്ഗരഹിതസമുദായമായിരിക്കുമതു്; മനുഷ്യവർഗ്ഗത്തിൻെറ ചരിത്രമാകെ തയ്യാർ ചെയ്തുണ്ടാക്കുന്ന സമുദായമായിരിക്കുമതു്. ചൂഷകർക്കെതിരായി അദ്ധ്വാനിക്കുന്ന മാനവവംശം നടത്തിയ യുഗങ്ങൾ നീണ്ടുനിന്ന സമരത്തിൻെറ ഫലമായുണ്ടായതാണു ശാസ്ത്രീയ സോഷ്യലിസത്തിൻെറ സിദ്ധാന്തം.

സുവർണ്ണയുഗം ഭൂതകാലത്തിലെ ഒരു സംഗതിയാണെന്നു ചില പ്രത്യയശാസ്ത്രവാദികൾ ഇന്നു വീണ്ടും വാദിച്ചു തുടങ്ങിയിരിക്കുന്നു. സാമ്രാജ്യത്വ മർദ്ദനത്തിൽനിന്നു സ്വതന്ത്രരായ ജനങ്ങൾ അതിനുമുമ്പുള്ള കാലത്തേക്കു തിരിച്ചുപോകണമെന്നു്, മുന്നോട്ടല്ല പിന്നോട്ടാണു പോകേണ്ടതെന്നു്, അവർ തീച്ച്പ്പെടുത്തുന്നു. അവർ കഴിഞ്ഞകാലത്തിനെ പ്രത്യേകിച്ചു് ആ ജനത

കളുടെ സാമൂഹ്യബന്ധങ്ങളിലുള്ള ഗോത്രവർഗ്ഗരീതിക ളുടെ അവശിഷ്ടങ്ങളെ ഭംഗിയായി വേഷമണിയിച്ചു കാണിക്കുന്നു. സാമൂഹ്യ സാമ്പത്തിക വ്യവസ്ഥകളിലും ഉല്പാദനത്തിൻെറ സാങ്കേതിക രീതികളിലും ഏഷ്യൻ - ആഫ്രിക്കൻ രാജ്യങ്ങൾക്കുള്ള പിന്നോക്കാവസ്ഥ ഒരു ഭാരമല്ലെന്നും നേരേമറിച്ച് മററു രാജ്യങ്ങളെക്കാൾ മെച്ചമുള്ള നേട്ടമാണെന്നും അവരവകാശപ്പെടുന്നു.

ഈ വീക്ഷണങ്ങൾ മുന്നോട്ടുകൊണ്ടുവരുന്നവർ പല കാരണങ്ങളാലാണങ്ങനെ ചെയ്യുന്നത്. അവരിൽ ചിലർ കൊളോണിയലിസത്തിനെതിരായി പ്രതിഷേധി ക്കുകയും, തങ്ങളുടെ സ്വാതന്ത്ര്യത്തിനും തങ്ങളുടെ രാ ജ്യത്തിൻെറ പ്രത്യേകസ്വഭാവം ഉയർത്തിപ്പിടിക്കുന്ന തിനും വേണ്ടി സമരം ചെയ്യാനുള്ള ആഗ്രഹം പ്രകടി പ്പിക്കുകയുമാണ് ചെയ്യുന്നത്. പക്ഷെ നല്ലൊരു സമുദാ യത്തിലേക്കും ശാശ്വതസ്വാതന്ത്ര്യത്തിലേക്കുമുള്ള ശരി യായമാർഗ്ഗം അവർ കാണുന്നില്ല. മററുചിലർ ഭൂതകാല ത്തുണ്ടായിരുന്നതെന്നു സങ്കല്പിക്കപ്പെടുന്ന സുവർണ്ണയുഗ ത്തിൻെറ സിദ്ധാന്തം മുന്നോട്ടുകൊണ്ടുവരുന്നതു തങ്ങളു ടെ പിന്തിരിപ്പൻ മോഹങ്ങളും ഫ്യൂഡൽപ്രഭുക്കളുമായും സാമ്രാജ്യവാദികളുമായും ഒത്തുതീർപ്പുണ്ടാക്കാനുള്ള പ്രവണതയും വേഷംമാററിക്കാണിക്കാനോ, തങ്ങളുടെ ഭ്രാന്തൻ രാജ്യാഭിമാനത്തിനും അന്യരാജ്യവിദ്വേഷ ത്തിനും വർണ്ണവിദ്വേഷത്തിനും ഒരു കള്ളമോന്തവെച്ചു കെട്ടുന്നതിനോ ആണ്.

ഈ സിദ്ധാന്തത്തിൻെറ വക്കീലന്മാരുടെ ആത്മ നിഷ്ഠമായ ആഗ്രഹം എന്തുതന്നെയായാലും, അതിൻെറ

സാമൂഹ്യാൎത്ഥത്തിൽ അതു പിന്തിരിപ്പനാണ്; സ്വാതന്ത്ര്യത്തിലേക്കും സൗഖ്യത്തിലേക്കും സമത്വത്തിലേക്കുമുള്ള സമുദായത്തിൻെറ പുരോഗതിയെ അതു തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ജനതകളുടെ സൗഹാൎദ്ദവും സാഹോദര്യവും അതു നശിപ്പിക്കുന്നു. പഴയതിലേക്കു തിരിച്ചുപോകാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയമടയുകതന്നെ ചെയ്യും. ഒഴിവാക്കാവുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും മാത്രമേ അതു ജനങ്ങൾക്കു വരുത്തിവയ്ക്കുകയുള്ളു. മനുഷ്യസമുദായമാകെയോ, അതിൻെറ ഏതെങ്കിലും വിഭാഗമോ പരിഷ്ക്കാരത്തിന്റെ ഭൗതികവും ആത്മീയവുമായ നേട്ടങ്ങൾ പരിത്യജിക്കുകയില്ല. അതിനു സാദ്ധ്യവുമല്ല. സോഷ്യലിസത്തിലേക്കുള്ള മാനവവംശത്തിൻെറ പൊതുവായ പുരോഗതിയിൽ നിന്നൊഴിഞ്ഞു മാറാൻ ഒരു രാഷ്ട്രത്തിനും കഴിയുകയില്ല. ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനതകൾ ഒന്നാമതായും പ്രധാനമായും ആഗ്രഹിക്കുന്നതു തങ്ങളുടെ രാജ്യങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സാംസ്ക്കാരിക വികാസം കഴിയുന്നത്ര വേഗത്തിൽ പുരോഗമിക്കണമെന്നും ദീൎഘകാലമായുള്ള തങ്ങളുടെ പിന്നോക്കാവസ്ഥ എത്രയും ചുരുങ്ങിയ സമയംകൊണ്ടു പരിഹരിക്കണമെന്നുമാണ്.

# II ശാസ്ത്രീയ സോഷ്യലിസത്തിൻെറ സിദ്ധാന്തത്തിൻെറ ആശയപരമായ മൂലധാരകൾ

ആദ്യകാലത്തെ സാങ്കല്പിക സോഷ്യലിസ്റ്റുകൾ നാട്ടുവാഴിത്തത്തിന്റെ അധഃപതനകാലത്ത് ചൂഷണത്തിൻെറയും മർദ്ദനത്തിൻെറയും വ്യവസ്ഥിതിയെ അപലപിക്കുന്നതും, കൂടുതൽ നല്ലൊരു ജീവിതത്തിനും സുഖസമ്പൂർണ്ണമായ ഭാവിക്കും വേണ്ടിയുള്ള ജനങ്ങളുടെ പ്രതീക്ഷ പ്രകടിപ്പിക്കുന്നതുമായ കൃതികൾ യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടു. സമുദ്രത്തിലെവിടെയോ കിടക്കുന്ന ഒരു സാങ്കല്പിക ദ്വീപിലോ, വിദൂരസ്ഥമായ നഗരങ്ങളിലോ ജ്ഞാനികളും നീതിമാന്മാരുമായ ആളുകൾ ഭരണം നടത്തുന്നതായി അവ ചിത്രീകരിച്ചു. ആകൃതികളിൽ പലതും സാമൂഹ്യനീതിക്കും സമമായ സ്വാതന്ത്ര്യാവകാശങ്ങൾക്കുമുള്ള അഭിലാഷത്തെപ്പററി പറഞ്ഞു.

സമത്വ കമ്മ്യൂണിസം എന്ന ആശയം അവ മുന്നോട്ട വച്ചു; മാതൃകാപരമായ സാമൂഹ്യബന്ധങ്ങളെന്ന നിലയിൽ സമ്പത്തിന്റെ സമമായ വിതരണം എന്ന കർഷകരുടെ ധാരണ.

ഇംഗ്ലീഷ് ഗ്രന്ഥകാരനും തത്വശാസ്ത്രജ്ഞനുമായ തോമസ് മൂർ (1478-1535) തന്റെ 'യൂട്ടോപ്പിയാ' എന്ന പുസ്തകത്തിൽ, അജ്ഞാതദ്വീപായ യൂട്ടോപ്പിയാ (ഗ്രീക്കിൽ നിന്നു് ഇല്ലാത്ത ഒരു സ്ഥലം" എന്ന അർത്ഥത്തിൽ)യിലെ ആദർശപരമായ ജീവിതം വിവരിക്കുന്നു. പില്ക്കാലത്തു പല ചിന്തകന്മാരുടെയും പ്രത്യേകതയായി തീർന്ന ചില പ്രമേയങ്ങൾ ആദ്യമായി വ്യക്തമായി രൂപീകരിച്ചതദ്ദേഹമായിരുന്നു. മൂറിന്റെയും അനുയായികളുടെയും സിദ്ധാന്തം സാങ്കല്പിക സോഷ്യലിസം എന്നു വിളിക്കപ്പെട്ടു. ഇന്നു നാം 'സാങ്കല്പികം' എന്ന പദം 'അശാസ്ത്രീയം' എന്നതിന്റെ പര്യായമായിട്ടാണു പ്രയോഗിക്കുന്നതു്; സാങ്കല്പിക സോഷ്യലിസത്തെപ്പറ്റി പറയുമ്പോൾ നാം എല്ലായ്പ്പോഴും അർത്ഥമാക്കുന്നതു് മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയും ശാസ്ത്രീയ സോഷ്യലിസത്തിൽ നിന്നു വ്യത്യസ്ഥമായ അശാസ്ത്രീയ സോഷ്യലിസത്തെപ്പററിയാകുന്നു. സ്വകാര്യ സ്വത്തവകാശം നില നില്ക്കുകയും, ബഹുജനങ്ങൾ ദാരിദ്ര്യത്തിലേക്കു തള്ളപ്പെടുമ്പോൾ പൊതുസ്വത്തു ചിലരുടെ കയ്യിൽ ചെന്നു ചേരുകയും ചെയ്യുന്നിടത്തോളം കാലം ജനങ്ങൾക്കു സമത്വവും സുഖവുമുണ്ടാകാൻ

സാദ്ധ്യമല്ലെന്ന നിഗമനത്തിൽ തോമസ്മൂർ എത്തിച്ചേർന്നു. അദ്ദേഹത്തിൻെറ യൂട്ടോപ്പിയായിൽ സ്വകാര്യസ്വത്തോ പണമോ ഇല്ല, ഉല്പാദനം നടത്തുന്നതു പൊതുവിലാണ്, ഓരോരുത്തരും സ്വന്തം അദ്ധ്വാനം കൊണ്ടു ജീവിക്കുന്നു; അതു ഓരോ പൗരൻെറയും ചുമതലയുമാകുന്നു. തങ്ങൾ ഉല്പാദിപ്പിക്കുന്നതെല്ലാം അവർ പൊതുകലവറകളിലേക്കു പ്രതിഫലം കൂടാതെ കൊടുക്കുന്നു; തങ്ങൾക്കാവശ്യമുള്ളതെല്ലാം അവിടെ നിന്നു വിലകൂടാതെ ലഭിക്കുകയും ചെയ്യുന്നു.

സ്വകാര്യസ്വത്തില്ലാത്ത സമുദായഘടനയുടെ ഒരു മാതൃക സൃഷ്ടിക്കാനുള്ള അടുത്ത പരിശ്രമം നടത്തിയതു് പതിനേഴാംനൂററാണ്ടിലാദ്യം ഇററാലിയൻ ചിന്തകനായ തോമസ്സോ കാമ്പനെല്ലാ (1568-1639) സൂര്യനഗരം എന്ന തൻെറ ഗ്രന്ഥത്തിലാണ്.

മൂറും, കാമ്പനെല്ലായും കൂടുതൽ നല്ലൊരു സാമൂഹ്യവ്യവസ്ഥയുടെ വിശദമായ വിവരണങ്ങൾനൽകി. എന്നാൽ അതു സംഭവിക്കുമെന്നവർക്കുതീച്ച്യയില്ലായിരുന്നു. കൂടുതൽ നല്ലൊരു സമുദായഘടന മാനവ പുരോഗതിയുടെ ഒരു ഘട്ടമായി അവർ കണ്ടില്ല.

18-ാം നൂററാണ്ടിലെ ഫ്രഞ്ചു തത്വചിന്തകന്മാർ

പതിനെട്ടാം നൂററാണ്ടിലെ വളൎന്നുകൊണ്ടിരുന്ന ബൂഷ്വാസിയുടെ സൈദ്ധാന്തികന്മാർ, അധഃപതിച്ചു കൊണ്ടിരുന്ന നാടുവാഴിത്ത വ്യവസ്ഥ നിരാകരിക്കുകയും

ക്രമമായ പുരോഗമനപരമായ സാമൂഹ്യവികാസമെന്ന ആശയം മുന്നോട്ടു വയ്ക്കുകയുംചെയ്തു. പക്ഷേ ബൂഷ്വാ വ്യവസ്ഥ നീക്കംചെയ്തു. പകരം കൂടുതൽ നല്ല മററൊരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കപ്പെടുമെന്നു അവർ കരുതിയില്ല. സ്വകാര്യസ്വത്തില്ലായ്മചെയ്യുന്ന ഒരു വ്യവസ്ഥിതിയെപ്പററി അവരുടെ സിദ്ധാന്തങ്ങൾ ഒന്നും തന്നെ പറഞ്ഞിരുന്നില്ല. സ്വകാര്യസ്വത്തിന്മേൽ അധിഷ്ഠിതമായ വ്യവസ്ഥയാണേററവും പുരോഗമനപരമെന്നവർ കരുതി.

ദിദറോയും (1718-1784) ഹോൾബാഷും (1723-1789) മററു ഫ്രഞ്ചു തത്വശാസ്ത്രജ്ഞന്മാരും പുരോഗതിയുടെ ബൂർഷ്വാ സിദ്ധാന്തങ്ങൾ വികസിപ്പിക്കുകയുണ്ടായി. മനുഷ്യവർഗ്ഗത്തിൻെറ വളർച്ചയ്ക്കു പരിമിതിയില്ലെന്നവർ പറഞ്ഞു. ശാസ്ത്രത്തിൻെറയും വിദ്യാഭ്യാസത്തിൻെറയും നേട്ടങ്ങളിലും, അന്ധവിശ്വാസങ്ങളുടെയും മുൻവിധികളുടെയും നാശത്തിലും അജ്ഞാനത്തെ പരാജയപ്പെടുത്തുന്ന യുക്തി ബോധത്തിൻെറ വാഴ്ചയിലുമാണു പുരോഗതി പ്രകടമാക്കപ്പെട്ടതു്. ഇതായിരുന്നു ആ തത്വശാസ്ത്രജ്ഞന്മാരുടെ മൗലികമായ ആശയം. പ്രകൃതിയെ കീഴടക്കാൻ മനുഷ്യനെ സഹായിക്കുന്ന ശാസ്ത്രത്തിൻെറയും വിജ്ഞാനത്തിൻെറയും വമ്പിച്ച പ്രാധാന്യം അവർ ഊന്നിപ്പറഞ്ഞു. എന്നാൽ ഏററവും പ്രധാനമായ കാര്യം ഈ ചിന്തകന്മാർ കണ്ടില്ല. ഭൗതികസമ്പത്തിൻെറ ഉല്പാദനത്തിലും ഉല്പാദനത്തിൻെറ ഗതിയിൽ ജനങ്ങൾ തങ്ങൾക്കിടയിലുണ്ടാകുന്ന ബന്ധ

ങ്ങളിലുമാണ് എല്ലാ സാമൂഹ്യ ബന്ധങ്ങളും അധിഷ്ഠിതമായിരിക്കുന്നതെന്ന് അവർ മനസ്സിലാക്കിയില്ല.

ആത്മീയവളർച്ചയ്ക്കു പുറമെ പുരോഗതി രാഷ്ട്രീയ സ്ഥാപനങ്ങളുടെ വളർച്ചയേയും പ്രോത്സാഹിപ്പിക്കുമെന്ന് അവർ ധരിച്ചു. ഈ സ്ഥാപനങ്ങൾ മനുഷ്യന്റെ നിർമ്മാണമായി കാണുകയും ചെയ്തു. മററുതരത്തിൽ പറഞ്ഞാൽ ഭരണകൂടത്തിന്റെ മദ്ധ്യയുഗത്തിലുണ്ടായിരുന്ന ദിവ്യപരിവേഷം അവർ പൊളിച്ചുകളഞ്ഞു. പക്ഷേ, ശാസ്ത്രീയചിന്ത ലോകവിജയിയാണെന്ന ആശയത്തിന്റെ പ്രണേതാക്കൾ സമുദായത്തിന്റെ സാമൂഹ്യ സംഘടനയെപ്പററി അത്രയൊന്നും പറഞ്ഞില്ല. സന്മാർഗ്ഗബോധം ദൃഢപ്പെടുത്തുന്നതിനും രാഷ്ട്രീയ സംഘടന നന്നാക്കുന്നതിനുമായിരുന്നു അവർക്കുൽക്കണ്ഠ; അതായത്, ഭൂപ്രഭുക്കളുടെ ഭരണത്തിനു പകരം ആദർശപരമായി അവർ ചിത്രീകരിച്ച ബൂർഷ്വാഭരണം സ്ഥാപിക്കുന്നതിന്.

സാർവ്വത്രിക സമത്വത്തിന്റെ നായകന്മാർ. നേരേ മറിച്ച്, ശക്തി പ്രാപിച്ചതോടെ ജനങ്ങൾക്കു ഗുരുതരമായ ആപത്തുകൾ വരുത്തിവെച്ച ബൂർഷ്വാ സമുദായത്തിനുമപ്പുറം മുന്നോട്ടു നോക്കാൻ ശ്രമിച്ച ധീരമനസ്കരെയും പതിനെട്ടാം നൂററാണ്ടു ദർശിച്ചു. പുരോഗമനവാദികളായ ചിന്തകന്മാർ തുല്യമായ സ്വാതന്ത്ര്യാവകാശത്തിനു വേണ്ടിയും മനുഷ്യ സ്വഭാവത്തിനനുയോജ്യമെന്നവർ ധരിച്ച കമ്മ്യൂണിസ്റ്റു സമുദായം സ്ഥാപിക്കുന്നതിനു വേണ്ടിയും വാദിച്ചു.

ഒരു ഫ്രഞ്ചുഗ്രന്ഥകാരനായ മോഴെല്ലി (അദ്ദേഹത്തിൻെറ ജനനത്തിൻെറയും മരണത്തിൻെറയും തീയതികഠം അജ്ഞാതമാണ്.) മൂറിൻെറയും കാംപനെല്ലായുടെയും ആശയങ്ങളെടുത്തു കൊണ്ടു് ഭാവി സമുദായത്തിൻെറ നിയമങ്ങളെഴുതിയുണ്ടാക്കി. ഈ നിയമങ്ങഠം സ്വകാര്യ സ്വത്തവസാനിപ്പിക്കുകയും പൗരന്മാർക്കു പണിയെടുക്കാനുള്ള അവകാശത്തിനുറപ്പു നൽകുകയും ചെയ്യുന്ന ഒരു സമുദായത്തെപ്പററിയാണു പറഞ്ഞതു്. ഓരോ പൗരനും തൻെറ ശക്തിക്കും കഴിവിനും പ്രായത്തിനുമനുസരിച്ച വിധം സമുദായത്തിൻെറ ക്ഷേമത്തിനു സംഭാവന ചെയ്യുമെന്നു മോഴെല്ലി എഴുതി. സോഷ്യലിസത്തിൻെറ അടിസ്ഥാന തത്വത്തിൻെറ ആദ്യത്തെ പ്രസ്താവനയാണിതു്—ഓരോരുത്തനും തൻെറ കഴിവനുസരിച്ചു് അദ്ധ്വാനിക്കണമെന്നു്. ആവശ്യാനുസരണം വിതരണം ചെയ്യുകയെന്ന ആശയത്തെ മോഴെല്ലി അനുകൂലിച്ചു. ഫ്രഞ്ചു ചിന്തകന്മാരായ ജോങ്‌മെസ്‌ലിയാ (1664-1727), ഗാബ്രിയേമാബ്ലി(1709-1785) എന്നിവരുടെ കൃതികളിലും മർദ്ദകരും മർദ്ദിതരുമില്ലാത്ത ഒരു പുതിയ വ്യവസ്ഥിതിയെക്കുറിച്ചുള്ള സ്വപ്നങ്ങഠം കാണാം.

മഹത്തായ ഫ്രഞ്ചുവിപ്ലവത്തിന്റെ കാലത്തുയൎന്നുവന്ന കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൻെറ, പാരീസിലെ പട്ടിണിപ്പാവങ്ങളുടെ ആഗ്രഹാഭിലാഷങ്ങഠം പ്രകടിപ്പിച്ച ഗ്രാച്ചസ്സ് ബ്വാബ്യൂഫിൻെറ (1760-1797) നേതൃത്വ

ത്തിൽ നടന്ന എഗോക്സ് ഗൂഢാലോചനയുടെ സൈദ്ധാന്തിക മുൻഗാമികളായിരുന്ന മൊറേല്ലി, മെസ്ലിയാ, മാബ്ലി എന്നിവർ "സമത്വം" ബൂർഷ്വാസിയുടെ വർഗ്ഗഭരണത്തിന്റെ ഫലങ്ങൾ കണ്ടു. ബൂഷ്വാജനാധിപത്യത്തിൽ അവർക്ക് ആശയമില്ലാതാകുകയും, ഒരു കൂട്ടം ചൂഷകന്മാരെ മാററി മറെറാരുകൂട്ടം ചൂഷകന്മാരെ പ്രതിഷ്ഠിക്കുകയാണ് ഫ്രഞ്ചുവിപ്ലവം ചെയ്തതെന്നു മനസ്സിലാക്കുകയും ചെയ്തു. വിപ്ലവം ജനങ്ങളുടെ ഒരു വിപ്ലവമാകുന്നതുവരെ തുടരണമെന്ന് ബാബൂഫ് പ്രഖ്യാപിച്ചു. സമുദായത്തെ കമ്മ്യൂണിസ്ററു രീതിയിൽ പുനഃസ്സംഘടിപ്പിക്കുന്ന ഒരു വിപ്ലവ സർവ്വാധിപത്യം വേണമെന്നു "സമത്വം" ആഗ്രഹിച്ചു. അവരുടെ അഭിപ്രായത്തിൽ പട്ടിണിപ്പാവങ്ങളുടെ ഒരു വിപ്ലവം, സാമൂഹ്യസ്വത്തുടമ നടപ്പിലാക്കിക്കൊണ്ട് യഥാർത്ഥമായ സമത്വം സ്ഥാപിക്കുന്നതിൽ കലാശിക്കും. എല്ലാവരും പണിയെടുക്കണം. ധനികനോ, ദരിദ്രനോ ഉണ്ടായിരിക്കരുത്; സ്വത്തു സ്വന്തമാക്കാൻ ആരേയും അനുവദിക്കുകയുമരുത്.

പക്ഷെ, സമത്വത്തെപ്പററിയുള്ള ബാബൂഫിന്റെ ആശയം പ്രാകൃതമായിരുന്നു. അദ്ദേഹവും അനുയായികളും സങ്കീർണ്ണവും ഉയർന്ന വൈദഗ്ദ്ധ്യമുള്ളതുമായ അദ്ധ്വാനത്തെയും വിദ്യാഭ്യാസത്തെയും കലയെയും ശാസ്ത്രത്തെയും പലപ്പോഴും കുറവായി മതിച്ചു. സാംസ്കാരിക പുരോഗതിക്കു ചരിത്രപരമായുള്ള മഹത്തായ പങ്കിനെപ്പററിയും സമൂഹത്തിലെ അംഗങ്ങളുടെ കഴിവും ബുദ്ധിശക്തിയും തുടർച്ചയായി വികസിപ്പിക്കുകയും നന്നാ

ക്കുകയും ചെയ്യുന്നതിനുള്ള സാഹചര്യങ്ങളുണ്ടാക്കേണ്ട തിന്റെ ആവശ്യത്തെപ്പററിയും ഭൗതിക നേട്ടങ്ങൾ സമൃദ്ധിയായി സൃഷ്ടിച്ച് ജനങ്ങളുടെ ജീവിതനിലവാര വും സാംസ്കാരിക നിലവാരവും ക്രമമായി അഭിവൃദ്ധി പ്പെടുത്തേണ്ടതിന്റെ ആവശ്യത്തെപ്പററിയും അവർ ബോധവാന്മാരായിരുന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ പങ്കിനെപ്പററി അവർ മനസ്സിലാക്കി യിരുന്നില്ല. വ്യാവസായിക പുരോഗതിയുടെ ചരിത്ര പ്രധാനമായ അർത്ഥത്തെപ്പററി ബോധമില്ലാതിരുന്ന തിനാൽ ഭാവിസമുദായത്തെ മുഖ്യമായും ഒരു കാർഷിക സമുദായമായിട്ടാണവർ ചിത്രീകരിച്ചത്. അവർ തിര ഞ്ഞെടുത്ത ഗൂഢാലോചനാപരമായ അടവുകളും, ബഹു ജനങ്ങളുമായുള്ള അവരുടെ ബന്ധങ്ങൾ ദുർബലമായി രുന്നു എന്ന വസ്തുതയും അവരുടെ പരാജയത്തിലേക്കും മരണത്തിലേക്കും വഴി തെളിച്ചു. അവർക്കു ധൈര്യവും ജനങ്ങളോടു കൂറുമുണ്ടായിരുന്നെങ്കിലും അവരുടെ പ്ലാനു കൾ ഫലപ്രദമാക്കാൻ സമൃത്തമായൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

ഇങ്ങനെയാണു പതിനെട്ടാം നൂറ്റാണ്ടിലെ സാമൂ ഹ്യചിന്ത സോഷ്യലിസത്തിന്റെ ചില പ്രധാന തത്വ ങ്ങൾ രൂപവൽക്കരിക്കാൻ തുടങ്ങിയത്. സാമൂഹ്യമായ സ്വത്തുടമ, കഴിവനുസരിച്ചുള്ള അദ്ധ്വാനം, ആവശ്യാ നുസരണമുള്ള വിതരണം ഇവയിലധിഷ്ഠിതമായ പുതിയ സമുദായം എപ്പോൾ, എങ്ങനെ സ്ഥാപിക്കപ്പെടുമെന്നു അതു പറഞ്ഞില്ല. ഈ വ്യവസ്ഥിതിയെ സമുദായ വികാ

സത്തിന്റെ യുക്തിയുക്തമായ ഫലമായി അവർ കരുതിയില്ല; അതേപ്പററി സ്വപ്നം കാണുകയേ ചെയ്യുള്ളു.

**മാർക്സിസത്തിന്റെ പ്രഭവസ്ഥാനങ്ങൾ**

കഴിഞ്ഞ നൂററാണ്ടിലാദ്യം പ്രമുഖരായ തത്വശാസ്ത്രജ്ഞന്മാരും രാഷ്ട്രീയ ധനശാസ്ത്രജ്ഞന്മാരും, സോഷ്യലിസ്റ്റുകളും, പുതിയതും ശരിക്കും ശാസ്ത്രീയവുമായ ഒരു ലോക വീക്ഷണത്തിന്നാവശ്യമായ മുന്നുപാധികൾ സൃഷ്ടിച്ചിരുന്നു. എന്നാൽ അവരും പ്രധാന സാമൂഹ്യപ്രശ്നങ്ങൾ രൂപവൽക്കരിക്കുക മാത്രമേ ചെയ്യുള്ളു. ചരിത്രത്തിന്റെ ശാസ്ത്രീയവും ഭൗതികവാദപരവുമായ അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയുമായിരുന്നുള്ളു. ശാസ്ത്രീയ സോഷ്യലിസത്തിന്റെ സ്ഥാപകന്മാരായ മാർക്സും ഏംഗൽസുമാണിതു നിർവഹിച്ചതു്.

"മാർക്സിസത്തിന്റെ പ്രഭവസ്ഥാനങ്ങളും മൂന്ന ഘടകഭാഗങ്ങളും" എന്ന ലേഖനത്തിൽ ലെനിൻ ഊന്നിപ്പറഞ്ഞ, മാർക്സിന്റെയും ഏംഗൽസിന്റെയും സിദ്ധാന്തങ്ങൾ ലോകപരിഷ്കാരത്തിന്റെ രാജപാതയിൽനിന്നു ദൂരെ മാറിനിന്നുകൊണ്ടു് ആവിഷ്കരിക്കപ്പെട്ടവയല്ലെന്നു് "ജർമ്മൻ തത്വശാസ്ത്രത്തിലും ഇംഗ്ലീഷ് രാഷ്ട്രീയ ധനശാസ്ത്രത്തിലും ഫ്രഞ്ചുസോഷ്യലിസത്തിലും പ്രതിനിധീകരിക്കപ്പെട്ടിട്ടുള്ളതും പതിനെട്ടാം നൂററാണ്ടിൽ മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ളതുമായ ഉത്തമമായതിന്റെ നിയമപ്രകാരമുള്ള അനന്തരാവകാശിയാണതു്" എന്നദ്ദേഹമെഴുതി.

പത്തൊൻപതാം ശതകത്തിൻെറ പൂർവ്വാർദ്ധത്തിലെ ജർമ്മൻതത്വശാസ്ത്രം. ഈ കാലത്തു് ഏററവും പ്രമുഖനായ തത്വശാസ്ത്രജ്ഞൻ ആശയവാദിയായ ജർമ്മൻ തത്വശാസ്ത്രജ്ഞനായ ഹെഗൽ (1770-1831) ആണു്. അദ്ദേഹം വികാസത്തിൻെറ വൈരുദ്ധ്യസിദ്ധാന്തം സൃഷ്ടിച്ചു. പുതിയതിൻെറ ഉയർച്ചയും പഴയതിൻെറ നാശവുമെന്ന അനുസ്യൂതമായ ഒരു ഗതിക്രമമാണതു്. താണതിൽനിന്നുയർന്നതിലേക്കുള്ള ഒരു ഗതിക്രമം. എല്ലായിടത്തും എല്ലാവസ്തുക്കളിലും മാററത്തിൻെറ പിന്നിലുള്ള പ്രേരകശക്തി വൈരുദ്ധ്യങ്ങളാണെന്നും, അളവിൽ സാവധാനമായുണ്ടാകുന്ന മാററങ്ങൾ ഗുണപരമായ മാററങ്ങളുണ്ടാക്കുന്ന വിപ്ലവങ്ങളിൽ ചെന്നെത്തുമെന്നു് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. രണ്ടായിരവും കൂടുതലും വർഷങ്ങൾ മുമ്പത്തെ ഗ്രീക്കുചിന്തകന്മാർ മുതലുള്ള ലോകത്തിലെ പ്രഥമഗണനീയരായ പ്രതിഭാശാലികൾ പ്രകടിപ്പിച്ച ആശയങ്ങൾ അദ്ദേഹം സാമാന്യവൽക്കരിക്കുകയും മുന്നോട്ടുകൊണ്ടുപോകയും ചെയ്തു. ഹെഗലിയൻ തത്വശാസ്ത്രത്തിലെ പുരോഗമനപരമായ ഘടകങ്ങളാണിവ.

മറുവശത്തു്, വികാസ പ്രക്രിയയുടെയാകെ അടിസ്ഥാനവും പ്രേരക ശക്തിയും ചിന്ത, ആത്മാവു് ആണെന്നദ്ദേഹം കരുതി. ഫലത്തിൽ വിപ്ലവകരങ്ങളായ ആശയങ്ങളാണദ്ദേഹം മുന്നോട്ടുവെച്ചതു്. പക്ഷെ അവയിൽനിന്നു വിപ്ലവകരമായ നിഗമനങ്ങൾ സ്വീകരിക്കുന്നതിനുപകരം അദ്ദേഹം യാഥാസ്ഥിതികത്വത്തെ കെട്ടിപ്പുണർന്നു, അദ്ദേഹത്തിൻെറ തന്നെ സിദ്ധാന്തങ്ങളുടെ

സാരാംശത്തിന്ന വിരുദ്ധമായി, വിജ്ഞാനവും ചരിത്രഗതിയും അനന്തമായി വികസിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചില്ല. നേരേ മറിച്ച് അദ്ദേഹം വിജ്ഞാനത്തിൻെറയും ലോകചരിത്രത്തിൻെറയും "അവസാനം" കണ്ടു. തൻെറ തത്വശാസ്ത്രമാണു കേവലമായ സത്യമെന്നദ്ദേഹം പ്രഖ്യാപിച്ചു. ആ സത്യം മനസ്സിലായിക്കഴിയുന്നതോടെ മനുഷ്യ വർഗ്ഗത്തിൻെറ തത്വശാസ്ത്ര ചിന്തയുടെ വികാസം നിലയ്ക്കുമെന്നും പറഞ്ഞു.

വികാസത്തിൻെറ വൈരുദ്ധ്യപരമായ ആശയം ചരിത്രത്തിൽ പ്രയോഗിക്കാൻ ഹെഗൽ ശ്രമിച്ചു; ആത്മീയമായ പൂർണ്ണത നേടുന്നതിലേക്കു മനുഷ്യനെ നയിക്കുന്ന ഒരു ഏണിയായിട്ടാണദ്ദേഹം ചരിത്രത്തെ വ്യാഖ്യാനിച്ചതു്. അതിൻെറ പരിണതഫലം സമുദായത്തിൻെറ വികാസം താൻ സേവിച്ചിരുന്ന പിൻതിരിപ്പൻ പ്രഷ്യൻ രാജാധിപത്യത്തിൽ പര്യവസാനിച്ചതായി അദ്ദേഹം വിശ്വസിച്ചു എന്നതാണു്. ചരിത്രപരമായ വികാസത്തിൻെറ "കിരീടം" എന്നു് ആ രാജാധിപത്യത്തെ അദ്ദേഹം പ്രകീർത്തിച്ചു. സോഷ്യലിസ്റ്റാശയങ്ങൾ അദ്ദേഹത്തിന്ന പൂർണ്ണമായും അന്യമായിരുന്നുവെന്നു പറയേണ്ടതില്ല.

തത്വശാസ്ത്ര ചിന്തയുടെ ചരിത്രത്തിന്മേൽ ആഴത്തിൽ മുദ്രപതിപ്പിച്ച മറെറാരു ജർമ്മൻ ചിന്തകൻ ലുഡ്വിഗ് ഫൂവാബക്കു് (1804-1872) ആയിരുന്നു. അദ്ദേഹം തൻെറ ഗുരുവായ ഹെഗലിൻെറ ആശയവാദത്തെ നിരാകരിക്കുകയും പതിനെട്ടാം നൂററാണ്ടിലെ

ഭൗതികവാദത്തിൻെറ ഉത്തമപാരമ്പര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകയും ചെയ്തു ഫൂവർബാക്കിനു ഹെഗലിൻെറ വൈരുദ്ധ്യപരമായ രീതി പിടിച്ചില്ല. ഭൗതികവാദപരമായ തത്വശാസ്ത്രം ചരിത്രത്തിലും മനുഷ്യസമുദായത്തിലും പ്രയോഗിക്കാൻ അദ്ദേഹത്തിനു കഴിവുണ്ടായതുമില്ല.

എന്നാൽ ഒരു വിപ്ലവകരമായ തത്വശാസ്ത്രത്തിന്റെ സൃഷ്ടിക്കുള്ള ചില പ്രത്യയ ശാസ്ത്രപരമായ മുന്നുപാധികൾ ഹെഗലിൻെറയും ഫൂവർബാക്കിൻെറയും തത്വശാസ്ത്രത്തിലുൾപ്പെട്ടിരുന്നു. അവ മുന്നുപാധികളിൽ കവിഞ്ഞൊന്നുമായിരുന്നില്ലെങ്കിലും തൊഴിലാളി വർഗ്ഗത്തിൻെറ മഹാനേതാക്കന്മാരായ മാർക്സും ഏംഗൽസും ലെനിനും അവയെ വിലയിരുത്തുകയും സൃഷ്ടപരമായ ഒരു മുശയിൽ പുന:പ്രതിഷ്ടിക്കുകയും ഉജ്വലമായി വികസിപ്പിക്കുകയും ചെയ്തു.

ഇംഗ്ലീഷ് ക്ലാസ്സിക്കൽ രാഷ്ട്രീയ ധനശാസ്ത്രം. ഒരു വിപ്ലവ സിദ്ധാന്തത്തിൻെറ ത്രൂപങ്ങൾ ചില ഇംഗ്ലീഷ് പണ്ഡിതന്മാരുടെ കൃതികളിലുമുണ്ടായിരുന്നു. അവർ മനുഷ്യ ജീവിതത്തിൻെറ ഭൗതീകസാഹചര്യങ്ങൾ പഠിച്ചു. ഈ പണ്ഡിതന്മാർ സോഷ്യലിസ്ററുകളായിരുന്നില്ല; വീക്ഷണരീതിയിലും സാമൂഹ്യസ്ഥിതിയിലും ബൂർഷ്വാകളുമായിരുന്നു. പക്ഷെ മനുഷ്യൻെറ ഒരു പ്രത്യേകമേഖലയിൽ—ഉല്പാദനത്തിൻെറയും ചരക്കുകൈമാററത്തിൻെറയും മേഖലയിൽ—അവർ നടത്തിയ പഠനത്തിൻെറ നേട്ടങ്ങൾ രാഷ്ട്രീയധനശാസ്ത്രത്തിൻെറ സൃഷ്ടിയിലേക്കു നയിച്ചു.

പിന്നീട്ട രാഷ്ട്രീയ ധനശാസ്ത്രത്തിൻെറ വികാസം സമുദായത്തിൻെറ വർഗ്ഗഘടനയുടേയും സാമൂഹ്യഘടനയുടേയും കണ്ടുപിടുത്തത്തിലേക്ക മനുഷ്യവർഗ്ഗത്തിൻെറ സാമ്പത്തിക വികാസത്തിലെ ചില ഘട്ടങ്ങൾ നിർണ്ണയിക്കുന്നതിലേക്കും എത്തിച്ചു.

ബൂർഷ്വാധനശാസ്ത്രത്തിൻെറ ക്ലാസ്സിക്കൽ വിഭാഗം പതിനെട്ടാംനൂററാണ്ടിലും പത്തൊമ്പതാംനൂററാണ്ടിലാദ്യവും വികസിച്ചു. ഇതിൻെറ ഏററവും പ്രമുഖനായ വക്താവ് ആഡംസ്മിത്ത് (1723 1790) ആയിരുന്നു. ഇതിൻെറ അനുയായികൾ ശരിയായ ആശയങ്ങളാണു പ്രകടിപ്പിച്ചതു്. എല്ലാസാമൂഹ്യസമ്പത്തിൻെറയും ഉത്ഭവം അദ്ധ്വാനമാണെന്നും മൂല്യം നിർണ്ണയിക്കേണ്ടതു സമയത്തിൻെറ അംശങ്ങളിൽ കണക്കാക്കപ്പെട്ടിട്ടുള്ള അദ്ധ്വാനത്തിൻെറ അളവുകൊണ്ടാണെന്നും അവർ പ്രഖ്യാപിച്ചു. ചരക്കുകളുടെ കൈമാററം, അവസാന അപഗ്രഥനത്തിൽ, അദ്ധ്വാനപ്രവർത്തനങ്ങളുടെ കൈമാററമാണെന്നവർ പ്രസ്താവിച്ചതു ശരിയായിരുന്നു. കൂലിവേലക്കാർക്കു പ്രതിഫലം കിട്ടാതെയുള്ള അദ്ധ്വാനത്തിന്റെ ഉല്പന്നമാണു മുതലാളിത്തപരമായ ലാഭം എന്നു സ്മിത്തു കരുതി.

എന്നാൽ സ്മിത്തോ, അദ്ദേഹത്തിൻെറ നാട്ടുകാരനായ ഡേവിഡ് റിക്കാർഡോയോ (1772-1823) ബൂർഷ്വാധനശാസ്ത്രത്തിൻെറ ക്ലാസ്സിക്കൽ വിഭാഗത്തിൻെറ മററനുയായികളോ മുതലാളിത്ത ബന്ധങ്ങളുടെ ശരിയായ സ്വഭാവം, പ്രത്യേകിച്ചും മുതലാളിത്തത്തിന്റെ ആഴമേറിയ വൈരുദ്ധ്യങ്ങൾ തുറന്നുകാട്ടിയില്ല. മുടക്ക

മുതൽ ഭരണംനടത്തുന്ന സമുദായത്തിൽ ജനങ്ങൾ തമ്മിലുണ്ടാകുന്ന ബന്ധങ്ങളെ പൂർണ്ണമായി അപഗ്രഥിക്കുന്നതിൽ അവർ പരാജയപ്പെട്ടു. സ്മിത്ത് മുതലാളിത്ത സമുദായത്തെ മൂന്നുഗ്രൂപ്പുകളായി വിഭജിച്ചു. തൊഴിലാളികൾ മുതലാളികൾ, ഭൂഉടമകൾ; ഇവക്കു യഥാക്രമം കൂലി, ലാഭം, പാട്ടം എന്നീരൂപങ്ങളിൽ ആദായം ലഭിക്കുന്നു. എന്നാൽ വർഗ്ഗബന്ധങ്ങളുടേയും വർഗ്ഗസമരങ്ങളുടേയും അപഗ്രഥനത്തിലേക്കു ഒരിക്കലും അദ്ദേഹം ഉയന്നില്ല.

ബൂഷ്വാചിന്തയുടെ പരിമിതികൾ. മുതലാളിത്ത വ്യവസ്ഥ അവസാനിപ്പിക്കേണ്ടതാണെന്നു രാഷ്ട്രീയ ധനശാസ്ത്രത്തിൻെറ ഇംഗ്ലീഷ് വിഭാഗത്തിനു ഒരിക്കലും തോന്നിയില്ല. നേരേ മറിച്ചു്, മനുഷ്യ സ്വഭാവത്തിനേററവും അനുയോജ്യമായ വ്യവസ്ഥയിതാണെന്നവർക്കുതോന്നി. എങ്കിലും ഈ വിഭാഗമാണു മുതലാളിത്തത്തിൻെറ ശാസ്ത്രീയാപഗ്രഥനത്തിലേക്കു ആദ്യ ചുവടുകൾ വച്ചതും അങ്ങനെ അതിൻെറ വിമർശനത്തിനു വഴി തെളിച്ചതും.

പത്തൊമ്പതാം നൂററാണ്ടിലെ പ്രമുഖരായ ഫ്രഞ്ചു ചരിത്രകാരന്മാർ (ഗിസ്സോ, തീഴി, മിഞ്ചെ) സമുദായത്തിൻെറ ചരിത്രത്തിൽ വർഗ്ഗസമരം നിലനില്ക്കുന്നുണ്ടെന്നംഗീകരിച്ചു. ജ്ഞാനോദയത്തിൻെറ പതിനെട്ടാം നൂററാണ്ടിലെ പ്രതിനിധികളും ഹെഗലും ചരിത്രത്തെപ്പററി സ്വീകരിച്ചിരുന്ന വീക്ഷണവുമായി താരതമ്യപ്പെടുത്തിയാൽ ഇതൊരു ഗണ്യമായ പുരോഗതിയാണു്. ഫ്രഞ്ചുവിപ്ലവത്തിൻെറ മഹത്തായ സമരങ്ങൾ ബൂഷ്വാ

ചിന്തകന്മാരെ സംബന്ധിച്ചിടത്തോളം വ്യർത്ഥമായില്ല; അവർ വർഗ്ഗസമരത്തെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി. ഒരു ബൂഷ്വാവ്യവസ്ഥ സ്ഥാപിക്കപ്പെട്ടതോടെ ഈ സമരം അവസാനിച്ചുവെന്നവർകരുതി ചൂഷണം നടത്തുന്ന മുതലാളിത്ത വ്യവസ്ഥ സ്വാഭാവികവും അതു കൊണ്ടു ശാശ്വതവുമാണെന്നു ഗിസ്സോയും തീഴിയും മിഞ്ഞെയും വിചാരിച്ചു.

വികാസത്തിൻെറ സിദ്ധാന്തത്തിനു വേണ്ടി വാദിച്ച ഹെഗൽ, കേവലമായ പ്രഷ്യൻ രാജവാഴ്ച സ്ഥാപിച്ചതോടെ ഭരണക്രൂടത്തിൻെറ വികാസം അവസാനിച്ചുവെന്നു സിദ്ധവല്ക്കരിച്ചുകൊണ്ടു് തൻെറ സ്വന്തം സിദ്ധാന്തത്തിൽ വിഷം കലത്തിയതു നാം കണ്ടു.

പുരോഗമനവാദികളായ എല്ലാ ബൂർഷ്വാ ചിന്തകന്മാരും, ചൂഷണം നടത്തുന്ന സാമൂഹ്യ വ്യവസ്ഥയല്ലാതെ മറെറാന്നും കാണാതിരിക്കുകയും കാണാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തതിനാൽ ഒരു സ്തംഭനത്തിൽ ചെന്നു പെട്ടു. മർദ്ദനവും വർഗ്ഗപരമായ വിരോധവും രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരവുമുള്ള മുതലാളിത്ത വ്യവസ്ഥയെ അനശ്വരമായ ഒന്നായി "ശാശ്വത യുക്തിബോധത്തിൻെറ ആവശ്യകതകൾ"ക്കും "പ്രകൃതി"ക്കും കേവലാത്മാ"വിൻെറ അനുശാസനത്തിനും യോജിച്ച ഒന്നായി വ്യാഖ്യാനിക്കാൻ തീവ്രമായിയത്നിച്ചു.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യകാലമായപ്പോഴേക്കും പശ്ചിമ യൂറോപ്പിലെയും, വടക്കെ അമേരിക്കയിലെയും ബൂർഷ്വാസി, അധികാരം നേടിയ ശേഷം,

സാമൂഹ്യ പുരോഗതി എന്ന ആശയത്തെ തള്ളിപ്പറയാൻ തുടങ്ങി. തൊഴിലാളി വർഗ്ഗത്തിന്റെ വളർച്ചയും രാഷ്ട്രീയരംഗത്ത് അതിന്റെ പ്രവേശനവും, ബൂർഷ്വാസിക്ക സ്വന്തം സാമൂഹ്യ ഭരണത്തിന്റെ ശാശ്വതികത്വത്തെക്കുറിച്ച വിഷമിക്കാൻ കാരണമായി. ഒരു പ്രമുഖ സോഷ്യലിസ്റ്റായ പോൾലഫാർഗ്ഗ പറഞ്ഞതു പോലെ "അവരുടെ കണ്ണിൽ പുരോഗതിക്ക സൗന്ദര്യമില്ലാതായി".

മഹാന്മാരായ സാങ്കൽപ്പിക സോഷ്യലിസ്റ്റുകൾ.

മുതലാളിത്തം യൂറോപ്പിലും വടക്കെ അമേരിക്കയിലും വന്നതു്, ബൂർഷ്വാ തത്വശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും അതിനെ കെട്ടിയലങ്കരിച്ച സുന്ദരവേഷത്തിലൊന്നുമല്ല. അതു ജനങ്ങളെ കഠിനദാരിദ്ര്യത്തിലേക്ക തള്ളിവിട്ടു; അടിമ – ഫാക്ടറികളിൽ അസാദ്ധ്യമായ വേല ചെയ്യാൻ അവരെ നിർബ്ബന്ധിച്ചു. അധികം താമസിക്കാതെ പണിമുടക്കങ്ങൾ ആരംഭിച്ചു; "സ്വർണ്ണമടിശ്ശീല"യുടെ ഭരണത്തിനെതിരായ തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ ആദ്യത്തെ സമരങ്ങൾ.

ആത്മീയ വളച്ച്യെക്കുറിച്ചും ശാസ്ത്രപുരോഗതിയെക്കുറിച്ചും വിദ്യാഭ്യാസത്തിന്റെ അവസാന വിജയത്തെക്കുറിച്ചുമുള്ള വെറും സംസാരംകൊണ്ടു മതിയാവുകയില്ലെന്നു പുരോഗമനവാദികളായ ചിന്തകന്മാർ കണ്ടു. നാടുവാഴിത്ത വ്യവസ്ഥ നീക്കംചെയ്തു ബൂഷ്വാസിയുടെ ആധിപത്യം സ്ഥാപിക്കുന്നതിനെ പ്രകീർത്തിക്കുന്ന സാമൂഹ്യവികാസത്തിന്റെ സിദ്ധാന്തങ്ങൾകൊണ്ടും ആരെയും തൃപ്തിപ്പെടുത്താൻ വയ്യാതായിത്തീർന്നു.

സാമൂഹ്യബന്ധങ്ങളും വർഗ്ഗസമരങ്ങളും വികസിച്ചതോടെ സാമൂഹ്യ പുരോഗതിയുടെ പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ അടിയന്തിരമായിത്തീൻറു.

മനുഷ്യവംശം എന്നെന്നേക്കുമായി ധനികരും ദരിദ്രരുമായി, മർദ്ദകരും മർദ്ദിതരുമായി വിഭജിക്കപ്പെടണമോ? പതിനാറും പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിലെ സാങ്കല്പിക ചിന്തകരുടെ, ജനങ്ങളുടെ സമത്വത്തെയും സാമൂഹ്യസ്വത്തിൻെറ ആധിപത്യത്തെയുംകുറിച്ചുള്ള ആശയങ്ങൾ അത്രയേറെ ആഗ്രഹചിന്തകളായിരുന്നുവോ? സാമൂഹ്യപുരോഗതി നിലയ്ക്കേണ്ട പരിധിയാണോ ബൂഷ്വാസമുദായത്തിലെ സാമൂഹ്യസംഘടന?

ഈ ചോദ്യങ്ങൾക്കുത്തരം പറയാൻ മഹാന്മാരായ സാങ്കല്പിക സോഷ്യലിസ്റ്റുകൾ ഫ്രഞ്ചുകാരായ ഹെൻറി സെയിൻറ് സൈമണും ചാൾസ് ഫൂറിയേയും ഇംഗ്ലീഷ്കാരനായ റോബർട്ട് ഓവനും—പത്തൊമ്പതാം നൂറ്റാണ്ടിലാദ്യം ശ്രമം നടത്തി. സ്വാർത്ഥതാല്പര്യത്തിനും ലാഭത്തിനും പകരം അദ്ധ്വാനം പ്രധാന ഗുണമായുള്ള ഒരു പുതിയ സമുദായത്തിലേക്കു മാനവരാശി പുരോഗമിക്കുകയാണെന്നു അവർ ഉറപ്പിച്ചു പറഞ്ഞു. മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതിൻെറ സ്ഥാനത്തു പ്രകൃതി ശക്തികളെ മനുഷ്യൻെറ നിയന്ത്രണത്തിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ എല്ലാവരുടെയും സഹകരണം വരികയും അങ്ങനെ അവസാനം സാമൂഹ്യനീതി സ്ഥാപിതമാകുകയും ചെയ്യും. പുരോഗതി ശാശ്വതമാകുന്നു; അതു തരംഗങ്ങൾ പോലെ ഉയരുകയും താഴ

32402.



KOTTAYAM PUBLIC LIBRARY
KOTTAYAM

കയും ചെയ്യുന്നതവസാനിക്കും. സാമൂഹ്യസംഘടന മനുഷ്യരാശിയുടെ അനന്തവും അപരിമിതവുമായ പുരോഗതിയെ സേവിക്കും.

ഇങ്ങനെയാണു പുരോഗതിയുടെ സിദ്ധാന്തം, ആത്മീയമോ രാഷ്ട്രീയമോ ആയ വികാസത്തിന്റെ മാത്രം സിദ്ധാന്തമായിരുന്നതവസാനിച്ചു് സാമൂഹ്യ പുരോഗതിയുടെ സിദ്ധാന്തമായിത്തീൎന്നതു്. അതിനു ശേഷം മനുഷ്യസമുദായത്തെപ്പററിയുള്ള യഥാൎത്ഥമായ അറിവു സോഷ്യലിസത്തിന്റെ മഹത്തായ ആശയങ്ങളിൽ നിന്നു് അഭിന്നമായിത്തീൎന്നു. അന്നുമുതൽ, ഭാവി സമുദായത്തിന്റെ പുനസ്സംഘടനയുടെ പ്രശ്നത്തെ അവഗണിച്ചുകൊണ്ടു പുരോഗതിയുടെ യാതൊരു സിദ്ധാന്തവും ഉണ്ടാകാൻ വയ്യാതായി.

ഏതായാലും, കഴിഞ്ഞ നൂററാണ്ടിന്റെ ആരംഭത്തിലും തൊഴിലാളി വൎഗ്ഗത്തിന്റെ വിപ്ലവസമരത്തിന്റെ ശാസ്ത്രീയ സിദ്ധാന്തം വികസിപ്പിക്കാൻ സാഹചര്യങ്ങൾ അപര്യാപ്തമായിരുന്നു. മുതലാളിത്തോല്പാദനം വേണ്ടത്ര വികസിച്ചിരുന്നില്ല. ബൂർഷ്വാ സമുദായത്തിലെ വൎഗ്ഗബന്ധങ്ങൾ വേണ്ടത്ര പ്രകടത പ്രാപിച്ചിരുന്നുമില്ല. പത്തൊമ്പതാം നൂററാണ്ടിന്റെ ആരംഭത്തിലെ മഹാന്മാരായ സാങ്കല്പിക സോഷ്യലിസ്റ്റുകൾക്കു് തല്ലലമായി ഭാവിയിലേക്കുള്ള മാൎഗ്ഗമറിയാൻ കഴിഞ്ഞിരുന്നില്ല; അവരെ സംബന്ധിച്ചിടത്തോളം സോഷ്യലിസം ഒരു സ്വപ്നമായിരുന്നു, ഒരു സങ്കല്പമായിരുന്നു. എങ്കിലും അവർ ദൃഢമായിത്തന്നെ പ്രഖ്യാപിച്ചു, മാനവരാശി

ഒരു പുതിയ സാമൂഹ്യ വ്യവസ്ഥയിലേക്കു മുന്നേറണമെന്നു്.

"കഴിഞ്ഞ കാലത്തെ ഒരു കാര്യമാണെന്നു് പാരമ്പര്യം അന്ധമായിക്കരുതിയിരുന്ന സവർണ്ണയുഗം പുരോഭാഗത്താണു കിടക്കുന്നതു്" ഇങ്ങനെയാണു സെയിൻറു് സൈമൺ (1760-1825) തൻെറ പ്രമുഖ കൃതികളിലൊന്നായ 'സാഹിത്യത്തെയും തത്വശാസ്ത്രത്തെയും വ്യവസായത്തെയും കുറിച്ചുള്ള പ്രബന്ധങ്ങൾ' ആരംഭിക്കുന്നതു്. മനുഷ്യവർഗ്ഗത്തിൻെറ യഥാർത്ഥ സുവർണ്ണയുഗം ആരംഭിക്കുന്നതു്, ബഹുഭൂരിപക്ഷത്തിനു ഗുണകരമായ വിധത്തിലും മനുഷ്യൻെറ എല്ലാ കഴിവുകളുടെയും വികാസത്തിനു പ്രത്യേകിച്ചും അനുകൂലമായ വിധത്തിലുമുള്ള ഒരു സമുദായ ഘടനയോടുകൂടിയാണു്. സ്വാർത്ഥതാൽപര്യം ആധിപത്യം വഹിക്കുന്ന സമുദായത്തിൽ ഭൂരിപക്ഷത്തിൻെറ ആവശ്യങ്ങൾ നിർവഹിക്കുന്നതിനോ, അവരുടെ കഴിവുകൾ വളർത്താനോ സാധിക്കുകയില്ല.

ഏററവും നല്ല സമുദായ ഘടന അദ്ധ്വാനിക്കുന്ന ജനങ്ങളുടെ, അതായതു്, സമുദായത്തിലെ ബഹുഭൂരിപക്ഷത്തിൻെറ ജീവിതം കഴിയുന്നത്ര സുഖകരമാക്കിത്തീർക്കുന്ന ഒന്നാണു്.

സെയിൻറു് സൈമൺ മാനവ പുരോഗതിയെ സംബന്ധിച്ചു്, അക്കാലത്തെ സംബന്ധിച്ചിടത്തോളം, പ്രസ്താവ്യമായ ഒരു സിദ്ധാന്തം ആവിഷ്കരിച്ചു. എന്നാൽ ഭാവിസാമൂഹ്യ വ്യവസ്ഥയെപ്പററി അദ്ദേഹം വരച്ചു

ചിത്രം ഏറെക്കുറെ അവ്യക്തമായിരുന്നു. അതിൽ എല്ലാവരും പണിയെടുക്കും; ജനങ്ങളെ നിയന്ത്രിക്കുകയെന്ന പ്രവൃത്തി എല്ലാ ജോലികളും നിയന്ത്രിക്കുന്ന ഒന്നായിത്തീരും. സമുദായത്തിന്റെ മൗലിക കടമ ഓരോ അംഗത്തിന്റെയും ആവശ്യങ്ങൾ കഴിയുന്നത്ര പൂർണ്ണമായി നിർവഹിക്കുകയെന്നതായിരിക്കും. ഭൗതികാധികാരം "വ്യവസായികളുടെ ഒരു സമിതി"യുടെ കയ്യിലും ആത്മീയാധികാരം ശാസ്ത്ര അക്കാഡമിക്കുമായിരിക്കും.

പരോപജീവികളുടെ ആധിപത്യം അവസാനിപ്പിക്കാനാഹ്വാനം ചെയ്യുകയും അദ്ധ്വാനത്തിനു സാർവ്വഭൗമത്വമുള്ള ഒരു പുതുയുഗത്തിന്റെ ആരംഭം പ്രഖ്യാപിക്കുകയും ചെയ്തെങ്കിലും അതെങ്ങനെ നടപ്പിലാക്കാമെന്നു സെയിന്റ് സൈമണോ അദ്ദേഹത്തിന്റെ അനുയായികൾക്കോ അറിയാമായിരുന്നില്ല. അവരുടെ ആദർശങ്ങൾ നടപ്പിലാക്കാനുള്ള യാതൊരു യഥാർത്ഥമാർഗ്ഗവും അവർക്കറിഞ്ഞുകൂടായിരുന്നു. ചരിത്രത്തിന്റെ ഏററവും മഹത്തായ പ്രേരകശക്തിയായ വർഗ്ഗസമരത്തെ അവർ വിലമതിച്ചതുമില്ല. അതുകൊണ്ടാണ് ഭാവിസമുദായത്തെപ്പററിയുള്ള അവരുടെ ആശയങ്ങൾ അത്ര അവ്യക്തമായിരിക്കുന്നത്. ഉദാഹരണത്തിന്, വ്യവസായികൾ ഉല്പാദനത്തിന്റെ മേൽനോട്ടം വഹിക്കണമെന്നവർ പറഞ്ഞു. എന്നാൽ അവർ മുതലാളികളേയും തൊഴിലാളികളേയും ഒരുപോലെ "വ്യവസായി"കളുടെ കൂട്ടത്തിൽപെടുത്തി.

സെയിന്റു സൈമൺന്റെയും അനുയായികളുടേയും സിദ്ധാന്തം പരസ്പരവിരുദ്ധമായിരുന്നെങ്കിലും,

ഓരോരുത്തനും തന്റെ കഴിവിനനുസരിച്ചു അദ്ധ്വാനിക്കു കയും ഓരോരുത്തനും അദ്ധ്വാനത്തിനനുസരിച്ചു് പ്രതി ഫലം ലഭിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യക്രമത്തിന്റെ സാദ്ധ്യതയെപ്പററിയുള്ള അവരുടെ ആശയം വളരെ പ്രാധാന്യമുള്ളതാണു്. ഈ തത്വം സോഷ്യലിസ ത്തിനുള്ള പരിപാടിയുടെ ഒരു ഭാഗമായിത്തീർന്നിരി ക്കുന്നു. ചൂഷണത്തിൽനിന്നു മോചനം പ്രാപിച്ചുകഴിയു മ്പോൾ സമുദായത്തിനു വമ്പിച്ച സർഗ്ഗശക്തി കൈവരു മെന്നും അതിൻെറ മുദ്രാവാക്യം ശാസ്ത്രവും സാങ്കേതിക വിദ്യയും വളർത്തി ഭീമമായ പ്രകൃതിശക്തികളെ മനുഷ്യ ന്റെ കിങ്കരനാക്കുകയെന്നതായിരിക്കുമെന്നുള്ള സെയിന്റു് സൈമൺൻെറ ആശയവും അതുപോലെ തന്നെ പ്രാധാന്യമുള്ളതാകുന്നു.

മററൊരു മഹാനായ ഫ്രഞ്ചുസാങ്കല്പിക സോ ഷ്യലിസ്റ്റായ ചാൾസ് ഫൂറിയേ (1772-1837) സാമൂ ഹ്യനീതിയുടെ അടിസ്ഥാനത്തിൽ സമുദായത്തിൻെറ പുനസ്സംഘടനയെപ്പററി പല കൃതികളും രചിച്ചു. അവ യിൽ ഉജ്ജ്വലമായ പുരോഗമനാശയങ്ങളോടൊപ്പം പല പ്പോഴും ലളിതവും അബദ്ധവുമായ ധാരണകളും കാണാം.

തൻെറ കാലത്തെ മുതലാളിത്ത സമുദായത്തിൻെറ ഘടനയെപ്പററി ഫൂറിയേ ഏററവും ശക്തിമത്തായ വിമർശനം നടത്തി. മുതലാളിത്തോല്പാദനത്തിൽ അദ്ധ്വാ നം നിർബ്ബന്ധിക്കപ്പെട്ടതാണു്. അതിൻെറ ഫല ത്തിൽ തൊഴിലാളികൾക്കു യാതൊരു താല്പര്യവുമില്ല. അദ്ധ്വാനം ആനന്ദവും സുഖവും നൽകേണ്ടതിനു പകരം അതൊരു ശാപവും കഷ്ടപ്പാടിനു കാരണവുമായിത്തീർ ന്നിരിക്കുന്നു.

മുതലാളിത്തത്തിന്റെ നിയമങ്ങളെയും അവയുടെ സാമൂഹ്യ ഫലങ്ങളെയും കുറിച്ചു് ഫ്യൂറിയെ ഉജ്ജ്വലമായ പല അഭ്യൂഹങ്ങളും നടത്തി. അദ്ധ്വാനത്തിന്റെ ഉപകരണങ്ങളും മുടക്കുമുതലും കൂടുതൽ കൂടുതൽ കേന്ദ്രീകൃതമായിത്തീരുന്നു. ഒരു പിടി മുതലാളിമാർ സമുദായത്തെ അടക്കി ഭരിക്കുന്നു. ബൂർഷ്വാമത്സരം കുത്തകകളെ വളർത്തുകയും സ്വാർത്ഥമോഹികളായ ഒരു പിടി വ്യക്തികൾ സമുദായത്തിന്റെ മേലുള്ള തങ്ങളുടെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതിൻ ഫലമായി, കഴിഞ്ഞ കാലത്തെ നാടുവാഴിത്തത്തെക്കാൾ ചീത്തയായ ഒരു കച്ചവട നാടുവാഴിത്തം സമുദായത്തെ ഭീഷണിപ്പെടുത്തുന്നു. അതേസമയം, ചിന്നിച്ചിതറിക്കിടക്കുന്ന തങ്ങളുടെ കൃഷിയിടങ്ങളിൽ പണിയെടുക്കുന്ന ചെറു കർഷകർക്കു സാങ്കേതിക വളർച്ചയുടെ നേട്ടങ്ങളുടെയും തൊഴിലാളിസഹകരണസംഘകരണസംഘങ്ങളുടെ അനുഗ്രഹങ്ങളുടെയും ഗുണം ലഭിക്കാൻ കഴിയുന്നുമില്ല. സാമൂഹ്യപുരോഗതി ഒരു വ്യാമോഹമായിത്തീന്നിരിക്കുന്നു. സമ്പന്നവർഗ്ഗം മുന്നോട്ടു കുതിക്കുമ്പോൾ ദരിദ്രന്മാർക്കു മുന്നേറാൻ കഴിയുന്നുമില്ല. സമ്പത്തു വളരുന്നു; പക്ഷേ, ദാരിദ്ര്യം കുറയുന്നില്ല. ലാഭക്കൊതിയന്മാരും തട്ടിപ്പുകാരും യജമാനന്മാരുടെയും യജമാനന്മാരാകുകയും സാമ്രാജ്യങ്ങളുടെ തന്നെ ഭാഗധേയങ്ങൾ നിയന്ത്രിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

സമ്പന്നരും ദരിദ്രരും തമ്മിലുള്ള അകൽച്ച വധിച്ചുകൊണ്ടിരുന്നു. അവർ ഒരു യുദ്ധാവസ്ഥയിലായിരുന്നു.

പൊതുതാല്പര്യങ്ങളും സ്വകാര്യതാല്പര്യങ്ങളും സംഘട്ടനത്തിലായി. ഓരോരുത്തരും എല്ലാവർക്കുമെതിരായും എല്ലാവരും ഓരോരുത്തർക്കുമെതിരായും നടത്തുന്നയുദ്ധത്തെയാണു നിലവിലുള്ള സമുദായഘടന സൂചിപ്പിച്ചതു്. വ്യക്തി, സമുദായത്തിനെതിരായുള്ള അനുസ്യൂതമായ സമരത്തിലായിരുന്നു. ചിലരുടെ സുഖം മററുള്ളവരുടെ ദുഃഖത്തിലോ മരണത്തിൽ പോലുമോ അധിഷ്ഠിതമായിരുന്നു.

ബൂർഷ്വാജനാധിപത്യത്തിൻെറ യഥാർത്ഥസത്തയെ കപടവേഷമണിയിക്കാനുള്ള ശ്രമത്തിൽ മുതലാളിത്തത്തിൻെറ സംരക്ഷകന്മാരുപയോഗിച്ച കള്ളങ്ങളുടെ പുകമറ ഫൂറിയെ കുത്തിക്കീറി. അദ്ദേഹം പ്രഖ്യാപിച്ചു: പല അവകാശങ്ങളും കടലാസിലുണ്ടു്; ഭരണഘടന ജനങ്ങളുടെ പരമാധികാരത്തെപ്പററിപോലും പറയുന്നു. എന്നാൽ, രാജ്യത്തു ധാരാളം ഉല്പന്നങ്ങളുണ്ടെങ്കിലും സാധാരണ ഭക്ഷണം പോലും ലഭിക്കാതിരിക്കുകയും "ജനങ്ങളുടെ ആടുകളെ വിചാരിപ്പുകാരൻ" എന്നു ഭരണഘടന വിവരിച്ചിട്ടുണ്ടെങ്കിലും അദ്ധ്വാനിക്കാനുള്ള അവകാശവും ഏററവും കുറഞ്ഞ ജീവിതമെങ്കിലും ബൂർഷ്വാസി ഉറപ്പുചെയ്യാൻ വിസമ്മതിക്കുകയും ചെയ്ത ഒരു പരമാധികാരിയെ ഭാവന ചെയ്യാൻ പ്രയാസമായിരുന്നു.

മുതലാളിത്തത്തിൻെറ ദോഷങ്ങളെപ്പററി ചിന്തിക്കുമ്പോൾ, ബൂർഷ്വാ ജീവിതരീതിയുടെ കഠിനമായ വൈരുദ്ധ്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതും സാമൂഹ്യമായ രഞ്ജിപ്പു സ്ഥാപിക്കുന്നതുമായ ഒരു പുതിയ സാമൂഹ്യ

വ്യവസ്ഥ ആവശ്യമാണെന്ന നിഗമനത്തിൽ ഫൂറിയേ എത്തിച്ചേർന്നു. ഭാവിസമുദായത്തിൻെറ സിദ്ധാന്തം വികസിപ്പിക്കുന്നതിൽ അദ്ദേഹം അതിശയകരമായ പല ആശയങ്ങളും ഉന്നയിച്ചു. അവ പിന്നീടു കൂടുതൽ യഥാർത്ഥമായിത്തീർന്നേക്കാം. എന്നാൽ അദ്ദേഹം ഏററവും ഭാവനാപൂർണ്ണമായ സങ്കല്പങ്ങളും കണ്ടുപിടുത്തങ്ങളും കൊണ്ടു അവയെ പൂർണ്ണമായ ഒന്നായി സംയോജിപ്പിച്ചു.

ചൂഷണ വ്യവസ്ഥയുടെ സൈദ്ധാന്തികന്മാർ മനുഷ്യവർഗ്ഗത്തിനുള്ള ഒരു ശാപമെന്നു വിവരിച്ച അദ്ധ്വാനം, ആനന്ദത്തിൻെറ ഒരു ഉറവിടമായി പരിവർത്തനം ചെയ്യണമെന്നു ഫൂറിയേ ആവശ്യപ്പെട്ടതു ഏററവുമധികം പ്രാധാന്യമുള്ള ഒന്നാണു്. അദ്ദേഹം നിർദ്ദേശിച്ച തരത്തിലുള്ള ഈ പരിവർത്തനത്തിൻെറ തത്വം തെററായിരുന്നുവെന്നതു വാസ്തവം തന്നെ; കാരണം, ഭാവി സമുദായത്തിൽ അദ്ധ്വാനം ഒരു നേരമ്പോക്കായിത്തീരുമെന്നദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ അദ്ധ്വാനം മനുഷ്യൻെറ പ്രാഥമികമായ ആവശ്യമായിത്തീരും — സോഷ്യലിസ്റ്റു രാജ്യങ്ങളിൽ അതു ക്രമേണ അങ്ങനെയായിത്തീർന്നുകൊണ്ടിരിക്കുകയാണു്. ഇക്കാലത്തെ പ്രഭുക്കളും ബിസ്സിനസ്സുകാരും ഇഷ്ടപ്പെടുന്ന ഗോൾഫുപോലെ അതൊരിക്കലും ഒരു അലസവിനോദമായിത്തീരുകയില്ല.

മനുഷ്യൻെറ വ്യക്തിത്വത്തെ വിരൂപപ്പെടുത്തുന്ന മുതലാളിത്ത തൊഴിൽ വിഭജനം അവസാനിപ്പിക്കാനും

നഗരവും നാട്ടുമ്പുറവും തമ്മിലുള്ള വൈരുദ്ധ്യം ഒഴിവാക്കാനുമുള്ള വഴികളും ഉപായങ്ങളും ആലോചിക്കാൻ ഫ്യൂറിയേ ശ്രമിച്ചു.

ഇതിനെല്ലാം നാം ഫ്യൂറിയേയ്ക്കു് വളരെ കടപ്പെട്ടവരാണു്. എന്നാൽ, ആദർശ യോഗ്യമായ ഒരു സാമൂഹ്യഘടനയ്ക്കുള്ള അദ്ദേഹത്തിൻെറ പദ്ധതികൾ സാങ്കല്പികവാദത്തിൻെറ മുദ്ര പതിഞ്ഞിട്ടുള്ളതും പലപ്പോഴും പൂർണ്ണമായി തെററിദ്ധരിക്കപ്പെട്ട ആശയത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണു്. ഉദാഹരണത്തിനു്, അദ്ദേഹമെഴുതി, സമുദായത്തിൽ കൈകാര്യരണ്ടുന്ന രഞ്ജിപ്പ് മാനുഷിക വികാരങ്ങളെ തൃപ്തിപ്പെടുത്തുന്നതിൻെറ അടിസ്ഥാനത്തിലായിരിക്കുമെന്നു്. ഈ വികാരങ്ങൾക്കു അദ്ദേഹം വലിയ പ്രാധാന്യം കല്പിച്ചു; അവയുടെ വളരെ സൂക്ഷ്മമായ ഒരു വിഭജനം നടത്തുകയും ചെയ്തു.

സമുദായത്തിൻെറ ഭാവിഘടനയെക്കുറിച്ചുള്ള ഫ്യൂറിയേയുടെ ധാരണ ഏററവും അകൃത്രിമമാണു്. അംഗങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരണമായ സമുദായത്തെ 1600 മുതൽ 2000 വരെ ആളുകളടങ്ങിയ കൂട്ടങ്ങളായി വിഭജിക്കുന്നു. (810 മനുഷ്യ സ്വഭാവങ്ങളുണ്ടെന്നദ്ദേഹം കരുതി. ഓരോ സ്വഭാവത്തിൻെറയും രണ്ടു പ്രതിനിധികൾ വീതം ഓരോ കൂട്ടത്തിലുമുണ്ടായിരിക്കണമെന്നും അദ്ദേഹം നിശ്ചയിച്ചു. അതിനാൽ കൂട്ടത്തിനേററവും യോജിച്ച സംഖ്യ 1620 ആയിരിക്കും. ഭാവിസമുദായത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ എഴു

ത്തുകളുടെ മിക്ക പേജുകളിലും ഇത്തരം ഗണിതങ്ങൾ കാണാം. അദ്ദേഹത്തിൻെറ ശിഷ്യന്മാർ കുറെക്കൂടെ മുന്നോട്ടുപോയി; 80000 വർഷങ്ങൾക്കുള്ളിൽ 3 കോടി 70 ലക്ഷം കവികളും ന്യൂട്ടണെപ്പോലെ പ്രഗത്ഭരായ 37 ഗണിത ശാസ്ത്രജ്ഞന്മാരുമുണ്ടാകുമെന്ന് അവർ "ഗ്ണിച്ചെടുത്തു"). ഓരോ കൂട്ടവും, താമസ സ്ഥലങ്ങൾ മാത്രമല്ല, ഭക്ഷണശാലകളും വർക്കഷോപ്പുകളും ഗ്രന്ഥശാലകളും മററുമുള്ള ഒരു വമ്പിച്ച കെട്ടിടത്തിൽ (കൂട്ടമന്ദിരം) താമസിക്കും. ഈ കൂട്ടത്താമസക്കാരുടെ പ്രധാന തൊഴിൽ കൃഷിയായിരിക്കും. വ്യവസായ പ്രവത്തനത്തെ സംബന്ധിച്ചാണെങ്കിൽ, അതു് അവരുടെ ആകെ അദ്ധ്വാന ശ്രമത്തിൻെറ കാൽഭാഗം മാത്രമേ വരികയുള്ളു.

കൂട്ടങ്ങൾ തമ്മിൽ ധാരാളം വ്യാപാരത്തിലിടപെടണം; എന്നാൽ അവ തമ്മിൽ സ്ഥിരമായ ഉറച്ചബന്ധങ്ങളുണ്ടാകാൻ പാടില്ല. കൂട്ടങ്ങളായി വിഭജിക്കപ്പെട്ട സമുദായത്തിനു പ്രത്യേകം സംഘടനയുണ്ടായിരിക്കുകയില്ല. താഴെപ്പറയുംവിധം ഫൂറിയേ പുതിയവ്യവസ്ഥയിലേക്കുള്ള പരിവത്തനം ചിത്രീകരിച്ചു: സമുദായം ലോകത്താകെ ചിതറിക്കിടക്കുന്നവിധം പ്രത്യേക കേന്ദ്രബിന്ദുക്കൾ സംഘടിപ്പിക്കും. ഈ കേന്ദ്രങ്ങൾ പഴയതരത്തിൽ ജീവിതം തുടരുന്ന ലോകത്തിൻെറ മദ്ധ്യത്തിലെ ദ്വീപുകളെപ്പോലിരിക്കും.

നേരേമറിച്ച്, കൂട്ടമന്ദിരങ്ങളിൽ പണിയെടുക്കുന്നു ജനങ്ങൾക്കു സംതൃപ്തിയുണ്ടാക്കുന്ന രീതിയിലായി

രിക്കണമെന്നു ഫ്യൂറിയേ പറഞ്ഞതു ശരിയായ കാര്യമായിരുന്നു. ഒരൊററ പ്രവൃത്തിയിലേക്കു ജനങ്ങളെ വിധിച്ചു തള്ളരുതു്. തങ്ങളുടെ വാസനകൾക്കും, കഴിവുകൾക്കും പററിയ പ്രവൃത്തികൾ തെരഞ്ഞെടുക്കാൻ അവക്കു സൗകര്യമുണ്ടാക്കണം. പഴയ തൊഴിൽ വിഭജനം കൂട്ടമന്ദിരങ്ങളിൽ അവസാനിപ്പിക്കും. കൂട്ടത്തിലെ ഓരോ അംഗത്തിനും ജോലികൾ മാറിയെടുക്കാൻ അവസരമുണ്ടായിരിക്കും. പണിയെടുക്കുന്നവരുടെ ഗ്രൂപ്പുകൾ തമ്മിൽ മത്സരമുണ്ടായിരിക്കും. ജനങ്ങൾ ഉത്സാഹപൂർവ്വം പങ്കെടുക്കുന്ന ഒരു സൃഷ്ടിപരമായ ശ്രമമായിത്തീരും അദ്ധ്വാനം. വ്യക്തിപരമായ താല്പര്യങ്ങൾ സമുദായതാല്പര്യങ്ങളുമായി ലയിച്ചുചേരും.

വർഗ്ഗസമരത്തിൽ കൂടിമാത്രമേ സോഷ്യലിസം സാധിക്കുകയുള്ളുവെന്നു മനസിലാക്കാതിരുന്നാൽ ഫ്യൂറിയേ തന്റെ എല്ലാ ആശകളും സമ്പന്നന്മാരുടെ ഔദാര്യത്തിലർപ്പിച്ചു. മുതലാളിമാർ കൂട്ടങ്ങളിൽചേരുമെന്നും ഭൂമിയും ഉപകരണങ്ങളും വാങ്ങാൻ തങ്ങളുടെ പണം സംഭാവനചെയ്യുമെന്നും അദ്ദേഹം കരുതി. അവരുടെ സംഭാവനകൾക്കു് ഉയന്ന നിരക്കിലുള്ള പലിശയും പ്രത്യേക സൗകര്യങ്ങളും അവർക്കു ലഭിക്കും (തിന്നുക, മററാരെക്കാളും കൂടുതൽ രസിച്ചുനടക്കുക, കഠിനമായ കഠിനാദ്ധ്വാനം ചെയ്യാതിരിക്കുക, മീൻപിടുത്തം, വേട്ടയാടൽ തുടങ്ങിയവ മാത്രം ചെയ്യുക) കൂട്ടമന്ദിരങ്ങളിൽ ഉണ്ടാകുന്ന ഈ അസമത്വം ശത്രുതയേയും അംഗങ്ങൾ തമ്മിൽ സമരത്തേയും വളത്തുമെന്നു ഫ്യൂറിയേ കണ്ടില്ല.

എങ്കിലും, സാമൂഹ്യചിന്തയുടെ ചരിത്രത്തിൽ ഒരു പുതിയ ഘട്ടം കുറിച്ചുകൊണ്ടു് സാമൂഹ്യ വികാസ

ത്തിന്റെ ഒരു പുതിയ സിദ്ധാന്തത്തിന്റെ രൂപരേഖ നിർമ്മിച്ചതു ഫ്രഞ്ചു സാങ്കല്പിക സോഷ്യലിസ്റ്റുകാർ—ആരെയും കാറം ക്രട്ടതൽ സെയിൻറു സൈമണെയും ഫ്യൂറിയേയും—ആയിരുന്നു.

ഇംഗ്ലീഷ് സാമൂഹ്യ ചിന്തയുടെ പുരോഗതിയിലും സാങ്കല്പിക സോഷ്യലിസം സ്വാധീനം ചെലുത്തി.

കഴിഞ്ഞ നൂറ്റാണ്ടിലെ പൂർവ്വാർദ്ധത്തിൽ ഇംഗ്ലീഷ് തൊഴിലാളി വർഗ്ഗത്തെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഇംഗ്ലീഷ് സാങ്കല്പിക സോഷ്യലിസ്റ്റായ റോബർട്ട് ഓവൻ (1771–1858) ഒരു പ്രധാന പങ്കു വഹിച്ചു. അദ്ദേഹം ബൂർഷ്വാ വ്യവസ്ഥയെ കഠിനമായി വിമർശിച്ചു. അദ്ദേഹം കരുതി, വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടെ "......നിലവിലുള്ള വ്യവസ്ഥയാകെ വളരെയേറെ രാക്ഷസീയവും പരസ്പര വിരുദ്ധവും അബദ്ധജഡിലവുമാണെന്നു ബോദ്ധ്യമാകും; അപ്പോൾ പിന്നെ ആരും തന്നെ, ഒരു ചുരുങ്ങിയ കാലത്തിനു ശേഷം, പാപത്തിന്റെയും കഷ്ടതയുടെയും പൂർണ്ണമായ യുക്തിഹീനതയുടെയും മനുഷ്യന്റെ സൗഖ്യത്തിനുള്ള തടസ്സത്തിന്റേതുമായ ഈ ബഹുരൂപമായ പിണ്ഡം തുടരുന്നതിനുവേണ്ടി വാദിക്കുന്നവനാകുന്നതിൽ അത്യധികം ലജ്ജിക്കുകയല്ലാതെ മറ്റൊന്നും വയ്യാതാവും".

സമുദായത്തിൽ നടമാടുന്ന സാമൂഹ്യനീതിയുടെ അടിത്തറയായിതാൻ കണ്ട സ്വകാര്യസ്വത്തുടമക്കെതിരായി ഓവൻ ആയുധമെടുത്തു.

അദ്ദേഹമെഴുതി: "സ്വകാര്യസ്വത്തു് എണ്ണമററ പാതകങ്ങളുടെയും മനുഷ്യൻെറ കഷ്ടപ്പാടിൻെറയും കാരണമായിരുന്നു, ഇപ്പോഴും ആകുന്നു. സ്വകാര്യസ്വത്തു മനസ്സിനെ മനസ്സിൽ നിന്നകററുന്നു, സമുദായത്തിലുട നീളം വെറുപ്പുളവാക്കുന്ന പ്രവൃത്തിയുടെ ശാശ്വതകാരണമാകുന്നു, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ചതിയുടെയും വഞ്ചനയുടെയും വററാത്ത ഉറവിടമാകുന്നു, സ്ത്രീകളുടെയിടയിൽ വ്യഭിചാരത്തിനു ശക്തമായ ഒരു പ്രേരണയുമാകുന്നു. ലോകത്തിൻെറ അറിയപ്പെട്ട ചരിത്രത്തിലെ കഴിഞ്ഞ കാലങ്ങളിലെല്ലാം അതു യുദ്ധമുണ്ടാക്കിയിട്ടുണ്ടു്; അസംഖ്യം സ്വകാര്യകൊലപാതകങ്ങൾക്കു അതു പ്രേരകശക്തിയുമായിരിക്കുന്നു."

ആയതിനാൽ പ്രധാനകടമ സ്വകാര്യസ്വത്തുടമ അവസാനിപ്പിക്കുകയാകുന്നു. എല്ലാം—വ്യക്തിപരമായ സാധനങ്ങളൊഴികെ—സമുദായത്തിൻെറ സ്വത്തായിത്തീരുമ്പോൾ മനുഷ്യവർഗ്ഗം യഥാർത്ഥത്തിൽ ആശ്വാസം കൊള്ളും. കാരണം, അപ്പോൾ എല്ലാവർക്കും ആവശ്യമായതെല്ലാം വേണ്ടത്ര ലഭിക്കും മററുതരത്തിൽ പറഞ്ഞാൽ, കമ്മ്യൂണിസം നിർമ്മിച്ചുകഴിയുമ്പോൾ മാനവരാശിക്കു യഥാർത്ഥമായ സുഖം കൈവരും.

എന്നാൽ സാമൂഹ്യ വ്യവസ്ഥയുടെ മൗലികമായ പരിവർത്തനം എങ്ങനെ സാധിക്കാമെന്നു ഓവനു് അറിയാമായിരുന്നില്ല ഇതു പരിഷ്ക്കാരങ്ങൾ കൊണ്ടു കൈവരുത്താമെന്നു വിശ്വസിക്കാൻ തക്കവണ്ണം നിഷ്ക്കപടനായിരുന്നു അദ്ദേഹം. പരിഷ്ക്കാരങ്ങൾക്കുള്ള അദ്ദേഹത്തിൻെറ

നിർദ്ദേശങ്ങരം വീണ്ടും വീണ്ടും തൻെറ കാലത്തെ ഗവ ണ്മെൻറുകളുടെയും ഭരണാധികാരികളുടെയും മുമ്പാകെ—ബ്രിട്ടീഷ് പാർലമെൻറ്, യൂറോപ്പിലെ ഗവണ്മെൻറുകരം, ദിവ്യസഖ്യം (യൂറോപ്യൻ ഭരണാധികാരികളുടെ പിന്തിരിപ്പൻ ബ്ലോക്ക്), ഇംഗ്ലണ്ടിലെ വിക്ടോറിയാ രാജ്ഞി, റഷ്യയിലെ നിക്കോളസ്സ് ഒന്നാമൻ എന്നിവർക്കു-സമർപ്പിക്കുകയും ചെയ്തു.

ഫ്രഞ്ചു സാങ്കല്പിക സോഷ്യലിസ്റ്റുകളെപ്പോലെ ഓവനും തൊഴിലാളി വർഗ്ഗത്തിൻെറ വർഗ്ഗസമരത്തിന്റെ പ്രാധാന്യം കണ്ടില്ല്. തൊഴിലാളി വർഗ്ഗത്തിൻെറ രാഷ്ട്രീയസമരത്തിൻെറയും രാഷ്ട്രീയ സംഘടനയുടെയും പങ്കു മനസിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതേയില്ല. പക്ഷെ, ബ്രിട്ടീഷ് തൊഴിലാളികളുടെ സാമ്പത്തിക സമരത്തിനു അദ്ദേഹം സാരമായ ഒരു സംഭാവന നൽകി. തൻെറ ന്യൂലാനാർക്ക് ഫാക്ടറിയിൽ തൊഴിൽ സാഹചര്യങ്ങരം മെച്ചപ്പെടുത്തുന്നതിനും തൊഴിൽ സമയം വെട്ടിക്കുറയ്ക്കുന്നതിനും അദ്ദേഹം കഴിവതെല്ലാം ചെയ്തു. കൂലി വർദ്ധിപ്പിക്കാൻ അദ്ദേഹം വളരെ പ്രവത്തിച്ചു, ഒരു മാതൃകാ വിദ്യാലയവും നഴ്സറിയും കിൻറർഗാർട്ടനും തുറന്നു, രോഗികരംക്കുള്ള ഒരു ഫണ്ടു സ്ഥാപിക്കുകയും ചെയ്തു. കുട്ടികളുടെ പ്രവൃത്തി സമയം നിയമപരമായി നിയന്ത്രിക്കാൻ വേണ്ടി അദ്ദേഹം വിപുലമായ ഒരു പൊതു പ്രചരണം ആരംഭിച്ചു.

## ചരിത്രത്തിൽ സാങ്കൽപിക സോഷ്യലിസത്തിൻെറ സ്ഥാനം

മുതലാളിത്തഭരണങ്ങൾ ജനങ്ങളുടെ മേൽനടത്തുന്ന മർദ്ദനത്തെ മഹാന്മാരായ സാങ്കല്പികസോഷ്യലിസ്ററുകൾ വളരെ ശക്തിയായി തുറന്നുകാട്ടുകയും നിലവിലുള്ള വ്യവസ്ഥക്കെതിരായി ഒരു പുതിയ ആദർശപരമായ വ്യവസ്ഥ മുന്നോട്ടുവയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. വിജയം ഉറപ്പുചെയ്യാൻ ഇതുമതിയാകുമെന്നവർ വിശ്വസിച്ചു. ജനങ്ങളുടെ ഭാവന ഉത്തേജിപ്പിക്കുവാൻ, ഭാവിജീവിതത്തെ വിശദമായി വിവരിക്കേണ്ടതു വളരെ പ്രധാനമാണെന്നവർ കരുതി. പക്ഷെ, പഴയ സമുദായത്തെ വിമർശിച്ചപ്പോൾ, അതിൻെറ പരിവർത്തനത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ ആ സമുദായത്തിൽ അവർ കണ്ടില്ല.

അവർ വിമർശിച്ച മുതലാളിത്തത്തിൻെറ സ്വഭാവവും ഗതിയും വിശദീകരിക്കാൻ അവർക്കു കഴിഞ്ഞില്ല. അതിനാൽ പ്രശ്നത്തെ വേണ്ടപോലെ നേരിടാനും സാധിച്ചില്ല. സാമൂഹ്യ പുരോഗതിക്കു വേണ്ടി സംഘടിതവും രാഷ്ട്രീയ ബോധമുള്ളതുമായ ഒരു ഘടകത്തെ അവർ തൊഴിലാളിവർഗ്ഗത്തിൽ കണ്ടില്ല. തത്വശാസ്ത്രത്തിൻെറ ദാരിദ്ര്യം (1847) എന്ന ഗ്രന്ഥത്തിൽ മാർക്സ് എഴുതി: സാങ്കല്പികസോഷ്യലിസ്ററുകൾ "ദാരിദ്ര്യത്തിൽ ദാരിദ്ര്യത്തെയല്ലാതെ മറ്റൊന്നും കാണുന്നില്ല. പഴയ സമുദായത്തെ അട്ടിമറിക്കുന്ന ദാരിദ്ര്യത്തിൻെറ വിപ്ലവകരമായ വിദ്ധ്വംസക വശം അവർ കാണുന്നില്ല." അവരെ സംബന്ധിച്ചിടത്തോളം തൊഴിലാളി

വർഗ്ഗം ഏററവും അശരണരും കഷ്ടപ്പെടുന്നവരുമായ വർഗ്ഗം മാത്രമായിരുന്നു. അതുകൊണ്ടാണ് തൊഴിലാളി പ്രസ്ഥാനത്തോടു ബന്ധമില്ലാതിരുന്ന അവരുടെ ഉപദേശങ്ങൾ തികച്ചും യാഥാർത്ഥ്യത്തിനു പുറത്തായിരുന്നതും, യാഥാർത്ഥ്യത്തിന്മേൽപ്രചോദനമുണ്ടാകാത്ത സദുദ്ദേശങ്ങൾ മാത്രമായിരുന്നതും. ലെനിൻ എഴുതി: "രാഷ്ട്രീയത്തിൽ സങ്കല്പവാദം ഇപ്പോഴോ, പിന്നീടോ ഒരിക്കലും വാസ്തവമായിത്തീരാൻ സാദ്ധ്യമല്ലാത്ത ഒരാഗ്രഹമാകുന്നു; സാമൂഹ്യശക്തികളിലധിഷ്ഠിതമല്ലാത്തതും രാഷ്ട്രീയ വർഗ്ഗ ശക്തികളുടെ വളർച്ചയുടെയും വികാസത്തിൻെറയും പിൻതുണയില്ലാത്തതുമായ ഒരാഗ്രഹം."

അതുകൊണ്ടാണ് സാങ്കല്പിക സോഷ്യലിസ്റ്റുകൾ സ്വീകരിച്ച പ്രായോഗിക പ്രവർത്തനം നിഷ്ഫലമായിത്തീർന്നതു്. അവരിൽ ചിലർ സമുദായത്തിൻെറ പുനസ്സംഘടനയ്ക്കു യാഥാർത്ഥ്യ ബോധമില്ലാത്ത പദ്ധതികളുണ്ടാക്കുന്നതിനപ്പുറം പോകാതിരുന്നപ്പോൾ, മററു ചിലർ തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്തണമെന്നു മുതലാളികളോടും അവരുടെ വാലിൽ തൂങ്ങികളോടും വാദിച്ചു. തങ്ങളുടെ വീക്ഷണത്തിൽ മാററം വരുത്താൻ സമുദായത്തെയും വ്യക്തികളായ സമ്പന്നന്മാരെയും പ്രേരിപ്പിക്കാനും ചൂഷക വർഗ്ഗങ്ങളെയും അവരുടെ ഭരണകൂടങ്ങളെയും പുനർ വിദ്യാഭ്യാസം ചെയ്യിക്കാനും സാദ്ധ്യമാണെന്ന ആശയത്തിലുള്ള അവരുടെ വിശ്വാസം അവർ പ്രചരിപ്പിച്ചു. മററു ചിലർ, പരാജയപ്പെട്ടമെന്നു മുൻകൂട്ടി വിധിക്കപ്പെട്ട "സോഷ്യലിസ്റ്റു" കോളനികൾ

സംഘടിപ്പിക്കുവാനുള്ള പരിശ്രമങ്ങളിൽ തങ്ങളുടെ ശക്തിയും ഉത്സാഹവും പാഴാക്കി. സഹകരണ സംഘങ്ങളുടെ വലിയൊരു ശൃംഖല സ്ഥാപിച്ചുകൊണ്ടു മുതലാളിത്തത്തെ സോഷ്യലിസത്തിലേക്കു പരിവത്തനം ചെയ്യാമെന്നു ഓവൻ സ്വപ്നം കണ്ടു. വർഗ്ഗ സമരം, തൊഴിലാളി വർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കൽ, ചൂഷകന്മാരുടെ ഭരണത്തെ അട്ടിമറിക്കൽ തുടങ്ങിയ മൗലികപ്രശ്നങ്ങളെ അദ്ദേഹം തികച്ചും അവഗണിച്ചു.

ഇങ്ങനെയെല്ലാമാണെങ്കിലും, സാങ്കൽപികസോഷ്യലിസ്റ്റുകൾ വലിയ പ്രശംസയർഹിക്കുന്നുണ്ടു്. ഏംഗൽസ് എഴുതി: മാർക്സും താനുംകൂടി ആവിഷ്കരിച്ച സിദ്ധാന്തം (അതായതു് ശാസ്ത്രീയസോഷ്യലിസം) സെയിൻറ്, സൈമൺ, ഫൂറിയേ, ഓവൻ എന്നീമൂന്നുപേരുടെ തോളുകളിലാണുറച്ചിരിക്കുന്നതു്. അവരുടെ എല്ലാത്തരത്തിലുമുള്ള വിചിത്രധാരണകളും സാങ്കൽപികസ്വപ്നങ്ങളുമുണ്ടെങ്കിലും, എക്കാലത്തെയും ഏററവും പ്രമുഖരായ ചിന്തകരുടെ കൂട്ടത്തിലാണവർ, അവരുടെ പ്രതിഭ മുൻകൂട്ടിക്കണ്ട അസംഖ്യം കാര്യങ്ങളുടെ ശരിതെങ്ങളാൽ ഇപ്പോൾ ശാസ്ത്രീയമായിതെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്........"

നഗരവും നാട്ടുമ്പുറവും തമ്മിലുള്ള വൈരുദ്ധ്യവും കൂലിവേലയും അവസാനിപ്പിക്കൽ വ്യവസായനടപ്പുമാത്രമായി ഭരണകൂടത്തെ പരിവത്തനംചെയ്യൽ അദ്ധ്വാനത്തെ എല്ലാവക്കും സ്വാഭാവികമായി ആവശ്യമായ ഒരു സൃഷ്ടിപരപ്രവൃത്തിയായി പരിവത്തനം ചെയ്യാൻ തുടങ്ങി ഭാവിസമുദായത്തെപ്പററി മഹാന്മാ

രായ സാങ്കല്പിക സോഷ്യലിസ്ററുകൾ ആവിഷ്കരിച്ച നിഗമനങ്ങളെക്കുറിച്ച് മാർക്സും ഏംഗൽസും ലെനിനും വളരെ പ്രശംസിച്ചിട്ടുണ്ട്.

തൊഴിലാളിവർഗ്ഗത്തിൻെറ വർഗ്ഗസമരം വളൎന്നതോടെ, വർഗ്ഗങ്ങൾക്കു മീതെ ഉയരാനുള്ള ഭാവനാപരമായ പരിശ്രമങ്ങളുടെ പ്രായോഗികമൂല്യവും താത്വികമായന്യായീകരണവും നഷ്ടപ്പെട്ടുവെന്നു മാർക്സും ഏംഗൽസും ചൂണ്ടിക്കാണിച്ചു.

പത്തൊമ്പതാംനൂറ്റാണ്ടിൻെറ മദ്ധ്യത്തോടെ സാങ്കല്പികസോഷ്യലിസം ശാസ്ത്രീയസോഷ്യലിസത്തിനു വഴിമാറിക്കൊടുക്കേണ്ടിവന്നു. വിപ്ലവസമരങ്ങൾനടത്തുന്ന ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത സാങ്കല്പിക സോഷ്യലിസ്ററുകൾ സാമൂഹ്യപുരോഗതിയെ സഹായിക്കുന്നതിനെക്കാൾ കൂടുതൽതടസ്സപ്പെടുത്താൻ തുടങ്ങി. തൊഴിലാളിപ്രസ്ഥാനം വളരുകയായിരുന്നു, മുതലാളിത്തചൂഷണത്തിനെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വെറുപ്പ് വർദ്ധിക്കുകയായിരുന്നു. എന്നാൽ സെയിൻറ് സൈമൻെറയും ഫൂറിയേയുടെയും ഓവൻെറയും പില്ക്കാലത്തെ അനുകരണക്കാർ തൊഴിലാളിവർഗ്ഗത്തിൽ നിന്നകന്നു നില്ക്കുന്നതു തുടൎന്നു. സോഷ്യലിസം കൈവരുന്നതു ദൃഢനിശ്ചയത്തോടുകൂടിയ വർഗ്ഗസമരം കൊണ്ടല്ല, നേരെമറിച്ചു വർഗ്ഗങ്ങളെ പൊതുവായിരഞ്ജിപ്പിക്കുന്നതുകൊണ്ടാണ്, സമ്പന്നന്മാരുടെകാരുണ്യത്തെ ആശ്രയിക്കണം; അവസാനം ഈ സമ്പന്നന്മാർ ഒരു പുതിയ സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി തങ്ങളുടെ

സമ്പത്തു ത്യാഗംചെയ്യും;എന്നെല്ലാമുള്ള വ്യാമോഹങ്ങൾ പ്രചരിപ്പിക്കുന്നതിൽ അവർ അധികമധികം നിർബന്ധമുള്ളവരായിത്തീൻ. തൊഴിലാളിവർഗ്ഗത്തിൻെറ സ്വതന്ത്ര രാഷ്ട്രീയപാർട്ടികൾ രൂപീകരിക്കുന്നതിനെ അവർ തടസ്സപ്പെടുത്തി. സമുദായത്തെ പരിവത്തനം ചെയ്യാൻ യഥാർത്ഥത്തിൽ കഴിവുള്ള ഏററവും വലിയ ശക്തിയായ തൊഴിലാളിവർഗ്ഗം, ശക്തമായ സംഘടനയോ വ്യക്തമായ പരിപാടിയോ ഇല്ലാതെയും സ്വന്തം ശക്തിയെപ്പററിയും അന്തിമലക്ഷ്യത്തെപ്പററിയും ബോധമില്ലാതെയും കഴിഞ്ഞനൂററാണ്ടിൻെറ ആരംഭത്തിൽ സമരം തുടൻ. ജനങ്ങളിൽനിന്നും ചൂഷകന്മാർക്കെതിരായ അവരുടെ ദൈനംദിനസമരങ്ങളിൽ നിന്നും സോഷ്യലിസ്റ്റാശയങ്ങളുടെ ഒററപ്പെടൽ അവസാനിപ്പിക്കേണ്ടതാവശ്യമായിരുന്നു. തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവപ്രസ്ഥാനവുമായിലയിച്ചു ചേരുന്നതുവരെ സോഷ്യലിസം ഒരു മഹത്തായ ചരിത്രശക്തിയായിത്തീൻില്ല. പക്ഷെ, ഇതുസംഭവിക്കുന്നതിനു്, ആദ്യമായി സോഷ്യലിസ്റ്റാശയങ്ങൾ തന്നെ പുന:പരിശോധിക്കുകയും അവയെ സാങ്കൽപ്പികവാദങ്ങളിൽനിന്നു മോചിപ്പിക്കുകയുംചെയ്യേണ്ടതു് അനപേക്ഷണീയമായിരുന്നു.

മാർക്സിൻെറയും ഏംഗൽസിൻെറയും ശാസ്ത്രീയ സോഷ്യലിസമാണീകടമ നിർവഹിച്ചതു്.

**പെററിബൂഷ്വാസോഷ്യലിസം.**

സാങ്കല്പികസോഷ്യലിസത്തിൻെറ അനുകരണക്കാർക്കും പുതിയ കപടസോഷ്യലിസ്റ്റ്, സിദ്ധാന്തങ്ങളുടെ

വക്കീലന്മാക്കുമെതിരായി ശാസ്ത്രീയസോഷ്യലിസത്തിനു് ആരംഭംമുതല്ക്കുതന്നെ ഉറച്ചസമരം നടത്തേണ്ടിവന്നു. അവയെല്ലാം പെററിബൂർഷ്വാസിയുടെ (അതായതു്, ചെറുതും ഇടത്തരവുമായ കൃഷകരുടെയും ശില്പികളുടെയും കൈത്തൊഴിൽകാരുടെയും ചെറുകച്ചവടക്കാരുടെയും) മനോഗതികളാണു പ്രകടിപ്പിച്ചതു്. ഈ വിഭാഗങ്ങൾ ബൂർഷ്വാസമുദായത്തിലെ രണ്ടുമുഖ്യവർഗ്ഗങ്ങളായ ബൂർഷ്വാസിയുടെയും തൊഴിലാളിവർഗ്ഗത്തിൻെറയും ഇടയ്ക്കുള്ള സ്ഥാനമാണു വഹിച്ചിരുന്നതു്. പെററിബൂർഷ്വാസിക്കു ഇരട്ടസ്വഭാവമുണ്ടു്; കാരണം, അതിലെ ഓരോ അംഗവും, ചെറുതാണെങ്കിൽപോലും ഒരു സ്വത്തുടമയാണു്, ഉൽപ്പാദനോപകരണങ്ങളുടെ ഒരു സ്വകാര്യ ഉടമയാണു്, അദ്ധ്വാനിക്കുന്നവനുമാണു്. മുതലാളിത്തത്തിൻ കീഴിൽ ചെറുകിടസമ്പദ്‌വ്യവസ്ഥ അനിവാര്യമായും ഛിന്നഭിന്നമാവുകയും അതിനു അതിൻെറ സ്ഥാനത്തു വൻകിടമുതലാളിത്തോൽപ്പാദനം സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. വൻകിടമുടക്കുമുതലിൻെറ ആക്രമണത്തിനെതിരായ ചെറുസ്വത്തുടമയുടെ പ്രതിഷേധത്തിൽ നിന്നാണു പെററിബൂർഷ്വാസോഷ്യലിസത്തിൻെറ രൂപങ്ങളുണ്ടാവുന്നതു്. മാർക്സിൻെറയും എംഗത്സിൻെറയും കാലത്തു് ഇതിന്റെ പ്രധാനവക്താക്കൾ ഫ്രഞ്ചുകാരനായ പിയർജോസഫ് പ്രൌധനും (1809–1865) റഷ്യക്കാരനായ മിഖായിൽബക്കുനിനുമായിരുന്നു; അവർ തങ്ങളുടെ സങ്കുചിത പെററിബൂർഷ്വാസിദ്ധാന്തങ്ങൾ കൊണ്ടു ശാസ്ത്രീയസോഷ്യലിസത്തെ എതിരിടാൻശ്രമിച്ചു.

പല പെററിബൂഷ്വാസോഷ്യലിസ്റ്റുകളും, പത്തൊമ്പതാം നൂററാണ്ടിലാദ്യകാലത്തെ സാങ്കൽപ്പികസോഷ്യലിസ്റ്റുകളെപ്പോലെ മുതലാളിത്തസമുദായത്തിലെ വൈരുദ്ധ്യങ്ങളെ, കൃഷ്കരെയും കൈവേലക്കാരെയും ചെറുകിടസ്വത്തുടമകളേയും നശിപ്പിച്ചു ദാരിദ്ര്യത്തിലാഴ്ത്തിയ യന്ത്രവ്യവസായത്തിൻെറയും വളൎന്നുകൊണ്ടിരുന്ന വ്യാപാരത്തിൻെറയും പരിണത ഫലങ്ങളെ കഠിനമായി വിമർശിച്ചു. മുതലാളിത്തക്രമത്തിൻെറ ക്രൂരത അവർ തുറന്നുകാട്ടി; പഴയസന്മാർഗ്ഗബോധത്തിൻെറയും കുടുംബത്തിൻെറയും അധഃപതനവും പഴയജീവിത രീതികളുടെ ശിഥിലീകരണവും വെളിപ്പെടുത്തി. വൻകിടസ്വത്തിൻെറ ആധിപത്യത്തിന്റെ പലദോഷഫലങ്ങളും പ്രൗഡൻ വിവരിക്കുകയും, രാജഭരണം, പ്രഭുഭരണം ബൂഷ്വാ ജനാധിപത്യം തുടങ്ങി എല്ലാ ചൂഷകഭരണകൂടങ്ങളുടേയും രാവണസ്വഭാവം തുറന്നുകാട്ടുകയും ചെയ്തു.

ഇങ്ങിനെയെല്ലാമാണെങ്കിലും പെററിബൂഷ്വാസോഷ്യലിസ്ററുകൾ മുതലാളിത്ത സമുദായത്തിൻെറ ആശയഗതികളിൽതന്നെ കിടന്നാടിക്കൊണ്ടിരുന്നു; അതിനപ്പുറം പോകാൻ അവർ ഒരുങ്ങിയില്ല. മുതലാളിത്തത്തിൻെറ അടിത്തറയായ ചരക്കുല്പാദനവും ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമയും അവസാനിപ്പിക്കണമെന്നാവശ്യപ്പെടാൻ അവർ ശ്രമിച്ചില്ല. ചെറുകിടസ്വകാര്യ സ്വത്തുടമ ശാശ്വതമായി നിലനിറുത്തണമെന്നവരാഗ്രഹിച്ചു. വൻകിട മുതലാളിത്ത സ്വത്തിനെ സംബന്ധിച്ചിടത്തോളം, അതിനെ അവർ വിമർശിച്ചു.

അവരാവശ്യപ്പെട്ടതു മുതലാളിത്തം അവസാനിപ്പിക്കണമെന്നല്ല, അതിനെ ദുരുപയോഗപ്പെടുത്തലിൽ നിന്നും വൈകൃതങ്ങളിൽനിന്നും "പോരായ്മക"ളിൽനിന്നും "നീതിപൂർണ്ണ"മായ ഒരു മുതലാളിത്തത്തിനുവേണ്ടിയുള്ള വിചിത്രപരിപാടിയായിരുന്നു അവരുടേതു്. ഭാവിസമുദായത്തിനുവേണ്ടി പെററിബൂഷ്വാ സോഷ്യലിസ്റ്റുകൾ നിർദ്ദേശിച്ച മററുപദ്ധതികളും ഇതുപോലെതന്നെ, മുതലാളിത്തത്തിൻെറ കുറ്റിത്തുന്നിയവശങ്ങൾ മറച്ചുവച്ചുകൊണ്ടു ആദർശപരമാക്കിത്തീർത്ത ഒരു ചിത്രമാണു രചിച്ചതു്.

സാമൂഹ്യവികാസത്തെ നിർണ്ണയിക്കുന്ന യാഥാർത്ഥ്യങ്ങളുടെ നേക്കു് പ്രൗഢനിസവും ബക്കനിനിസവും മററുരൂപങ്ങളിലുള്ള പെററിബൂഷ്വാസോഷ്യലിസവും കണ്ണടയ്ക്കുകയാണുചെയ്തതു്. അവർ വർഗ്ഗശത്രുതകളെ ദുർവ്യാഖ്യാനിക്കുകയും പലപ്പോഴും അവഗണിക്കുകയും ചെയ്തു. സൈദ്ധാന്തികനിലപാടിൽ നിന്നുനോക്കിയാൽ, ചരിത്രപരമായവികാസത്തിൻെറ ഭൗതികാടിസ്ഥാനം മനസ്സിലാക്കുന്നതിലും മുതലാളിത്ത സമുദായത്തിലെ ഓരോ വർഗ്ഗത്തിൻെറയും പങ്കും പ്രാധാന്യവും വിലയിരുത്തുന്നതിലും പെററി ബൂഷ്വാസോഷ്യലിസം പരാജയപ്പെടുന്നു. "മുഴുവൻ ജനങ്ങളുടെയും" താല്പര്യങ്ങളെ പ്രകടിപ്പിക്കുന്നതും. "സാർവ്വത്രികനീതി"യും "എല്ലാവർക്കും തുല്യാവകാശ"വും (എന്നുവച്ചാൽ, സ്വത്തില്ലാത്ത തൊഴിലാളിവർഗ്ഗത്തിനും ചെറുകിടസ്വത്തുടമകൾക്കും വലിയ സ്വത്തുടമകൾക്കും ഒരുപോലെ അവകാശം) ഉയർത്തി

പ്പിടിക്കുന്നതുമായ ഒരു സിദ്ധാന്തമായി അതു ഭാവിച്ചു. അതിന്റെ പ്രണേതാക്കൾ സ്വയം വ്യാമോഹിതരായി. 'ഫ്രാൻസിലെ വർഗ്ഗസമരം' (1850) എന്നഗ്രന്ഥത്തിൽ മാർക്സ് പറഞ്ഞതുപോലെ, പെറ്റിബൂഷ്വാസിയുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപാന്തരംപ്രാപിച്ച ഒരു ലോകം ഉത്തമമായ ലോകമായിരിക്കുമെന്ന് അവക്കു തീച്ചയുണ്ടായിരുന്നു; വിപ്ലവപരമായ എല്ലാആവശ്യങ്ങളും അതുനിറവേററും, എല്ലാവിപ്ലവസംഘഷങ്ങളും അതില്ലാശ്യ ചെയ്യും.

സാമൂഹ്യപരിവത്തനത്തിന്റെ യഥാത്ഥത്തിലുള്ള രീതികൾ പെററിബൂഷ്വാസോഷ്യലിസ്റ്റുകൾക്കിഷ്ടമായില്ല; അതുകൊണ്ടവർ "മററു" മാർഗ്ഗങ്ങൾ ആരാഞ്ഞു; സ്വേഛാപരമായ ഒരു സമീപനത്തിനു, "ഇഛാശക്തിയുടെ പ്രയോഗ"ത്തിനു ചരിത്രഗതിയെ പിടിച്ചുനിത്താനും സമുദായത്തെക്കൊണ്ടു വികാസത്തിന്റെ ആവശ്യഘട്ടങ്ങളുപേക്ഷിപ്പിച്ചു സാമൂഹ്യ ബന്ധങ്ങളെ തിരിച്ചുമറിക്കാനും കഴിയുമെന്നവർ കരുതി. കഴിഞ്ഞ നൂറ്റാണ്ടിലെ പല പെററിബൂഷ്വാസോഷ്യലിസ്റ്റുകളും മുതലാളിത്തം വളരാനാരംഭിക്കുകമാത്രം ചെയ്തിരുന്ന രാജ്യങ്ങളിലുണ്ടായിരുന്നവർ പ്രത്യേകിച്ചും, വ്യവസായത്തിന്റെയും തൊഴിലാളിവർഗ്ഗത്തിന്റെയും വളച്ചയെ തടയാമെന്ന ആശയത്തെ താലോലിച്ചിരുന്നു. ചൂഷണത്തിൽനിന്നു സ്വതന്ത്രമായ ഒരു പുതിയ സമുദായം ആവിർഭവിക്കണമെങ്കിൽ ഉല്പാദനശക്തികളുടെ ഒരു ഗംഭീരവളച്ചതികളും അനപേക്ഷണീയമാണെന്നവർ മനസ്സി

ലാക്കിയില്ല; അതില്ലാത്തപക്ഷം, എംഗത്സ് ഊന്നിപ്പറഞ്ഞതുപോലെ "ദുർഭിക്ഷം സാർവ്വത്രികമായിത്തീരുന്നു, കഷ്ടപ്പാടിനോടൊപ്പം അവശ്യസാധനങ്ങൾക്കുവേണ്ടിയുള്ള സമരവും എല്ലാ പഴയവൃത്തികേടുകളും വീണ്ടും ഉണ്ടാവുകയും ചെയ്യും."

മുതലാളിത്ത സമ്പദ്ഘടനയുടെ വികാസം താണനിലവാരത്തിൽ മാത്രം എത്തിയിട്ടുള്ള അൽപവികസിതമായ കാർഷികരാജ്യങ്ങളുടെ പ്രത്യേകതയായ നരോണിക്ക് സോഷ്യലിസം പെററിബൂർഷ്വാ സാങ്കൽപിക സോഷ്യലിസത്തിന്റെ മറെറാരുപതിപ്പാകുന്നു.

നരോണിക്ക് സോഷ്യലിസവും പശ്ചിമയൂറോപ്പിലെ പെററിബൂർഷ്വാ യുട്ടോപ്യന്മാരുടെ സോഷ്യലിസ്ററ്സിദ്ധാന്തങ്ങളും തമ്മിലുള്ള വ്യത്യാസം, അവ വികസിച്ചുവന്ന സാമൂഹ്യസാമ്പത്തിക സാഹചര്യങ്ങളുടെ ഫലമായുള്ളതാണ്.

പശ്ചിമയൂറോപ്പിലെ മുതലാളിത്ത രാജ്യങ്ങളിലെ പെററിബൂർഷ്വാ സാങ്കല്പിക സോഷ്യലിസം പുറകോട്ടുതിരിഞ്ഞുനോക്കി! കഴിഞ്ഞകാലം പുനഃസ്ഥാപിക്കാൻ അതാഗ്രഹിച്ചു. മാതൃകകൾക്കുവേണ്ടി അതിന്റെവക്താക്കൾ കഴിഞ്ഞകാലത്തെ ആചാരങ്ങളിലും പാരമ്പര്യങ്ങളിലും പരതിനോക്കി; അവർ വൻകിടമുതലാളിത്തോല്പാദനത്തിൽനിന്നു വ്യവസായത്തിന്റെ ഗിൽഡുഘടനയിലേക്കും ഗോത്രവർഗ്ഗരീതിയിലുള്ള കൃഷിയിലേക്കും മടങ്ങിപ്പോകാനാഗ്രഹിച്ചു. ഇത്തരം സോഷ്യലിസം തീർച്ചയായും പിന്തിരിപ്പനായിരുന്നു. കാരണം, മുതലാളിത്തം

ഗണ്യമായ പുരോഗതി നേടിയ രാജ്യങ്ങളിൽ വിഷമാവസ്ഥയിലെത്തിയിരുന്ന പെററിബൂർഷ്വാസിക്ക്, കർഷകൎക്ക് പ്രത്യേകിച്ചും, ഒരു രക്ഷാമാർഗ്ഗം കണ്ടുപിടിക്കാൻവേണ്ടി ചരിത്രത്തിൻെറ ചക്രത്തെ പുറകോട്ടുതിരിക്കാൻ അതു പരിശ്രമിച്ചു.

നേരേ മറിച്ച് കാർഷിക രാജ്യങ്ങളിൽ കൃഷകർ മുതലാളിത്തത്തിൽനിന്നുള്ളതിനേക്കാൾ കൂടുതലായി നാടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങളിൽ നിന്നുള്ള ദ്രോഹമാണനുഭവിക്കുന്നതു്; അഥവാ, ലെനിൻെറ വാക്കുകളിൽ പറഞ്ഞാൽ, മുതലാളിത്തത്തിൽ നിന്നെന്നതിനേക്കാൾ കൂടുതലായി മുതലാളിത്തത്തിൻെറ അപര്യാപ്തമായ വികാസത്തിൽ നിന്നു ദ്രോഹമനുഭവിക്കുന്നു. കർഷകരുടെ അസംതൃപ്തിയിൽ നിന്നുണ്ടാകുന്ന പെററിബൂർഷ്വാസോഷ്യലിസം (അതിനെ കർഷകസോഷ്യലിസമെന്നും വിളിക്കാം) സ്വഭാവത്തിൽ കുറെയൊക്കെ വ്യത്യാസമുള്ളതും ഒരു വ്യത്യസ്ഥമായ പ്രവണതയുള്ളതുമാകുന്നു.

പശ്ചിമയൂറോപ്പിലെ വ്യാവസായിക രാജ്യങ്ങളിൽ അതു പിന്തിരിപ്പനായിരുന്നപ്പോൾതന്നെ, കാർഷികരാജ്യങ്ങളിൽ അതു പുരോഗമനപരമായ അംശങ്ങളുൾക്കൊള്ളുന്നു, കാരണം, മദ്ധ്യയുഗത്തിൻെറ അവശിഷ്ടങ്ങൾ അവസാനിപ്പിക്കലും നാടുവാഴിത്തത്തിൻെറ ചങ്ങലക്കെട്ടിൽ നിന്നു കർഷകരുടെ സ്വാതന്ത്ര്യവും തൽഫലമായി കൂടുതൽ ത്വരിതമായ സാമ്പത്തികപുരോഗതിയും അതാവശ്യപ്പെടുന്നു. ഇക്കാര്യ

ത്തിൽ അതു പിന്നോട്ടല്ല, മുന്നോട്ടാണു് നോക്കുന്നതു്; നാടുവാഴിത്തചൂഷണത്തിൻെറ ഗണ്യമായ അവശിഷ്ട ങ്ങളുള്ള കാർഷികരാജ്യങ്ങളിലെ നരോദ്നിക്കു്, അഥവാ കർഷക, സോഷ്യലിസത്തിൻെറ പ്രത്യേക സവിശേ ഷതയാണിതു്. അതിൻെറ പുരോഗമനപരമായ സ്വഭാ വവിശേഷങ്ങളുണ്ടായിരുന്നെങ്കിലും, കർഷകസോഷ്യ ലിസം പെറ്റിബൂർഷ്വായും സാങ്കല്പികവുമായ്ത്തന്നെ അവശേഷിച്ചു.

സാർവ്വത്രികമായ തുല്യഭൂവുടമസമ്പ്രദായം നടപ്പി ലാക്കിക്കൊണ്ടു്, ധനികരും ദരിദ്രരുമില്ലാതെ, എല്ലാവ രെയും "തുല്യ"രും "സ്വതന്ത്ര"രും "സ്വാശ്രിത"രു മായ സ്വത്തുടമകളാക്കിത്തീർക്കാമെന്നു കർഷകസോഷ്യ ലിസത്തിൻെറ പിന്തുണക്കാരും പ്രചാരകന്മാരും വിചാ രിച്ചു. ഇത്തരം ഭൂവുടമസമ്പ്രദായത്തെ അവർ "സോഷ്യ ലിസ്റ്റുവ്യവസ്ഥ"യെന്നു വിളിച്ചു. ചരക്കുല്പാദനത്തിന്റെ സമ്പദ്ഘടനയും പണത്തിൻെറയും മുടക്കുമുതലിന്റെയും ഭരണവും നിലനിൽക്കുന്ന കാലത്തോളം, ഭൂസ്വത്തിന്റെ സമത്വത്തിനു മാത്രമായി ദാരിദ്ര്യത്തേയും ദുർഭിക്ഷ ത്തേയും അസമത്വത്തേയും ചൂഷണത്തേയും ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ലെന്നു് അവർ മനസ്സിലാക്കിയില്ല. മുതലാളിത്തത്തിൻ കീഴിൽ ചെറുകിടസമ്പദ്‌വ്യവസ്ഥ സംരക്ഷിക്കാനസാദ്ധ്യമായതുപോലെതന്നെ, അവർ നിർ ദ്ദേശിച്ച "തുല്യമായ" ചെറുകിടകൃഷിയും തികച്ചും അ സാദ്ധ്യമാണെന്നു് അവർ വാസ്തവത്തിൽ മനസ്സിലാക്കിയി ല്ല. കാരണം അതു കച്ചവടത്താലും മത്സരത്താലും കീഴട

ക്കപ്പെടുന്നു. ഈ കച്ചവടവും മത്സരവും ഭൂസ്വത്തിന്റെ കേന്ദ്രീകരണത്തിലേക്കും, പ്രബലരായ ഭൂവുടമകളാൽ വിഴുങ്ങപ്പെടുന്നചെറിയ ഭൂവുടമകളുടെ നാശത്തിലേക്കും, ചെറുഭൂവുടമകളേയും കർഷകരേയും ബൂർഷ്വാസിയിലേക്കും തൊഴിലാളിവർഗ്ഗത്തിലേക്കും വിഭജിച്ചുമാറ്റുന്നതിലേക്കും നയിക്കുന്നു. തുല്യമായ ഭൂവുടമസമ്പ്രദായം വാസ്തവത്തിൽ നാടുവാഴിത്താവശിഷ്ടങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കുന്നതിനും മുതലാളിത്തം തടസ്സമില്ലാതെ വികസിക്കുന്നതിനുമുള്ള ഒരു വ്യവസ്ഥമാത്രമാണ്, സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥയല്ല.

"കർഷക സോഷ്യലിസ"ത്തിന്റെ സൈദ്ധാന്തികന്മാർക്ക് സാമൂഹ്യവികാസത്തെ സംബന്ധിച്ചു യഥാർത്ഥമായ, ശാസ്ത്രീയമായ യാതൊരു ധാരണയുമുണ്ടായിരുന്നില്ല മനുഷ്യവർഗ്ഗത്തിന്റെ വികാസത്തിന്റെ സാമാന്യനിയമങ്ങൾ അവർ കണ്ടില്ല അതിനാൽ, ഏതെങ്കിലും രാജ്യത്തിലെ അപര്യാപ്തമായ മുതലാളിത്ത വികാസത്തെ ഒരു പ്രത്യേകരൂപമായും ഒരു പ്രത്യേകമായ മെച്ചമായും തൽഫലമായി സോഷ്യലിസത്തിന്റെ വികാസത്തിന്റെ ഒരു പ്രത്യേകരീതിയുടെ സാദ്ധ്യതയായും അവർ കണക്കാക്കി. അത്തരം രാജ്യങ്ങളിൽ ഒരു കാർഷിക വിപ്ലവമൊ സമൂലമായ കാർഷിക പരിഷ്ക്കാരമൊ കൂടാതെ പിന്നോക്കാവസ്ഥയും ദാരിദ്ര്യവും അവസാനിപ്പിക്കാൻ സാധിക്കുകയില്ല; ഫ്യൂഡൽ ചട്ടവട്ടങ്ങളവസാനിപ്പിക്കാനുള്ള സമരത്തിൽ ഇതു് അടിയന്തിരമായിത്തീരുന്നു; ഈ വസ്തുത, കർഷകസോഷ്യലിസ്റ്റുകളെ കർഷ

കരാണ് സോഷ്യലിസ്റ്റാശയങ്ങളുയർത്തിപ്പിടിക്കുന്നതെന്നും അവരാണു വിപ്ലവത്തിന്റെ പ്രേരക ശക്തിയെന്നുമുള്ള നിഗമനത്തിലെത്തിച്ചു. ഇക്കാരണത്താൽ അവർ സാധാരണയായി കർഷകരെ തൊഴിലാളി വർഗ്ഗത്തിനെതിരായിക്കണ്ടു.

യൂറോപ്പിലെ വികസിത മുതലാളിത്ത രാജ്യങ്ങളിൽ ഭാവി തൊഴിലാളിയുടേതാണെങ്കിലും മററു രാജ്യങ്ങളിൽ അതു കർഷകൻേറതാണെന്നവർ പറഞ്ഞു. മുതലാളിത്തം ജനങ്ങൾക്കു കഷ്ടപ്പാടും ബുദ്ധിമുട്ടുകളുമുണ്ടാക്കുന്നുവെന്ന് അവർ കാണുകയും, അതുകൊണ്ടു മുതലാളിത്ത വികാസം ഒഴിവാക്കി സോഷ്യലിസത്തിലേക്കു നേരിട്ടു മുന്നേറുന്നതിനെപ്പററി അവർ സംസാരിക്കുകയും ചെയ്തു. ഇതു സാദ്ധ്യമാണോ? അതെ, സാദ്ധ്യമാണ് കൂടുതൽ മുന്നോട്ടു പോയ രാജ്യങ്ങളിലെ വിജയ ശ്രീലാളിതരായ തൊഴിലാളിവർഗ്ഗത്തിൻേറ സഹായത്തോടെ, പിന്നിൽ കിടക്കുന്ന രാജ്യങ്ങൾക്കു മുതലാളിത്ത വികാസത്തിൻേറ എല്ലാ അവസ്ഥകളെയും ഒഴിവാക്കാൻ കഴിയുമെന്നു മാർക്സും എംഗത്സും ലെനിനും എഴുതി.

എന്നാൽ കർഷക സോഷ്യലിസത്തിൻേറ സൈദ്ധാന്തികന്മാർ വ്യത്യസ്ഥമായൊരു പരിഹാരമാണു നിർദ്ദേശിച്ചതു്. ഈ രാജ്യങ്ങളിലെ കർഷകർ പടിഞ്ഞാററൻ രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തേക്കാൾ വിപ്ലവകാരികളും സോഷ്യലിസ്റ്റു മനോഭാവമുള്ളവരുമായതിനാൽ വികാസത്തിന്റെ മുതലാളിത്തപാതയിൽ നിന്നൊഴിഞ്ഞു പോകാമെന്നവർ വാദിച്ചു. യൂറോപ്പിൽ വിപ്ലവം നഗര

ങ്ങളിലാരംഭിച്ചെങ്കിൽ ഇവിടെ അതു ഗ്രാമങ്ങളിലാരംഭിക്കും.

കർഷകൻ തൊഴിലാളിയേക്കാൾ സോഷ്യലിസത്തോടടുത്താണെന്നും കർഷകരുടെ മനോഭാവത്തിൽ രൂപംപൂണ്ടു കഴിഞ്ഞിരുന്ന ഘടകങ്ങളിൽ നിന്നു സോഷ്യലിസം നിർമ്മിക്കപ്പെടണമെന്നുമുള്ള ഈ അവകാശവാദമാണു കർഷകസോഷ്യലിസത്തിന്റെ ആശയപ്രചാരകന്മാരുടെ വിചിത്രമായ അടവുകൾക്കു നിദാനമായിത്തീർന്നതു്. മററു പല പെറ്റിബൂർഷ്വാസോഷ്യലിസത്തിന്റെയുമെന്നപോലെ ഈ സോഷ്യലിസത്തിന്റേയും പ്രത്യേകതയാണു പെറ്റിബൂർഷ്വാവിപ്ലവവാദം. ഫ്രഞ്ചുവിപ്ലവകാരിയായ ഓഗസ്ബ്ലാങ്കി (1805-1881) യുടെ അനുയായികളായ ബ്ലാങ്കിസ്റ്റുകളെപ്പോലെ ഗൂഢാലോചനാപരമായ അടവുകൾക്കുവേണ്ടി വാദിച്ച ചിലർക്കു അച്ചടക്കമുള്ള ഒരു വിപ്ലവസംഘടനയുണ്ടായിരുന്നു. ബക്കുനിന്റെ നേതൃത്വത്തിലുള്ള അരാജകവാദികളെപ്പോലുള്ള മററുള്ളവർ, വിപ്ലവകരമായ അധികാരമുൾപ്പെടെ എല്ലാ അധികാരത്തെയും എല്ലാ കേന്ദ്രീകരണത്തെയും കീഴ്വഴങ്ങലിനെയും നിരാകരിച്ചു; അതായതു്, അവർ പരിപൂർണ്ണമായ ശിഥിലീകരണത്തിനുവേണ്ടി വാദിച്ചു. അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു മോചനം ലഭിക്കണമെങ്കിൽ അദ്ധ്വാനിക്കുന്ന ജനങ്ങൾ തന്നെ ഉഗ്രമായ, നിശ്ചയദാർഢ്യത്തോടെയുള്ള സമരം നടത്തേണ്ടതുണ്ടെന്നും പഴയ വ്യവസ്ഥിതിയെ കടന്നാക്രമിക്കാൻ ബഹുജനങ്ങൾ ബോധപൂർവ്വം തയ്യാറാക്കപ്പെടേണ്ടതുണ്ടെന്നും രണ്ടു കൂട്ടരും മനസ്സിലാക്കിയില്ല.

ജനങ്ങൾ എപ്പോഴും കലാപത്തിനും സാമൂഹ്യവിപ്ലവം നടത്തുന്നതിനും സോഷ്യലിസം സ്ഥാപിക്കുന്നതിനും സന്നദ്ധരാണെന്നും "വിപ്ലവപരവും സോഷ്യലിസ്റ്റുമായ സഹജബോധം "അവക്കുണ്ടെന്നും അതുകൊണ്ട് അവരെ സംഘടിപ്പിക്കുകയോ അവരുടെ ജോലി ക്ഷമാപൂർവ്വം അവർക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതില്ലെന്നും അരാജകവാദികൾ അവകാശപ്പെട്ടു. "വിപ്ലവാഭ്യാസം" ജനങ്ങൾക്കു നല്ലതായതുകൊണ്ട് ഒന്നിനു പുറകെ മറ്റൊന്നായി കലാപങ്ങൾ തുടങ്ങിയാൽ മതിയാകുമെന്നവർ പറഞ്ഞു. ബ്ലാങ്കിസ്റ്റുകളും, ഗ്രഢാലോചനാപരമായ അടവുകളുടെ മററു വക്കീലന്മാരും കരുതിയതു്, അവക്കു തന്നത്താൻ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സഹായം കൂടാതെ, "സാഹസികന്മാരും വീരന്മാരുമായ ഒരു ന്യൂനപക്ഷ"ത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് പഴയ സമുദായത്തെ കീഴ്മേൽ മറിക്കാമെന്നാണ്. എല്ലാ ഇടക്കാലഘട്ടങ്ങളേയും, തയാറെടുപ്പിന്നു വേണ്ടിയുള്ള എല്ലാപ്രചരണത്തേയും സംഘടനയേയും എല്ലാവർഗ്ഗസഖ്യങ്ങളേയും ഒത്തുതീർപ്പുകളേയും അവർ നിരാകരിക്കുകയും ചെയ്തു ഭാഗ്യം അവരുടെ വശത്താണെങ്കിൽ ഏതു സമയത്തും ഒരു യാദൃഛികവിജയംകൊണ്ടു സമരം നേടാമെന്നും കൂടുതൽ കോലാഹലമൊന്നുമില്ലാതെ കമ്മ്യൂണിസ്റ്റുസമുദായം സ്ഥാപിക്കാമെന്നും അവർ സങ്കല്പിച്ചു. ഈ വിപ്ലവപദ്ധതിയെ പിന്താങ്ങാൻ അവർ യാതൊരു വാദങ്ങളും ഉന്നയിച്ചില്ല, എല്ലാപെററിബൂർഷ്വാവിപ്ലവകാരികളുടേയും പ്രത്യേകതയായ ക്ഷമക്കേടും വീണ്ടുവിചാരമില്ലായ്മയുമൊഴികെ.

തങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാൻ ഉപജാപകരുടെ ഒരു സങ്കുചിതഗ്രൂപ്പിനെയൊ മററൊ ആശ്രയിച്ച പശ്ചിമയൂറോപ്യൻ സാങ്കല്പികസോഷ്യലിസ്ററുകളിൽനിന്നു വ്യത്യസ്ഥമായി, റഷ്യൻ സാങ്കല്പികസോഷ്യലിസ്റ്റും വിപ്ളവജനാധിപത്യവാദിയുമായ എൻ. ജി. ചേർണിഷേവ്സ്കിയും (1828-1889) അദ്ദേഹത്തെപ്പോലെ ചിന്തിച്ചവരും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേക്ക്, ഒരു കർഷകവിപ്ളവത്തിൻെറ നേക്ക് നോക്കിയെന്നതു ശ്രദ്ധേയമാണ്. റഷ്യ സാമ്പത്തികമായി അല്പവികസിതമായിരുന്നതിനാൽ, ചൂഷണവ്യവസ്ഥ അവസാനിപ്പിക്കുന്നതിലും ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിലും തൊഴിലാളിവർഗ്ഗത്തിനുള്ള നിർണ്ണായകമായ പങ്കു വ്യക്തമാക്കാൻ അവക്കു കഴിഞ്ഞിരുന്നില്ല. മാർക്സും എംഗത്സും മുന്നോട്ടു വച്ച ശാസ്ത്രീയ സോഷ്യലിസത്തിൻെറ ആശയങ്ങളുമായി അവക്കു പരിചയമുണ്ടായിരുന്നില്ല.

പെററി ബൂഷ്വാ വിപ്ലവവാദത്തിൻെറ സ്വഭാവത്തിലെ ഒരു പ്രത്യേകത, അതു സമുദ്ധാവും ചരിത്രപരവുമായ സാഹചര്യങ്ങളെ. അവഗണിക്കുന്നുവെന്നതാണ്. അതു് വിപ്ലവകരമായ വികാസത്തിൻെറ ആവശ്യഘട്ടങ്ങളെ ഒഴിഞ്ഞുമാറിക്കൊണ്ടു കൂടുതലുയന്ന സാമൂഹ്യസംഘടനയിലേക്കു്, കമ്മ്യൂണിസത്തിലേക്കു് നേരിട്ടു ചാടിക്കടക്കാൻ ശ്രമിക്കുന്നു. അതു വസ്തുനിഷ്ഠനിമിഷത്തിൻെറ പങ്കിനെ പെരുക്കിക്കാണിക്കുന്നു. അതിനു് അതിവിപ്ലവ സംസാരത്തിൻെറ ദൗർബ്ബല്യവുമുണ്ടു്.

KOTTAYAM PUBLIC LIBRARY KOTTAYAM

തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവസമരം, അതന്റെ ശക്തിയും സംഘടനയും അതിന്റെ മുദ്രാവാക്യങ്ങളുടെ സൂക്ഷ്മതയുംകൊണ്ടു് പലപ്പോഴും പെററിബൂർഷ്വാ വിപ്ലവകാരികളെ ആകർഷിക്കുന്നു. അവർ കുറേക്കാലത്തേക്കു തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിൽ ചേർന്നേക്കാം. പക്ഷെ ശാസ്ത്രീയസോഷ്യലിസത്തിന്റെ സത്ത അവക്കു് അപരിചിതമായിത്തന്നെ നിലകൊള്ളുന്നു. അവർ ഈ സിദ്ധാന്തത്തിൽ നിന്നു ചില മുദ്രാവാക്യങ്ങൾമാത്രമാണു കടമെടുക്കുന്നതു്. അവക്കു് നിയന്ത്രണവും അച്ചടക്കവുമില്ല. അതുകൊണ്ടു്, വിജയം ലഭിക്കണമെങ്കിൽ ജനങ്ങൾക്കിടയിൽ ക്ഷമയോടും സ്ഥിരനിശ്ചയത്തോടും കൂടി പ്രവർത്തിക്കണമെന്നു് അവർക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ മാതിരി പ്രവർത്തനത്തിനുള്ള കഴിവില്ലായ്മയും വൈമുഖ്യവും അവരെ ഭീകര പ്രവർത്തനത്തിലേക്കും "വിപ്ലവവിദ്യാഭ്യാസത്തിലേക്കും" വിപ്ലവസംഭവങ്ങളെ കൃത്രിമമായി ത്വരിപ്പിക്കുന്നതിലേക്കും (ജനങ്ങളുടെ തലയ്ക്കുമുകളിൽ കൂടിയും വസ്തുനിഷ്ഠവികാസത്തിനു വിരുദ്ധമായും) ഒരു സമരരൂപത്തിന്റെ – അക്രമപരമായ, സായുധരൂപം എല്ലാക്കാലത്തേക്കും സ്ഥലത്തേക്കും യോജിച്ച രൂപം ഇതുമാത്രമാണെന്നവർ കരുതുന്നു. മാത്രം പ്രാധാന്യത്തെ പെരുക്കിക്കാണിക്കുന്നതിലേക്കുംതള്ളിവിടുന്നു.

പെററിബൂർഷ്വാസിയുടെ പരസ്പരവിരുദ്ധമായ സാമൂഹ്യസ്വഭാവം, പെററിബൂർഷ്വാ സോഷ്യലിസ്റ്റുകളുടെ വിവിധഗ്രൂപ്പുകൾ തങ്ങളുടെ ലക്ഷ്യങ്ങൾ സാധിക്കാനുപയോഗിക്കുന്ന രാഷ്ട്രീയരീതികളും പ്രവർത്തനരൂപ

ങ്ങളും, സമരവും സംഘടനയും പരസ്പരവിരുദ്ധമായ സ്വഭാവമുള്ളതാക്കിത്തീർത്തു ഈ ഗ്രൂപ്പുകളിൽ ചിലതു രാഷ്ട്രീയത്തിന്റെ പ്രാധാന്യത്തെ അധികമായി കാണുകയും ഉപജാപ അടവുകളുടെ ഒഴുക്കിൽപെട്ടുപോവുകയും ചെയ്തു. നേരെമറിച്ചു മററുള്ളവ രാഷ്ട്രീയത്തെ പുച്ഛിക്കുകയും, തങ്ങളുടെ വീക്ഷണം ഇണങ്ങിച്ചേരലിലേക്കും പരിഷ്കരണവാദത്തിലേക്കും സങ്കുചിതപ്പെടുത്തി.

അതെങ്ങിനെയായാലും, പെറ്റിബൂർഷ്വാരാഷ്ട്രീയ പ്രവത്തകർ, ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള കഠിനമായ വർഗ്ഗസമരത്തിന്റേതായ ഒരു സമുദായത്തിൽ തങ്ങൾക്കു സ്വതന്ത്രമായ ഒരു പങ്കുണ്ടെന്നും തങ്ങളുടെ പ്രസ്ഥാനവും തങ്ങളുടെ വർഗ്ഗവും സ്വതന്ത്രമാണെന്നും സാധാരണയായി അവകാശപ്പെട്ടു. എന്നാൽ ചെറിയ സ്വത്തുടമകൾ വസ്തുനിഷ്ഠമായി ബൂർഷ്വാസിക്കും തൊഴിലാളിവർഗ്ഗത്തിനുമിടയ്ക്കു സ്ഥിതിചെയ്യുന്നതിനാൽ ഈ സ്വതന്ത്ര, പങ്കെന്നു പറയപ്പെടുന്നതു് നന്നായി പറഞ്ഞാൽ, മുതലാളിത്ത സമുദായത്തിലെ രണ്ടു പ്രധാനവർഗ്ഗങ്ങൾക്കിടയിൽ ഒരു മദ്ധ്യമാർഗ്ഗം കണ്ടെത്താനുള്ള പരിശ്രമങ്ങളായിത്തീരുകയാണു് ചെയ്തതു് ഈ പരിശ്രമങ്ങൾ പ്രയോജനമില്ലാത്തവയായിരുന്നു. പെറ്റിബൂർഷ്വാരാഷ്ട്രീയനേതാക്കൾ വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തെ എതിർത്തുകൊണ്ടു പലപ്പോഴും ബൂർഷ്വാസിയുമായി ഒത്തുതീർപ്പുണ്ടാകുന്നതിലും അതിനു കീഴടങ്ങുന്നതിലും അതിന്റെ ഭരണം പെറ്റിബൂർഷ്വാസിയുടെ മേൽ താങ്ങിവയ്ക്കുന്നതിലും ചെന്നെത്തി.

പെററിബൂർഷ്വാ സോഷ്യലിസത്തിൻെറ ചില ആശയപ്രചാരകന്മാർ തൊഴിലാളികളേയും കർഷകരേയും മനഃപൂർവ്വം വഞ്ചിക്കുകയുണ്ടായി. അനേകം പെറ്റിബൂർഷ്വാപാർട്ടികളേയോ ബൂർഷ്വാപാർട്ടികളേപോലുമോ സംബന്ധിച്ചിടത്തോളം, സോഷ്യലിസ്റ്റ് വായാടിത്തം ഒരു മൂടുപടംമാത്രമായിത്തീർന്നു; ആരാണു യഥാർത്ഥത്തിൽ സോഷ്യലിസത്തിനുവേണ്ടി സമരം ചെയ്യുന്നതെന്നും ഏതു ശക്തികളാണു വിപ്ലവപ്രസ്ഥാനത്തെ നയിക്കുന്നതെന്നുമുള്ള പ്രശ്നത്തിൽ നിന്നൊഴിഞ്ഞു കളിക്കാനുള്ള ഒരു ഉപകരണമായിത്തീർന്നു.

രണ്ടുചേരികളിൽ ഏതിലാണ്—ബൂർഷ്വാ ചേരിയിലോ തൊഴിലാളിവർഗ്ഗചേരിയിലോ—തങ്ങൾ ചേരേണ്ടതെന്നു പെററിബൂർഷ്വാസോഷ്യലിസ്ററുകൾക്കു എപ്പോഴും തീരുമാനിക്കേണ്ടതുണ്ടായിരുന്നു. അവരിൽ പലരും തൊഴിലാളി വർഗ്ഗവുമായി ഒരു സഖ്യം (മാർക്സിസ്റ്റ് ലെനിനിസ്റ്റ് സോഷ്യലിസത്തിൻെറ പാത) തെരഞ്ഞെടുത്തു, അതു മാത്രമാണ് കർഷകജനാധിപത്യവാദികളുടെ താല്പര്യങ്ങളുടെ സംരക്ഷണം ഉറപ്പുചെയ്യുന്നതു്. അവർക്കിപ്പോഴറിയാമായിരുന്നു, സോഷ്യലിസത്തിൻെറ മാർഗ്ഗം അവർക്കു തുറന്നു കിടക്കുകയാണെന്നും തൊഴിലാളിവർഗ്ഗ, മാർക്സിസ്റ്റ് ലെനിനിസ്റ്റ് പാർട്ടികളുമായുള്ള അവരുടെ സഖ്യം സൂചിപ്പിച്ചതു കർഷകജനാധിപത്യവാദികളുടെ താല്പര്യങ്ങളുടെ ലയനമല്ലെന്നും ചരിത്രയാഥാർത്ഥ്യത്തിൽ കർഷകജനാധിപത്യത്തിൻേറയും തൊഴിലാളിവർഗ്ഗസോഷ്യലിസത്തിൻേറയും മാർഗ്ഗങ്ങൾ ഒരുമിച്ചാണ് പോകുന്നതെന്നും.

ഇന്നത്തെ കാലഘട്ടത്തിൽ ലോകസോഷ്യലിസവും ലോകമുതലാളിത്തവും തമ്മിലുള്ള സമരം ചരിത്രപരമായ പ്രക്രീയയുടെ പ്രധാന ഉള്ളടക്കമായി, ലോകാടിസ്ഥാനത്തിലുള്ള വർഗ്ഗസമരത്തിൻെറ അച്ചാണിയായിത്തീർന്നിരിക്കുന്നു. ഒരു കാലത്തു കൊളോണിയലും അർദ്ധകൊളോണിയലുമായിരുന്ന രാജ്യങ്ങളിൽ ജനങ്ങൾ മുതലാളിത്തത്തിൽ ആശയില്ലാത്തവരായിത്തീരുകയും അതിനെ നിരാകരിക്കുകയും ചെയ്യുന്നു. സോവിയറ്റ് യൂണിയൻെറയും മററു സോഷ്യലിസ്റ്റ രാജ്യങ്ങളുടെയും ഉദാഹരണം അവക്ക് സോഷ്യലിസത്തിൻെറ മെച്ചത്തെപ്പററി വിശ്വാസമുണ്ടാക്കുന്നു. വിപ്ലവജനാധിപത്യവാദികളിൽ ഏററവും നല്ല ആളുകൾ ഒരു യഥാർത്ഥ സോഷ്യലിസ്റ്റാശയ സംഹിതയ്ക്കുവേണ്ടി, ശാസ്ത്രീയ സോഷ്യലിസത്തിനുവേണ്ടി പെറ്റിബൂർഷ്വാ കൃഷകസോഷ്യലിസം ഉപേക്ഷിക്കുന്നു. ഒരു മുതലാളിത്തേതര വികസനപാതയിലേക്കുള്ള പരിവർത്തനത്തിലുള്ള മാർഗ്ഗങ്ങളും രീതികളും രൂപങ്ങളും അവർ തേടുകയും കണ്ടെത്തുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾ അവരെ ഇതിൽ സഹായിക്കുന്നു. സോവിയററ് യൂണിയനിൽ, മദ്ധ്യേഷ്യയിലെ പിന്നോക്കപ്രദേശങ്ങളിലെ കർഷകർ, ഒരു സോഷ്യലിസ്റ്റ് സമുദായത്തിൻെറ നിർമ്മാണത്തിനുള്ള ലെനിന്റെ പദ്ധതിയനുസരിച്ചു, സഹോദരജനതകളുടെ സഹായത്തോടെ നാടുവാഴിത്തത്തിൽ നിന്നു നേരിട്ടു സോഷ്യലിസത്തിലേക്ക്—മുതലാളിത്തത്തെ ഒഴിഞ്ഞു മാറിക്കൊണ്ടു—കടന്നു. യു. എസ്സ്. എസ്സ്. ആറിന്റെ ഒരു വിശ്വസനീയമാതൃകയാണിതു്. കൃഷകജനാധിപത്യവാദികൾക്കു തൊഴിലാളിവർഗ്ഗത്തോടു സഖ്യം ചേർന്നുകൊണ്ടു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കാനും കഴിയുമെന്നും കഴിയണമെന്നും അതു കാണിക്കുന്നു.

## III ശാസ്ത്രീയ സോഷ്യലിസം; തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രപരമായ ദൗത്യത്തെപ്പററി

വർഗ്ഗസമുദായങ്ങളുടെ ചരിത്രത്തിലൊരിക്കലും അദ്ധ്വാനിക്കുന്ന മർദ്ദിതജനത ചൂഷണത്തോട്ട രമ്യതയിൽ വർത്തിച്ചിട്ടില്ല. അടിമകൾ യജമാനന്മാൎക്കെതിരായി കലാപം നടത്തിയിട്ടുണ്ട്, അടിയാളരായകർഷകർ നാടുവാഴിപ്രഭുക്കൾക്കെതിരായി സമരം ചെയ്തിട്ടുണ്ട്. എന്നാൽ ഭൂമിയിൽ ചൂഷണത്തെ ഉന്മൂലനം ചെയ്യാനുള്ള അവസാനത്തേതും നിർണ്ണായകവുമായ സമരമാരംഭിച്ചതു തൊഴിലാളിവർഗ്ഗമാകുന്നു.

മുതലാളിത്തം ഉല്പാദനശക്തികളെ വികസിപ്പിച്ചു. ആവി ശക്തിയുടേയും വിദ്യുച്ഛക്തിയുടേയും ആവിർഭാവത്തോടെ യന്ത്രയുഗം പ്രത്യക്ഷപ്പെട്ടു. ഒരു തൊഴിലാളി വർഗ്ഗം ഉയൎന്നുവരുകയും അതിൻെറ സംഘടനയുടേയും

രാഷ്ട്രീയബോധത്തിൻെറയും വളച്ച്യയ്ക്കുള്ള സാഹചര്യ ങ്ങൾ സൃഷ്ടിക്കപ്പെട്ടുകയും ചെയ്തു. മനുഷ്യസമുദായത്തി ൻെറ ജീവിതത്തിൽനിന്നു ചൂഷകന്മാരെ തുടച്ചുനീക്കുക യെന്നതു സാദ്ധ്യമായ ഒരു കടമയായിത്തീൻ. എന്നാൽ ഈ കടമ പൂത്തീകരിക്കുന്നതിന് ഭൂമിയിൽ കൂടുതൽ നല്ലൊരു ജീവിതത്തെക്കുറിച്ചുള്ള സ്വപ്നം ജനങ്ങളുടെ വിപ്ളവകരമായ അനുഭവം സാമാന്യവല്ക്കരിക്കുന്നതും പുതിയസമുദായത്തിനുവേണ്ടിയുള്ള സമരത്തിനു മാർഗ്ഗ ദർശനം നൽകുന്നതുമായ ഒരു ശാസ്ത്രീയസിദ്ധാന്തമായി ത്തീരേണ്ടതുണ്ടായിരുന്നു; ഈ സിദ്ധാന്തത്താൽ പ്രചോദി തരായ തൊഴിലാളിവർഗ്ഗം രാഷ്ട്രീയവും ആശയപരവുമായ ഐക്യം നേടുകയും സമരംചെയ്തുവിജയംവരിക്കാൻ സം ഘടിതരാവുകയും ചെയ്യേണ്ടതുണ്ടായിരുന്നു.

മാർക്സിൻെറയും എംഗൽസിൻെറയും "കമ്മ്യൂ ണിസ്റ്റ് മാനിഫെസ്റ്റോ." മാർക്സും എംഗത്സും സോ ഷ്യലിസത്തെ സങ്കല്പത്തിൽനിന്നും ഒരു ശാസ്ത്രമായി രൂപാന്തരപ്പെടുത്തി, സോഷ്യലിസം കൈവരിക്കുന്നതി നുള്ള യഥാത്ഥമാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടി. അവർ തങ്ങ ളുടെ ശാസ്ത്രീയവും വിപ്ലവകരവുമായ പ്രവത്തനങ്ങൾ ക ഴിഞ്ഞനൂറ്റാണ്ടിൻെറ അഞ്ചാം ദശകത്തിൽ ജമ്മനിയിൽ ആരംഭിച്ചു. അക്കാലമായപ്പോഴേക്കു ജമ്മനിയിലും ബ്രി ട്ടനിലും ഫ്രാൻസിലും മററു ചില യൂറോപ്യൻ രാജ്യങ്ങ ളിലും ഒരു പുതിയവർഗ്ഗം, വ്യവസായത്തൊഴിലാളി വർ ഗ്ഗം വികസിച്ചുവന്നിരുന്നു. ഒരു തൊഴിലാളി സംഘടന

യായ കമ്മ്യൂണിസ്റ്റ് ലീഗിൻെറ നിർദ്ദേശങ്ങൾ പ്രകാരം മാർക്സും എംഗത്സും കൂടി എഴുതിയുണ്ടാക്കിയ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ 1848 ഫെബ്രുവരിയിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടു. അതു തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ളവസിദ്ധാന്തം പ്രതിപാദിച്ചു. മുതലാളിത്തചൂഷണത്തിൽ അധിഷ്ഠിതമായ സമുദായം, ചൂഷണമില്ലാത്ത, മർദ്ദകരും മർദ്ദിതരുമില്ലാത്ത ഒരു സമുദായത്തിനു വഴിമാറിക്കൊടുക്കേണ്ടതീരൂ എന്ന് അതു തെളിയിച്ചു. സാങ്കല്പിക വാദികളുടെ പരസ്പര വിരുദ്ധവും സങ്കുചിതവും ഭാവനാപരവുമായ ആദർശത്തിൽ നിന്നു വ്യത്യസ്ഥമായി, അതു ശാസ്ത്രീയമായ അപഗ്രഥനത്തിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യവികാസത്തിൻെറ സമഞ്ജസമായ ഒരു സിദ്ധാന്തം അവതരിപ്പിച്ചു. അപ്പോൾ മുതൽ സോഷ്യലിസത്തിൻെറ മഹത്തായ ആദർശങ്ങൾ ഇളക്കമില്ലാത്ത ഒരു ശാസ്ത്രീയാടിത്തറയിൽ പ്രതിഷ്ഠിക്കപ്പെട്ടു.

അടിമത്തവ്യവസ്ഥ മുതൽ മുതലാളിത്തംവരെയുള്ള എല്ലാ വർഗ്ഗസമുദായങ്ങളുടേയും വികാസത്തിന്റെ അതായത്, ചരിത്രത്തിൻെറ, പ്രേരകശക്തി, എല്ലാ ഭൗതിക സമ്പത്തിൻെറയും സ്രഷ്ടാക്കളായ അദ്ധ്വാനിക്കുന്ന ജനങ്ങൾ ചൂഷകന്മാർക്കെതിരായി നടത്തുന്ന സമരമാണെന്നു കമ്മ്യൂണിസ്റ്റുമാനിഫെസ്റ്റോയിലും മററു കൃതികളിലും മാർക്സും എംഗത്സും തെളിയിച്ചു. മുതലാളിത്ത വ്യവസ്ഥയെപ്പററി അവർ പ്രത്യേകിച്ചും സൂക്ഷ്മമായി പഠനം നട

ത്തുകയും മുതലാളിത്തത്തിൻെറ പതനം അനിവാര്യമാക്കിത്തീർക്കുന്ന വൈരുദ്ധ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. മുതലാളിത്തത്തെ അവസാനിപ്പിക്കുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയും ചെയ്യുകയെന്ന ചരിത്രപരമായ കടമ നിർവ്വഹിക്കുന്ന സാമൂഹ്യശക്തി തൊഴിലാളിവർഗ്ഗമാണെന്നവർ ചൂണ്ടിക്കാട്ടി.

കമ്മ്യൂണിസ്ററു മാനിഫെസ്റ്റോ അവസാനിക്കുന്നതു് മുതലാളിത്തത്തിനെതിരായ സമരത്തിനുവേണ്ടി ഒത്തുചേരാൻ ലോകത്തിലെ തൊഴിലാളികളോടുള്ള ആഹ്വാനത്തോടുകൂടിയാണു്. അതുപറയുന്നു:

"ഒരു കമ്മ്യൂണിസ്ററു വിപ്ളവം കണ്ടു ഭരണാധികാരിവർഗ്ഗങ്ങൾ വിറകൊള്ളട്ടെ. തൊഴിലാളികൾക്കു തങ്ങളുടെ ചങ്ങലകളല്ലാതെ യാതൊന്നും നഷ്ടപ്പെടാനില്ല. അവർക്കൊരു ലോകംമുഴുവൻ ജയിച്ചടക്കാനുണ്ടു്, സർവ്വരാജ്യതൊഴിലാളികളേ സംഘടിക്കുക"

തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രപരമായ ദൗത്യം, മാർക്സിൻെറയും എംഗത്സിൻെറയും സിദ്ധാന്തങ്ങളിലെ ഏററവും പ്രധാനസംഗതി, സോഷ്യലിസ്റ്റു സമുദായത്തിൻെറ നിർമ്മിതാവെന്ന നിലയിൽ തൊഴിലാളിവർഗ്ഗത്തിൻെറ ചരിത്രപരമായ പങ്കിൻെറ വിശദീകരണമാണു്.

മുതലാളിത്തം അതിൻെറ ശവക്കുഴിതോണ്ടുന്ന തൊഴിലാളിവർഗ്ഗത്തേയും സൃഷ്ടിക്കുന്നു. മുതലാളിത്തസമുദായത്തിൻെറ വികാസവും വൻകിടവ്യവസായത്തിൻെറ വളർച്ചയുമെന്നുവച്ചാൽ തൊഴിലാളിവർഗ്ഗത്തിൻെറ വള

ച്ച്യെന്നുകൂടി അൎത്ഥമാണു്. അതു് എല്ലാ അദ്ധ്വാനിക്കു ന്നജനങ്ങളേയും, മനുഷ്യവൎഗ്ഗത്തെയാകെ മുതലാളിത്ത മൎദ്ദനത്തിൽ നിന്നു മോചിപ്പിക്കും മുതലാളിത്ത സമു ദായം മൎദ്ദനമവസാനിപ്പിക്കാൻ തൊഴിലാളിവൎഗ്ഗ ത്തിനു കഴിവുണ്ടാക്കുകമാത്രമല്ല അതിനവരെ നിൎബ്ബ ന്ധിക്കുകകൂടിചെയ്യുന്ന ഭൗതികവും മററുതരത്തിലുമുള്ള സാഹചര്യങ്ങളുണ്ടാക്കുന്നു.

മനുഷ്യവൎഗ്ഗത്തെമോചിപ്പിക്കുകയെന്ന മഹത്താ യദൗത്യം തൊഴിലാളിവൎഗ്ഗം നിൎവ്വഹിക്കുമെന്ന നിഗമ നത്തിൽ മാൎക്സും എംഗത്സും എന്തുകൊണ്ടെത്തി ച്ചേൎന്നു?

ഒന്നാമതായി, മുതലാളിത്ത സമുദായത്തിലെ ഏററ വും കൂടുതൽ ചൂഷണംചെയ്യപ്പെടുന്ന വൎഗ്ഗം തൊഴിലാ ളികളായതുകൊണ്ടു് അതിൻെറ ദൈനംദിനജീവിതസാ ഹചര്യത്തിൻെറതന്നെ ഫലമായി തൊഴിലാളിവൎഗ്ഗം മുതലാളിത്ത ചൂഷണത്തിൻെറ രമ്യതയില്ലാത്ത ശത്രുവാ യിത്തീരുകയും അതിനു ബൂൎഷ്വാ വ്യവസ്ഥയെ നശി പ്പിക്കുന്നതിൽ മൎമ്മപ്രധാനമായ താല്പൎയ്യമുളവാകുകയും ചെയ്യുന്നു; ആ വ്യവസ്ഥയിൽ തൊഴിലാളികളുടെ അദ്ധ്വാനത്തിന്റെ ഉല്പന്നം അവൎക്കെതിരായി തിരിയുക യും അവരുടെ മേലുള്ള മൎദ്ദനത്തിൻെറ തന്നെ ഉപ കരണമായിത്തീരുകയും ചെയ്യുന്നു. ഉല്പാദനോപകരണ ങ്ങളുടെ സ്വകാൎയ്യഉടമ അവസാനിപ്പിക്കുന്നതിൽ തൊഴിലാളിവൎഗ്ഗത്തിനു മററാരെയുംകാൾ കൂടുതൽ താല്പ ൎയ്യമുണ്ടു്. കാരണം, അതിൻെറ മേലുള്ള ചൂഷണം സ്വകാൎയ്യസ്വത്തുടമയിലാണു് അധിഷ്ഠിതമായിരിക്കു

ന്നതു്. മുതലാളിത്തസമുദായത്തിൽ തൊഴിലാളികൾക്കു അവരുടെ അദ്ധ്വാനശക്തി, പണിയെടുക്കാനുള്ള കഴിവു് മാത്രമല്ലാതെ മറെറാന്നും സ്വന്തമായില്ല. വിപ്ലവത്തിൽ അവർക്കു യാതൊന്നും നഷ്ടപ്പെടാൻ സാദ്ധ്യമല്ല. നേരെമറിച്ചു്, ഒരു വിപ്ലവം അവർക്കു സകലതും കൈവരുത്തും—ഉല്പാദനോപകരണങ്ങളുടെ സാമൂഹ്യഉടമ, രാഷ്ട്രീയാധികാരം, ജീവിതനിലവാരം ക്രമമായി അഭിവൃദ്ധിപ്പെടുത്താനും, സംസ്കാരത്തിൽ നിന്നു ലഭിക്കുന്ന സമ്പത്തുകളെല്ലാം സ്വായത്തമാക്കാനുമുള്ള സന്ദർഭം എന്നിവ.

രണ്ടാമതായി, ഉല്പാദനത്തിലുള്ള അവരുടെ സ്ഥാനംകൊണ്ടു് അവർ ഉല്പാദനത്തിൻെറ ഭൂതകാലവുമായല്ല, ഭാവിയുമായാണു് ബന്ധപ്പെട്ടിരിക്കുന്നതു്, തൽഫലമായി സമുദായത്തിൻെറയാകെ ഭാവിയുമായും അതു ബന്ധിക്കപ്പെട്ടിരിക്കുന്നു.

മുതലാളിത്തത്തിൻ കീഴിൽ വൻകിടവ്യവസായം വികസിക്കുന്നു. എന്നാൽ ഇതു തൊഴിലാളിവർഗ്ഗത്തെ ക്ഷീണിപ്പിക്കുകയല്ല, അതിനെ കൂടുതൽ വളർച്ചയിലേക്കു നയിക്കുകയും സമുദായത്തിന്റെ ജീവിതത്തിൽ അതിന്റെ പങ്കു വർദ്ധിപ്പിക്കുകയുമാണു ചെയ്യുന്നതു്. മുതലാളിത്തസമുദായത്തിൻെറ അനിവാര്യമായ ഫലമാണു് തൊഴിലാളി വർഗ്ഗം.

തൊഴിലാളികളുടെ മൗലികമായ വർഗ്ഗതാല്പര്യങ്ങളും, സാമൂഹ്യപുരോഗതിയുടേയും ഉല്പാദനശക്തികളുടെ വികാസത്തിൻെറയും പ്രവണതയ്ക്കനുരൂപമായിരിക്കുന്നു. ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമ

ഉല്പാദനശക്തികളുടെ വളച്ച്യെ കെട്ടിനിത്തുന്നു. അതവസാനിപ്പിച്ചാൽ മാത്രമെ ഉല്പാദനശക്തികൾ തടസ്സം കൂടാതെ വികസിക്കുകയുള്ളൂ. ഇതാണു് തൊഴിലാളി വർഗ്ഗത്തിൻെറ പ്രധാനശ്രദ്ധാവിഷയവും.

തൊഴിലാളിവർഗ്ഗം ആധുനിക സമുദായത്തിലെ ഭീമമായ ഉല്പാദനശക്തികൾ സൃഷ്ടിക്കുന്നു. മാർക്സ് പറഞ്ഞതുപോലെ "അദ്ധ്വാനത്തെ മഹത്വീകരിക്കുന്നതിനും സാമാന്യമായ സമൃദ്ധി സാദ്ധ്യമാക്കിത്തീർക്കുന്നതിനും തക്കവണ്ണം അതിൻെറ ഫലങ്ങൾ പല മടങ്ങു വൎദ്ധിപ്പിക്കുന്നതിനുമുള്ള" ഭൗതിക സാഹചര്യങ്ങളുണ്ടായിട്ടുള്ളതു തൊഴിലാളിവർഗ്ഗത്തിൻെറ സ്ഥിരപരിശ്രമം മൂലമാണു്. ആധുനിക വ്യവസായത്തിൻെറ ഒടുങ്ങാത്ത ഉല്പാദനശക്തികളുടെ സൃഷ്ടി, അദ്ധ്വാനത്തിൻെറ് മോചനത്തിനുള്ള ആദ്യത്തെ ഉപാധിയെ തൃപ്തിപ്പെടുത്തിയിരിക്കുന്നു. അവയുടെ വൻ തോതിലുള്ള വികാസം, ജനങ്ങളെ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും, ചൂഷകരും ചൂഷിതരുമായി വിഭജിക്കുന്നതിനുള്ള അടിത്തറയില്ലാതാക്കിയിരിക്കുന്നു. മുതലാളിവർഗ്ഗം അതിൻെറ ചരിത്രപരമായ കടമനിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു; അതു് ഉല്പാദനത്തിൻെറ, സമുദായത്തിൻെറ, മാനവരാശിയുടെ ഇനിയുള്ള വികാസത്തിനു ഒരു തടസ്സമായിത്തീന്നിരിക്കുന്നു. സാമാന്യമായ സമൃദ്ധിയും യഥാൎത്ഥമായ സമത്വവും സ്ഥാപിക്കുന്നതിനെ അതു തടയുന്നു. അദ്ധ്വാനത്തെ മോചിപ്പിക്കുന്നതിനുള്ള രണ്ടാമത്തെ ഉപാധി ഇപ്പോൾ തൊഴിലാളിവർഗ്ഗം തൃപ്തിപ്പെടുത്തേണ്ടിയിരിക്കുന്നു; അതായതു്,

സാമൂഹ്യസമ്പത്തുല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ മേലുള്ള സ്വകാര്യവും കുത്തകയുമായ ഉടമ അവസാനിപ്പിക്കുകയും അവയെ ഉല്പാദകരുടെ കൂട്ടായ നിയന്ത്രണത്തിലാക്കുകയും, സാമൂഹ്യസമ്പത്തിൻെറ ഉല്പാദനത്തിൽ മാത്രമല്ല, അതിൻെറ വിതരണത്തിലും മേൽനോട്ടത്തിലും സമുദായത്തിലെ ഓരോ അംഗത്തിനും പങ്കെടുക്കാൻ കഴിവുണ്ടാക്കിത്തീക്കുകയും ചെയ്യണം. ഉല്പാദനമാകെ ഒരാസൂത്രിതാടിസ്ഥാനത്തിലാക്കുകയും, എല്ലാവരുടെയും ന്യായമായ ആവശ്യങ്ങൾ കൂടുതൽ കൂടുതൽ തൃപ്തിപ്പെടുത്താൻ തക്കവിധം സാമൂഹ്യോല്പാദനം വികസിപ്പിക്കുകയും ചെയ്യണം.

മൂന്നാമതായി, ചൂഷണവ്യവസ്ഥ അവസാനിപ്പിക്കാൻ കഴിയാത്ത ഗുണങ്ങളുള്ള ഏകവർഗ്ഗം മുതലാളിത്ത സമുദായത്തിൽ തൊഴിലാളിവർഗ്ഗം മാത്രമാകുന്നു. തൊഴിലാളിവർഗ്ഗത്തിനു വലുപ്പത്തിൻെറ മെച്ചമുണ്ടു്; മുതലാളിത്തസമുദായത്തിലെ അസംഖ്യവർഗ്ഗങ്ങളിലൊന്നാണതു്; തന്നെയുമല്ല, നാം മുമ്പുപറഞ്ഞിട്ടുള്ളതുപോലെ, അതു വേഗത്തിൽ വളൎന്നുകൊണ്ടിരിക്കുന്ന ഒരു വർഗ്ഗമാകുന്നു. ഉല്പാദനത്തിൻെറയും തൊഴിലാളികളുടെ ജീവിതത്തിൻെറയും സാഹചര്യങ്ങൾതന്നെ ഒരുയൎന്ന നിലവാരത്തിലുള്ള സംഘടനയ്ക്കു-അവരെ കഴിവുള്ളവരാക്കിത്തീക്കുന്നു. വൻകിടവ്യവസായം സ്ഥാപിക്കുന്നതിനു ബൂർഷ്വാസിക്കു തൊഴിലാളിവർഗ്ഗത്തെ വലിയ നഗരങ്ങളിൽ ഒത്തുകൂട്ടുകയും കൂററൻവ്യവസായശാലകളിൽ കൂട്ടമായിച്ചേക്കുകയും ചെയ്യേണ്ടിയിരുന്നു. തൊഴി

ലാളികൾ ഒരുമിച്ച്, വലിയ കൂട്ടങ്ങളായി പണിയെടുക്കുന്നു. അതുകൊണ്ട് മറെറതൊരു സാമൂഹ്യവർഗ്ഗത്തേക്കാളും ഗ്രൂപ്പിനേക്കാളും വേഗത്തിൽ അവർ യൂണിയന്റെയും സംഘടനയുടെയും ആവശ്യത്തെക്കുറിച്ച് ബോധമുള്ളവരായിത്തീരുന്നു. ഒറ്റപ്പെടലിന്റെയും സ്വാർത്ഥതയുടെയും ദൗർബ്ബല്യത്തിന്റെയുംമനോഭാവം അവർ ഉപേക്ഷിക്കുന്നു തങ്ങൾ വ്യക്തിപരമായി ദുർബ്ബലരാണെങ്കിലും ഒരുമിച്ചു ചേർന്നാൽ ഒരജയ്യശക്തിയാണെന്ന് അവർ കൂടുതൽ കൂടുതൽ മനസ്സിലാക്കുന്നു. വികസിച്ചുവരുന്ന വിനിമയ സൗകര്യങ്ങളും, നഗരങ്ങളും പ്രദേശങ്ങളും തമ്മിലുള്ള റോഡുകളും, തൊഴിലാളികൾ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നു. തങ്ങളുടെ തൊഴിലിൻെറയും ജീവിതത്തിൻെറയും സാഹചര്യങ്ങൾ എല്ലായിടത്തും ഒരുപോലെ ചീത്തയാണെന്നും ഒരേ ചൂഷകവർഗ്ഗത്തേയാണു് തങ്ങൾക്കെല്ലായിടത്തും എതിരിടേണ്ടതെന്നും തൊഴിലാളികൾ കണ്ടുപിടിക്കുന്നു. ഒരേതാൽപര്യങ്ങളും ലക്ഷ്യങ്ങളുമാണു തങ്ങൾക്കുള്ളതെന്നു തൊഴിലാളികൾ അധികമധികം മനസ്സിലാക്കുന്നു. മററുതരത്തിൽ പറഞ്ഞാൽ, അവർ കൂടുതൽ കൂടുതൽ വർഗ്ഗബോധമുള്ളവരായിത്തീരുന്നു. കൂടാതെ ഉല്പാദനത്തിലും സമുദായത്തിന്റെ ജീവിതത്തിലാകെയും തൊഴിലാളിവർഗ്ഗം വഹിക്കുന്ന സ്ഥാനം അതിനെ മർദ്ദിതവർഗ്ഗങ്ങളിൽ ഏററവും സമരോത്സുകവും ശക്തിയുള്ളതുമാക്കിത്തീർക്കുന്നു.

മാനവചിന്തയുടെ ഏററവും മഹത്തായ നേട്ടമാണു് ശാസ്ത്രീയസോഷ്യലിസം. തത്വശാസ്ത്രത്തിന്റെയും

ചരിത്രത്തിൻെറയും ധനശാസ്ത്രത്തിന്റെ ഏററവും പുരോഗമനപരമായ സിദ്ധാന്തങ്ങളുടെ വികാസത്തിൻെറ ഫലമാണതു്. മുതലാളിത്തസമുദായത്തിൽ നിലനില്പിനു വേണ്ടി ദൈനംദിനം കഠിനസമരം ചെയ്യുകയും വിദ്യാഭ്യാസവും ശാസ്ത്രവും നിഷേധിക്കപ്പെടുകയും ചെയ്യുന്ന ചൂഷിതരായ തൊഴിലാളിവർഗ്ഗത്തിനു തന്നെത്താൻ ശാസ്ത്രീയസോഷ്യലിസത്തിൻെറ തത്വസംഹിതവളർത്തിയെടുക്കുവാൻ സാധിക്കുകയില്ല. ബുദ്ധിജീവികൾ ഈ ആശയസംഹിത സൃഷ്ടിക്കുകയും പുറമേനിന്നു് അതു തൊഴിലാളിവർഗ്ഗത്തിനുള്ളിലേക്കു കടത്തി വിടുകയും ചെയ്യുന്നു. പക്ഷെ സോഷ്യലിസ്റ്റു സിദ്ധാന്തം സ്വന്തമാക്കിത്തീർക്കാൻ തൊഴിലാളിവർഗ്ഗത്തിനൊരു പ്രയാസവുമില്ല. സ്വന്തം വർഗ്ഗതാൽപര്യങ്ങളും സമുദായത്തിൽ അതിനുള്ള പ്രത്യേകസ്ഥാനവും മനസ്സിലാക്കാൻ തൊഴിലാളിവർഗ്ഗത്തിൻെറ ജീവിത സാഹചര്യങ്ങൾ അതിനെ സഹായിക്കുന്നു. ഈ സാഹചര്യങ്ങൾ, പുരോഗമിച്ച ഒരു വിപ്ലവകരമായ ലോകവീക്ഷണം നേടുന്നതിനും അദ്ധ്വാനത്തിൻെറയും സമരങ്ങളുടേയും അനുഭവം കൊണ്ടു അതിൻെറ രാഷ്ട്രീയബോധം ഉറപ്പിക്കുന്നതിനും തൊഴിലാളിവർഗ്ഗത്തെ പ്രാപ്തിയുള്ളതാക്കിത്തീർക്കുന്നു. തൊഴിലാളികൾ, സമുദായത്തിലെ മററു വിഭാഗങ്ങളിലെ അംഗങ്ങളേക്കാൾ വസ്തുനിഷ്ഠബോധമുള്ളവരും പഴഞ്ചൻ സിദ്ധാന്തങ്ങളുടേയും മുൻധാരണകളുടേയും ബന്ധനം കുറവുള്ളവരുമാണു്. അവരുടെ ജീവിതംതന്നെ അവരെ പല വ്യാമോഹങ്ങളിൽനിന്നും മോചിപ്പി

കളനും താനനുഭവിക്കുന്ന മർദ്ദനത്തെ പ്രതിഷേധിക്കുന്നതിലൂടെ, മുതലാളിത്ത സമുദായത്തിൻെറ മുഖംമൂടിയായ ബൂർഷ്വാകാപട്യത്തെ തൊഴിലാളി നശിപ്പിക്കുന്നു. ഈ പ്രതിഷേധം അയാളുടെ മഹത്തരവും ഏറ്റവും മാനുഷികവുമായ സ്വഭാവവിശേഷങ്ങൾ വെളിപ്പെടുത്തുന്നു.

അതിൻെറ ചരിത്രപരമായ ദൗത്യം നിർവ്വഹിക്കുന്നതിനുള്ള സമരത്തിൽ, അതായത് മുതലാളിത്തം നശിപ്പിച്ചു തൽസ്ഥാനത്തു സോഷ്യലിസം സ്ഥാപിക്കുന്നതിനുള്ള സമരത്തിൽ തൊഴിലാളിവർഗ്ഗം ഒററക്കല്ല. ചൂഷണവും മർദ്ദനവും ഒഴിവാക്കുന്നതിൽ താല്പര്യമുള്ള വർഗ്ഗം അതു മാത്രമല്ല. ബൂർഷ്വാസമുദായത്തിൽ, ചൂഷകന്മാരുടെ സ്വേച്ഛാധിപത്യഭരണംകൊണ്ടു ദുരിതമനുഭവിക്കുന്ന മററു വർഗ്ഗങ്ങളും വിഭാഗങ്ങളുമുണ്ട്; ഇവരുടെ മുഖ്യതാല്പര്യങ്ങൾ തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങളോടൊപ്പം കിടക്കുന്നു. ഇവർ അദ്ധ്വാനിക്കുന്ന കർഷകർ, കൈവേലക്കാർ, ചെറുകച്ചവടക്കാർ പ്രത്യേക തൊഴിൽ ചെയ്യുന്നവർ (എഞ്ചിനീയർമാർ, സാങ്കേതികവിദഗ്ദ്ധന്മാർ, അദ്ധ്യാപകർ, ഡോക്ടർമാർ) ആഫീസ്ജീവനക്കാർ, കലാകാരന്മാർ, എന്നിവരാണു് സമുദായത്തിലെ ഈ വിഭാഗങ്ങൾക്കു സ്വന്തം പരിശ്രമം കൊണ്ടു മാത്രം മോചനം നേടാനാവില്ല. എന്നാൽ തൊഴിലാളിവർഗ്ഗത്തിൻെറ മഹത്തായ സമരത്തിൽ അതിൻെറ ബന്ധുക്കളും സഹായികളുമാകാനവർക്കു കഴിയും.

തൊഴിലാളിവർഗ്ഗം മുതലാളിത്താടിമത്തത്തിൽ നിന്നു സ്വയം മോചനം നേടുന്നതിലൂടെ സമുദായത്തെ

യാകെ മർദ്ദനത്തിൽ നിന്നു മോചിപ്പിക്കുന്നു. അതു സമുദായത്തിലെ മററു വിഭാഗങ്ങളിൽ നിന്നു യാതൊരു പ്രത്യേകാവകാശങ്ങളും ആവശ്യപ്പെടുന്നില്ല. ചൂഷണത്തിൽ നിന്നു സ്വയം മോചനം നേടാൻ എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളേയും അതു സഹായിക്കുന്നു.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ പറയുന്നു. "ചരിത്രത്തിൽ മുമ്പുണ്ടായിട്ടുള്ള എല്ലാ പ്രസ്ഥാനങ്ങളും ന്യൂനപക്ഷത്തിൻെറയൊ ന്യൂനപക്ഷത്തിൻെറ താൽപര്യങ്ങൾക്കു വേണ്ടിയുള്ളതോ ആയ പ്രസ്ഥാനങ്ങളായിരുന്നു. തൊഴിലാളിവർഗ്ഗപ്രസ്ഥാനം ബഹുഭൂരിപക്ഷത്തിൻെറ താൽപര്യങ്ങൾക്കുവേണ്ടിയുള്ള ബഹുഭൂരിപക്ഷത്തിൻെറ ബോധപൂർവ്വവും സ്വതന്ത്രവുമായ പ്രസ്ഥാനമാകുന്നു. നമ്മുടെ ഇപ്പോഴത്തെ സമുദായത്തിൽ ഏററവും അടിയിൽ കിടക്കുന്ന വിഭാഗമായ തൊഴിലാളിവർഗ്ഗത്തിനു്, അതിൻെറ മേൽ ഉറച്ചുകിടക്കുന്ന ഔദ്യോഗികസമുദായത്തിൻെറ എല്ലാവിഭാഗങ്ങളേയും വായുവിൽ തെറിപ്പിക്കാതെ സ്വയം ചലിക്കാനോ ഉയരാനോ സാധ്യമല്ല."

തൊഴിലാളി പ്രസ്ഥാനത്തിൻെറ സാർവ്വദേശീയസ്വഭാവം, മുതലാളിത്ത ബന്ധങ്ങളുടെ വളർച്ചയോടെ. ഉൽപാദനശക്തികളുടെ വികാസം എങ്ങിനെ ഒരു ലോകസമ്പദ്ഘടനയിലേക്കു നയിച്ചുവെന്നും, പ്രത്യേകരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ എങ്ങിനെ മുഴുവൻ ലോകത്തിലേക്കും വ്യാപിച്ചുവെന്നും ഈ സാമ്പത്തികബന്ധങ്ങളെ തുടൎന്നു രാഷ്ട്രങ്ങൾ തമ്മിൽ

KOTTAYAM PUBLIC LIBRARY KOTTAYAM

സാംസ്കാരികവും മററുപലതരത്തിലുമുള്ള ബന്ധങ്ങൾ എങ്ങിനെയുണ്ടായി എന്നും മാർക്സിന്റെയും എംഗൽസിന്റെയും കൃതികൾ വ്യക്തമാക്കുന്നുണ്ട്. "പഴയ പ്രാദേശികവും ദേശീയവുമായ ഏകാന്തതയുടേയും സ്വയം പര്യാപ്തതയുടേയും സ്ഥാനത്തു നാം കാണുന്നതു് എല്ലാ ദിക്കിലേക്കുമുള്ള പരസ്പരസമ്പർക്കവും രാഷ്ട്രങ്ങളുടെ സാർവ്വത്രികമായ പരസ്പരാശ്രിതത്വവുമാണു്"*

രാഷ്ട്രങ്ങളുടെ ഒരു ലോകകുടുംബത്തിലേക്കും ജനതകൾ തമ്മിലുള്ള ശത്രുതയും അസ്വസ്ഥതയും അകൽച്ചയും അന്യഥാത്വവും അവസാനിപ്പിക്കുന്നതിലേക്കുമുള്ള മാനവവംശത്തിന്റെ മുന്നേററത്തിലെ പുരോഗമനപ്രവണത തൊഴിലാളിവർഗ്ഗം പ്രകടമാക്കുന്നു.

ഉല്പാദനോപകരണങ്ങളുടെ മേലുള്ള ചൂഷകന്മാരുടെ സ്വകാര്യ ഉടമസ്ഥതയാണു ജനങ്ങളെ ഭിന്നിപ്പിക്കുകയും മററു ജനതകളെ അടിമപ്പെടുത്തിക്കൊണ്ടു യുദ്ധങ്ങളും രാഷ്ട്രാന്തരീയ ശത്രുതയുമുണ്ടാക്കുന്ന പ്രധാനഘടകം ചൂഷണം അവസാനിപ്പിച്ചു് ഒരു സോഷ്യലിസ്റ്റു സമുദായം കെട്ടിപ്പടുക്കുന്നതിലൂടെ മാത്രമെ (ഇതാണു തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ ദൌത്യ രാഷ്ട്രങ്ങൾ തമ്മിൽ അനശ്വരമായ സൗഹൃദയവും പൂർണ്ണമായ സമത്വവും സ്ഥാപിക്കാനാവുകയുള്ളു.

"ഒരു വ്യക്തിയുടെ മേലുള്ള മറെറാരാളുടെ ചൂഷണം അവസാനിപ്പിക്കുന്ന തോതിൽതന്നെ ഒരു രാഷ്ട്രത്തിന്റെ മേലുള്ള മറെറാന്നിന്റെ ചൂഷണവും അവസാനിക്കപ്പെടും.

---

* മാർക്സ്, എംഗൽസ്, തെരഞ്ഞെടുത്ത കൃതികൾ, മോസ്കോ 1962, വാല്യം 1, പുറം 38

"ഒരു രാഷ്ട്രത്തിനുള്ളിലെ വർഗ്ഗങ്ങൾ തമ്മിലുള്ള ശത്രുത അപ്രത്യക്ഷമാകുന്ന തോതിൽ തന്നെ ഒരു രാഷ്ട്രത്തിനു മറെറാന്നിനോടുള്ള ശത്രുതയും അവസാനിപ്പിക്കുന്നതാണു്." *

മററു രാഷ്ട്രങ്ങളുടെ നേരെ ശത്രുതയുണ്ടാക്കാവുന്ന യാതൊരു താൽപര്യങ്ങളും തൊഴിലാളി വർഗ്ഗത്തിനില്ല. വാസ്തവത്തിൽ എല്ലാരാജ്യങ്ങളിലെയും തൊഴിലാളികൾക്കു പൊതുവായി ഒരേ മൗലിക താൽപര്യവും ലക്ഷ്യവുമാണുള്ളതു്. മുതലാളിത്ത ചൂഷണം പിഴുതെറിയുകയാണതു്. അതു് കൊണ്ടാണു തൊഴിലാളിവർഗ്ഗം സാർവ്വദേശീയ മുടക്കുമുതലിന്റെ ശക്തിക്കെതിരായി സമരം ചെയ്യുന്ന ഒരു സാർവ്വദേശീയ ശക്തിയായിരിക്കുന്നതു്. സാർവ്വദേശീയത്വവും സാർവ്വദേശീയമായ ഐക്യദാർഢ്യവും എല്ലാരാജ്യങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പ്രവർത്തനൈക്യവും സോഷ്യലിസത്തിനുവേണ്ടിയുള്ള അവരുടെ സമരത്തിന്റെ വിജയത്തിനു് അവശ്യോപാധികളാണു്. എല്ല രാജ്യങ്ങളിലേയും തൊഴിലാളികളുടെയോജിച്ചസമരം കൂടാതെ ലോകമുതലാളിത്തത്തെ പരാജയപ്പെടുത്താനൊ ലോകസോഷ്യലിസം സ്ഥാപിക്കാനൊ സാദ്ധ്യമല്ല.

തൊഴിലാളിവർഗ്ഗപ്രസ്ഥാനം, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാർവ്വദേശീയ ഐക്യത്തിനും. സഹകരണത്തിനും വേണ്ടി പരിശ്രമിക്കുന്നു. അതുസാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റെ താൽപര്യങ്ങളെ പ്രത്യേകവും പ്രാദേശികവും ശുദ്ധമേ ദേശീയവുമായ താൽപര്യങ്ങൾക്കുപരിയായി കരുതുന്നു. ഐക്യവും യോജിച്ചപ്രവ

*ടി പുറം 51.

ത്തനവും ആരാഞ്ഞുകൊണ്ടു്, പരസ്പരം സഹായിക്കുക യും പിന്താങ്ങുകയും ചെയ്തുകൊണ്ടു്, തൊഴിലാളിവർഗ്ഗ ത്തിൻെറ വിവിധ ദേശീയഘടകങ്ങൾ തങ്ങളുടെ സാർ വ്വദേശീയഐക്യദാർഢ്യം പ്രദർശിപ്പിക്കുന്നു. പക്ഷെ അവരുടെ ബന്ധങ്ങൾ സ്വന്തം ഇഷ്ടയുടെ അടിസ്ഥാ നത്തിൽ, തൊഴിലാളിവർഗ്ഗത്തിൻെറ ഓരോ ദേശീയഘ ടകത്തിനും പരമാധികാരമുള്ളതാണെന്നും സ്വന്തം കാ ര്യങ്ങൾ അതിനു യുക്തമെന്നു തോന്നുന്നതരത്തിൽ തീരു മാനിക്കാനവകാശമുണ്ടെന്നുമുള്ള ധാരണയിൽ മാത്രമെ ശക്തിപ്പെടുത്താൻ സാധിക്കുകയുള്ളു. വിവിധ രാഷ്ട്രങ്ങ ളിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളോ ടുള്ള ബഹുമാനത്തിനും പൂർണ്ണമായ സ്വാതന്ത്ര്യത്തിനും മാത്രമെ പരസ്പരവിശ്വാസവും സഹകരിക്കാനുള്ള ആഗ്ര ഹവും വളർത്താൻ കഴിയും ദേശീയപക്ഷപാതങ്ങൾ വള ർത്താനും വർഗ്ഗപരമായ സമീപനത്തിനു പകരം വംശപ രമായ സമീപനം സ്വീകരിക്കാനുമുള്ള പരിശ്രമങ്ങൾ എല്ലാരാജ്യങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങൾക്കു് ഏററവും ഹാനികരമാണു്. അതിനു ശാസ്ത്രീയ സോഷ്യലിസവുമായി യാതൊരു ബന്ധവു മില്ല. സമരത്തിൻെറ ലക്ഷ്യങ്ങൾ നിർണ്ണയിക്കുന്നതു ജനങ്ങളുടെ സാമൂഹ്യസ്ഥിതിയെ, അവർ ഏതുവർഗ്ഗ ത്തിൽ പെട്ടിരിക്കുന്നുവെന്നതൊ അല്ലെന്നും അവരുടെ തൊലിയുടെ നിറമൊ ദേശീയ സ്വഭാവമോ ആണെന്നും ജനങ്ങളെ വിശ്വസിപ്പിക്കുന്നതിൽനിന്നു സാമ്രാജ്യവാദി കൾക്കു മാത്രമെ ഗുണമുണ്ടാവുകയുള്ളു. "സർവ്വരാജ്യ

തൊഴിലാളികളേ! സംഘടിക്കുക!" എന്ന മാർക്സിന്റെയും എംഗത്സിൻെറയും അനശ്വരമായ മുദ്രാവാക്യം തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ അലംഘനീയമായ സാർവ്വദേശീയതത്വം വ്യക്തമാക്കുന്നു.

ഒരു വിപ്ളവപ്പാർട്ടിയുടെ ആവശ്യകത. തൊഴിലാളിവർഗ്ഗം അതിൻെറ സ്വന്തമായ ഒരു രാഷ്ട്രീയപ്പാർട്ടി രൂപീകരിക്കുകയാണെങ്കിൽ അതിൻെറ ചരിത്രപരമായ ദൗത്യം നിർവ്വഹിക്കാൻ, അതായത് സോഷ്യലിസ്ററു സമുദായത്തിലേക്കു മുതലാളിത്തസമുദായത്തിൻെറ വിപ്ളവകരമായ പരിവർത്തനം നടത്താൻ സാധിക്കുമെന്നു മാർക്സും, എംഗത്സും സ്ഥാപിച്ചു. ശാസ്ത്രീയ സോഷ്യലിസത്തിൻെറ സ്ഥാപകന്മാർ മഹാപണ്ഡിതന്മാർ മാത്രമല്ല, വിപ്ളവസമരങ്ങളുടെ കഴിവുററ സംഘടകന്മാരുമായിരുന്നു. ഒരു തൊഴിലാളിവർഗ്ഗപാർട്ടി സ്ഥാപിക്കുന്നതിനും ഉറപ്പിക്കുന്നതിനുമുള്ള പരിശ്രമത്തിൽ അവർ ദശാബ്ദങ്ങൾതന്നെ ചിലവഴിച്ചു. അവർ 1847-ൽ, കമ്മ്യൂണിസ്റ്റ് ലീഗ് എന്നറിയപ്പെട്ട ആദ്യത്തെ കമ്മ്യൂണിസ്റ്റ് സംഘടനസ്ഥാപിച്ചു. സുപ്രസിദ്ധമായ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ, ലീഗിൻെറ ഒരു പരിപാടി രേഖയാണു പ്രസിദ്ധീകരിക്കപ്പെട്ടതു് 1864-ൽ മാർക്സും, എംഗത്സും മുൻകയ്യെടുത്തു് ഇൻറർനാഷണൽ വക്കിങ് മെൻഡ് അസോസിയേഷൻ (ഒന്നാം ഇൻറർ നാഷനൽ) സ്ഥാപിച്ചു മുതലാളിത്തരാജ്യങ്ങളിൽ തൊഴിലാളിപ്പാർട്ടികൾ സ്ഥാപിക്കാനുള്ള സാഹചര്യങ്ങൾ അതു സൃഷ്ടിച്ചു.

കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോ തൊളിലാളിവർഗ്ഗപ്പാർട്ടിയുടെ നയത്തിൻെറ അടിസ്ഥാനതത്വങ്ങൾ

നിർവ്വചിച്ചു. പാർട്ടി, തൊഴിലാളിവർഗ്ഗത്തിന്റെയാകെ താൽപര്യങ്ങളല്ലാതെ മറെറാരു താൽപര്യവുമില്ലെന്ന് അതു വ്യക്തമാക്കി. വിവിധരാജ്യങ്ങളിലെ തൊഴിലാളികളുടെ സമരത്തിൽ, ദേശീയവ്യത്യാസങ്ങരം പരിഗണിക്കാതെ മുഴുവൻ തൊഴിലാളിവർഗ്ഗത്തിൻെറയും പൊതുവായ താൽപര്യങ്ങളെ പാർട്ടി പിന്താങ്ങി. ബൂർഷ്വാസിക്കെതിരായുള്ള തൊഴിലാളി വർഗ്ഗത്തിൻെറ സമരം വളച്ച്യുടെ വിവിധഘട്ടങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്നു. എന്നാൽ യഥാത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിൻേറതായ പാർട്ടി ഈ എല്ലാഘട്ടങ്ങളിലും പ്രസ്ഥാനത്തെയാകെ പ്രതിനിധീകരിച്ചു. തൊഴിലാളിവർഗ്ഗത്തിൻെറ അടിയന്തിരലക്ഷ്യങ്ങരംക്കും താല്പര്യങ്ങരംക്കും വേണ്ടിയുള്ള സമരത്തിൽ, പ്രസ്ഥാനത്തിൻെറ ഭാവി ഇന്നത്തെ പ്രസ്ഥാനത്തിൽ പാർട്ടി ഉയത്തിപ്പിടിച്ചു. ഒരു വർഗ്ഗരഹിതസമുദായം സ്ഥാപിക്കുകയെന്ന തൊഴിലാളി പ്രസ്ഥാനത്തിൻെറ അന്തിമലക്ഷ്യം, പാർട്ടി അതിൻെറ പ്രവത്തനത്തിൽ ഒരിക്കലും ഉപേക്ഷിച്ചില്ല. കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോയിൽ നമുക്കു വായിക്കാം; "അതുകൊണ്ടു കമ്മ്യൂണിസ്റ്റുകാർ ഒരു വശത്തു പ്രായോഗികമായി, ഓരോ രാജ്യത്തിലെയും തൊഴിലാളിവർഗ്ഗപ്പാർട്ടികളുടെ ഏറ്റവും വളന്നതും നിശ്ചയദാർഢ്യമുള്ളതുമായവിഭാഗമാകുന്നു, മറ്റെല്ലാവരെയും മുന്നോട്ടു നീക്കുന്ന വിഭാഗംമറുവശത്ത്, താത്വികമായി, അവക്കു തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള ഗതിയുടെ സ്വഭാവത്തെയും ഉപാധികളെയും അന്തിമമായ സാമാന്യ ഫല

ങ്ങളേയും സംബന്ധിച്ച വിപുലമായ തൊഴിലാളിവർഗ്ഗ ബഹുജനങ്ങളേക്കാൾ വ്യക്തമായ ധാരണയുണ്ടെന്ന മെച്ചവുമുണ്ട്."

സാമൂഹ്യവും രാഷ്ട്രീയവുമായ ചൂഷണസമ്പ്രദായത്തിനെതിരായുള്ള എല്ലാ വിപ്ലവപ്രസ്ഥാനത്തേയും തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപാർട്ടി എല്ലായിടത്തും പിന്താങ്ങുന്നു. എല്ലാ രാജ്യങ്ങളിലെയും ജനാധിപത്യകക്ഷികൾക്കിടയിൽ അത് യോജിപ്പിനും പരസ്പര ധാരണയ്ക്കും വേണ്ടി എല്ലായിടത്തും പരിശ്രമിക്കുന്നു.

വ്യത്യസ്ഥമായ ചരിത്ര സാഹചര്യങ്ങളിൽ ലെനിൻ, തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ളവപാർട്ടിയെ സംബന്ധിച്ച, അതിന്റെ സംഘടനയേയും നയങ്ങളേയും സംബന്ധിച്ച മാർക്സിന്റെയും എംഗത്സിന്റെയും നിഗമനങ്ങളെ വീണ്ടും മുന്നോട്ടുകൊണ്ടുപോയി. അദ്ദേഹം തൊഴിലാളിവർഗ്ഗപ്പാർട്ടിക്കനുരൂപമായ ഒരു സിദ്ധാന്തം ആവിഷ്കരിച്ചു; തൊഴിലാളിവർഗ്ഗത്തെയും പൊതുവിൽ അദ്ധ്വാനിക്കുന്ന ജനങ്ങളെയും സംബന്ധിച്ചിടത്തോളം പാർട്ടിക്കുള്ള നേതൃത്വപരമായ പങ്ക് അദ്ദേഹം വിശദമാക്കി; അതിന്റെ അഭ്യന്തരജീവിതത്തിന്റെയും നയങ്ങളുടെയും തത്വങ്ങൾ വികസിപ്പിക്കുകയും ചെയ്തു.

അധികാരത്തിനുവേണ്ടിയുള്ള സമരത്തിൽ തൊഴിലാളിവർഗ്ഗത്തിനു സംഘടനയല്ലാതെ മറെറാരായുധവുമില്ലെന്നു ലെനിൻ ചൂണ്ടിക്കാണിച്ചു. ബൂർഷ്വാലോകത്തിൽ അരാജകമത്സരത്താൽ തൊഴിലാളിവർഗ്ഗം യോജിപ്പില്ലാതെയും ഭിന്നിപ്പിക്കപ്പെട്ടുമിരിക്കുന്നു, മുതലാളിമാർക്

വേണ്ടിയുള്ള നിർബന്ധിതാദ്ധ്വാനത്താൽ അതു ചവുട്ടി യരയ്ക്കപ്പെടുന്നു. ചൂഷണവ്യവസ്ഥയാൽ നിരന്തരം പരമ ദാരദ്ര്യത്തിന്റെയും കാടത്തത്തിന്റെയും അധഃപതന ത്തിന്റെയും "അഗാധഗർത്തങ്ങ"ളിലേക്ക് വലിച്ചെറിയ പ്പെടുന്നു. ശാസ്ത്രീയസോഷ്യലിസത്തിന്റെ സിദ്ധാന്ത ങ്ങൾ പ്രകാരമുള്ള ആശയപരമായ ഐക്യത്തോടൊപ്പം സംഘടനയുടെ ഭൗതികമായ ഐക്യംക്കൂടിയുണ്ടായാൽ മാത്രമെ തൊഴിലാളിവർഗ്ഗം ഒരജയ്യശക്തിയായിത്തീരു കയുള്ളൂ; അനിവാര്യമായും അതങ്ങിനെയായിത്തീരു കയും ചെയ്യും. ഇതു കോടിക്കണക്കിനു തൊഴിലാളികളെ ഒരു തൊഴിലാളിവർഗ്ഗസൈന്യമാക്കിത്തീർക്കുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണി വിഭാ ഗവും ഏററവുമുയൎന്ന വർഗ്ഗസംഘടനയുമാണു പാർട്ടി. തൊഴിലാളിവർഗ്ഗത്തിനു പല സംഘടനകളുമുണ്ടെ ങ്കിലും (ട്രെയിഡ്യൂണിയനുകൾ, പരസ്പരസഹായസംഘ ങ്ങൾ, യുവജനസംഘടനകൾ, സഹകരണസംഘങ്ങൾ തുടങ്ങിയവ) അതിന്റെ രാഷ്ട്രീയപ്പാർട്ടിക്കുമാത്രമെ തൊഴിലാളിവർഗ്ഗത്തിന്റെ മൗലികതാല്പര്യങ്ങൾ പ്രക ടിപ്പിക്കാനും അതിന്റെ പൂർണ്ണവിജയം ഉറപ്പു ചെയ്യാനും കഴിയുകയുള്ളൂ. പാർട്ടി ഏററവും ഉയൎന്നതര ത്തിലുള്ള രാഷ്ട്രീയസംഘടനയായതിനാൽ അതുതൊഴി ലാളിവർഗ്ഗത്തിന്റെ താല്ക്കാലികാവശ്യങ്ങൾക്കു വേണ്ടി യുള്ള സമരത്തിൽമാത്രം ഒതുങ്ങി നില്ക്കുന്നില്ല. നേരെ മറിച്ചു സമുദായത്തെ വിപ്ലവകരമായ രീതിയിൽ പരി വർത്തനം ചെയ്യാൻ വേണ്ടി തൊഴിലാളിവർഗ്ഗത്തെ അധികാരത്തിലെത്തിക്കാൻ പരിശ്രമിക്കുന്നു.

തൊഴിലാളിവർഗ്ഗപ്പാർട്ടി, തൊളിലാളിവർഗ്ഗത്തിൻെറ ഏററവുമധികം രാഷ്ട്രീയബോധമുള്ള വിഭാഗമാകുന്നു. അതു തൊഴിലാളിവർഗ്ഗത്തെയും എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളെയും യോജിപ്പിക്കുകയും വിദ്യാഭ്യാസം ചെയ്യിപ്പിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്നു. തങ്ങളുടെ താല്പര്യങ്ങളും സ്ഥാനവും മനസ്സിലാക്കുവാനും തങ്ങളുടെ സ്വന്തമായ നയം സ്വീകരിക്കുവാനും അതു് അവരെ പഠിപ്പിക്കുന്നു. അവരുടെ പാർട്ടിയുടെ അണികളിൽ, ഏററവും പുരോഗമിച്ച തൊഴിലാളികൾ താത്വികവിജ്ഞാനവും രാഷ്ട്രീയാനുഭവവും നേടുന്നു ഇതു തൊഴിലാളിവർഗ്ഗത്തിൻെറ ഏതു രൂപത്തിലുമുള്ള വർഗ്ഗസമരം നയിക്കുന്നതിനും ആവശ്യമാണു്. അതിൻെറ വർഗ്ഗത്തിലെ ഏററവും പുരോഗമിച്ച വിഭാഗത്തിന്റെ സംഘടനയായതിനാലും ഒരു വിപ്ലവകരമായ ശാസ്ത്രീയ സിദ്ധാന്തത്താൽ ആയുധമണിഞ്ഞിട്ടുള്ളതിനാലും തൊഴിലാളിവർഗ്ഗപ്പാർട്ടിക്കു് ചൂഷണവ്യവസ്ഥകൊണ്ടും ബൂർഷ്വാപ്രചരണംകൊണ്ടും അദ്ധ്വാനിക്കുന്ന ജനങ്ങളെ ഭിന്നിപ്പിക്കുവാനുള്ള മുതലാളിമാരുടെ പരിശ്രമംകൊണ്ടും ജനങ്ങൾക്കിടയിൽ നിലനിൽക്കുന്ന പഴയ സമുദായത്തിൻെറ പാരമ്പര്യങ്ങളെയും മുൻവിധികളെയും ചാഞ്ചാട്ടങ്ങളെയും എതിരിടാൻ കഴിയുന്നു. മുതലാളിത്തത്തെ മറിച്ചിടുന്നതിലും ബൂർഷ്വാസിയെക്കൂടാതെയും ബൂർഷ്വാസിക്കെതിരായും സമൂഹ്യജീവിതം സംഘടിപ്പിക്കുന്നതിലും അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ എല്ലാജനങ്ങളുടെയും അദ്ധ്യാപകനും നേതാവുമാണു പാർട്ടി.

മുന്നണിപ്പടയും ദശലക്ഷക്കണക്കിനുള്ള തൊഴിലാളികളും, ബഹുജനങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ മൂർത്തീകരണമാണു മാർക്സിസ്റ്റു പാർട്ടി; അതൊരു വർഗ്ഗത്തിൻെറ പാർട്ടിയാണെങ്കിലും, ജനങ്ങളുടെ മററു വിഭാഗങ്ങളിലും അതിനു ആഴത്തിൽ വേരുകളുണ്ടു്. അതിൻെറ അംഗങ്ങൾ സാധാരണ തൊഴിലാളികളും കർഷകരും ബുദ്ധിജീവികളുമാകുന്നു; അതായത്തു്, സാധാരണ ജനങ്ങളുടെ സന്താനങ്ങൾ എന്നാൽ, ഒരുയൎന്ന നിലവാരത്തിലുള്ള രാഷ്ട്രീയബോധവും ആശയപരമായ ഉറപ്പും, അതുകൊണ്ടുതന്നെ വിപ്ലവസ്ഥിരിട്ടും, പാർട്ടിനേടാൻ പരിശ്രമിക്കുന്ന മഹത്തായ ആശയത്തിനുവേണ്ടി എല്ലാ ബുദ്ധിമുട്ടുകളും സഹിക്കാനുള്ള സന്നദ്ധതയുംകൊണ്ടു് അവർ തിരിച്ചറിയപ്പെടുന്നു. അവരുടെ താല്പര്യങ്ങൾ ജനങ്ങളുടെ താല്പര്യങ്ങളാണു്. പാർട്ടി, ജനങ്ങളുമായുള്ള അതിൻെറ ബന്ധങ്ങൾ വളത്താനും ശക്തിപ്പെടുത്താനും സ്വന്തംവർഗ്ഗത്തിൻെറ വിശ്വാസം നേടാനും എല്ലാ പരിശ്രമവും നടത്തുന്നു. അതു ജനങ്ങളുടെ യഥാൎത്ഥ നേതാവാകുന്നത്തു് അതിൻെറ നേതൃത്വപരമായ പങ്കിനെപ്പററി വിളംബരംചെയ്യുന്നതുകൊണ്ടല്ല; നേരെമറിച്ചു്, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കുകയും അവരുടെ താല്പര്യങ്ങൾ വേണ്ടവിധം വ്യക്തമാക്കുകയും സംരക്ഷിക്കുകയും, അതിന്റെ അഭിപ്രായങ്ങൾ ശരിയാണെന്നും, വെറും വാക്കുകൾകൊണ്ടല്ല, പ്രവൃത്തികൊണ്ടു്, അതിൻെറ നയവും മുൻകയ്യും സമർപ്പണമനോഭാവവും കൊണ്ടു് അവരെ നയിക്കാൻ കഴിവുള്ളതാണെന്നും അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങൾ എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം പ്രവത്തിക്കുകയെന്നതു സ്വന്തം കടമയായി പാർട്ടി കണക്കാക്കുന്നു; എല്ലാസംഘടനകളിലും അസംഘടിതരായ ബഹുജനങ്ങൾക്കിടയിലും പ്രവത്തിക്കുക, ഏറ്റവും പിന്നോക്കം കിടക്കുന്നവരും അറിവില്ലാത്തവരുമായ ജനവിഭാഗങ്ങളിലുമെത്തിച്ചേരുക, അവരോടു സംസാരിക്കുകയും അവരുമായി അടുത്തബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതെങ്ങിനെയെന്നു മനസ്സിലാക്കുക, ക്ഷമയോടുകൂടി അവരുടെ വിപ്ലവബോധം വളത്തിയെടുക്കുക ഇതെല്ലാം ചെയ്യുന്നു. ജനങ്ങൾക്കിടയിൽ പ്രവത്തിക്കുമ്പോഠ, പാർട്ടി അതിൻെറ സിദ്ധാന്തത്തെ അരിഞ്ഞുണങ്ങിയ ശുഷ്കസിദ്ധാന്തമൊ പാണ്ഡിത്യപ്രകടനമോ ആക്കിത്തീർക്കാതിരിക്കാൻ ശ്രദ്ധിക്കണം. കാരണം, ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതു പുസ്തകങ്ങൾ കൊണ്ടുമാത്രമല്ല; എല്ലാത്തിനുമുപരി, പാർട്ടികൂടി പങ്കെടുക്കുന്ന അവരുടെ ദൈനംദിന സമരങ്ങളുടെ അനുഭവങ്ങൾ കൊണ്ടാണു്. പാർട്ടി ജനങ്ങളുടെ അനുഭവവും അവരുടെ വർഗ്ഗബോധത്തിൻെറ നിലവാരവും കണക്കിലെടുക്കുകയും യാഥാർത്ഥ്യത്തെ വിസ്മരിക്കാതിരിക്കുകയും സംഭവവികാസങ്ങൾ അടിച്ചേല്പിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ മാത്രമെ അതിനു ജനങ്ങളെ നയിക്കാൻകഴിയുകയുള്ളു. സമരം ചെയ്യാൻ ബഹുജനങ്ങൾ തീരുമാനിക്കുന്നതിനു് മുദ്രാവാക്യങ്ങൾ മുന്നോട്ടു വച്ചാൽ മതിയാവുകയില്ല. അവ എത്രമാത്രം വിപ്ലവകരമാണെങ്കിലും. ജനങ്ങളുടെതന്നെ രാഷ്ട്രീയാനുഭവവും,

പാർട്ടി നിർദ്ദേശിക്കുന്ന തരത്തിൽ പ്രവർത്തിക്കണമെന്നുള്ള ദൃഢബോദ്ധ്യവുമാണാവശ്യം. ജനങ്ങളുടെ രാഷ്ട്രീയബോധം കണക്കിലെടുക്കുന്നതിൽ, പാർട്ടി ചെയ്യേണ്ടതു പിന്നണിയിൽകിടക്കുന്നവരുടെ ബോധത്തിനനുസൃതമായി പോറുകയൊ സംഭവങ്ങൾ സ്വയം ഒഴുകിനടക്കാൻ അനുവദിക്കുകയൊ അല്ല. യാഥാർത്ഥ്യത്തിൽനിന്നു തുടങ്ങുകയും യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത എല്ലാ പദ്ധതികളും പരിപാടികളും ഉപേക്ഷിക്കുകയും ചെയ്യുമ്പോൾ തന്നെ, ഒരു മാർക്സിസ്റ്റ് പാർട്ടി സ്വയമുണ്ടാവുന്ന പ്രസ്ഥാനത്തിൻെറ മുന്നിലെത്തുകയും ചെയ്യണം. ഈ കടമനിർവ്വഹിക്കാൻ അതിനുകഴിയും ജനങ്ങളുടെയാകെയും അനുഭവത്തെ അതു സമാഹരിക്കുന്നു, അതിനെ ചരിത്രത്തിൻെറയും സാർവ്വദേശീയാനുഭവത്തിൻെറയും ശാസ്ത്രീയ സോഷ്യലിസത്തിൻെറയും വെളിച്ചത്തിൽ വിലയിരുത്തുന്നു. പൂർണ്ണമായി പ്രകടമായിട്ടില്ലാത്തതും ഭാവിയിലേക്കുള്ളതുമായ പ്രവണതകളെയും അതു തിട്ടപ്പെടുത്തുകയും അതുകൊണ്ടു തന്നെ ജനങ്ങൾക്കുതാല്പര്യമുള്ള പ്രശ്നങ്ങൾക്കു തക്കസമയത്തു പോംവഴികൾ നിർദ്ദേശിക്കാൻ അതിനു കഴിയുകയും ചെയ്യുന്നു.

ജനങ്ങളിൽനിന്നും പഠിച്ചാൽ മാത്രമേ, അതായതു്, ജനങ്ങളുടെ അനുവാദത്തെ സൂക്ഷ്മതയോടുകൂടി പഠിക്കുകയും ജനങ്ങളുടെ കൂട്ടായ അറിവ് ഉൾക്കൊള്ളുകയും ചെയ്താൽ മാത്രമെ പാർട്ടിക്കു ജനങ്ങളെ നയിക്കാൻ കഴിയുകയുള്ളു. ജനങ്ങളെ നയിക്കാൻ വേണ്ടി അവരിൽനിന്നു പഠിക്കുക — ഇതാണു ശാസ്ത്രീയ സോഷ്യലിസ

ത്തിൻെറ മാർഗ്ഗം സ്വീകരിക്കുന്ന വിപ്ലവപാർട്ടികൾ അനുവർത്തിക്കുന്ന നേതൃത്വത്തിൻെറ തത്വം.

ജനങ്ങൾക്കിടയിൽ ഏററവുമധികം പ്രശസ്തിയുള്ള ഒരു പാർട്ടിക്കുപോലും, അതിൻെറ പ്രശസ്തി വർദ്ധിപ്പിക്കുന്നതിലും അതിൻെറ നയത്തിനും അതു സ്വീകരിക്കുന്ന ഓരോ നടപടികൾക്കും ജനങ്ങളുടെ പിന്തുണ ലഭിക്കുന്നതിലും ശ്രദ്ധിക്കാതിരുന്നാൽ, പ്രശസ്തി നഷ്ടപ്പെടുന്നതാണ്. തെററുപററാത്ത ഒരദ്ധ്യാപകനെപ്പോലെ പെരുമാറാൻ പാർട്ടിക്കു സാദ്ധ്യമല്ല. അതു ജനങ്ങളോടു തുറന്നുപറയണം; തെററുകളെ ദൌർബ്ബല്യങ്ങളോ പ്രയാസങ്ങളോ മറച്ചുവയ്ക്കരുതു്. യഥാർത്ഥ്യത്തിൽ നിന്നുണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടേയും ചർച്ചയിലും തീരുമാനത്തിലും ജനങ്ങൾ സജീവമായി പങ്കെടുക്കുകയെന്നതു മർമ്മപ്രധാനമാണു്.

തൊഴിലാളിവർഗ്ഗപ്പാർട്ടിക്കു മുതലാളിത്തത്തിന്റെ നേരെ അസഹിഷ്ണുതയാണുള്ളതു്. വിപ്ലവാവേശം അതിൻെറ ഒരു സ്വഭാവവിശേഷമാണ്. അതെപ്പോഴും പറയുന്നതുപോലെ തന്നെ പ്രവർത്തിക്കുന്നു. അതു ശാസ്ത്രീയസോഷ്യലിസത്തിൻെറ വിപ്ലവസിദ്ധാന്തവും, ചൂഷണം അവസാനിപ്പിച്ചു സമുദായത്തെ സോഷ്യലിസ്റ്റു രീതിയിൽ പുനഃസംഘടിപ്പിക്കാനുള്ള സമരത്തിലെ വിപ്ലവപ്രവർത്തനവും കൂട്ടിയിണക്കുന്നു.

പാർട്ടിയുടെ വിപ്ലവസ്വഭാവം അതിൻെറ സംഘടനാതത്വങ്ങളേയും അതിൻെറ ആഭ്യന്തരജീവിതത്തിൻെറ മാനദണ്ഡങ്ങളേയും അതിൻെറ പ്രവർത്തനത്തിലുള്ള ഐക്യത്തേയും അതിൻെറ അടവുകളിലുള്ള അയവിമനയും നിർണ്ണയിക്കുന്നു.

സ്വന്തം വർഗ്ഗത്തിന്റെയാകെ താല്പര്യങ്ങൾ വേണ്ടവിധം പ്രകടിപ്പിക്കുകയും, വർഗ്ഗശത്രുവിനെതിരായും ഒരു പുതിയ സമുദായം സ്ഥാപിക്കാനുമുള്ള സമരത്തിൽ വിജയം നേടാൻ കഴിവുള്ള ഒരു സംഘടനയുണ്ടാവുകയും ചെയ്യണമെങ്കിൽ കേന്ദ്രീകരണത്തിന്റെ തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണം പാർട്ടി. ഇതിന്റെ അർത്ഥം, അതിനു് ഒരൊററ കേന്ദ്രീകൃതനേതൃത്വമുണ്ടായിരിക്കണമെന്നും എല്ലാ അംഗങ്ങൾക്കും ബാധകമായ ഒരൊററ അച്ചടക്കമുണ്ടായിരിക്കണമെന്നും, ന്യൂനപക്ഷം ഭൂരിപക്ഷത്തിന്റെ ഇച്ഛക്കും കീഴ്ഘടകങ്ങൾ മേൽഘടകങ്ങൾക്കും കീഴ്വഴങ്ങണമെന്നുള്ള തത്വം അതനുസരിക്കണമെന്നുമാണു്. ഈ വ്യവസ്ഥകൊണ്ടുമാത്രമാണു പാർട്ടിക്കു തൊഴിലാളിവർഗ്ഗത്തിന്റെ ഏകമായ ഇച്ഛ പ്രകടിപ്പിക്കാനും ഒറ്റയൊറ്റയായ എണ്ണമററസമരങ്ങളെ ഒരു പൊതുസമരത്തിൽ കൂട്ടിയിണക്കാനും എല്ലാശക്തികളെയും അണിനിരത്തി ഒരൊറ്റലക്ഷ്യത്തിലേക്കു തിരിച്ചുവിടാനും കഴിയുന്നതു്.

എന്നാൽ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി ചൂഷണം അവസാനിപ്പിച്ചു് ഒരു സോഷ്യലിസ്ററു സമുദായം കെട്ടിപ്പടുക്കാനുള്ള സമരത്തിനു സ്വയം അർപ്പിച്ചിട്ടുള്ളവരും ഒരേവഴിക്കു ചിന്തിക്കുന്നവരുമായ ആളുകൾ സ്വയം ചേർന്നുണ്ടാക്കുന്ന സംഘടനയാണു്. അതുകൊണ്ടു് അതിന്റെ പൊതുവായ ഇച്ഛ രൂപപ്പെടുത്താൻ കഴിയുന്നതു ജനാധിപത്യപരമായ രീതികളിൽ, അതായതു്, യോജിച്ചുള്ള കൂട്ടായ പരിശ്രമത്തിൽക്കൂടി മാത്രമാണു്. എപ്പോഴും പാർട്ടി ഓരോ അംഗത്തിന്റെ

യും പ്രവത്തനത്തെ പ്രോത്സാഹിപ്പിക്കുകയും പാർട്ടി ജീവിതത്തിൻെറ പ്രധായ പ്രശ്നങ്ങൾ ചച്ച്ചെയ്യുന്നതിൽ അവർ പങ്കെടുക്കുന്നതിന്നുറപ്പുണ്ടാക്കുകയും ചെയ്യണം. ഇത്തരം ചച്ച് വിവിധ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അനുഭവവും പുറത്തുകൊണ്ടുവരുകയും ഒടുവിൽ എല്ലാവർക്കും ബാധകമായ തീരുമാനങ്ങളിൽ ചെന്നെത്തുകയും ചെയ്യുന്നു. അങ്ങിനെ ഈ പുതിയതരത്തിലുള്ള കേന്ദ്രീകരണം ജനാധിപത്യകേന്ദ്രീകരണമാകുന്നു. അതു പാർട്ടി അംഗങ്ങളുടെ വലിയ വിഭാഗത്തിൻെറ അംഗീകരണത്തിൻെറയും ഇച്ഛയുടേയും അടിസ്ഥാനത്തിലുള്ളതാണ്. ഏതൊരു പാർട്ടി സംഘടനയിലും ജനാധിപത്യകേന്ദ്രീകരണം അത്ഥമാക്കുന്നത്, കർശനമായ അച്ചടക്കത്തോടും ന്യൂനപക്ഷം ഭൂരിപക്ഷത്തിനും കീഴ്ഘടകങ്ങൾ മേൽഘടകങ്ങൾക്കും കീഴ്വഴങ്ങുന്നതോടുമൊപ്പം മുകളിൽ മുതൽ അടിയിൽവരെയുള്ള എല്ലാ നേതൃത്വ ഘടകങ്ങളും തെരഞ്ഞെടുക്കപ്പെടണമെന്നും അവയെ തെരഞ്ഞെടുത്ത പാർട്ടിസംഘടനകൾക്കു കൃത്യമായ സമയപരിധിക്കുള്ളിൽ തങ്ങളുടെ പ്രവത്തനത്തെ സംബന്ധിച്ചു റിപ്പോർട്ടു ചെയ്യണമെന്നുമാണ്. ഇത്തരത്തിൽ അതു ഓരോ പാർട്ടി അംഗത്തിനും എല്ലാപ്രശ്നങ്ങളും ചച്ച്ചെയ്യുന്നതിന്നും തീരുമാനങ്ങളുടെ നിർവ്വഹണത്തെ നിയന്ത്രിക്കുന്നതിനും നേതാക്കന്മാരെ തെരഞ്ഞെടുക്കുവാനും അവരുടെ പ്രവത്തനത്തെപ്പററി അറിയാനും പരിശോധിക്കാനും അവകാശം നൽകുന്നു.

മററുവശത്തു്, ഒരിക്കൽ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ ഓരോ അംഗവും അതിനു വഴങ്ങണമെന്നും ഉത്തമവിശ്വാസത്തോടെ അതു നടപ്പിലാക്കണമെന്നും പാർട്ടി പ്രതീക്ഷിക്കുന്നു. കൂട്ടായി രൂപീകരിച്ച നയത്തേയും ഭൂരിപക്ഷം അംഗീകരിച്ച തീരുമാനങ്ങളേയും എതിർക്കുന്നതിനുവേണ്ടി പാർട്ടിയിൽ ഗ്രൂപ്പുകളും കൂട്ടുകെട്ടുകളുമുണ്ടാക്കാനുള്ള പരിശ്രമങ്ങൾ, പാർട്ടി അച്ചടക്കത്തിനും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സമരങ്ങൾ നയിക്കേണ്ട ഈ പുതിയ തരത്തിലുള്ള പാർട്ടിയുടെ സ്വഭാവത്തിനുതന്നെയും നിരക്കാത്തതാണു്. അത്തരം പരിശ്രമങ്ങളെ, പാർട്ടിക്കു തൊഴിലാളിവർഗ്ഗത്തോടും ജനങ്ങളോടും ലോകവ്യാപിയായ വിമോചനപ്രസ്ഥാനത്തോടുമുള്ള ഉത്തരവാദിത്വവുമായി പൊരുത്തപ്പെടുത്താൻ സാദ്ധ്യമല്ല.

സമുദായത്തെ പരിവർത്തനം ചെയ്യാൻ സഹായിക്കുന്ന ഏകശക്തി പാർട്ടി മാത്രമാണെന്നു ലെനിൻ മനസ്സിലാക്കി. പാർട്ടി സ്ഥാപിക്കാൻ വളരെ വർഷങ്ങളിലെ സമരവും ചിന്തകനും സംഘടകനുമെന്ന നിലയിലുള്ള തന്റെ പ്രതിഭയും അദ്ദേഹം വിനിയോഗിച്ചു. അദ്ദേഹം സ്ഥാപിച്ച ബോൾഷെവിക്കു് പാർട്ടി ഒക്ടോബർ വിപ്ലവത്തിൽ റഷ്യയിലെ തൊഴിലാളിവർഗ്ഗത്തെയും എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളേയും നയിച്ചു പാർട്ടിയുടെ നേതൃത്വത്തിലാണു ലോകത്തിലാദ്യത്തെ സോഷ്യലിസ്റ്റുസമുദായം സോവിയററു് യൂണിയനിൽ സ്ഥാപിക്കപ്പെട്ടതു്. ആഭ്യന്തരവും ബാഹ്യവുമായ സാഹചര്യങ്ങളിലാണു് ഈ സമുദായം വളന്നു വന്നതു്

# IV. സോഷ്യലിസ്റ്റു് വിപ്ലവം

മാർക്സും, എംഗത്സും സോഷ്യലിസ്റ്റു് വിപ്ലവത്തിൻെറ ആവശ്യകതയെപ്പററി. ഒരുല്പാദനരീതിക്കു്, ഒരു സാമൂഹ്യവ്യവസ്ഥയ്ക്കു പകരം മറ്റൊന്നുണ്ടാവുന്നതു വർഗ്ഗസമരത്തിൻെറ ഫലമായിട്ടാണു്. അവസാനത്തെ ചൂഷണവ്യവസ്ഥ പിഴുതുമാററപ്പെട്ടമ്പോൾ ഈ സമരം പ്രത്യേകിച്ചു കഠിനമായിത്തീരുന്നു. ബൂർഷ്വാസിക്കെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ അത്യന്തം ഊർജ്ജസ്വലമായ സമരംകൊണ്ടും ഒരു സോഷ്യലിസ്റ്റു് വിപ്ലവത്തിൻെറ ഫലമായും മാത്രമെ മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സാദ്ധ്യമാവുകയുള്ളു. മറുവശത്തു്, മുതലാളിത്ത സമുദായത്തിലെ വർഗ്ഗശത്രുതകളുടെ വളർച്ച ഈ വിപ്ലവം അനിവാര്യമാക്കിത്തീർക്കുന്നു.

ചൂഷകന്മാരെ വിദ്യാഭ്യാസം ചെയ്യിച്ചും പ്രേരിപ്പിച്ചും മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കു മുന്നോട്ടു പോകാമെന്നുള്ള ,സാങ്കല്പികസോഷ്യ

KOTTAYAM PUBLIC LIBRARY KOTTAYAM

ലിസ്റ്റാശയത്തെ മാർക്സും എംഗൽസും നിരാകരിച്ചു. ഒരു സോഷ്യലിസ്റ്റുസമുദായം കെട്ടിപ്പടുക്കാൻ കഴിയണമെങ്കിൽ മുതലാളിമാരിൽ നിന്നും ഭൂവുടമകളിൽ നിന്നും രാഷ്ട്രീയാധികാരം തൊഴിലാളിവർഗ്ഗം പിടിച്ചെടുക്കണം.

ശാസ്ത്രീയ സോഷ്യലിസത്തിന്റെ സിദ്ധാന്തം സോഷ്യലിസ്റ്റുവിപ്ലവത്തെ, അതിന്റെ വിശാലമായ അർത്ഥത്തിൽ, മുതലാളിത്തത്തെ പൂർണ്ണമായി അവസാനിപ്പിച്ചു. സോഷ്യലിസം നിർമ്മിക്കുന്നതിലേക്കു നയിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ മാററങ്ങളുടെ ആകത്തുകയായി വ്യാഖ്യാനിക്കുന്നു. അതാരംഭിക്കുന്നതു്, മുതലാളിത്തഭരണത്തെ അട്ടിമറിച്ചു അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭരണം സ്ഥാപിക്കുന്ന ഒരു രാഷ്ട്രീയവിപ്ലവത്തോടുകൂടിയാണു്. ഈ രാഷ്ട്രീയ വിപ്ലവത്തെ തൊഴിലാളിവർഗ്ഗവിപ്ലവം എന്നു വിളിക്കുന്നു.

മുതലാളിത്തത്തിൻ കീഴിലുള്ള സാമ്പത്തികവും സാമൂഹ്യവുമായ ബന്ധങ്ങളുടെ വികാസം സോഷ്യലിസ്റ്റുവിപ്ലവത്തിനു വഴിതെളിക്കുന്നുവെന്നു മാർക്സും എംഗൽസും വ്യക്തമാക്കി. മുതലാളിത്തസമുദായം സൃഷ്ടിച്ച ഉല്പാദനശക്തികളും അതുണ്ടാക്കിയ സമ്പത്തിന്റെ വിതരണസമ്പ്രദായവും ഉല്പാദനരീതിയുമായി കഠിനമായ സംഘട്ടനത്തിലെത്തുന്നു. അതിന്റെ അതിരുകൾ ലംഘിക്കുന്നു, അതുനശിപ്പിക്കേണ്ടതാവശ്യമായി തീരുന്നു. ഉല്പാദനോപകരണങ്ങളും ഉല്പാദനംതന്നെയും ഫലത്തിൽ സാമൂഹ്യമായിത്തീരുന്നു; എന്നാൽ സ്വകാര്യരൂപത്തിലുള്ള ഉടമസ്ഥതയ്ക്കു കീഴ്പ്പെട്ടിരിക്കുന്ന

അതു്. ആൻറിഡ്യൂറിൽ എംഗത്സ് എഴുതുന്നു: "സാമൂഹ്യമാക്കപ്പെട്ട ഉല്പാദനവും മുതലാളിത്തരീതിയിലുള്ള ഉടമസ്ഥതയും തമ്മിലുള്ള വൈരുദ്ധ്യം തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള ശത്രുതയിൽ പ്രകടമായി."* മുതലാളിത്തം കൈവരിച്ച ഉല്പാദനശക്തികളുടെ വികാസത്തിന്റെ നിലവാരം, സമുദായത്തിന്റെയാകെ പുരോഗതിയുടെ താല്പര്യങ്ങൾക്കുവേണ്ടി വർഗ്ഗവ്യത്യാസങ്ങളുടെ ശാശ്വതമായ നിർമ്മൂലനം സാദ്ധ്യമാക്കി തീർക്കുന്നുവെന്നു മാർക്സും എംഗത്സും തെളിയിച്ചു. ബൂർഷ്വാവൻകിടവ്യവസായമാണു തൊഴിലാളിവർഗ്ഗത്തെ സൃഷ്ടിച്ചതു്. "ചരിത്രത്തിലാദ്യമായി, കേവലം ഏതെങ്കിലും ഒരു പ്രത്യേകവർഗ്ഗത്തിന്റെ വിശേഷാവകാശങ്ങളൊ അല്ല, പൊതുവിൽ വർഗ്ഗങ്ങളെയാകെതന്നെ നശിപ്പിക്കണമെന്നാവശ്യപ്പെടാൻ കഴിയുന്ന ഒരു വർഗ്ഗം" (എഫ്. എംഗത്സ്, ആൻറിഡ്യൂറിങ്)

ലെനിൻ സോഷ്യലിസ്റ്റു വിപ്ലവത്തിന്റെ സിദ്ധാന്തം വികസിപ്പിക്കുന്നു. കുത്തകമുതലാളിത്തത്തിനുമുമ്പു നിലവിലിരുന്ന സാഹചര്യങ്ങളിൽ ചിന്തിച്ചിരുന്ന മാർക്സും എംഗത്സും, ഒരു രാജ്യത്തു മാത്രമായി വിപ്ലവം വിജയിക്കാൻ സാധിക്കുകയില്ലെന്ന നിഗമനത്തിലെത്തിയിരുന്നു. സോഷ്യലിസ്റ്റു വിപ്ലവം ഒരു ദേശീയവിപ്ലവമായിരിക്കുമെന്നു മാത്രമല്ല, അതു് ഒരേ സമയം എല്ലാ പരിഷ്കൃതരാജ്യങ്ങളിലും, മിക്ക വികസന രാജ്യങ്ങളിലുമെങ്കിലും നടക്കുമെന്നവർ കരുതി.

* എഫ്. എംഗത്സ്, ആൻറിഡ്യൂറിങ്, മോസ്കോ 1954 പുറങ്ങൾ 375-76

ആ നിഗമനം അക്കാലത്തെ ചരിത്രപരമായ സാഹചര്യങ്ങളിൽ നിന്നാണുണ്ടായത്. എന്നാൽ ഈ നൂററാണ്ടിൻെറ ആരംഭത്തോടെ, ലോകസംഭവവികാസത്തിന്റെ സാഹചര്യങ്ങൾക്ക് ഏററവും മൗലികമായ മാററങ്ങളുണ്ടായി. മുതലാളിത്തം അതിൻെറ അവസാനത്തെ ഘട്ടമായ കുത്തകമുതലാളിത്തത്തിൻെറ, സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിൽ പ്രവേശിച്ചു. അതു കൊളോണിയൽ മർദ്ദനത്തിൻെറയും, "വളർച്ചപ്രാപിച്ച" ഒരു പിടിരാജ്യങ്ങൾ ലോകജനസംഖ്യയുടെ മഹാഭൂരിപക്ഷത്തെ സാമ്പത്തികമായി ഞെരിച്ചു ശ്വാസം മുട്ടിക്കുന്നതിൻെറയും ലോകവ്യവസ്ഥയായി വളർന്നു കഴിഞ്ഞുവെന്നു ലെനിൻ പറഞ്ഞു.

ആ ഘട്ടത്തിൽ മുതലാളിത്തത്തിൻെറ എല്ലാവൈരുദ്ധ്യങ്ങളും ഏററവും തീവ്രമായിത്തീർന്നു.

അദ്ധ്വാനവും മുടക്കുമുതലും തമ്മിലുള്ള, തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയും തമ്മിലുള്ള വൈരുദ്ധ്യം വളരെ വർദ്ധിച്ചു. കാരണം, സാമ്രാജ്യത്വത്തിൻ കീഴിൽ തൊഴിലാളികളുടെ മേലുള്ള ചൂഷണം ഏററവും നിർഘൃണമായ രൂപം പ്രാപിച്ചു. സ്വന്തം അദ്ധ്വാനംകൊണ്ടുണ്ടാക്കിയ ദേശീയ സമ്പത്തിൻെറ പൂർവ്വാധികം കുറവായ പങ്കുമാത്രമെ തൊഴിലാളികൾക്കു ലഭിച്ചുള്ളു. ഏററവുമധികം ലാഭമുണ്ടാക്കാൻ വേണ്ടി മുതലാളിത്തക്കുത്തകകൾ ഭരണകൂടത്തിൻെറ സഹായത്തോടെ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെമേൽ വർദ്ധമാനമായ സമ്മർദ്ദം പ്രയോഗിക്കുകയും പരിമിതമായി മാത്രമുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ അവകാശങ്ങൾപോലും അവരിൽ നിന്നപഹ

രിക്കുകയും ക്രൂരന്മാരായ സർവ്വാധിപതികളെ അധികാരത്തിൽ പിടിച്ചിരുത്തുകയും ചെയ്തു. വ്യവസായികളുടെ പ്രധാനഗ്രൂപ്പുകൾ, തൊഴിലാളികളെ മാത്രമല്ല ബഹുഭൂരിപക്ഷം കൃഷിക്കാരെയും കൈവേലക്കാരെയും ചെറുകച്ചവടക്കാരെയും താണതും ഇടത്തരക്കാരുമായ ആഫീസ്ജീവനക്കാരെയും മയവും ദയവുമില്ലാതെ ചൂഷണം ചെയ്തു.

സാമ്രാജ്യത്വരാജ്യങ്ങൾ തമ്മിലും രാജ്യങ്ങളുടെ ഗ്രൂപ്പുകൾ തമ്മിലുമുള്ള ശത്രുതകൾ വളരെ വേഗം വഷളായിക്കൊണ്ടിരുന്നു.

വിഭജിക്കപ്പെട്ടുകഴിഞ്ഞിരുന്ന ലോകത്തെ, കോളനികൾക്കും കമ്പോളങ്ങൾക്കും അസംസ്കൃതസാധനങ്ങളുടെ ഉല്പാദനകേന്ദ്രങ്ങൾക്കും വേണ്ടി വീണ്ടും വിഭജിക്കുവാൻ സാമ്രാജ്യവാദികൾ തമ്മിൽ യുദ്ധം വെട്ടി. അതിന്റെ ഫലം സാമ്രാജ്യത്വയുദ്ധങ്ങളായിരുന്നു; ലോകമഹായുദ്ധങ്ങൾ. അവ ജനങ്ങൾക്കു വമ്പിച്ച നാശങ്ങൾ വരുത്തിവച്ചു. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ അവ ജനതകളെ നശിപ്പിക്കുമെന്ന ഭീഷണിയുളവാക്കുന്നു. എന്നാൽ സാമ്രാജ്യത്വരാജ്യങ്ങൾ തമ്മിലുള്ള സമരങ്ങളും അവ തമ്മിൽ പൊട്ടിപ്പുറപ്പെട്ട യുദ്ധങ്ങളും, അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു മുതലാളിമാരോടുള്ള വെറുപ്പുവർദ്ധിപ്പിക്കുകയും സാമ്രാജ്യത്വത്തെ നശിപ്പിക്കുവാനൊരുങ്ങുകയും മുതലാളിത്ത വ്യവസ്ഥയുടെ അടിത്തറയെത്തന്നെ പിടിച്ചു കുലുക്കുകയും ബൂർഷ്വാഭരണത്തെ വിപ്ലവകരമായി അട്ടിമറിക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്തു.

ഒരു വശത്തു് ഒരു പിടി സാമ്രാജ്യത്വരാജ്യങ്ങളും മറുവശത്തു് അസംഖ്യം കോളനികളിലെയും അർദ്ധകോളനികളിലെയും കോടിക്കണക്കിനു അദ്ധ്വാനിക്കുന്ന ജനങ്ങളും തമ്മിലുള്ള ശത്രുത അളവററ വിധം രൂക്ഷമായിത്തീർന്നു.

ലെനിൻ സാമ്രാജ്യത്വത്തിൻ കീഴിലുള്ള എല്ലാം വൈരുദ്ധ്യങ്ങളും കഠിനമായി മൂർച്ഛിക്കുന്നതു് വ്യക്തമാക്കുകയും ഇതു മുതലാളിത്തത്തിൻെറ അവസാന ഘട്ടമാണെന്ന നിഗമനത്തിലെത്തുകയും ചെയ്തു. അദ്ദേഹം സാമ്രാജ്യത്വത്തെ ചീഞ്ഞഴുകുന്നതും മരണോന്മുഖവുമായ മുതലാളിത്തമെന്നും സോഷ്യലിസ്റ്റു വിപ്ലവത്തിൻെറ മുന്നോടിയായ ഘട്ടമെന്നും സ്വഭാവനിർവ്വചനം ചെയ്തു. ലെനിൻ ഈ നിഗമനത്തിലെത്തിക്കൊണ്ടിരുന്ന കാലത്താണു് ഒന്നാംലോകമഹായുദ്ധം (1914-18) ഉണ്ടായതു്. അതോടെ മുതലാളിത്തത്തിൻെറ പൊതുകുഴപ്പം ആരംഭിച്ചു. ലോകമുതലാളിത്തവ്യവസ്ഥ മൊത്തത്തിൽ സാമൂഹ്യവിപ്ലവത്തിനു പക്വമായിക്കഴിഞ്ഞിരുന്നു.

പുതിയ പരിതഃസ്ഥിതികൾ കണക്കിലെടുത്തുകൊണ്ടു ലെനിൻ, എല്ലാമുതലാളിത്ത രാജ്യങ്ങളിലൊ മിക്ക മുതലാളിത്ത രാജ്യങ്ങളിലൊ ഒരേ സമയം വിപ്ലവം വിജയിക്കുമെന്ന മാർക്സിൻെറയും എംഗത്സിൻെറയും നിഗമനത്തിൽ മാററംവരുത്തി. മുതലാളിത്തത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ വികാസം (സാമ്രാജ്യത്വഘട്ടത്തിൽ) പ്രത്യേകിച്ചും അസമമാണു്. അതു കുതിച്ചുചാട്ടങ്ങളിലൂടെയാണു മുന്നോട്ടു പോകുന്നതു്. ഇക്കാരണത്താലാണു് വിപ്ലവത്തിനുള്ള സാഹചര്യ

ങ്ങൾ ഒരേ സമയം പല രാജ്യങ്ങളിൽ വളൻവരാതിരിക്കുന്നത്. അങ്ങിനെ, ഒരേസമയം എല്ലാരാജ്യങ്ങളിലും വിപ്ലവത്തിൻെറ വിജയം അസാദ്ധ്യമാണെന്നും സോഷ്യലിസം ആദ്യം പലരാജ്യങ്ങളിലൊ, ഒരു രാജ്യത്തുതന്നെയൊ വിജയിക്കുക സാദ്ധ്യമാണെന്നുമുള്ള സുപ്രധാന നിഗമനത്തിൽ ലെനിൻ ചെന്നെത്തി.

ഈ നിഗമനം സോഷ്യലിസ്റ്റ് വിപ്ളവത്തിൻെറ സിദ്ധാന്തത്തിനു വലിയൊരു സംഭാവനയായിരുന്നു. അതിനു്, സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ വിജയത്തിന് അമൂല്യമായ പ്രാധാന്യവു മുണ്ടായിരുന്നു. എല്ലാരാജ്യങ്ങളിലും വിപ്ളവം ഒരേസമയം വിജയിക്കുന്നതുംകാത്ത് ഏതെങ്കിലും രാജ്യത്തിലെ തൊഴിലാളിവർഗ്ഗം നിർജ്ജീവമായിരിക്കാൻ പാടില്ലെന്നു ലെനിൻെറ സിദ്ധാന്തം സൂചിപ്പിച്ചു. വിപ്ളവത്തിനുള്ള സാഹചര്യങ്ങൾ പക്വമായിട്ടുള്ള ഒരു രാജ്യത്തിലെ തൊഴിലാളിവർഗ്ഗം; അങ്ങിനെയുള്ള സാഹചര്യം മററുരാജ്യങ്ങളിലും ഉണ്ടാകുന്നതുവരെ കാത്തിരിക്കാൻ പാടില്ല. അധികാരം കൈയ്യടക്കാനുള്ള ഏതു സന്ദർഭവും ഉപയോഗപ്പെടുത്തുകയും സ്വന്തം രാജ്യത്തു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം സാധിക്കുകയും ചെയ്യണം. അങ്ങിനെ അതു ലോകതൊഴിലാളിവർഗ്ഗത്തോടുള്ള അതിൻെറ സാർവ്വദേശീയ കടമനിർവ്വഹിക്കും. ഒരു രാജ്യത്തെ വിപ്ളവത്തിൻെറ വിജയം സാർവ്വദേശീയ പ്രസ്ഥാനത്തിൻെറ മേൽ വമ്പിച്ച ആഘാതമേല്പിക്കുകയും അതു വിജയിയായ തൊഴിലാളിവർഗ്ഗത്തിൻെറ സ്ഥിതി ശക്തിപ്പെടുത്തു

കയും വിഷമംകുറഞ്ഞതാക്കുകയും ചെയ്യും. അദ്ധ്വാനി ക്കുന്ന ജനത ഇത്തരത്തിൽ അതിൻെറ സാർവ്വദേശീയ മായ ഐക്യദാർഢ്യം പ്രദർശിപ്പിക്കുന്ന ഒരു രാജ്യത്തി ലെ സോഷ്യലിസത്തിൻെറ വിജയം, ലോകവിപ്ളവ പ്രസ്ഥാനം ശക്തിപ്പെടുന്നതിനും വളരുന്നതിനുമുള്ള മററു രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗത്തേയും ജനങ്ങ ളേയും പിന്താങ്ങാനും സഹായിക്കാനുമുള്ള അടിത്തറയാ യിത്തീരുന്നു.

സാമ്രാജ്യത്വം ഒരു ലോകവ്യവസ്ഥയായിത്തീർന്നി ട്ടുള്ള കാലത്ത്, വിപ്ലവം ഏറ്റവും വളച്ച് പ്രാപിച്ച മുത ലാളിത്ത രാജ്യത്തുതന്നെ നടന്നുകൊള്ളണമെന്നില്ലെന്ന നിഗമനത്തിലും ലെനിൻ എത്തിച്ചേർന്നു. സാമ്രാജ്യത്വ ച്ചങ്ങല വെട്ടിമുറിക്കപ്പെടുന്നതു്. അതിൻെറ ഏററവും ദുർബ്ബലമായ കണ്ണിയിലായിരിക്കും, മുതലാളിത്തവൈരു ദ്ധ്യങ്ങൾ ഏററവുമധികം രൂക്ഷമാവുകയും വിപ്ലവശക്തി കൾ ഏററവും ശക്തിപ്രാപിക്കുകയും ചെയ്തിട്ടുള്ളിട ത്തായിരിക്കും. സോഷ്യലിസ്റ്റ് വിപ്ലവത്തിന്, തൊഴിലാ ളിവർഗ്ഗം ജനസംഖ്യയിൽ ഭൂരിപക്ഷമായിത്തീരേണ്ടയാ വശ്യവുമില്ല. ഒരു നിശ്ചിതമായ അളവിലുള്ള മുതലാളി ത്തവികാസവും, തൊഴിലാളിവർഗ്ഗമല്ലാത്ത അദ്ധ്വാനി ക്കുന്ന ജനങ്ങളെ, പ്രധാനമായും, കർഷകരെക്കൂടി നയി ക്കാൻ കഴിവുള്ള ഒരു തൊഴിലാളിവർഗ്ഗവും അതിൻെറ പാർട്ടിയും ഉണ്ടായിരിക്കണമെന്നതാണാവശ്യം വിപ്ലവം ഒരൊററപ്രവർത്തനമൊ ഒരൊററസമരമോ ആയിരിക്കുക യില്ല. വർഗ്ഗസമരങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും

ആശയപരവുമായ സമരങ്ങളുടെ ഒരു മുഴുവൻകാലഘ
ട്ടമായിരിക്കുമതു്. ലോകവിപ്ളവപ്രക്രിയ, ഭരണാധി
കാരവർഗ്ഗങ്ങൾക്കെതിരായി മർദ്ദിതരും അസംതൃപ്തരു
മായ വർഗ്ഗങ്ങളും ഗ്രൂപ്പുകളും ജനവിഭാഗങ്ങളും, എല്ലാ
ത്തിനുമുപരി തൊഴിലാളിവർഗ്ഗവും അതിന്റെ സഖ്യശ
ക്തിയായ കൃഷകരും നടത്തുന്ന സമരങ്ങളുടെ ഒരു പര
മ്പരയായിരിക്കും. ഭൂവുടമകളും ബൂർഷ്വാസിയും നടത്തുന്ന
മർദ്ദനങ്ങൾക്കും ദേശീയമർദ്ദനങ്ങൾക്കും മററുതരത്തി
ലുള്ള മർദ്ദനങ്ങൾക്കുമെതിരായുള്ള തൊഴിലാളിവർഗ്ഗ
ബഹുജനങ്ങളുടെ പ്രസ്ഥാനവും കൊളോണിയൽ ജനത
കളുടെ കലാപങ്ങളും മററുതരത്തിലുള്ള ബഹുജനസമര
ങ്ങളും അതിലുൾപ്പെടുന്നു. ഈ എല്ലാസമരങ്ങളെയും
പ്രസ്ഥാനങ്ങളെയും, സാമ്രാജ്യത്വത്തെ അട്ടിമറിക്കുകയും
സോഷ്യലിസ്റ്റ് വിപ്ളവം നടത്തുകയുമെന്ന ഒരൊററ
ലക്ഷ്യത്തിലേക്കു തിരിച്ചുവിടുകയെന്നതാണു തൊഴിലാ
ളിവർഗ്ഗത്തിന്റെ കടമ.

ലെനിൻരണ്ടാം ഇന്റർനാഷണലിലെ അവസര
വാദികളെ ഉറച്ചു നിന്നെതിർത്തു. അവർ സാമ്രാജ്യത്വ
ത്തിന്റെ കൊളോണിയൽ നയങ്ങൾക്കനുരൂപമായി
പെരുമാറിയിരുന്നു അവർ "ലേബർകൊളോണിയ
ലിസം" "സോഷ്യലിസ്റ്റ്കൊളോണിയലിസം" തുടങ്ങി
യതങ്ങളുടെ സിദ്ധാന്തങ്ങളുടെ പിന്തുണയ്ക്കായി രാഷ്ട്രീ
യമായേക്കാവുന്ന വാദഗതികൾ കണ്ടുപിടിക്കാൻ തിരക്കു
പിടിച്ചു തേടുകയായിരുന്നു. സാമ്രാജ്യത്വവിരുദ്ധദേശീ
യവിമോചനപ്രസ്ഥാനം മർദ്ദനത്തിന്റെ ലോകവ്യവ
സ്ഥയെത്തന്നെ പിടിച്ചു കുലുക്കുകയും അതിനെ ദുർബ്ബ

ലപ്പെടുത്തുകയും അങ്ങിനെ കൂടുതൽ വികസിച്ച രാജ്യ ങ്ങളിലെ തൊഴിലാളികൾക്കു സാമ്രാജ്യത്വത്തിനെതിരായി സമരം ചെയ്യാൻ കൂടുതൽ എളുപ്പമാക്കിത്തീർക്കുകയും ചെയ്യുന്നുവെന്നും ലെനിൻ വ്യക്തമാക്കി. മറുവശത്തു്, തൊഴിലാളികളുടെ വിപ്ലവസമരം മർദ്ദിതജനതകളുടെ വിമോചനസമരത്തിൻെറ വിജയത്തിനുറപ്പു നൽകി. അങ്ങിനെ "സർവ്വരാജ്യതൊഴിലാളികളെ സംഘടിക്കുവിൻ" എന്ന മുദ്രാവാക്യം കൂടുതൽ വിപുലമായിത്തീർന്നു." "സർവ്വരാജ്യതൊഴിലാളികളേ, മർദ്ദിതജനതകളേ സംഘടിക്കുവിൻ" എന്ന തൻെറ മുദ്രാവാക്യത്തിൽ, ലെനിൻ എല്ലാ രാജ്യങ്ങളിലേയും ഭൂഖണ്ഡങ്ങളിലേയും സാമ്രാജ്യവിരുദ്ധശക്തികളെ യോജിപ്പിക്കുകയെന്ന ആശയം പ്രകടിപ്പിച്ചു.

യു. എസ്സ്. എസ്സ്. ആറിൽ 1917 ലെ മഹത്തായ സോഷ്യലിസ്റ്റു വിപ്ലവം ലെനിൻെറ നിഗമനത്തെ ഉജ്ജ്വലമാംവിധം ശരിവച്ചു. അതു സോഷ്യലിസ്റ്റു വിപ്ലവത്തിൻെറ മാർക്സിസ്റ്റു-ലെനിനിസ്റ്റു സിദ്ധാന്തത്തിൻെറ വിജയമായിരുന്നു.

**സോഷ്യലിസ്ററുവിപ്ലവത്തെ സമീപിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതെങ്ങിനെ?**
സോഷ്യലിസ്റ്റു വിപ്ലവങ്ങൾ കൃത്രിമമായി ഉണ്ടാക്കാനൊ മറ്റൊരു രാജ്യത്തു നിന്നിറക്കുമതി ചെയ്യാനൊ സാധിക്കുകയില്ലെന്നു ശാസ്ത്രീയസോഷ്യലിസത്തിൻെറ സിദ്ധാന്തം വ്യക്തമാക്കുന്നു. ഓരോ രാജ്യത്തിലെയും സമുദായത്തിനുള്ളിൽ തന്നെ വിപ്ലവം പക്വമായി

തീരുന്നു— വസ്തുനിഷ്ഠമായ വികാസങ്ങളാലുണ്ടാവുന്ന കുഴപ്പങ്ങളിൽ നിന്നാണതുത്ഭവിക്കുന്നത്.

വിപ്ലവപരിതഃസ്ഥിതിയുടെ സിദ്ധാന്തം ലെനിൻ ആവിഷ്കരിച്ചു. അങ്ങിനെയൊരു സ്ഥിതിക്കു മൂന്നു പ്രധാന സ്വഭാവവിശേഷങ്ങളുണ്ട്. ഒന്നാമതായി, പഴയ രീതിയിൽ ഭരണം തുടർന്നു പോകാൻ ഭരണവർഗ്ഗങ്ങളുടെ കഴിവില്ലായ്മ 1915-ൽ ലെനിൻ എഴുതി: "ഒരു വിപ്ളവം നടക്കുന്നതിന്, പഴയ രീതിയിൽ ജീവിക്കാൻ താണവർഗ്ഗങ്ങൾ ആഗ്രഹിക്കാതിരുന്നാൽ മാത്രം പ്രായേണ മതിയാവുകയില്ല; പഴയ രീതിയിൽ ജീവിക്കാൻ 'ഉയന്നവർഗ്ഗങ്ങൾക്കു കഴിയാതിരിക്കുക' യെന്നതും ആവശ്യമാണ്"* രണ്ടാമതായി, കുഴപ്പത്തിന്റെ ഫലമായി അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുണ്ടാവുന്ന രൂക്ഷമായ വിഷമതകളും ദുരിതങ്ങളും മൂന്നാമതായി, ഭരണവർഗ്ഗങ്ങളുടെ പെരുമാററത്തോടുള്ള അസംതൃപ്തിയുടെയും അമർഷത്തിൻെറയും വർദ്ധനവ്; ഇതു ബഹുജനങ്ങളുടെ വിപ്ളവസമരങ്ങളിൽ പ്രകടമാവുന്നു.

ഈ വസ്തു നിഷ്ഠസാഹചര്യങ്ങളാണ്, അതായതു്, വ്യക്തികളുടെയൊ പാർട്ടികളുടെയോ വർഗ്ഗങ്ങളുടെയൊ ഇഛയെ ആശ്രയിക്കാതെയുള്ള സാഹചര്യങ്ങളാണ്, ഒരു വിപ്ളവപരിതഃസ്ഥിതിസൃഷ്ടിക്കുന്നതു്.

എന്നാൽ എല്ലാവിപ്ളവപരിതഃസ്ഥിതികളും ഒരു വിപ്ളവത്തിലേക്കു വളരുന്നില്ല. അങ്ങനെയുള്ള ഒരു വളച്ച്യ്ക്കു വസ്തുനിഷ്ഠസാഹചര്യങ്ങൾമാത്രംപോരാ,

---

* വി. ഐ ലെനിൻ കളക്ടഡ് വർക്സ് വാല്യം 21 പുറം 213-14.

വ്യക്തിനിഷ്ഠസാഹചര്യങ്ങളും, ഭരണവർഗ്ഗങ്ങൾക്കെതിരായി കലാപമുണ്ടാക്കാൻ പുരോഗമനവർഗ്ഗത്തിനു കഴിവും സന്നദ്ധതയുംകൂടി ആവശ്യമാണ്. മാർക്സിസത്തിന്റെ വിപ്ളവകരമായ സിദ്ധാന്തത്താൽ നയിക്കപ്പെടുന്ന തൊഴിലാളിവർഗ്ഗപ്പാർട്ടി സൃഷ്ടിക്കുന്നവയാണീസാഹചര്യങ്ങൾ.

ഓരോ രാജ്യവും സാമ്പത്തിക വികാസത്തിന്റെ നിലവാരത്തിലും വർഗ്ഗശക്തികളുടെ ബലാബലത്തിലും ചരിത്രപാരമ്പര്യങ്ങളിലും മററു രാജ്യങ്ങളിൽ നിന്നു വ്യത്യാസപ്പെട്ടിരിക്കുന്നു. വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ചയെ സംബന്ധിച്ചും വിപ്ലവപരിതസ്ഥിതി രൂപം പ്രാപിക്കുന്നതിലും ഓരോ രാജ്യത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്. സാർവ്വദേശീയസ്ഥിതിയും ലോകവ്യാപകമായ വിമോചനപ്രസ്ഥാനവും ഓരോ രാജ്യത്തിലും പ്രതിഫലിക്കുന്നതു വ്യത്യസ്ഥമായ രീതിയിലായിരിക്കും. അതുകൊണ്ടാണു ശാസ്ത്രീയ സോഷ്യലിസം എല്ലാ രാജ്യങ്ങൾക്കും ജനതകൾക്കും ഒരേ മാതൃക നിർദ്ദേശിക്കാതിരിക്കുന്നതു്. വിപ്ലവപ്പാർട്ടി ബന്ധപ്പെട്ട രാജ്യത്തിലെ പ്രത്യേക സാഹചര്യങ്ങൾ, സമ്പദ്ഘടനയുടെയും രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റെയും പ്രത്യേകതകളും തൊഴിലാളി പ്രസ്ഥാനത്തിന്റെയും വിമോചനപ്രസ്ഥാനത്തിന്റെയും പാരമ്പര്യങ്ങളും ജനങ്ങളുടെ ആചാരങ്ങളും മനോഭാവവും മററും, കണക്കിലെടുക്കണം.

എന്നാൽ, ശാസ്ത്രീയ സോഷ്യലിസം എല്ലാ രാജ്യങ്ങളിലെയും മുതലാളിത്ത ചൂഷണവ്യവസ്ഥയുടെ പൊതു

സ്വഭാവവും പൊതുവായ അടിത്തറയും ഈ വ്യവസ്ഥയുടെ വികാസത്തിന്റെ പൊതുനിയമങ്ങളും വ്യക്തമാക്കുന്നു. അതിനാൽ മുതലാളിത്തത്തെ നശിപ്പിച്ചു സോഷ്യലിസം സ്ഥാപിക്കുകയെന്നതു് അടിസ്ഥാനപരമായി എല്ലാരാജ്യങ്ങളിലും ഒരേ പ്രക്രിയതന്നെയാകുന്നു. മൗലികമായ രണ്ടു മാറ്റങ്ങളോടുകൂടി അതാരംഭിക്കുന്നു. ഒന്നാമത്തു്, ചൂഷകവർഗ്ഗങ്ങളിൽ നിന്നു രാഷ്ട്രീയാധികാരം പിടിച്ചെടുക്കുകയും തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം, അതായത്തു്, തൊഴിലാളികളാൽ നയിക്കപ്പെടുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭരണം സ്ഥാപിക്കുകയും ചെയ്യുന്നു: രണ്ടാമത്തു്, മുതലാളിമാരുടെയും ഭൂവുടമകളുടെയും സ്വത്തുക്കൾ അവസാനിപ്പിക്കപ്പെടുകയും അടിസ്ഥാന ഉല്പാദനോപകരണങ്ങൾ സാമൂഹ്യസ്വത്തായിത്തീരുകയും ചെയ്യുന്നു. ഈ മാററങ്ങൾ പല രൂപത്തിൽ സംഭവിക്കാം; എന്നാൽ അവ കൂടാതെ യാതൊരു സോഷ്യലിസവുമില്ല, ഉണ്ടാകാൻ സാദ്ധ്യവുമല്ല സോഷ്യലിസത്തിലേക്കുള്ള മുന്നേററം, ദേശീയമായ പ്രത്യേകതകളെ ആശ്രയിക്കാതെയുള്ള സാമാന്യ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. ഏതെങ്കിലും രാജ്യത്തിലെ പ്രത്യേക സാഹചര്യങ്ങൾ വിപ്ലവപരിവർത്തനത്തിന്റെ രൂപങ്ങളിലും രീതികളിലും മാററങ്ങൾ വരുത്തിയേക്കാം; എന്നാൽ സാമാന്യനിയമങ്ങളെ ഇല്ലായ്മചെയ്യാൻ അവയ്ക്കു കഴിയുകയില്ല. ഒരു രാജ്യം സോഷ്യലിസത്തിലേക്കു സ്വീകരിച്ചിട്ടുള്ള പാതയ്ക്കു അതിന്റേതായ പ്രത്യേക സവിശേഷതകളുണ്ടെങ്കിലും അതു തത്വത്തിൽ മററു രാജ്യങ്ങൾ സോഷ്യലിസത്തിലേക്കു സ്വീകരിച്ചിട്ടുള്ള പാതയിൽ

നിന്നു വ്യത്യസ്ഥമാവാൻ സാദ്ധ്യമല്ല. യഥാൎത്ഥമായ ഒരു സോഷ്യലിസമേയുള്ളൂ – ശാസ്ത്രീയ സോഷ്യലിസം. അതു്, ഒരു പുതിയ സമുദായം സംഘടിപ്പിക്കുന്നതിനു് എല്ലാ രാജ്യങ്ങൾക്കും ജനതകൾക്കും പൊതുവായ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്. ഈ സാമാന്യ സിദ്ധാന്തങ്ങളെ ബന്ധപ്പെട്ട വിപ്ളവപ്പാർട്ടികൾ തങ്ങളുടെ രാജ്യങ്ങളിലെ പ്രത്യേക സാഹചര്യങ്ങളിൽ സൃഷ്ടിപരമായി പ്രയോഗിക്കുന്നു. ഓരോ രാജ്യത്തിൻെറയും വിപ്ളവാനുഭവം സോഷ്യലിസ്ററു വിപ്ളവത്തിന്റെ, ഒരു പുതിയ സമുദായത്തിൻെറ നിർമ്മാണത്തിൻെറ സിദ്ധാന്തത്തിനു യഥാക്രമം സംഭാവന ചെയ്യുണ്ടു്.

എല്ലാ വിപ്ലവത്തെയും നേരിടുന്ന മുഖ്യപ്രശ്നം അധികാരത്തിൻെറ പ്രശ്നമാകുന്നു. ബൂർഷ്വാ വിപ്ലവങ്ങൾ നടന്നേടങ്ങളിലെല്ലാം അധികാരം നാടുവാഴിപ്രഭുക്കളിൽ നിന്നു ബൂർഷ്വാസിയിലേക്കു് കൈമാറി; അതായതു്, ഒരു ചൂഷകവർഗ്ഗത്തിൽ നിന്നു മറെറാന്നിലേക്കു്, സോഷ്യലിസ്ററു വിപ്ലവത്തിൻെറ ഒന്നാമത്തേതും പ്രധാനപ്പെട്ടതുമായ കടമ, അധികാരം ബൂർഷ്വാസിയിൽ നിന്നു തൊഴിലാളിവർഗ്ഗത്തിൻെറയും അതിൻെറ സഖ്യശക്തികളുടെയും കൈകളിലേക്കു മാററുകയെന്നതാണു്.

ഈ കടമ തൊഴിലാളിവർഗ്ഗം എങ്ങിനെയാണു നിർവ്വഹിക്കുക? ഏറിയകൂറും വിപ്ലവം നടക്കുന്ന സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു.

തൊഴിലാളിവർഗ്ഗവും അതിൻെറ മുന്നണിപ്പടയായ വിപ്ലവപ്പാർട്ടിയും, സോഷ്യലിസ്റ്റു വിപ്ളവം സാമധാനപരമായി, രക്തം ചിന്താതെ, ആഭ്യന്തര

യുദ്ധവും ജീവനാശവും കൂടാതെ നടക്കുന്നതിൽ തല്പരരാണ്. എന്നാൽ എപ്പോഴും അവർ മറ്റൊരു സാദ്ധ്യതയും-സോഷ്യലിസത്തിലേക്കുള്ള സമാധാനപരമല്ലാത്ത പരിവത്തനത്തിന്റെ സാദ്ധ്യത - മനസ്സിൽ കരുതുന്നുണ്ട്. ചൂഷകവർഗ്ഗങ്ങൾ തങ്ങളുടെ വിശേഷാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ആയുധമുപയോഗിക്കുമ്പോൾ തൊഴിലാളിവർഗ്ഗം ആയുധമേന്തിയ സമരംകൊണ്ടു വിപ്ലവം നടത്തുന്നു.

ബലത്തെ ബലംകൊണ്ടു മാത്രമെ ജയിക്കാൻ കഴിയുകയുള്ളു. വിപ്ളവപ്പാർട്ടി തൊഴിലാളിവർഗ്ഗത്തെ അധികാരത്തിനു വേണ്ടി സമരം ചെയ്യുന്നതിന് തയ്യാറെടുക്കാനും അതിന്റെ ശക്തികളെ ഒരുമിച്ചു ചേർക്കാനും അതിന്റെ സഖ്യശക്തികളെ അണിനിരത്താനും എല്ലാതരത്തിലുമുള്ള, സമാധാനപരവും അല്ലാത്തതുമായ സമരരൂപങ്ങളിൽ ഒരുപോലെ വൈദഗ്ദ്ധ്യം നേടാനും പഠിപ്പിക്കുന്നു.

മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനം ഏതു രൂപത്തിൽ നിർവ്വഹിച്ചാലും-സമാധാനപരമായിട്ടായാലും അല്ലെങ്കിലും-വർഗ്ഗസമരത്തിന്റെയും സോഷ്യലിസ്റ്റു വിപ്ളവത്തിന്റെയും ഫലമായി മാത്രമെ അതുണ്ടാവുകയുള്ളു.

## V സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിൻെറയും സിദ്ധാന്തം മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനം

ഒരു പരിവത്തനഘട്ടത്തിൻെറ ആവശ്യകത. തൊഴിലാളിവർഗ്ഗം അധികാരം ഏറെറടുക്കുന്നതു് മുതലാളിത്തം നശിപ്പിച്ച സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനു അതിൻെറ രാഷ്ട്രീയഭരണം ഉപയോഗിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണു്. എന്നാൽ സമ്പദ്ഘടനയും എല്ലാ സാമൂഹ്യബന്ധങ്ങളും മൗലികമായി പരിവത്തനം ചെയ്യുന്നെങ്കിലല്ലാതെ സോഷ്യലിസം കെട്ടിപ്പടുക്കാൻ സാദ്ധ്യമല്ല.

മനുഷ്യചരിത്രത്തിൽ പല വിപ്ലവങ്ങളുമുണ്ടായിട്ടുണ്ടു്. എന്നാൽ 1917-ൽ റഷ്യയിൽ സോഷ്യലിസ്റ്റ്

വിപ്ളവത്തിൻെറ വിജയംവരേയും, അവയെല്ലാം ഉൽപ്പാദനോപകരണങ്ങളുടെ സ്വകാര്യ ഉടമസമ്പ്രദായം മാററംവരുത്താതെ നിലനിർത്തി; ഉടമസ്ഥന്മാരെ മാററുകമാത്രമേ ചെയ്തുള്ളു. ഉല്പാദനോപകരണങ്ങളുടെ ഉടമകളായ ഒരു വർഗ്ഗവും അതില്ലാത്ത ഒരു വർഗ്ഗവും ഉള്ളകാലത്തോളം ചൂഷണം നിലനില്ക്കുകതന്നെചെയ്യും.

സോഷ്യലിസ്റ്റു വിപ്ളവം മുമ്പുള്ള എല്ലാ വിപ്ളവങ്ങളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു; അതു് ഉല്പാദനോപകരണങ്ങളുടെ മേലുള്ള സ്വകാര്യഉടമസമ്പ്രദായം അവസാനിപ്പിക്കുന്നു; അതായതു് സമ്പന്നരും ദരിദ്രരും, മർദ്ദകരും മർദ്ദിതരുമെന്നുള്ള സമുദായത്തിൻെറ വിഭജനത്തിൻെറ കാരണംതന്നെ അതില്ലാതാക്കുന്നു. സോഷ്യലിസ്റ്റു വിപ്ളവത്തിന്റെ ഫലമായി ഒരുകാലത്തു മുതലാളിമാരും ഭൂവുടമകളും കയ്യടക്കിവച്ചിരുന്ന ഭൂമിയും ഫാക്ടറികളും ബാങ്കുകളും റെയിൽവേകളും വൻകിടഷാപ്പുകളും ജനങ്ങളുടെയാകെ സ്വത്തായിത്തീരുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങൾ സ്വന്തം യജമാനന്മാരായിത്തീരുന്നു.

സോഷ്യലിസ്ററു വിപ്ളവം, അതിനുമുമ്പത്തെ ഏതൊരു വിപ്ളവത്തേക്കാളും മൗലികമായവിധം സമുദായത്തിൻെറ ജീവിതം മാററിത്തീർക്കുന്നുവെന്നു് ഇതിൽനിന്നു സിദ്ധിക്കുന്നു. അതുകൊണ്ടാണു സോഷ്യലിസ്റ്റു രീതിയിലുള്ള ഉല്പാദനം, മുമ്പുള്ള എല്ലാരീതികളിൽനിന്നു വ്യത്യസ്ഥമായി, പഴയസമുദായത്തിനുള്ളിൽ സ്വയം രൂപപ്പെടാൻ സാദ്ധ്യമല്ലാത്തതു്. വിപ്ളവ

ത്തിൻെറ വിജയത്തിന്റെ പിറ്റേദിവസംതന്നെ സോഷ്യലിസം റഡിമെയ്ഡായി ഉയൻ്ന വരാൻ സാദ്ധ്യമല്ല. അതു സൃഷ്ടിക്കാൻ, അധികാരത്തിലുള്ള തൊഴിലാളിവർഗ്ഗത്തിൻെറയും അതിൻെറ സഖ്യശക്തികളുടെയും ബോധപൂർവ്വവും സോദ്ദേശവുമായ പ്രവർത്തനം ആവശ്യമാണ്.

സമ്പദ്ഘടനയുടെയും സമുദായത്തിൻെറ ജീവിതത്തിൻെറയാകെയും സോഷ്യലിസ്ററു പരിവർത്തനത്തിനു ഏതൊരു രാജ്യത്തും ഒരു പരിവർത്തനഘട്ടം ആവശ്യമുണ്ട്. സോഷ്യലിസ്ററുവിപ്ളവം ചൂഷകവർഗ്ഗങ്ങളുടെ രാഷ്ട്രീയാധികാരം അവസാനിപ്പിക്കുകയും അതു തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിലുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളിലേക്കു മാററുകയും ചെയ്യുന്നു. അതിനെത്തുടൻ്ന് മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള ഒരു പരിവർത്തനഘട്ടമുണ്ടാവുന്നു. അക്കാലത്തു മുതലാളിത്തം അട്ടിമറിക്കപ്പെട്ടിട്ടുണ്ടെങ്കിലും പൂർണ്ണമായി നശിപ്പിക്കപ്പെട്ടിട്ടില്ല, ചൂഷകവർഗ്ഗങ്ങൾ അധികാരം നഷ്ടപ്പെട്ടെങ്കിലും സമരം തുടരുന്നു, സോഷ്യലിസ്ററു മാററങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെങ്കിലും സോഷ്യലിസം കെട്ടിപ്പടുത്തു കഴിഞ്ഞിട്ടില്ല. ആസന്നമരണമായ മുതലാളിത്തവും ഉയൻ്നവരുന്ന പുതിയ സമുദായവും തമ്മിലുള്ള സമരത്തിൻെറ കാലമാണതു്; പുതിയ സമുദായം രൂപം പ്രാപിക്കുന്ന കാലം.

തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം

ഗോഥാപരിപാടിയുടെ വിമർശനം (1875) എന്ന കൃതി

യിൽ മാർക്സ് എഴുതി: "മുതലാളിത്ത സമുദായത്തിനും കമ്മ്യൂണിസ്റ്റു സമുദായത്തിനുമിടയ്ക്കു് ഒന്നു മറെറതിലേക്ക വിപ്ളവകരമായി പരിവർത്തനം ചെയ്യുന്നതിന്റെ കാലഘട്ടം കിടക്കുന്നു ഇതോടൊപ്പം രാഷ്ട്രീയ പരിവർത്തനത്തിൻെറ ഒരു കാലഘട്ടവുമുണ്ടു്. അക്കാലത്തു ഭരണക്രമം തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ളവകരമായ സർവ്വാധിപത്യമല്ലാതെ മറെറാന്നാവാൻ വയ്യ.

അപ്പോൾ, എന്താണു തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം?

അതു തൊഴിലാളിവർഗ്ഗത്താൽ നയിക്കപ്പെടുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭരണമാകുന്നു. അതിൻെറ ലക്ഷ്യം സോഷ്യലിസം കെട്ടിപ്പടുക്കലാകുന്നു.

തൊഴിലാളിവർഗ്ഗത്തിനു്, അതിൻെറ സർവ്വാധിപത്യമില്ലാതെ ബൂർഷ്വാസിയെ പൂർണ്ണമായി പരാജയപ്പെടുത്താനും സോഷ്യലിസം കെട്ടിപ്പടുക്കാനും കഴിയുമൊ? കഴിയുകയില്ലെന്നു ചരിത്രപരമായ അനുഭവം വ്യക്തമാക്കുന്നു. തൊഴിലാളിവർഗ്ഗം അധികാരം സ്വന്തം കയ്യിലെടുക്കുമ്പോൾ, അധികാരവും സമ്പത്തും നഷ്ടപ്പെട്ട എല്ലാ ചൂഷകവർഗ്ഗങ്ങളും തങ്ങൾക്കു നഷ്ടപ്പെട്ടതു തിരിച്ചെടുക്കാനുള്ള പരിശ്രമത്തിൽ കഠിനമായ സമരം തുടരുന്നു. പഴയവ്യവസ്ഥ പുന:സ്ഥാപിക്കാനുള്ള പ്രതീക്ഷ അവർ ഉപേക്ഷിക്കുന്നില്ല. കാരണം, അവക്കു ദീർഘകാലത്തേക്കു ഗണ്യമായ ശക്തിയുണ്ടു്. ഈ ശക്തി എന്താണു്?

ഒന്നാമതായി, ഒരു രാജ്യത്തു തോല്പിക്കപ്പെട്ടശേ
ഷം, ബൂർഷ്വാസിക്കു യുക്തമായിത്തന്നെ സാർവ്വദേശീയ
മൂടക്കുമുതലിന്റെ, മററുരാജ്യങ്ങളിൽ അപ്പോഴും അധി
കാരത്തിലിരിക്കുന്ന ചൂഷകവർഗ്ഗങ്ങളുടെ സഹായം
പ്രതീക്ഷിക്കാം. വിജയികളായ തൊഴിലാളികൾക്കും
കർഷകർക്കുമെതിരായി യുദ്ധംചെയ്വാൻ പതിനാലുരാജ്യ
ങ്ങൾ റഷ്യയിലെ മുതലാളിമാരേയും ഭൂവുടമകളേയും
സഹായിച്ചുവെന്ന സംഗതി പ്രസിദ്ധമാണല്ലോ.

രണ്ടാമതായി, സോഷ്യലിസ്റ്റു വിപ്ളവത്തിന്റെ
വിജയംകൊണ്ടു ചൂഷകന്മാർക്കു അവരുടെ എല്ലാസമ്പത്തും
ഉടനടി നഷ്ടപ്പെടുന്നുവെന്നർത്ഥമില്ല, അപ്പോഴും അവർക്കു
പണവും കുറെ സ്വത്തുമുണ്ടു്. ജനങ്ങളുടെ മനോഭാവ
ത്തിൽ അപ്പോഴും മേധാവിത്വം വഹിക്കുന്ന പഴ
ഞ്ചൻ വീക്ഷണങ്ങളേയും ശീലങ്ങളേയും ആചാരങ്ങളേ
യും തക്കമാക്കിക്കൊണ്ടു് അവർ [illegible]
[illegible] അവർ കർഷകരും കൈവേലക്കാരുമായ ചെറു
കിടസ്വത്തുടമകളുടെ പിന്തുണനേടാൻ ശ്രമിക്കുന്നു.
സാധാരണ ക്രിമിനലുകളുൾപ്പെടെ എല്ലാത്തരം അഴുക്കുക
ളുടെയും അവർ ശേഖരിക്കുന്നു. സാമ്പത്തികപുരോഗതി
യെ തടസ്സപ്പെടുത്തുകയും മററും ചെയ്യുന്നു.

ഒടുവിലായി, ചൂഷകവർഗ്ഗങ്ങളിലെ അംഗങ്ങൾ
കൂടുതൽ നല്ല വിദ്യാഭ്യാസമുള്ളവരാണു്: ഉല്പാദനം
സംഘടിപ്പിക്കുന്നതിലും അതിന്റെ മാനേജുമെന്റിലും
യുദ്ധതന്ത്രത്തിലും അവർക്കു പരിചയമുണ്ടു്. അവർ,
എഞ്ചിനീയർമാർ, എഴുത്തുകാർ, അദ്ധ്യാപകർ, പത്ര
പ്രവർത്തകർ എന്നിവരുമായി തങ്ങൾക്കുള്ള ബന്ധ

ങ്ങൾ സംരക്ഷിക്കുകയും ഇവരിൽക്കൂടി ജനങ്ങളുടെ മേൽ രാഷ്ട്രീയസ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

ഇതെല്ലാം തൊഴിലാളിവർഗ്ഗം, വേണ്ടിവന്നാൽ ബലം പ്രയോഗിച്ചും സ്വന്തം ഇഛ നടപ്പിലാക്കുന്ന ഒരു ശക്തവും ഉറപ്പുള്ളതുമായ അധികാരം സ്ഥാപിക്കേണ്ടതാവശ്യമാക്കിത്തീർക്കുന്നു. തൽഫലമായി, പ്രധാനമായും അട്ടിമറിക്കപ്പെട്ട ചൂഷകവർഗ്ഗങ്ങളുടെ ചെറുത്തുനില്പിനെ തകർക്കാനും ഭൂമിയും ഫാക്ടറികളും റെയിൽവെയും ഖനികളും മററുല്പാദനോപകരണങ്ങളും ജനങ്ങളിലേക്കു കൈമാററംചെയ്യാനും പുറമേനിന്നുള്ള ശത്രുക്കളുടെ കയ്യേറ്റത്തിൽനിന്നു വിപ്ലവത്തിന്റെ നേട്ടങ്ങളെ സംരക്ഷിക്കുകയും ഉറപ്പിക്കുകയും ചെയ്യാനും സോഷ്യലിസ്റ്റു നിർമ്മാണം സംഘടിപ്പിക്കാനും തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം ആവശ്യമാകുന്നു.

യുഗാന്തരങ്ങളായി ചൂഷകന്മാരുടെ അക്രമംസഹിച്ചുപോന്നിട്ടുള്ള അദ്ധ്വാനിക്കുന്ന ജനങ്ങൾ എല്ലാരൂപത്തിലുമുള്ള ബലപ്രയോഗമുപേക്ഷിക്കാൻ സന്നദ്ധരാണ്. എന്നാൽ പരാജയമടഞ്ഞ ചൂഷകവർഗ്ഗങ്ങൾ തന്നെ ബലപ്രയോഗത്തിന് അവരെ നിർബ്ബന്ധിക്കുകയാണു ചെയ്യുന്നതു്. ഒരു കാലത്തു ഭരണം നടത്തിയിരുന്ന വർഗ്ഗത്തിലെ അംഗങ്ങൾക്കു സത്യസന്ധമായി പണിയെടുക്കാനും അദ്ധ്വാനിക്കുന്ന ജനങ്ങളിൽ ക്രമേണ ലയിച്ചു ചേരുവാനുമുള്ള അവസരം നൽകാൻ തൊഴിലാളിവർഗ്ഗം തയ്യാറാണ്. അതേസമയം, ഒരു പുതിയ ജീവിതത്തിന്റെ നിർമ്മാണത്തെ തടസ്സപ്പെടുത്താനുള്ള അവരുടെ എല്ലാ പരിശ്രമങ്ങളേയും ദൃഢനിശ്ചയത്തോടെ നിഷ്ഫലമാക്കുകയും ചെയ്യുന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം സമുദായത്തിൻെറ ബഹുഭൂരിപക്ഷം ഒരു നിസ്സാരന്യൂനപക്ഷത്തിൻെറമേൽ നടത്തുന്ന ഭരണമാകുന്നു. എന്നാൽ ഏതൊരു ചൂഷകവർഗ്ഗത്തിൻെറയും സർവ്വാധിപത്യം — അടിമയുടമകളുടെയൊ നാടുവാഴികളുടെയൊ മുതലാളികളുടെയോ ഏതായാലും — ന്യൂനപക്ഷം - ഭൂരിപക്ഷം ജനങ്ങളുടെമേൽ നടത്തുന്ന ഭരണമാണ്. തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം ബഹുഭൂരിപക്ഷം-ജനങ്ങളുടെ താല്പര്യങ്ങൾ പ്രകടമാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ചൂഷണം അവസാനിപ്പിക്കുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയുമെന്ന നീതിപൂർണ്ണമായ കടമയാണതു നിർവ്വഹിക്കുന്നത്; എന്നാൽ എല്ലാ മുൻഭരണകൂടങ്ങളും ഒരുപിടി ചൂഷകന്മാരുടെ സ്വാർത്ഥതാല്പര്യങ്ങളെ സേവിക്കുകയാണു ചെയ്യുന്നത്. ഇങ്ങിനെ തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം, നിലവിൽവന്നിട്ടുള്ള എല്ലാ അധികാര രൂപങ്ങളിലേററവുമധികം ജനാധിപത്യപരമാകുന്നു.

ഒരു പുതിയ, സോഷ്യലിസ്റ്റു സമുദായം കെട്ടിപ്പടുത്തുകൊണ്ടു തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം ഒരു വമ്പിച്ച സൃഷ്ടിപരമായ പങ്കുവഹിക്കുന്നു.

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനു വൻകിട വ്യവസായം മാത്രമല്ല, ചെറുകിടയുല്പാദനവും, പ്രധാനമായി കൃഷകരുടെ കൃഷിസമ്പ്രദായം, സാമൂഹ്യവല്ക്കരിക്കേണ്ടതാവശ്യമാണ്. രാജ്യത്തിൻെറ സാമ്പത്തികവും

പ്രതിരോധപരവുമായ ശക്തി വർദ്ധിപ്പിക്കുന്നതിനും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരം അനുക്രമം അഭിവൃദ്ധിപ്പെടുത്തുന്നതിനും ഉല്പാദനശക്തികളുടെ ത്വരിതമായ വളർച്ചയുണ്ടാകേണ്ടതാവശ്യമായിരിക്കുന്നു. മാനുഷികബന്ധങ്ങളും ജനങ്ങളുടെ സംസ്കാരവും സാമൂഹ്യബോധവും സോഷ്യലിസ്റ്റാദർശങ്ങൾക്കനുരൂപമാക്കിത്തീർക്കേണ്ടതാവശ്യമാണ്.

തൊഴിലാളിവർഗ്ഗം അതിന്റെ സർവ്വാധിപത്യമുപയോഗിച്ച് ഈ കടമകളെല്ലാം നിർവ്വഹിക്കുന്നു. അതു് എല്ലാ അദ്ധ്വാനിക്കുന്നജനങ്ങളെയും, അതിന്റെ എല്ലാ ബന്ധുക്കളേയും സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ പങ്കെടുപ്പിക്കുകയും പൊതുലക്ഷ്യത്തിലേക്കു അവരെ നയിക്കുകയും അവരുടെ പരിശ്രമങ്ങൾക്കു വഴി കാട്ടുകയും ചെയ്തുകൊണ്ടു സോഷ്യലിസ്റ്റു നിർമ്മാണത്തിന്റെ എല്ലാവശങ്ങളെയും സംരക്ഷിക്കുന്നു.

തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കുന്നതിനും പരിവർത്തനഘട്ടത്തിൽ സമുദായത്തിന്റെ രാഷ്ട്രീയസംഘടനയ്ക്കും വേണ്ടിയുള്ള രണ്ടു സമരവും, ബന്ധപ്പെട്ട രാജ്യത്തിലെ പരിതഃസ്ഥിതിയെ ആശ്രയിച്ചു വ്യത്യസ്തരൂപങ്ങൾ സ്വീകരിക്കാവുന്നതാണ്.

1919-ൽ ലെനിൻ എഴുതി. "എല്ലാ രാഷ്ട്രങ്ങളും സോഷ്യലിസത്തിലെത്തിച്ചേരും, അതനിവാര്യമാണ്. എന്നാൽ എല്ലാ രാജ്യങ്ങളും ഇതു ചെയ്യുന്നതു് ഒരേരീതിയിലായിരിക്കുകയില്ല. ഓരോ രാഷ്ട്രവും ജനാധിപത്യത്തിന്റെ ഏതെങ്കിലും രൂപത്തിന് അതിന്റെ സ്വന്ത

മായ എന്തെങ്കിലും സംഭാവന ചെയ്യും; തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ ഏതെങ്കിലും രൂപത്തിനും സാമൂഹ്യജീവിതത്തിൻെറ വിവിധവശങ്ങളിൽ സോഷ്യലിസ്ററുപരിവർത്തനത്തിന്റെ വ്യത്യസ്ഥതോതിനും സ്വന്തമായ എന്തെങ്കിലും സംഭാവന ചെയ്യും"*

എന്നാൽ മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം ഏതു രൂപത്തിൽ സംഭവിച്ചാലും, വിപ്ളവത്തിൽക്കൂടെയല്ലാതെ ഈ പരിവർത്തനം നടപ്പിലാക്കാൻ സാധിക്കുകയില്ല. സോഷ്യലിസ്ററുനിർമ്മാണത്തിൻെറ ഘട്ടത്തിൽ പുതിയ ഭരണകൂടത്തിൻെറ രൂപങ്ങൾ എത്രതന്നെ വിവിധങ്ങളായിരുന്നാലും അവയുടെ സ്വഭാവം എല്ലായ്പോഴും ഒന്നുതന്നെയായിരിക്കും; അതായത്, തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം.

തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കുന്നതിനും സോഷ്യലിസ്ററുവിപ്ളവത്തിനു ശേഷം സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുമുള്ള തൊഴിലാളിവർഗ്ഗത്തിൻെറ സമരം നയിക്കുന്നതും നയിക്കാൻ കഴിയുന്നതും വിപ്ളവപാർട്ടിക്കു മാത്രമാണ്. പാർട്ടിയാണ് തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെ ഉറപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന ശക്തി. അതു ഭരണകൂടത്തേയും ട്രെയിഡ്യൂണിയനേയും യുവജനസംഘടനകളേയും മറെറല്ലാസംഘടനകളേയും നയിക്കുന്നു.

---

*വി. ഐ. ലെനിൻ, കളക്ടഡ്വർക്സ്, മോസ്കോവാല്യം 23 പേജ് 69-70

സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള അവശ്യോപാധിയും അനപേക്ഷണീയമായ ഉപകരണവുമാണു് തൊഴിലാളിവർഗ്ഗസർവ്വാധിപത്യം. മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിലുടനീളം അതാവശ്യമാണു്. എന്നാൽ അതു ശാശ്വതമായ ഒന്നല്ല; സമുദായം ശത്രുവർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നതു ശാശ്വതമല്ലാതിരിക്കുന്നിടത്തോളം.

സോഷ്യലിസം നിർമ്മിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തുകഴിയുമ്പോൾ, ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമയും–എല്ലാചൂഷണത്തിന്റേയും അടിസ്ഥാനം–ചൂഷകവർഗ്ഗങ്ങളും അവസാനിപ്പിക്കപ്പെട്ടുകഴിയുമ്പോൾ, ഉല്പാദനശക്തികൾ പ്രബലമായ പുരോഗതി നേടുകയും സോഷ്യലിസ്ററുല്പാദനബന്ധങ്ങൾ സുസ്ഥാപിതമാവുകയും ചെയ്തുകഴിയുമ്പോൾ, ജനങ്ങൾക്കു സാമൂഹ്യമായും രാഷ്ട്രീയമായും ഉറച്ച യോജിപ്പുണ്ടായികഴിയുമ്പോൾ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ ആവശ്യമില്ലാതാകുന്നു. സോഷ്യലിസം പരിപൂർണ്ണമായ വിജയംനേടുകയും സമുദായം പൂർണ്ണമായ കമ്മ്യൂണിസ്ററു നിർമ്മാണത്തിന്റെ ഘട്ടത്തിലേക്കു പ്രവേശിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ സോവിയററ് യൂണിയനിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം അതിന്റെ ചരിത്രപരമായ മഹത്തായ ദൗത്യം, ആഭ്യന്തരവികാസത്തെ സംബന്ധിച്ചിടത്തോളം, നിർവ്വഹിച്ചുകഴിഞ്ഞിരിക്കുന്നു, അതു മുഴുവൻ ജനങ്ങളുടേയും സോഷ്യലിസ്ററു ഭരണകൂടമായിത്തീർന്നിരിക്കുന്നു.

സോഷ്യലിസ്റ്റ് വിപ്ളവത്തിൻെറയും സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറയും സാമാന്യ നിയമങ്ങൾ. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ അനുഭവം വ്യക്തമാക്കുന്നത്, സോഷ്യലിസ്റ്റ് വിപ്ലവത്തെയും സോഷ്യലിസ്റ്റ് നിർമ്മാണത്തെയും നിയന്ത്രിക്കുന്നത് എല്ലാരാജ്യങ്ങൾക്കും പൊതുവായ ചില പ്രധാന നിയമങ്ങളാണെന്നാണ്.

എന്താണീനിയമങ്ങൾ?

ഏതെങ്കിലും രൂപത്തിലുള്ള തൊഴിലാളിവർഗ്ഗ വിപ്ലവം നടത്തുന്നതിലും ഏതെങ്കിലും രൂപത്തിലുള്ള തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കുന്നതിലും അദ്ധ്വാനിക്കുന്നജനങ്ങളുടെ നേതൃത്വം, ശാസ്ത്രീയ സോഷ്യലിസത്തിൻെറ സിദ്ധാന്തത്താൽ ആയുധമണിഞ്ഞ പാർട്ടി കാതലായുള്ള തൊഴിലാളിവർഗ്ഗത്തിനായിരിക്കണം. ഈ നിയമത്തിൻെറ അത്ഥവും പ്രാധാന്യവും നാം പരാമർശിച്ചുകഴിഞ്ഞു.

കർഷക ബഹുജനങ്ങളും അദ്ധ്വാനിക്കുന്നജനങ്ങളുടെ മററു വിഭാഗങ്ങളുമായി തൊഴിലാളിവർഗ്ഗത്തിൻെറ സഖ്യം. തൊഴിലാളിവർഗ്ഗം എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും താല്പര്യങ്ങൾ സ്ഥിരമായി പ്രകടിപ്പിക്കുന്നു. അതു തനിച്ചല്ല, അവരുമായി സഖ്യം ചേർന്നാണ് സമരംചെയ്യുന്നത്; അതുകൊണ്ടു വിജയിക്കുകയും ചെയ്യുന്നു. സോഷ്യലിസ്ററു നിർമ്മാണത്തിൻെറ കാലത്ത്, വർഗ്ഗരഹിതമായ ഭാവിസമുദായത്തിൻെറ അടിത്തറയിടുമ്പോൾ ഈ സഖ്യം പ്രത്യേകിച്ചു കൂടുതൽ പ്രാധാന്യമുള്ളതായിത്തീരുന്നു.

മുതലാളിത്ത സ്വത്തുടമ അവസാനിപ്പിക്കലും അടിസ്ഥാന ഉൽപാദനോപകരണങ്ങളുടെ മേൽ സാമൂഹ്യഉടമ സ്ഥാപിക്കലും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മേലുള്ള ചൂഷണത്തിന്റെ അടിയിൽ കിടക്കുന്നതു സ്വകാര്യ മുതലാളിത്ത സ്വത്തുടമസ്സമ്പ്രദായമാണ്. സമുദായത്തിൽ വർഗ്ഗശത്രുതകളുടെയും വർഗ്ഗഭരണത്തിൻെറയും കീഴമർത്തലിൻെറയും കാരണവും അതാണ്. മുതലാളിത്തസ്വത്തുടമസ്സമ്പ്രദായത്തിൻെറ ഭരണമവസാനിപ്പിച്ചില്ലെങ്കിൽ സോഷ്യലിസമുണ്ടാവുന്ന പ്രശ്നമേയില്ല.

കൃഷിയുടെ അനുക്രമമായ സോഷ്യലിസ്റ്റു പരിവർത്തനം. ചെറിയ കൃഷിയിടങ്ങൾക്കു ദാരിദ്ര്യത്തിൽ നിന്നു മോചനം നേടാനൊ ഉയൎന്നകാര്യക്ഷമതയുള്ള പരിഷ്കൃതയന്ത്രങ്ങളുപയോഗിക്കാനൊ സാധിക്കുകയില്ല. അതിൻെറ സ്വഭാവം കൊണ്ടുതന്നെ ചെറുകിടകൃഷിസമ്പ്രദായം പുതിയ ചൂഷകരെ തുടച്ചയായി ഉണ്ടാക്കിവിടുകയും അവർ, ബഹുഭൂരിപക്ഷം കൃഷകരുടെദാരിദ്ര്യവും ബുദ്ധിമുട്ടുകളും തക്കമൊയുപയോഗിച്ച് അവരുടെ ചിലവിൽ ധനികരും മുതലാളിമാരുമായിത്തീരുകയും ചെയ്യുന്നു.

സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻെറ കാലത്ത് ഒററയൊററയായകൃഷിയിടങ്ങൾ, സ്വയംസന്നദ്ധതയുടെ അടിസ്ഥാനത്തിൽ ക്രമേണ വലിയസോഷ്യലിസ്റ്റു സഹകരണ കൃഷിയിടങ്ങളായി മാററപ്പെടുന്നു. ഇത്തരത്തിൽ കർഷകർ സോഷ്യലിസ്റ്റു നിർമ്മാണത്തിൽ പങ്കുചേരുകയും തൽഫലമായി അവരുടെ ജീവിതനില

വാരവും സാംസ്കാരിക നിലവാരവും അഭിവൃദ്ധിപ്പെടുക യും തൊഴിലാളിവർഗ്ഗവും കൃഷകരും തമ്മിലുള്ള സഖ്യം ശക്തിപ്പെടുകയും ചെയ്യുന്നു. കൃഷിയിൽ ഏറ്റവും പുതിയ യന്ത്രങ്ങളും പുരോഗമനപരമായ മണ്ണുഗവേഷണ ശാസ്ത്രവും ഉപയോഗിക്കാനുള്ള അളവററ സൗകര്യങ്ങളുണ്ടാവുന്നു. ചൂഷണം പൂർണ്ണമായി തുടച്ചു നീക്കപ്പെടുകയും ചെയ്യുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരത്തിൻെറ അഭിവൃദ്ധിയും ഒരു പുതിയ സമുദായത്തിൻെറ നിർമ്മാണവും ലക്ഷ്യമാക്കിയുള്ള ആസൂത്രിക സാമ്പത്തിക വികാസം. സോഷ്യലിസം, ഉല്പാദനത്തിലെ മുതലാളിത്തഅരാജകത്വം അവസാനിപ്പിക്കുന്നു. ഒരൊറ്റ കേന്ദ്രീകൃതപ്ലാനനുസരിച്ചുള്ള സാമ്പത്തിക വികാസം സോഷ്യലിസത്തിൻെറ പ്രത്യേക സവിശേഷതയാകുന്നു. മുമ്പുള്ള എല്ലാസമുദായങ്ങളിൽ നിന്നും അതിനുള്ള മെച്ചവും ഇതാണ്. ഉല്പാദനത്തിൽ ത്വരിതമായ പുരോഗതിനേടാൻ അതു സോഷ്യലിസത്തിനു കഴിവുണ്ടാക്കുകയും ജനങ്ങൾക്കു വദ്ധമാനമായ അളവിൽ ഭൗതിക സൗകര്യങ്ങൾ നൽകുകയും അവരുടെ സാംസ്കാരികമുന്നേററത്തിനു അപരിമിതമായ സന്ദർഭങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

പ്രത്യയശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിൽ സോഷ്യലിസ്ററുവിപ്ളവം പൂർണ്ണമായി നടപ്പാക്കലും, തൊഴിലാളിവർഗ്ഗത്തോടും ജനങ്ങളോടും സോഷ്യലിസത്തോടും കൂറുള്ള ഒരു വലിയ വിഭാഗം ബുദ്ധിജീവികളെ പരിശീലിപ്പിക്കലും ഭരണക്രമം നടത്തിക്കൊണ്ടുപോകുന്നതിനും സാമ്പത്തികവികാസത്തിൻെറ മേൽനോട്ടം വഹിക്കുന്നതിനും

സാങ്കേതികവിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, നിരക്ഷരത്വം അവസാനിപ്പിക്കുകയും ഒരു വലിയ വിഭാഗം ശാസ്ത്രജ്ഞരേയും സാങ്കേതികവിദഗ്ദ്ധരേയും പരിശീലിപ്പിക്കേണ്ടതും ആവശ്യമാണ്.

മുതലാളിത്തത്തിൻ കീഴിൽ സാങ്കേതിക വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും അനുഗ്രഹങ്ങൾ ചിലയാളുകൾ മാത്രമാണനുഭവിക്കുന്നത്; അതേ സമയം മററുള്ളവർക്ക് ഏററവും കുറഞ്ഞവിദ്യാഭ്യാസവും സാംസ്കാരിക പുരോഗതിക്കുള്ള സൗകര്യങ്ങളും ലഭിക്കുന്നില്ല. ചൂഷണത്തേയും അക്രമഭരണത്തേയും സേവിക്കാൻ മനുഷ്യന്റെ പ്രതിഭ നിർബ്ബന്ധിക്കപ്പെടുന്നു. സാംസ്കാരികവിപ്ലവത്തിന്റെ മുഖ്യകടമ, സാംസ്കാരത്തെ ജനങ്ങളുടെ അടുത്തെത്തിക്കുകയാണ്. ഇതിന്റെ അർത്ഥം, ആദ്യമായി, ഒരു ചൂഷണസമുദായത്തിൽ ജനങ്ങളെ സംസ്കാരത്തിൽ നിന്നകററി നിർത്തുന്ന ഗർത്തം നികത്തുകയെന്നതാണ്. അതിന്റെയർത്ഥം, എല്ലാ ആത്മീയസമ്പത്തും ശാസ്ത്രത്തിന്റെയും കലയുടെയും എല്ലാം നേട്ടങ്ങളും എല്ലാജനങ്ങളുടെയും സ്വന്തമാക്കിത്തീർക്കലാണ്. രണ്ടാമതായി, അതിന്റെയർത്ഥം, അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നിലവാരം വളരെ അഭിവൃദ്ധിപ്പെടുത്തുകയും ജനകീയ പ്രതിഭയുടെ പൂർണ്ണമായ വികാസത്തിനു വിപുലമായ സാദ്ധ്യതകളുണ്ടാക്കുകയുമെന്നതാണ്. സോഷ്യലിസം നിർമ്മിക്കപ്പെടുന്നതോടെ, സോഷ്യലിസ്റ്റാശയങ്ങൾ കൂടുതൽ കൂടുതൽ ഉറപ്പായി ജനങ്ങളുടെ മന

സ്സിൽ കടന്നു കൂട്ടുകയും പുതിയമനുഷ്യനെ രൂപപ്പെടു ത്താൻ സഹായിക്കുകയും ചെയ്യുന്നു.

സോവിയററ് യൂണിയനിലും മററുസോഷ്യലിസ്റ്റു രാജ്യങ്ങളിലും ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ ജനങ്ങളുടെ സാംസ്കാരികനിലവാരം അഭിവൃദ്ധിപ്പെടുത്തു കയും ഒരു വലിയ വിഭാഗം പ്രത്യേകതൊഴിൽക്കാരെ പരിശീലിപ്പിക്കുകയും ചെയ്തു. സോവിയററ് യൂണിയൻ സാംസ്കാരികനിലവാരത്തിലും ഉന്നതവിദ്യാഭ്യാസമൊ സെക്കൻററി വിദ്യാഭ്യാസമോ നേടിയിട്ടുള്ള സ്പെഷ്യലി സ്ററുകളുടെ സംഖ്യയിലും എല്ലാ മുതലാളിത്ത രാജ്യങ്ങ ളേയും വളരെ മുമ്പുതന്നെ പിന്നിലാക്കിയിട്ടുണ്ട്. തൊഴി ലാളികളും കൃഷിക്കാരും സാംസ്കാരികവും സാങ്കേതികവു മായ വിജ്ഞാനം അടിക്കടി അഭിവൃദ്ധിപ്പെടുത്തിക്കൊ ണ്ടിരിക്കുന്നു. കുറച്ചുകാലം മുമ്പു ക്യൂബ-സോഷ്യലിസ്റ്റു പാത അപ്പോൾമാത്രം സ്വീകരിച്ച ഒരു രാജ്യം- കേവ ലം രണ്ടുവർഷംകൊണ്ടു നഗരത്തിലേയും നാട്ടുമ്പുറത്തെ യും നിരക്ഷരത്വം ഒരുപോലെ തുടച്ചുനീക്കുകയുണ്ടായി.

ദേശീയ മർദ്ദനം അവസാനിപ്പിക്കലും ജനങ്ങൾ തമ്മിൽ സമത്വവും സാഹോദര്യവും സ്ഥാപിക്കലും. സോഷ്യലിസം ദേശീയാസ്വാസ്ഥതകൾക്കു വിരാമമിടുക യും ചെറുതും സാമ്പത്തികമായി വികസിച്ചിട്ടില്ലാത്തതു മായ രാഷ്ട്രങ്ങളുടെ മേലുള്ള മർദ്ദനം അവസാനിപ്പിക്കു കയും ചെയ്യുന്നു. ജനതകൾ തമ്മിലുള്ള സമത്വവും സൗഭ്രാത്രബന്ധങ്ങളും സോഷ്യലിസത്തിൻെറ ഒരു സി ദ്ധാന്തമാകുന്നു.

ശാസ്ത്രീയസോഷ്യലിസം രാഷ്ട്രങ്ങളുടെ സ്വയം നിർണ്ണയാവകാശം, ഓരോജനതയ്ക്കും സ്വന്തം ഭാഗധേയം രൂപീകരിക്കാനുള്ള അവകാശം തെളിയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ദേശീയപ്രശ്നത്തോടുള്ള ഏററവും ഉറച്ച ജനാധിപത്യപരമായ സമീപനത്തെ അതുയർത്തിപ്പിടിക്കുന്നു അതു ദേശീയ പ്രശ്നത്തിൻെറ പരിഹാരത്തെ തൊഴിലാളിവർഗ്ഗത്തിൻെറ വർഗ്ഗസമരവുമായും ജനാധിപത്യത്തിൻെറ വികാസവുമായും സോഷ്യലിസത്തിൻെറ വിജയവുമായും ബന്ധപ്പെടുത്തുന്നു. ദേശീയജനതകളെ സംബന്ധിച്ച സോവിയററ് യൂണിയൻെറയും മററുസോഷ്യലിസ്ററുരാജ്യങ്ങളുടേയും നയത്തിൻെറ ലക്ഷ്യം അവയ്ക്കു നിയമപരമായ സമത്വം ഉറപ്പുചെയ്യുകയെന്നതുമാത്രമല്ല, യഥാർത്ഥമായ സമത്വം —സാമ്പത്തികവും സാംസ്കാരികവുമായ സമത്വംനേടാൻ അവയെ സഹായിക്കുകകൂടിയാണ്. യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൽ വ്യവസായ വൽക്കരണത്തിൻെറ ഏററവും ത്വരിതമായ വളർച്ച ഉറപ്പുചെയ്തിട്ടുള്ളതു്, മുതലാളിത്തത്തിൻകീഴിൽ ഏററവുമധികം ദുരിതമനുഭവിച്ചിട്ടുള്ള നോൺ-റഷ്യൻ റിപ്പബ്ലിക്കുകൾക്കാണ്.

സോവ്യററുയൂണിയനിലാകെ 1913 ലും 1940 നുമിടയ്ക്കു വൻകിടവ്യവസായോല്പാദനവർദ്ധനവ് പന്ത്രണ്ടിരട്ടിയായിരുന്നപ്പോൾ, ഏററവും പിന്നോക്കം കിടന്നിരുന്ന സോവ്യററ് റിപ്പബ്ലിക്കുകളായ കസാക്സ്ഥാനിൽ അതു 19.5 ഇരട്ടിയും അർമേനിയയിൽ 22.6

ഇരട്ടിയും കിർഘിസ്യയിൽ 153 ഇരട്ടിയും താജികിസ്ഥാനിൽ 324 ഇരട്ടിയുമായിരുന്നു. സോഷ്യലിസ്റ്റു രാഷ്ട്രങ്ങളുടെ സൗഭ്രാത്രപരമായ സഹായത്തോടെ എല്ലാസോവിയററ് ജനതകളും തങ്ങളുടെ ഒരു കാലത്തെ പിന്നോക്കാവസ്ഥ തരണം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഓരോ നോൺ-റഷ്യൻസോവ്യററ് റിപ്പബ്ലിക്കിലും റീജിയനിലും സ്വന്തം പരിഷ്കൃതവ്യവസായം സ്ഥാപിച്ചിട്ടുണ്ടു്, അതു് സമ്പദ്ഘടനയിലൊരു താക്കോൽ സ്ഥാനം വഹിക്കുന്നു. ഉയന്ന ഉല്പാദനക്ഷമതയുള്ള കൃഷിയും അവക്കുണ്ടു്.

നോൺ- റഷ്യൻ റിപ്പബ്ലിക്കുകൾ സമ്പദ്ഘടനയിൽ മാത്രമല്ല; സംസ്കാരത്തിലും ഗണ്യമായ പുരോഗതി നേടിയിട്ടുണ്ടു്. അവിടെയെല്ലാംവിദ്യാഭ്യാസം പ്രാദേശികഭാഷയിലാണു നടത്തുന്നതു്. മുതലാളിത്തത്തിൻ കീഴിൽ ഇവയിൽ പലതിനും ഒരു എഴുത്തുഭാഷപോലുമില്ലായിരുന്നു. ഇന്നു അവക്കുസ്വന്തമായ അക്ഷരമാലകളും വ്യാകരണവും പാഠപുസ്തകങ്ങളും അവരുടെ സ്വന്തം അദ്ധ്യാപകരുമുണ്ടു്. വിപ്ളവത്തിനു മുമ്പു ബൈലോറഷ്യയിലും അസർബൈജാനിലും അർമേനിയയിലും താജികിസ്ഥാനിലും കസാക്സ്ഥാനിലും തുക്കുമേനിയയിലും കിർഘിസ്യയിലും ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടായിരുന്നില്ല; ഇന്നു ഡസൻ കണക്കിനുണ്ടു്. എഞ്ചിനീയർമാരെയും കൃഷിശാസ്ത്രജ്ഞരേയും ഡോക്ടർമാരെയും അദ്ധ്യാപകരേയും മററുസ്പെഷ്യലിസ്റ്റുകളെയും അവിടെ പരിശീലിപ്പിക്കുന്നു. യു. എസ്സ്. എസ്സ് ആറിലെ ശാസ്ത്രഅക്കാദമിക്കു പുറമെ എല്ലായൂണിയൻ റിപ്പബ്ളിക്കുകളിലും ശാസ്ത്രഅക്കാദമികൾ സ്ഥാപിച്ചിട്ടുണ്ടു്.

സോവ്യറ്റ്യൂണിയനിലെ പല ജനതകൾക്കും അവരുടെ സ്വന്തമായ സാഹിത്യമൊ നാടകവേദിയൊ ഉണ്ടായിരുന്നില്ല. ഇക്കാലത്തു്, സാഹിത്യത്തിലും സംഗീതത്തിലും ചരിത്രരചനയിലും ശില്പവിദ്യയിലും നാടകത്തിലും തങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങളിൽ അവ ക്കഭിമാനിക്കാൻ ധാരാളം വകയുണ്ടു്. ഓരോ സോവ്യറ്റ് ജനതയുടെയും ഭാഷയിൽ പുസ്തകങ്ങളും പത്രങ്ങളും മാസികകളും പ്രസിദ്ധീകരിക്കപ്പെടുന്നു.

യു. എസ്സ്. എസ്സ്. ആറിലെ രാഷ്ട്രങ്ങളും ദേശീയ ജനതകളും അടുത്ത സൗഹൃദത്താൽ ഐക്യപ്പെട്ടിരിക്കു കയും പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിൽ സജീവ മായി പങ്കെടുക്കുകയും ചെയ്യുന്നു.

അകത്തും പുറത്തുമുള്ള ശത്രുക്കളുടെ ആക്രമണ ത്തിൽ നിന്നു സോഷ്യലിസത്തിൻെറ നേട്ടങ്ങളെ സംരക്ഷിക്കൽ. അട്ടിമറിക്കപ്പെടുന്ന ചൂഷകവർഗ്ഗ ങ്ങൾ ഒരിക്കലും സ്വമേധയാ അധികാരം വച്ചൊഴിയുക യില്ല. സാർവ്വദേശീയ പിന്തിരിപ്പത്തത്തിൻെറ പിന്തുണ യോടെ അവർ സ്വന്തം ഭരണം പുനഃസ്ഥാപിക്കാൻ ഭ്രാന്തൻ പരിശ്രമങ്ങൾ നടത്തുന്നു. റഷ്യയിൽ വിജയം വരിച്ച തൊഴിലാളികൾക്കും കർഷകക്കുമെതിരായി ഭ്രവ്യ ടമകളും ബൂഷ്വാസിയും ഒരാഭ്യന്തരയുദ്ധമാരംഭിക്കു കയും വിദേശീയാക്രമണകാരികളുടെ സഹായം തേടു കയും ചെയ്തു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേട്ടങ്ങൾ സംരക്ഷിക്കുവാൻ സോഷ്യലിസ്ററ് രാജ്യങ്ങൾ തങ്ങ ളുടെ പ്രതിരോധ ശക്തിബലപ്പെടുത്തുന്നു.

ഓരോ രാജ്യത്തിലെയും തൊഴിലാളിവർഗ്ഗവും മററു രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗവും തമ്മിലുള്ള, ലോകമാകെയുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യദാർഢ്യം. ചൂഷണവ്യവസ്ഥയുടെ പ്രത്യേകതയാണു വിവിധരാജ്യങ്ങളിലെ ജനതകൾ തമ്മിലുള്ള ശത്രുത. അതിൻെറ സ്ഥാനത്തു സോഷ്യലിസം എല്ലാ രാഷ്ട്രങ്ങളുടെയും സാഹോദര്യവും സഹകരണവും ലോകത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വളൎന്നുവരുന്ന ഐക്യവും സ്ഥാപിക്കുന്നു.

മുതലാളിത്തത്തിനുമുമ്പുള്ള ഉൽപാദനബന്ധങ്ങളെ മാററി സോഷ്യലിസ്ററുൽപാദനബന്ധങ്ങൾ സ്ഥാപിക്കൽ.

ദേശീയ സ്വാതന്ത്ര്യം നേടിയവയോ അതിനുവേണ്ടി സമരംചെയ്തുകൊണ്ടിരിക്കുന്നവയൊ ആയ രാജ്യങ്ങളുടെ വികാസത്തിൻെറ പ്രശ്നം മനുഷ്യസമുദായത്തെ നേരിട്ടുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങളിലൊന്നാണ്. സാമ്രാജ്യത്വശക്തികൾ ആ രാജ്യങ്ങളെ അടിമപ്പെടുത്തുകയും ചരിത്രത്തിന്റെ പൊതുപുരോഗതിയിൽ നിന്നൊഴിച്ചുനിൎത്തിയാലെന്നപോലെ അവയെ യുഗദീർഘമായ പിന്നോക്കാവസ്ഥയിലേക്കു തള്ളുകയും ചെയ്തു. യൂറോപ്പിലെയും അമേരിക്കയിലെയും രാജ്യങ്ങളിൽ മുതലാളിത്തം വളൎച്ചയിലും അതിവളൎച്ചയിലുമെത്തുകയും ലോകത്തിന്റെ ഒരു ഭാഗം ഒരു പുതിയവ്യവസ്ഥിതിയിലേക്ക്—സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കും—കടന്നുപോവുകയും ചെയ്തിട്ടും ഏഷ്യയിലും (ജപ്പാനിലൊഴികെ) ആഫ്രിക്കയിലും ചില ലാററിനമേരിക്കൻ രാജ്യ

ങ്ങളിലും നാട്ടുവാഴിത്തപരവും അതിനുമുമ്പുള്ളതുമായ ബന്ധങ്ങൾ അവശേഷിച്ചു. കൊളോണിയലിസം അവയ്ക്കു സാമ്പത്തിക പിന്നോക്കാവസ്ഥയുടെയും ദാരിദ്ര്യത്തിന്റെയും നിരക്ഷരത്വത്തിന്റെയും പൈതൃകമാണു നൽകിയതു്.

പല നൂററാണ്ടുകളായി ആഫ്രിക്കയെ പശ്ചിമയൂറോപ്യൻ ബൂർഷ്വാരാജ്യങ്ങൾ ക്രൂരവും നികൃഷ്ടവുമായ മർദ്ദനത്തിനു വിധേയമാക്കിയിരുന്നു. ആഫ്രിക്കക്കാർക്കെതിരായി തങ്ങളനുഷ്ഠിച്ച അവമതികളെയും അക്രമങ്ങളെയും ന്യായീകരിക്കുന്നതിനായി മുതലാളിമാർ അവരെ സ്വതന്ത്രമായ സൃഷ്ടിപരയത്നങ്ങൾ നടത്താൻ കഴിവില്ലാത്ത അധഃകൃതജനങ്ങളായി വർണ്ണിച്ചു. ഇപ്പോൾ ആഫ്രിക്കയിലെ ജനങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യം നേടുകയും കൊളോണിയൽ ചൂഷണവ്യവസ്ഥയുടെ മേൽ തകർപ്പൻ പ്രഹരങ്ങളേല്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. ചരിത്രപരമായ പുരോഗതിക്കാ. സമുദായത്തെ പരിവർത്തനം ചെയ്യുന്നതിലും ജനാധിപത്യം വികസിപ്പിക്കുന്നതിലും ഉല്പാദനപരമായ അദ്ധ്വാനത്തിലും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും കലയിലുമുള്ള സർഗ്ഗപ്രവർത്തനത്തിലും തങ്ങളുടെ കഴിവു് മററു ഭൂഖണ്ഡങ്ങളിലെ ജനങ്ങളുടേതിൽ താഴെയല്ലെന്നു അവർ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു വംശത്തെയൊ രാഷ്ട്രത്തെയൊ മറ്റൊന്നിനെതിരായി തിരിച്ചുവിടുകയെന്ന, ചരിത്രത്താൽ നിരാകരിക്കപ്പെട്ട, ആപല്ക്കരമായ പാതയിൽക്കൂടി മുന്നോട്ടു പോകാൻ അവർ ഒരുക്കമല്ല. ഈ പാത

KOTTAYAM PUBLIC LIBRARY KOTTAYAM

അനിവാൎയ്യമായി, വംശീയവും ദേശീയവുമായ വെറുപ്പിലേക്കും ജനതകൾ തമ്മിലുള്ള സമരത്തിലേക്കും നയിക്കുന്നു, ഇതു് ഒരു പിടി ചൂഷകന്മാൎക്കു മാത്രം ഗുണമുണ്ടാക്കുകയും ബഹുജനങ്ങൾക്കു കഷ്ടതയും ദുരിതവും വരുത്തുകയും ചെയ്യുന്നു. ആഫ്രിക്കയിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾ മററു ഭൂഖണ്ഡങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുമായി സഹകരിക്കാനും സൗഹൃദബന്ധങ്ങൾ സ്ഥാപിക്കാനും ആഗ്രഹിക്കുന്നു.

ആഫ്രിക്കാ സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ തരണംചെയ്യാൻ ഏററവും എളുപ്പമായ മാൎഗ്ഗം തേടിക്കൊണ്ടിരിക്കുകയാണു്. കൂടുതൽ കൂടുതൽ ആഫ്രിക്കൻ രാജ്യതന്ത്രജ്ഞന്മാരും രാഷ്ട്രീയ പ്രവൎത്തകരും, സമുദായത്തിന്റെ മൗലികമായ പരിവൎത്തനത്തിലേക്കുള്ള ഏററവും ദൈൎഘ്യം കുറഞ്ഞ പാതയായി സോഷ്യലിസം തെരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു.

മുതലാളിത്തത്തിനു മുമ്പുള്ള ഉൽപാദനബന്ധങ്ങൾ പ്രധാനസ്ഥാനം വഹിക്കുകയും വൻകിടവ്യവസായവും ലോകചരിത്രം ഒരു വിമോചന ദൗത്യം ഭാരമേല്പിച്ചിട്ടുള്ള തൊഴിലാളിവൎഗ്ഗവുമില്ലാതിരിക്കുകയും ജനസംഖ്യയുടെ മിക്കവാറും മുഴുവൻ ഭാഗവും ചെറിയ സ്വതന്ത്രകൎഷകരോ ഗോത്രവൎഗ്ഗകമ്മ്യൂണുകളിൽ പെട്ട കൎഷകരോ ആയിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളിൽ മുതലാളിത്തത്തെ മറികടന്നു സോഷ്യലിസത്തിലേക്കു പോവുക സാദ്ധ്യമാണോ?

അതെ, എന്നാണു ശാസ്ത്രീയസോഷ്യലിസത്തിന്റെ ഉത്തരം. എത്ര പിന്നോക്കം കിടക്കുന്ന രാജ്യത്തിനും ഇപ്പോൾ മുതലാളിത്തത്തെ മറികടന്നു സോഷ്യലിസത്തിലേക്കു

പോകാൻ കഴിയും. മനുഷ്യസമുദായത്തിൻെറ വളർച്ച യിൽ മുതലാളിത്തം അവശ്യവും അനിവാര്യവുമായ ഒരു ഘട്ടമായിരുന്നു. എന്നാൽ ഭൂലോകത്തിലാകെ സോഷ്യലിസം വിജയിക്കുന്നതിനു് ഓരോ രാജ്യത്തും ബൂർഷ്വാ സാമൂഹ്യബന്ധങ്ങൾ പൂർണ്ണമായി വികസിക്കുകയെന്നതു് അനുപേക്ഷണീയമല്ലതന്നെ ലെനിൻ എഴുതി: "ലോകാടിസ്ഥാനത്തിൽ വൻകിടവ്യവസായം നിലനിൽക്കുന്നതിനാൽ സോഷ്യലിസത്തിലേക്കു നേരിട്ടുള്ള ഒരു പരിവർത്തനം നിസ്സംശയമായും സാദ്ധ്യമാണു്"* പിന്നോക്ക രാജ്യങ്ങൾക്കു്, മററു രാജ്യങ്ങളിലെ വിജയശ്രീലാളിതരായ തൊഴിലാളിവർഗ്ഗത്തിൻേറയും സോഷ്യലിസ്ററു രാജ്യങ്ങളുടെയും പിന്തുണയോടെ, മുതലാളിത്തഘട്ടത്തെ മറികടന്നു സോഷ്യലിസത്തിലേക്കു പോകാൻ കഴിയും.

വിവിധ രാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾ പരസ്പരം സോഷ്യലിസത്തിലേക്കു പോകാൻ സഹായിക്കുന്നു. അവർ, ജനതകൾതമ്മിൽ ചൂഷണത്തിൻെറയും, ഭരണത്തിൻേറയും കീഴടക്കലിൻെറയും, ബന്ധങ്ങൾ ശക്തിയായി നിരസിക്കുന്നു. സോഷ്യലിസ്റ്റു സാമൂഹ്യവ്യവസ്ഥ ലോകത്തിലെല്ലാ രാജ്യങ്ങളിലും ഇപ്പോഴൊ പിന്നീടൊ സ്ഥാപിക്കപ്പെടുകതന്നെ ചെയ്യും. ഇതിൻെറ അർത്ഥം, സാമ്രാജ്യത്വം പിന്നോക്കാവസ്ഥയിലേക്കുതള്ളിയിരുന്ന ജനതകളും മററുള്ളവരോടൊപ്പം പുതിയ സമുദായം സൃഷ്ടിക്കുമെന്നാണു്.

* വി. ഐ. ലെനിൻ, "കളക്ടഡ് വർക്സ്", 4-ാം റഷ്യൻ പതിപ്പ്". വാള്യം 33, പേജ് 134

മുതലാളിത്തം ലോകത്തിൻെറ ഒരു ഭാഗത്തു തുടച്ചുനീക്കപ്പെടുകയും അതാകെ ജീവിതത്തിൽ നിന്നപ്രത്യക്ഷമാകാൻ വിധിക്കപ്പെടുകയും ചെയ്തിട്ടുള്ള ഇക്കാലത്തു മുതലാളിത്തമാർഗ്ഗം സ്വീകരിക്കുകയെന്നർത്ഥം, വികാസത്തിൻെറ സാദ്ധ്യതകൾ പരിമിതപ്പെടുത്തുകയും മുന്നോട്ടുനോക്കുന്നതിനുപകരം പിന്നോട്ടുനോക്കുകയുമെന്നാണ്. ജനങ്ങളുടെ താല്പര്യത്തിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യപ്രശ്നങ്ങൾക്കുപരിഹാരം കാണണമെന്നാണു ജീവിതം ആവശ്യപ്പെടുന്നതു്. എന്നാൽ സാമൂഹ്യസമത്വത്തിന്റെ വളർച്ചയും ഭൂരിപക്ഷത്തിൻെറമേൽ ന്യൂനപക്ഷത്തിൻെറ വർദ്ധിച്ചുവരുന്ന ചൂഷണവും ദേശീയസാമ്പത്തികവികാസവും ജനങ്ങളുടെ ജീവിതനിലവാരവും ഉയർത്തുന്നതിലുള്ള വിസമ്മതവും, തീർച്ചയായും യാതൊരു പരിഹാരവുമുണ്ടാക്കുന്നില്ല. ഇന്നത്തെ കാലഘട്ടത്തിൽ, സോഷ്യലിസത്തിലേക്കു മുന്നേറാതെ ഒരു രാജ്യത്തിനും യഥാർത്ഥപുരോഗതിനേടാൻ സാദ്ധ്യമല്ല.

പുതുതായി സ്വാതന്ത്ര്യം പ്രാപിച്ച രാജ്യങ്ങൾക്കു ദേശീയ ജനാധിപത്യം(ബഹുജനങ്ങളുടെ താല്പര്യങ്ങൾ പ്രകടിപ്പിക്കുന്ന ഒരു ഭരണക്രമം)വികസിപ്പിച്ചുകൊണ്ടും അതിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം സ്ഥിരമായി ഉയർത്തിപ്പിടിച്ചുകൊണ്ടും സാമ്രാജ്യത്വത്തിനും സാമ്രാജ്യത്വസൈനികസഖ്യങ്ങൾക്കുമെതിരായും കൊളോണിയലിസത്തിൻെറയും സാമ്രാജ്യത്വമുടക്കുമുതലിൻെറ നുഴഞ്ഞുകയററത്തിൻെറയും പുതിയ രൂപങ്ങൾക്കുമെതിരായും സമരം ചെയ്തുകൊണ്ടും ത്വരിതമായ സാമൂഹ്യപുരോഗതി നേടാൻ കഴിയും. ദേശീയ

ജനാധിപത്യം സർവ്വാധിപത്യപരവും സ്വേഛരാധികാര പൂർണ്ണവുമായ ഭരണരീതികളെ നിരാകരിക്കുന്നു. അതു ജനങ്ങൾക്കു വ്യാപകമായ ജനാധിപത്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നൽകുന്നു. ജനാധിപത്യപരവും സാമൂഹ്യവുമായ മാറ്റങ്ങളുണ്ടാക്കാനും ഗവമ്മെൻറു നയങ്ങൾ രൂപീകരിക്കുന്നതിൽ പങ്കെടുക്കാനും അവരെ കഴിവുള്ളവരാക്കുകയും ചെയ്യുന്നു.

മുതലാളിത്തത്തിനു മുമ്പുള്ള ബന്ധങ്ങളിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനത്തിൻെറ സാഹചര്യങ്ങൾ ഓരോ രാജ്യത്തിനും വ്യത്യസ്ഥമായിരിക്കുന്നു. ഒന്നാമതായി അതു് ബന്ധപ്പെട്ട രാജ്യം നേടിയിട്ടുള്ള സാമൂഹ്യവികാസത്തെ ആശ്രയിച്ചിരിക്കുന്നു.

പല ആഫ്രിക്കൻ രാജ്യങ്ങളിലും കമ്മ്യൂണൽ (ഗോത്രവർഗ്ഗരീതിയിലുള്ള പരി:) സ്വത്തുടമസമ്പ്രദായങ്ങളൊ അവയുടെ അവശിഷ്ടങ്ങളൊ നിലനില്ക്കുന്നുണ്ടു്. കൊളോണിയൽ ആക്രമണത്തിൻെറയും ചരക്കുല്പാദനത്തിൻെറയും സാമ്രാജ്യത്വചൂഷണത്തിൻെറയും കാലഘട്ടത്തിനു മുമ്പു മുതലേയുള്ളതാണതു്. ഈ സമ്പ്രദായങ്ങൾക്കും സോഷ്യലിസത്തിനും പൊതുവായുള്ള സ്വഭാവം, ഉല്പാദനോപകരണങ്ങൾ സ്വകാര്യഉടമയിലല്ല, പൊതുവുടമയിലാണെന്നുള്ളതാണ്. അതിനു സോഷ്യലിസവുമായി അത്രമാത്രമെ സാമ്യമുള്ളു. ഈ സ്വഭാവംകൊണ്ടു മാത്രം പഴയ സമ്പ്രദായത്തിനു ഭാവിയിലെ സോഷ്യലിസം സൃഷ്ടിക്കാൻ കഴിവുണ്ടാവുകയില്ലെന്നു് എംഗത്സ് എഴുതി.

ഗോത്രവർഗ്ഗകമ്മ്യൂണിനു വികാസം പ്രാപിച്ചിട്ടില്ലാത്തതും പ്രാകൃതവുമായ ഉല്പാദനോപകരണങ്ങളാണുള്ളതു്. മിക്കപ്പോഴും അതു വളരെ ദുഷ്കരമായ രീതിയിൽ നടത്തുന്ന കേവലമായ പുനരുല്പാദനം മാത്രമാണു്. എന്നു വച്ചാൽ, ഈ ഉല്പാദന സമ്പ്രദായത്തിൻ കീഴിൽ ഉല്പാദനത്തിന്റെ അളവുമാററമില്ലാതിരിക്കുകയും അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത വളരെ താണിരിക്കുകയും കമ്മ്യൂണിന്റെ സാമ്പത്തിക പ്രവത്തനവും അതിന്റെ ജീവിതമാകെത്തന്നെയും അങ്ങേയററം യാഥാസ്ഥിതികമായിരിക്കുകയും ചെയ്യുന്നുവെന്നത്ഥം. ഗോത്രവർഗ്ഗകമ്മ്യൂണിലെ ജനങ്ങളുടെ സംഖ്യ വളരെ ചെറുതാണു്. അതു പൂർണ്ണമായും ഒരു പ്രാദേശികഗ്രൂപ്പാണു്, അതിനു് അത്തരത്തിലുള്ള മററു ഗ്രൂപ്പുകളുമായി ഉല്പാദനപരമായ ബന്ധമൊ മററു സാമ്പത്തിക താല്പര്യങ്ങളുടെ ബന്ധമൊ ഇല്ല. ഇതെല്ലാം പഴയ കമ്മ്യൂണൽവ്യവസ്ഥയെ സോഷ്യലിസ്റ്റുസമുദായത്തിൽ നിന്നു വേർതിരിച്ചു നിർത്തുന്നു; സോഷ്യലിസ്ററുസമുദായംകൊണ്ടുത്ഥമാക്കുന്നതു്, ഉൽപാദനശക്തികളുടെ വികാസത്തിന്റെ ഉയന്ന നിലവാരവും ത്വരിതമായ സാമ്പത്തിക വളച്ച്യുടെ തോതും വൻതോതിൽ ഭൗതികസൗകര്യങ്ങളുടെ ഉൽപാദനവും ജനങ്ങളുടെ ജീവിതനിലവാരത്തിന്റെ അനുക്രമമായ അഭിവൃദ്ധിയും വിദ്യാഭ്യാസത്തിലും ശാസ്ത്രത്തിലും സംസ്കാരത്തിലും വേഗത്തിലുള്ള പുരോഗതിയും പൊതുവായ സോഷ്യലിസ്റ്റുസ്വത്തുടമയുടെ അടിസ്ഥാനത്തിൽ ഉൽപാദകസമൂഹങ്ങൾ തമ്മിലുള്ള അടുത്തബന്ധങ്ങളുമാണു്.

ആഫ്രിക്കയിൽ പ്രചാരത്തിലുള്ള സാമൂഹ്യസ്വത്തുടമസമ്പ്രദായം, സാമൂഹ്യമായും സാമ്പത്തികമായും പൂർവ്വയൂറോപ്പിലെ കൃഷികസമൂഹങ്ങളുടെയും ലാറ്റിനമേരിക്കയിലെ ഇന്ത്യൻ സമൂഹങ്ങളുടെയും മാതൃകയിൽ തന്നെയുള്ളതാണ്. ഉൽപാദനോപകരണങ്ങളുടെ പൊതുവുടമയാണീ സമ്പ്രദായങ്ങളുടെ പ്രത്യേകത. ഈ സമ്പ്രദായങ്ങൾ, വർഗ്ഗവിഭജനമില്ലാതിരുന്നകാലത്ത് എല്ലാജനതകൾക്കിടയിലും പ്രചാരത്തിലുണ്ടായിരുന്നു. ഈ സമ്പ്രദായങ്ങൾക്ക—ഗോത്രവർഗ്ഗസമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾക്ക്—കൂട്ടുതലയുന്ന ഒരു കൂട്ടായ സമുദായരൂപത്തിലേക്ക്, അതായത് സോഷ്യലിസ്റ്റു സമുദായത്തിലേക്ക നയിക്കാൻ കഴിയുമെന്നതിനു ചരിത്രത്തിലിതുവരെ ഒരുദാഹരണമുണ്ടായിട്ടില്ല. കൂടാരത, ഒരിടത്തും അതിനു ചരക്കുൽപാദനത്തിൻെറയും ലോകകമ്പോളത്തിൻെറയും ദോഷഫലത്തെ ചെറുക്കാനും കഴിഞ്ഞിട്ടില്ല. എംഗത്സ് എഴുതി: "ഗോത്രവർഗ്ഗസമ്പ്രദായത്തിൽ നിന്നവശേഷിച്ചിട്ടുള്ള കൃഷികകമ്മ്യൂണിസം ഒരിടത്തും ഒരു കാലത്തും, അതിൻെറ തന്നെ അധഃപതനമല്ലാതെ മററൊന്നും സൃഷ്ടിച്ചിട്ടില്ല." പല ആഫ്രിക്കൻ രാജ്യങ്ങളിലും, ഗോത്രവർഗ്ഗങ്ങളുടെ പ്രത്യേകമായ കമ്മ്യൂണൽ സംഘടനയെ കൊളോണിയൽ മേധാവികൾ തങ്ങളുടെ സ്വന്തം ഉദ്ദേശങ്ങൾ സാധിക്കുന്നതിനു പയോഗപ്പെടുത്തി. കമ്മ്യൂണിലെ സ്വതന്ത്രരായ അംശങ്ങളെ അവർ തോട്ടങ്ങളിലെ അടിമകളാക്കിത്തീർത്തു. പല കമ്മ്യൂണുകളിലും, പൊതുമുതൽ പിടിച്ചെടുക്കു

കയും തങ്ങളുടെ സഹഗോത്രന്മാരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു കൂട്ടം സ്വകാര്യഉടമകളുണ്ടായിത്തീർന്നു.

ഇപ്പറഞ്ഞതിനർത്ഥം, ആഫ്രിക്കയിൽ പ്രചാരത്തിലുള്ള പൊതുവുടമസ്സമ്പ്രദായത്തിനും അദ്ധ്വാനത്തിനും, അവിടെ ഒരു പുതിയ സമ്പ്രദായം കെട്ടിപ്പടുക്കുന്നതിൽ പ്രയോജനകരമായ പങ്കു വഹിക്കാൻ കഴിയുകയില്ലെന്നല്ല. ജനങ്ങളുടെ ഭരണം, സമ്പദ്ഘടനയേയും ജീവിതരീതിയേയും മൗലികമായി രൂപാന്തരപ്പെടുത്തുകയും അടിസ്ഥാന ഉൽപാദനോപകരണങ്ങളുടെ മേൽ നിയന്ത്രണം സ്ഥാപിക്കുകയും സാമ്പത്തികാസൂത്രണം നടപ്പിലാക്കുകയും സ്റ്റേറ്റ് ബഡ്ജററുകൊണ്ടു് അടിസ്ഥാന സമ്പൽസഞ്ചയം കേന്ദ്രീകരിക്കുകയും ചെയ്യുന്നതിൻെറ ഉദാഹരണങ്ങൾ ആ ഭൂഖണ്ഡത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. കർഷകസമൂഹങ്ങളുടെ നിലനിൽപു കുറെക്കൂടെ ദീർഘിപ്പിക്കുന്നതിനും സമൂഹത്തെ ഒരു ഉൽപാദനസഹകരണപ്രസ്ഥാനമാക്കിത്തീർക്കാൻ കർഷകരെ സഹായിക്കുന്നതിനും ഇത്തരത്തിലുള്ള ജനകീയഭരണത്തിനു കഴിയും. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മുൻകയ്യിനെ ഉണർത്താനും ജനകീയോത്സാഹത്തെ ഇളക്കിവിടാനും സാമ്രാജ്യവിരുദ്ധശക്തികൾക്കു കഴിയുമെന്നു മാലിയിലെയും ഘാനയിലെയും മററു ചില ആഫ്രിക്കൻ രാജ്യങ്ങളിലെയും അനുഭവം തെളിയിക്കുന്നു. ഇതു കൊളോണിയൽ ചരിത്രത്തിൽ അഭൂതപൂർവ്വമായ ഒരു ഉൽപാദനഘടകമാണു്.

എംഗത്സ് ഈ സംഭവ്യത മുൻകൂട്ടി കണ്ടിരുന്നു. 1894-ൽ അദ്ദേഹം എഴുതി: "...മുതലാളിത്തോല്പാദനത്തിൻെറ പാതയിൽ പ്രവേശിക്കുകമാത്രം ചെയ്തിട്ടുള്ളതും ഗോത്രവർഗ്ഗരീതികളൊ അവയുടെ അവശിഷ്ടങ്ങളൊ നിലനില്ക്കുന്നതുമായ രാജ്യങ്ങൾക്ക് കമ്മ്യൂണൽ സ്വത്തുടമസമ്പ്രദായത്തിൻെറ ആ അവശിഷ്ടങ്ങളേയും അതോടൊപ്പമുള്ള ആചാരക്രമങ്ങളേയും, ഒരു സോഷ്യലിസ്ററു സമുദായത്തിലേക്കുള്ള മുന്നേററത്തിൻെറ ഗതിയുടെ ദൈർഘ്യം കുറക്കുന്നതിനുള്ള ഒരു ശക്തമായ ഉപകരണമായിട്ടുപയോഗിക്കാൻ കഴിയും. പടിഞ്ഞാറൻ യൂറോപ്പിൽ നാം കടന്നുപോകേണ്ടിയിരിക്കുന്ന പ്രയാസങ്ങളുടെയും സമരങ്ങളുടെയും ഒരു വലിയ പങ്ക് അവക്കൊഴിവാക്കാൻ കഴിയും"* പക്ഷെ, സോഷ്യലിസ്ററുല്പാദനരീതി വിജയം വരിച്ചിട്ടുള്ള രാജ്യങ്ങളുടെ ദൃഷ്ടാന്തത്തിൻെറയും പിന്തുണയുടെയും വമ്പിച്ച പ്രാധാന്യം എംഗത്സ് ഊന്നിപ്പറഞ്ഞു. അദ്ദേഹം പറഞ്ഞു, ഈ ദൃഷ്ടാന്തവും സജീവമായ പിന്തുണയും "ഒരവശ്യസാഹചര്യമാ"ണു്. എന്തുകൊണ്ടെന്നാൽ, "അതെങ്ങിനെയാണു നിർവ്വഹിക്കുന്നു"തെന്നു കാണുന്നതുവരെ ഈരാജ്യങ്ങൾക്കു ഈ ത്വരിതമായുള്ള വികാസപ്രക്രിയയുടെ പാത സ്വീകരിക്കാൻ സാധിക്കുകയില്ല.

സാമ്പത്തിക നിയമങ്ങൾ സ്വയം പ്രവത്തിക്കുകയാണെങ്കിൽ ഒരു സാമ്പത്തികരൂപത്തിൽ നിന്നു മറ്റൊന്നിലേക്ക്, കൂടുതൽ പുരോഗമനപരമായ ഒന്നിലേക്കു കടക്കാൻ നൂറ്റാണ്ടുകളൊ സഹസ്രാബ്ദങ്ങൾതന്നെയൊ

*മാർക്സ് എംഗൽസ് വർക്ക്സ് വോളും 22 പേജ് 428

വേണ്ടിവരുമെന്ന മനുഷ്യവംശത്തിൻെറ ചരിത്രാനുഭവം കാണിക്കുന്നു. സോഷ്യലിസ്റ്റ്, ആസൂത്രിതസമ്പദ്ഘടനയാണു്, സമുദായത്തിലെ അംഗങ്ങൾ ചരിത്രത്തിൻെറ വികാസത്തിനു വേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിലേർപ്പെടാൻ സാഹചര്യങ്ങൾ സൃഷ്ടിച്ചതു്. അതുകൊണ്ടാണു സോഷ്യലിസ്റ്റുരീതിയിലുള്ള ഉല്പാദനം മുതലാളിത്തരീതിയേക്കാൾ ഇങ്ങനെ വലിയ പുരോഗതി നേടുന്നതു്. സമുദായത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ശക്തിയേറിയ തീവണ്ടിയെഞ്ചിനുകളാണു സോഷ്യലിസത്തിൻെറ സാമ്പത്തിക നിയമങ്ങൾ; അതിൻെറ മാർഗ്ഗത്തിലുള്ള തടസ്സങ്ങളുടെ എണ്ണം എത്ര കുറയുന്നുവൊ, അത്രയും വേഗത്തിലായിരിക്കും പുരോഗതി.

റഷ്യയിലും പോളണ്ടിലും മററു ചില രാജ്യങ്ങളിലും, അവിടെ തൊഴിലാളിവർഗ്ഗം അധികാരത്തിൽ വരുന്നതിനുമുമ്പു്, ലോകത്തിലെ ശരാശരി പ്രതിശീഷോല്പാദനത്തിൽ കുറവായ മാത്രമേ ഉല്പാദിപ്പിച്ചിരുന്നുള്ളു. സോഷ്യലിസ്റ്റു വിപ്ലവങ്ങൾക്കുശേഷം ഈ ശരാശരിയിലെത്തുവാനും വാസ്തവത്തിൽ അതിനെ ഗണ്യമായവിധം കവച്ചുവയ്ക്കുന്നതിനും ഈ രാജ്യങ്ങൾക്കു ചരിത്രപരമായി കുറഞ്ഞൊരു കാലഘട്ടമെ വേണ്ടിവന്നുള്ളു. അവയിന്നു വളരെ വേഗത്തിൽ ഉൽപാദനനിലവാരത്തിലും അദ്ധ്വാനത്തിൻെറ ഉൽപാദനക്ഷമതയിലും, പ്രത്യേകമായ അനുകൂലസാഹചര്യങ്ങളിൽ വികാസം പ്രാപിക്കുകയും ഏററവും വമ്പിച്ച ഫലം നേടുകയും നേടിക്കൊണ്ടിരിക്കുന്ന ഏററവും വികസിച്ച മുതലാളിത്ത രാജ്യങ്ങളോടൊപ്പമെത്തിക്കൊണ്ടിരിക്കുകയു

മാണ്. സോവ്യററ്യൂണിയനും മററു പല സോഷ്യലിസ്റ്റുരാജ്യങ്ങളും, വിദ്യാഭ്യാസത്തിലും ശാസ്ത്രത്തിലും സംസ്കാരത്തിലും മുതലാളിത്തലോകത്തെ പിന്നിലാക്കിയിരിക്കുന്നു. മനുഷ്യപ്രവൎത്തനത്തിൻെറ എല്ലാരംഗങ്ങളിലും മുതലാളിത്തത്തിൻെറ മേൽ സോഷ്യലിസത്തിന്റെ ഭാവിവിജയത്തിന്നു് ഇതും ഒരുറപ്പാണു്.

സാമൂഹ്യപുരോഗതിയുടെ വേഗത വൎദ്ധിപ്പിക്കുന്നതിൽ സോഷ്യലിസത്തിനുള്ള വലിയ മെച്ചങ്ങൾ അതു മാനവരാശിക്കു പ്രകടമാക്കിക്കൊടുത്തിട്ടുണ്ടു്.

സോഷ്യലിസ്ററുസമുദായം

കമ്മ്യൂണിസ്ററു സമുദായത്തിൻെറ രണ്ടു ഘട്ടങ്ങൾ.

മുതലാളിത്തത്തെ അതിൻെറ വൈരുദ്ധ്യങ്ങളോടും പ്രവണതകളോടുംകൂടി മാർക്സും എംഗൽസും ശാസ്ത്രീയമായി അപഗ്രഥിച്ചു്, തൊഴിലാളിവൎഗ്ഗവിപ്ലവത്തിന്റെ വിജയത്തിന്റെ ഫലമായി ചൂഷകനായ മുതലാളിത്തവ്യവസ്ഥയെ പിന്തുടൎന്നുണ്ടാവുന്ന പുതിയ സമുദായത്തിൻെറ സാമാന്യസിദ്ധാന്തങ്ങൾ നിർവ്വചിച്ചു. ഈ പുതിയ സമുദായം സ്ഥാപിക്കുന്നതിൻെറ അൎത്ഥം, സ്വകാര്യമുതലാളിത്തസ്വത്തുടമയവസാനിപ്പിക്കുന്നുവെന്നും ഉല്പാദനോപകരണങ്ങൾ പൊതുസ്വത്താക്കിത്തീർക്കുന്നുവെന്നും ചൂഷകവർഗ്ഗങ്ങളെയും പൊതുവിൽ എല്ലാവർഗ്ഗങ്ങളെത്തന്നെയും അവസാനിപ്പിക്കുന്നുവെന്നും മനുഷ്യൻ മനുഷ്യനെയും രാഷ്ട്രം രാഷ്ട്രത്തെയും ചൂഷണം ചെയ്യുന്നതവസാനിപ്പിക്കുന്നുവെന്നുമാണു്. അവർ അതിനെ കമ്മ്യൂണിസ്ററുസമുദായമെന്നു വിളിച്ചു.

മാർക്സും എംഗത്സും, കമ്മ്യൂണിസ്റ്റ് സമുദായത്തിനു രണ്ടുഘട്ടങ്ങളുണ്ടായിരിക്കുമെന്ന നിഗമനത്തിലെത്തി-സോഷ്യലിസ്റ്റ് ഘട്ടവും ശരിയായ കമ്മ്യൂണിസ്റ്റ് ഘട്ടവും, മാർക്സിന്റേയും എംഗത്സിന്റേയും ലെനിന്റേയും കൃതികൾ ഈ രണ്ടുഘട്ടങ്ങളെയും വിവരിക്കുകയും, സോഷ്യലിസം സ്ഥാപിക്കുന്നതിലും കമ്മ്യൂണിസത്തിലേക്കുള്ള മാർഗ്ഗമൊരുക്കുന്നതിലും നിർവ്വഹിക്കേണ്ട കടമകൾ നിർവ്വചിക്കുകയും ചെയ്യുന്നു.

ആദ്യത്തെഘട്ടം, സോഷ്യലിസം, ആവിർഭവിക്കുന്നതു പഴയരീതിയിലുള്ള സാമൂഹ്യജീവിതത്തെ വിപ്ലവപരമായി നശിപ്പിക്കുന്നതിലൂടെയാണ്, അല്ലാതെ സ്വയം ഉണ്ടാകുന്നില്ലെന്നർത്ഥം.

സോഷ്യലിസം മുതലാളിത്തത്തിൽനിന്നു ജനിക്കുകയും അതുകൊണ്ടു്, മാർക്സിന്റെ വാക്കുകളിൽ പറഞ്ഞാൽ, അതിന്റെ സമ്പൽഘടനയിലും സദാചാരസംഹിതയിലും ബുദ്ധിപരമായ വികാസത്തിലും പഴയസമുദായത്തിൽനിന്നുള്ള പൈതൃകചിഹ്നങ്ങളുണ്ടായിരിക്കുകയും ചെയ്യുന്നു.

രണ്ടാമത്തെഘട്ടം, കമ്മ്യൂണിസം, കൂടുതലുയർന്ന സമുദായരൂപമാകുന്നു. സുസ്ഥാപിതമായ സോഷ്യലിസത്തിൽ നിന്നാണതു വളർന്നുവരുന്നതു്; അടിസ്ഥാനമായിത്തീരുന്നതതാണു്.

പുതിയവ്യവസ്ഥയുടെ ഈ രണ്ടുഘട്ടങ്ങൾക്കു പൊതുവായ സുപ്രധാനവും അടിസ്ഥാനപരവുമായ ഒരു കാര്യമുണ്ടു്: ഉൽപാദനോപകരണങ്ങൾ സമുദായത്തിന്റെ

വകയാണ്, മനുഷ്യൻ മനുഷ്യന്റെമേൽ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവതമ്മിലുള്ള വ്യത്യാസം കിടക്കുന്നതു് ഉൽപാദനശക്തികളുടെ വികാസത്തിൻെറ നിലവാരത്തിലും, സമ്പദ്ഘടന, സംസ്കാരം സന്മാർഗ്ഗബോധം എന്നിവയിലുള്ള സമുദായത്തിന്റെ വളർച്ചയുടെ നിലവാരത്തിലുമാണ്, "ഓരോ ആളിൽനിന്നും അയാളുടെ കഴിവനുസരിച്ച്, ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ച്" എന്ന കമ്മ്യൂണിസത്തിന്റെ തത്വം സ്വീകരിക്കാൻ തക്കവിധം സോഷ്യലിസത്തിൻ കീഴിൽ സാമൂഹ്യോല്പാദനം വളന്നിട്ടില്ല. സോഷ്യലിസ്റ്റുഘട്ടത്തിൻ പ്രയോഗത്തിലുള്ള തത്വം "ഓരോആളിൽനിന്നും അയാളുടെ കഴിവനുസരിച്ച്, ഓരോആൾക്കും അയാളുടെ അദ്ധ്വാനമനുസരിച്ച്" എന്നതാണ്. ഇതാവശ്യമായിത്തീരുന്നതു് നിലവിലുള്ള ഉൽപാദനത്തിന്റെ നിലവാരംകൊണ്ടുമാത്രമല്ല, അദ്ധ്വാനം പ്രാഥമികമായ പ്രധാനആവശ്യമായിത്തീരുകയും ജനങ്ങൾ സമുദായത്തിനു വേണ്ടി അവരുടെ കഴിവനുസരിച്ച് അദ്ധ്വാനിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ജനങ്ങളുടെ സാമൂഹ്യബോധം എത്തിച്ചേന്നിട്ടില്ലെന്നതുകൊണ്ടും കൂടിയാണ്.

സോഷ്യലിസത്തിൻ കീഴിൽ ഭരണകൂടം തികച്ചും അനുപേക്ഷണീയമാകുന്നു. എന്നാൽ കമ്മ്യൂണിസത്തിൻ കീഴിൽ അതുപൊലിഞ്ഞു പോകും. കാരണം, അപ്പോഴേക്കും എല്ലാവരും കാര്യങ്ങൾ നടത്താൻ പഠിച്ചിരിക്കു

കയും വാസ്തവത്തിൽ പൊതുക്കാര്യങ്ങൾ നടത്തുകയും ചെയ്യും.

മാർക്സും എംഗൽസും ചരിത്രത്തിലേററവും മഹത്തായ വിപ്ലവപരമായ പരിവർത്തനത്തിൻെറ—മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിൻെറ — അടിസ്ഥാന നിയമങ്ങൾ കണ്ടുപിടിക്കുകയും പുതിയ സമുദായത്തിൻെറ പ്രധാനസവിശേഷതകൾ ചൂണ്ടിക്കാട്ടുകയും ചെയ്തു. എന്നാൽ ഉട്ടോപ്യൻ സോഷ്യലിസ്റ്റുകളെപ്പോലെ അവർ ഭാവി സമുദായത്തിന്റെ സംഘടനയോ അതിന്റെ ദൈനംദിനജീവിതത്തിൻെറ വിശദാംശങ്ങളോ മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കുമെന്നു കരുതുകയൊ അങ്ങിനെ മുൻകൂട്ടി നിശ്ചയിക്കാൻ ശ്രമിക്കുകയൊ ചെയ്തില്ല. "കൂട്ടായ അനുഭവത്തിനു്, കോടിക്കണക്കിനാളുകളുടെ അനുഭവത്തിനു മാത്രമെ ഇക്കാര്യത്തിൽ നമുക്കു നിർണ്ണായകമായ ഒരു മാർഗ്ഗദർശനം നൽകാൻ കഴികയുള്ളു." 1918-ൽ ലെനിൻ എഴുതി, "എന്തുകൊണ്ടെന്നാൽ നമ്മുടെ കടമയ്ക്കു്, സോഷ്യലിസം കെട്ടിപ്പടുക്കുകയെന്ന കടമയ്ക്കു്, ഇതുവരെ നാടുവാഴിത്ത സമുദായത്തിലും മുതലാളിത്തസമുദായത്തിലും ചരിത്രം നിർമ്മിച്ചിട്ടുള്ള നൂറുകണക്കിനും ലക്ഷക്കണക്കിനുമാളുകളുടെ അനുഭവം അപര്യാപ്തമാകുന്നു."*

---

* വി. ഐ. ലെനിൻ, കളക്ടഡ് വർക്ക്സ് മോസ്കൊ, വാള്യം 27, പേജ് 412

ഇന്നു സോവ്യററ് യൂണിയനിലും മററു സോഷ്യലി സ്ററുരാജ്യങ്ങളിലും സോഷ്യലിസ്ററുസമുദായം ഒരു യാഥാത്ഥ്യമായിരിക്കുന്നു, മാനവരാശിക്കു് അനുഭവ ത്താൽ പരീക്ഷിക്കപ്പെട്ട സോഷ്യലിസ്ററു നിർമ്മാണ ത്തിന്റെ ശാസ്ത്രം ലഭിച്ചിട്ടുമുണ്ടു്. പുതിയ സമുദായം കെട്ടിപ്പടുക്കുന്നതിൻെറ അനുഭവം കൂടുതൽ കൂടുതൽ സമ്പന്നവും വൈവിധ്യമുള്ളതുമായിക്കൊണ്ടിരിക്കുന്നു. അതു്, പ്രാദേശികസാഹചര്യങ്ങളും സോഷ്യലിസ ത്തിലേക്കുള്ള പരിവത്തനത്തിൻെറ രൂപങ്ങളും എന്തു തന്നെയായാലും മനുഷ്യവംശത്തിൻെറ വളച്ച്യുടെ പ്രധാന നിയമങ്ങൾ എല്ലായിടത്തും ഒന്നുതന്നെയാ ണെന്നു തെളിയിക്കുന്നു.

സോഷ്യലിസത്തിൻകീഴിലെ സാമൂഹ്യസ്വത്തു ടമ. സോഷ്യലിസം, സ്വത്തുടമയും അദ്ധ്വാനവും തമ്മി ലുള്ള വൈരുദ്ധ്യം ശാശ്വതമായിഅവസാനിപ്പിക്കുന്നു. ഉല്പാദകർ – അദ്ധ്വാനിക്കുന്നജനങ്ങൾ – തന്നെ, അവ രുപയോഗിക്കുന്ന അദ്ധ്വാനോപകരണങ്ങളുടെ ഉടമക ളായിത്തീരുന്നു. സമുദായത്തിൻെറ ഒരു വിഭാഗത്തിൻെറ മേൽ മറെറാരുവിഭാഗത്തിൻെറ ചൂഷണത്തിനുള്ള സാ ദ്ധ്യത, സോഷ്യലിസ്റ്റ്സ്വത്തുടമയുടെ അനന്യമായ മേ ധാവിത്വം പൂർണ്ണമായിതുടച്ചുനീക്കുന്നു. അതുകൊണ്ടാ ണുജനങ്ങൾതമ്മിലുള്ള ഉല്പാദനബന്ധങ്ങൾ, സഖാക്ക ളുടേതുപോലുള്ള സഹകരണപരവും, പരസ്പര സഹായ ത്തിൻേറതുമായ ബന്ധങ്ങളായിവികസിക്കുന്നതു്.

---

* വി. ഐ. ലെനിൻ, കളക്റ്റഡ് വർക്ക്സ്, മോസ്കോ, വാള്യം 27. പേജ് 412.

സോഷ്യലിസത്തിൻ കീഴിൽ സാമൂഹ്യസ്വത്തും രണ്ടുരൂപത്തിലുണ്ട്. പൊതു (സ്റ്റേററ്) സ്വത്തും സഹകരണ സ്വത്തും (സോവ്യററ്യൂണിയനിൽ ഈ രണ്ടാമത്തേതു് കളക്ടീവ്ഫാമുകളുടെയും മററു കോഓപ്പറേററീവുകളുടെയും രൂപത്തിലാണ്.)

പൊതു(സ്റ്റേററ്) സ്വത്ത് സോഷ്യലിസ്റ്റ് സമ്പദ്ഘടനയിൽ താക്കോൽസ്ഥാനം വഹിക്കുന്നു. സോവ്യററ്യൂണിയനിൽ ഭൂമി, ധാതുനിക്ഷേപങ്ങൾ, വനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ, റെയിൽവേകൾ, ജലഗതാഗതം, വിമാനഗതാഗതം, ബാങ്കുകൾ, സമ്പർക്കോപകരണങ്ങൾ–പോസ്റ്റ്, ടെലഗ്രാഫ്, ടെലഫോൺ, റേഡിയോ–സ്റ്റേററ്ഫാമുകൾ, പട്ടണങ്ങളിലേയും വ്യവസായകേന്ദ്രങ്ങളിലേയും അടിസ്ഥാനഭവനസൗകര്യങ്ങൾ എന്നിതെല്ലാം പൊതുസ്വത്തിലുൾപ്പെടുന്നു.

സോഷ്യലിസ്റ്റുസ്വത്തിനു രണ്ടുരൂപങ്ങളുള്ളതനുസരിച്ച് സോഷ്യലിസ്റ്റ് സമ്പദ്ഘടനയ്ക്കും രണ്ടുരൂപങ്ങളുണ്ട്. (1) സ്റ്റേററ്സംരംഭങ്ങൾ – ഫാക്ടറികൾ, സ്റ്റേററ്ഫാമുകൾ, റിപ്പയർസ്റ്റേഷനുകൾ, സാമൂഹ്യസംരംഭങ്ങൾ മുതലായവ, (2) സഹകരണസ്ഥാപനങ്ങൾ–കൃഷികരുടെ കളക്ടീവ്ഫാമുകളും കൺസ്യൂമേഴ്സ് കോഓപ്പറേററീവുകളുടെ വകയായ സംരംഭങ്ങളും.

സ്റ്റേററ്സ്വത്തിന്റെ നേതൃത്വപരവും നിർണ്ണായകവുമായ പങ്കിന്റെ അർത്ഥം, സമുദായത്തിലെ എല്ലാ അംഗങ്ങളുടേയും സാമ്പത്തിക സ്ഥിതിഗതികൾ തുല്യ

മാണെന്നും നിർണ്ണായകമായ ഉല്പാദനോപകരണങ്ങ ളോട് എല്ലാവക്കും തുല്യമായ ബന്ധമുണ്ടെന്നും അവ മുഴവൻ ജനങ്ങളുടേയും വകയാണെന്നുമാകുന്നു. സ്റ്റേററു സ്ഥാപനങ്ങളിലെ തൊഴിലാളികളും മററു ജോലി ക്കാരും കൊവോപ്പറേററീവുകളിൽ യോജിച്ചിട്ടുള്ള കർഷകരും, അദ്ധ്വാനത്തിലും ഉല്പാദനത്തിൻെറ മാനേജ്മെൻറിലും തുല്യമായ അടിസ്ഥാനത്തിൽ പങ്കു വഹിക്കുന്നു; അവരുടെ അദ്ധ്വാനത്തിൻെറ അളവും ഗുണവുമനുസരിച്ചു ഭൗതികവും സാംസ്കാരികവുമായ സൗകര്യങ്ങരം ലഭിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റുൽപാദനത്തിൻെറ മുഖ്യലക്ഷ്യം സോഷ്യലിസത്തിൻ കീഴിൽ, ഉല്പാദനോപകരണങ്ങരം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ തന്നെ വകയാവുന്നു. അതു കൊണ്ടു സാമൂഹ്യോല്പന്നം സമുദായത്തിൻെറ, അതായതു് ഒരൊററദേശീയ സമൂഹമെന്ന നിലയിൽ അദ്ധ്വാനി ക്കുന്ന ജനങ്ങളുടെ, വകയായിത്തീരുന്നു. അദ്ധ്വാനഫലം അദ്ധ്വാനിക്കുന്ന ജനങ്ങരംക്കുതന്നെ ലഭിക്കുന്നു. അതു കൊണ്ടു് ഒരു സോഷ്യലിസ്റ്റുരാജ്യത്തിലെ പൗരന്മാർ ഭൗതികസമ്പത്തിൻെറ ഉല്പാദനത്തിൻെറ സ്ഥിരമായ വർദ്ധനവിൽ താല്പര്യമുള്ളവരാണു്.

സോഷ്യലിസ്റ്റുല്പാദനത്തിൻെറ ലക്ഷ്യം അതിന്റെ സ്വഭാവത്തിൽ നിന്നുതന്നെയുത്ഭവിക്കുന്നു. സോഷ്യലി സ്ററുല്പാദനം, ഏററവും പുതിയ സാങ്കേതികവിദ്യ കളും കൂട്ടായ അദ്ധ്വാനവും ഉപയോഗപ്പെടുത്തി

ക്കൊണ്ടു്, സമുദായത്തിലെ എല്ലാ അംഗങ്ങളുടെയും വദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേററുകയും ജനങ്ങളെ എല്ലാം വിധത്തിലും വളത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടച്ചയായി വികസിപ്പിക്കപ്പെടുന്നു.

സോഷ്യലിസം സുസംഘടിതമായ സമുദായമാകുന്നു. മിക്കവാറും എല്ലാ ഉട്ടോപ്യൻസോഷ്യലിസ്ററുകളും, ശാസ്ത്രീയസോഷ്യലിസത്തിന്റെ ശത്രുക്കളെപ്പോലെ തന്നെ (കഴിഞ്ഞനൂററാണ്ടിൻെറ ഒടുവിൽ മാർക്സിൻെറയും എംഗൽസിന്റേയും സിദ്ധാന്തങ്ങളെ എതിർത്ത പ്രൗധനും ബക്കുനിനും), സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിന്റേയും കീഴിൽ സമുദായം, പരസ്പരം ബന്ധമില്ലാത്ത ചെറിയ കമ്മ്യൂണുകളായൊ കൂട്ടുകെട്ടുകളായൊ പിളരേണ്ടതാണെന്നു കരുതി. ഈ കമ്മ്യൂണുകൾക്കു സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങളിൽ പരിപൂർണ്ണമായ സ്വയംഭരണാവകാശമുണ്ടായിരിക്കും, മിച്ചം വരുന്ന ഉല്പന്നങ്ങൾ പരസ്പരം കൈമാററം ചെയ്യുന്നതിനും പരസ്പരം സഹായം നൽകുന്നതിനും അവയ്ക്കു സ്വാതന്ത്ര്യമുണ്ടായിരിക്കും, എന്നാൽ ഈ കമ്മ്യൂണുകൾ ഒരൊററസമുദായമായിത്തീരുകയില്ല. അവ അടുത്തടുത്തു നിലനില്ക്കുക മാത്രമെ ചെയ്യുകയുള്ളു.

പരസ്പരബന്ധമില്ലാത്തതും, തികച്ചും വികേന്ദ്രീകരിച്ചിട്ടുള്ളതും വാസ്തവത്തിൽ ശിഥിലീകൃതവുമായ ഒരു സമുദായത്തെക്കുറിച്ചുള്ള ഈ "ആദർശം" മാർക്സും എംഗൽസും നിരാകരിച്ചു. അമ്മാതിരി വികേന്ദ്രീക

രണം, ഉല്പാദനശക്തികളുടെ വികാസത്തെ നിയന്ത്രിക്കുന്ന നിയമങ്ങൾക്കു വിരുദ്ധമാണെന്നു ശാസ്ത്രീയസോഷ്യലിസം തെളിയിച്ചു. അതുല്പാദനം നശിക്കാനിടയാക്കും, ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും നേട്ടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെ തടയും, ഒരു രാഷ്ട്രത്തിനുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വളൎന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക ബന്ധങ്ങളെ തകൎക്കും. സോഷ്യലിസ്ററുസമുദായത്തിനു മുതലാളിത്തത്തേക്കാൾ വലിയൊരു മെച്ചമുണ്ട്; അതു സമുദായത്തിൻെറയാകെക്കൂട്ടായ ശക്തിക്കു രൂപം നൽകാൻ വേണ്ടി, ചിതറിക്കിടക്കുന്ന ശക്തികളെ സംയോജിപ്പിക്കുന്നു. പൊതുസ്വത്തിൻെറ ഭരണം, അതായതു് ഉല്പാദനമാകെ സോഷ്യലിസ്റ്റു സ്റ്റേററിനു കീഴ്വഴങ്ങുന്നതാക്കൽ, ഉല്പാദകർ തമ്മിൽ, അദ്ധ്വാനിക്കുന്ന ജനങ്ങൾ തമ്മിൽ അനാരോഗ്യകരമായ മത്സരത്തിനുള്ള സാദ്ധ്യതതന്നെയൊഴിവാക്കി അവരുടെ ഐക്യവും സഖാക്കളെപ്പോലുള്ള സഹകരണവും പരസ്പരസഹായവും ഊട്ടിവളൎത്തുകയും ചെയ്യുന്നു.

പ്രൗധൻെറയും ബക്കുനിൻെറയും അരാജകവാദികളായ അനുയായികൾ നിർദ്ദേശിച്ച വികേന്ദ്രീകരണം, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഐക്യദാർഢ്യത്തെ അവഗണിക്കുന്നു. സ്വയംഭരണാവകാശമുള്ള കമ്മ്യൂണുകൾ വ്യത്യസ്ഥമായ പ്രാകൃതിക ചുററുപാടുകളിലും സാങ്കേതിക വളൎച്ചയുടെയും അദ്ധ്വാനസംഘടനയുടെയും രംഗ

ങ്ങളിൽ അസമമായ സാഹചര്യങ്ങളിലുമായിരിക്കും. വിവിധക്കൂട്ടായ്മകൾ, അദ്ധ്വാനക്ഷമതയിലും വ്യത്യസ്ഥമായിരിക്കും. അവയിൽ ചിലത്ത് അനിവാര്യമായും മററുള്ളവയിൽ നിന്നു ഭേദപ്പെട്ട സ്ഥിതിയിലായിരിക്കും. പരസ്പരം അവകാശവാദങ്ങളും അസ്വസ്ഥതയും ഉണ്ടാകും, കഠിനമായ മത്സരം വളന്നു വരും; സാമ്പത്തികമായി ഏററവും ശക്തമായ സമൂഹം മററുള്ളവയെക്കാൾ മേൽക്കയ്യ് സമ്പാദിക്കുകയും ചെയ്യും. ഇത്തരത്തിൽ ചൂഷണത്തിൻെറ ബൂഷ്വാബന്ധങ്ങൾ പുതിയൊരടിസ്ഥാനത്തിൽ പുനജ്ജീവിക്കും. ജനങ്ങളുടെ വളന്നു വരുന്ന ആവശ്യങ്ങൾ കൂടുതൽ കൂടുതൽ പൂർണ്ണമായി നിറവേററുവാൻ വേണ്ടി ഉല്പാദനം തുടച്ച്യായി അഭിവൃദ്ധിപ്പെടുത്തുകയെന്ന സോഷ്യലിസത്തിൻെറ സാമാന്യ ലക്ഷ്യം ഒരിക്കലും നേടാൻ കഴിയുകയില്ലെന്നു മാത്രമല്ല, അതിനുപകരം ചില ഗ്രൂപ്പുകളുടെ ചിലവിൽ മററു ചില ഗ്രൂപ്പുകൾക്കു മെച്ചങ്ങളുണ്ടാക്കാനുള്ള പരിശ്രമമുണ്ടാവുകയും ചെയ്യും. അരാജകത്വത്തിൻെറ ആദർശമായ പരിപൂർണ്ണ വികേന്ദ്രീകരണം സാമ്പത്തികവും സാമൂഹ്യവുമായ അത്ഥത്തിൽ ചിന്തിരിപ്പനാണ്.

സോഷ്യലിസവും കമ്മ്യൂണിസവും സുസംഘടിതമായ സമുദായങ്ങളാകുന്നു. സോഷ്യലിസ്റ്റുസമുദായം അതിലെ എല്ലാ അംഗങ്ങളുടെയും പ്രയത്നം ഒരൊറ്റ ലക്ഷ്യത്തിലേക്കു തിരിച്ചു വിടുന്നു; അതു് ഒരൊററ അദ്ധ്വാനിക്കുന്ന സമൂഹത്തെ സൃഷ്ടിക്കുന്നു അതുദേശീയോല്പാദനം സംഘടിപ്പിക്കുകയും സാർവ്വദേശീയ ഉല്പാദ

നബന്ധങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു. പൊതുവി ലുള്ളതും യുക്തിസഹവുമായ ഒരു പദ്ധതിയനുസരിച്ച് ഉല്പാദനത്തിലേർപ്പെടുന്ന സ്വതന്ത്രരും സമന്മാരുമായ ഉല്പാദകരുടെ കൂട്ടുകെട്ടാണ് സോഷ്യലിസം. അതു് ഉല്പാദനത്തിൻെറ മുതലാളിത്തപരമായ അരാജകത്വത്തിന്റെ സ്ഥാനത്തു ബോധപൂർവ്വവും ക്രമീകൃതവുമായ പ്രവർത്തനം കൈവരുത്തുന്നു. സോഷ്യലിസ്റ്റ് സമ്പദ്ഘടന കേന്ദ്രീകൃതവും ആസൂത്രിതവുമായ സമ്പദ്ഘടനയാകുന്നു.

സാമ്പത്തികവും സാംസ്കാരികവുമായ വികാസത്തിൻെറ നിയന്ത്രണം നിർവ്വഹിക്കുന്നതു ജനാധിപത്യ കേന്ദ്രീകരണത്തിൻെറ തത്വമനുസരിച്ചാണ്. ഈ തത്വത്തിൻെറ അർത്ഥം, ഓരോ പ്രത്യേക സ്ഥാപനത്തിൻെറയൊ ശാഖയുടെയൊ മാനേജുമെൻറിലും ദേശീയസമ്പദ്ഘടനയുടെയാകെ മാനേജുമെൻറിലും കേന്ദ്രീകരണവും ജനാധിപത്യവും സംയോജിച്ചിരിക്കുന്നുവെന്നാണ്. ആധുനികഉല്പാദനം ഒരൊററ ശരീരമാണ്. അതിൻെറ വികാസം, ഉൽപാദനോപകരണങ്ങളുടെ ഉടമാവകാശത്തിൻെറ പൊതുസ്വഭാവം, പൊതുതാല്പര്യങ്ങൾക്കു പ്രാദേശിക താല്പര്യങ്ങളേക്കാളും ഗ്രൂപ്പു താല്പര്യങ്ങളേക്കാളും പ്രാധാന്യമുണ്ടെന്നുറപ്പു വരുത്തേണ്ട ആവശ്യം ഇവയും മററു ഘടകങ്ങളും, ഒരു കേന്ദ്രീകൃതസംഘടനയും ഒരാളുടെ മാനേജുമെൻറും കേന്ദ്രസംഘടനകളുടെയും അവയുടെ പ്രാദേശിക പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ കർശനമായി അനുസരി

ക്കലും ആവശ്യമാക്കിത്തീർക്കുന്നു. അതേസമയം, സോഷ്യലിസം സ്വതന്ത്രരും സമന്മാരുമായ ഉല്പാദകരുടെ കൂട്ടുകെട്ടായതിനാൽ, അതിൻെറ സ്വഭാവംകൊണ്ടുതന്നെ, ജനങ്ങളുടെ ബഹുജനസംഘടനകൾ കൂടാതെയും ഉല്പാദനത്തിൻെറ മാനേജുമെൻറിലും ആസൂത്രണത്തിലും അദ്ധ്വാനിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരും പങ്കെടുക്കാതെയും അതുണ്ടാകുമെന്നു ചിന്തിക്കാനേവയ്യ.

സോഷ്യലിസ്റ്റ് സ്വത്തുടമസമ്പ്രദായത്തിൽ നിന്നു വസ്തുനിഷ്ഠമായ സാമ്പത്തിക നിയമങ്ങളുത്ഭവിക്കുന്നു. ഇവയിലൊരു പ്രധാനസ്ഥാനം ആസൂത്രിതവും അനുപാതികവുമായ സാമ്പത്തിക വികാസത്തിൻെറ നിയമത്തിനുണ്ടു്. സോഷ്യലിസ്റ്റ് പ്ലാനിങ് ശാസ്ത്രീയതത്വങ്ങളെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അധികമധികം വിഭാഗങ്ങളുടെ വളർന്നു വരുന്ന സാമൂഹ്യബോധത്തെയും പ്രവർത്തനത്തെയും അടിസ്ഥാനമാക്കിയിരിക്കുന്നു. ജനങ്ങളുടെ സൃഷ്ടിപരമായ പ്രയത്നം ഉൽപാദനത്തിനു കൂടുതൽ കൂടുതൽ സൗകര്യങ്ങളുണ്ടാക്കുന്നു.

സോഷ്യലിസത്തിൻകീഴിലെ അദ്ധ്വാനം. അദ്ധ്വാനത്തിൻെറ സാർവ്വത്രികസ്വഭാവം സോഷ്യലിസ്റ്റ് സമുദായത്തിൻേറയും കമ്മ്യൂണിസ്റ്റ് സമുദായത്തിൻേറയും ഒരു തത്വമാകുന്നു. സോഷ്യലിസത്തിൻെറ കല്പനകളിലൊന്നു് "പണിയെടുക്കാത്തവൻ ഭക്ഷിക്കരുതു്" എന്നു്. പണിയെടുക്കുകയെന്നതു ശരീരശേഷിയുള്ള ഓരോ ആളിൻെറയും കടമയാകുന്നു. അദ്ധ്വാനിക്കാനുള്ള

ബാദ്ധ്യത എല്ലാവക്കും ഒരുപോലെയുണ്ട്. അദ്ധ്വാനത്തിനനുസരിച്ചു പ്രതിഫലം ലഭിക്കാനുള്ള അവകാശവും എല്ലാവക്കും ഒരുപോലെയുണ്ട്: ഇതു്, എല്ലാ ചൂഷണസമുദായങ്ങൾക്കും പ്രത്യേകമായുള്ള ഒന്നിനെ ഇല്ലായ്മ ചെയ്യുന്നു. അതായതു്, അദ്ധ്വാനമൊന്നും ചെയ്യാതെ സുഖജീവിതത്തിൻെറ അനുഗ്രഹങ്ങൾ അനുഭവിക്കുന്ന ന്യൂനപക്ഷവും നട്ടവൊടിക്കുന്ന അദ്ധ്വാനം ചെയ്തിട്ടും സാമാന്യജീവിതത്തിനുള്ള സൗകര്യംപോലും ലഭിക്കാത്ത ബഹുഭൂരിപക്ഷവുമായി സമുദായത്തിലുള്ള വിഭജനത്തെ.

മുതലാളിത്തത്തിൻകീഴിൽ അദ്ധ്വാനം ഒരു സ്വകാര്യസംഗതിയാകുന്നു. ഒരു മുതലാളിയുടെ കീഴിൽ അയാൾക്കുവേണ്ടി പണിയെടുക്കുന്ന തൊഴിലാളിക്കു് സ്വന്തം ജീവിതം തള്ളിനീക്കുന്നതിൽ മാത്രമെ താല്പര്യമുള്ളു. പണിയെടുക്കുകയോ പണിയെടുക്കാതിരിക്കുകയൊ ചെയ്യുന്നതു് അയാളുടെ കാര്യമാണു്. സമുദായത്തെ സംബന്ധിച്ചിടത്തോളം അതുകൊണ്ടൊരു വ്യത്യാസവുമുണ്ടാകുന്നില്ല. സോഷ്യലിസത്തിൻകീഴിൽ ഓരോ വ്യക്തിയുടെയും അദ്ധ്വാനം ആദ്യംമുതലെ സാമൂഹ്യാദ്ധ്വാനമാണു്, അതൊരിക്കലും അയാളുടെ മാത്രം കാര്യമായി കരുതപ്പെടുന്നില്ല. സോഷ്യലിസ്ററു സമുദായത്തിലെ ഓരോ അംഗവും, സാമൂഹ്യമായി ഉപയോഗപ്രദമായ അദ്ധ്വാനത്തിൽ അയാൾ പങ്കെടുക്കുന്നതു സ്വന്തം ജീവിതോപായം നേടാനുള്ള മാർഗ്ഗമായി മാത്രമല്ല കരുതുന്നതു്, അയാളുടെ കടമ നിറവേററുന്ന

തായി, പുതിയ സമുദായത്തിന്റെ നിർമ്മാണത്തിലേക്കുള്ള അയാളുടെ സംഭാവനയായിട്ടാണു്. അദ്ധ്വാനം ചെയ്യാൻ അയാൾക്കു ഭൗതികമായ പ്രേരണകൾക്കു പുറമെ സാന്മാർഗ്ഗികമായ ഉത്തേജനങ്ങളുമുണ്ടു്. തൊഴിലാളികൾക്കിടയിൽ സോഷ്യലിസ്റ്റനുകരണമത്സരം ഉയൎന്നുവരുന്നു. അതിൽ, ആകെക്കൂടിയുള്ള പുരോഗതിക്കു വേണ്ടി, മുന്നോട്ടുപോയവർ പിന്നോക്കം നില്ക്കുന്നവൎക്കു സഖാക്കളെപ്പോലെ സഹായം നൽകുന്നു. ഒരുകാലത്തു നിർബന്ധംകൊണ്ടു നടപ്പിലാക്കിയിരുന്ന ലേബർ അച്ചടക്കം, പണിയെടുക്കുന്ന ഓരോ ആളിനും സമുദായത്തോടുള്ള കടമയെക്കുറിച്ചു ബോധത്തിലും അയാളുടെ അദ്ധ്വാനഫലത്തിൽ അയാൾക്കു വ്യക്തിപരമായി താൽപര്യമുണ്ടെന്ന വസ്തുതയിലും അടിയുറച്ച ബോധപൂർവ്വമായ ഒരു പുതിയ അച്ചടക്കത്തിനു വഴിമാറിക്കൊടുക്കുന്നു.

**സോഷ്യലിസത്തിൻകീഴിലെ വിതരണം.** സോഷ്യലിസ്റ്റു സമുദായത്തിൽ എല്ലാതൊഴിലാളികളും ഒരുപോലെ വൈദഗ്ദ്ധ്യം നേടിയവരല്ല. ചിലർ പലതരം യന്ത്രങ്ങളും മററുമുപയോഗിച്ചു സങ്കീർണ്ണമായ ജോലി ചെയ്യുന്നു, മററുള്ളവർ ലളിതമായ ജോലികളും. കായികവും മാനസികവുമായ അദ്ധ്വാനം തമ്മിലുള്ള പ്രധാന വ്യത്യാസം അപ്പോഴുമുണ്ടു്. ജനങ്ങൾക്കു് അവരിഷ്ടപ്പെടുന്ന ജോലികൾ എപ്പോഴും ലഭിക്കുന്നില്ല, ലഭിക്കാൻ സാധിക്കുന്നില്ല. കൂടാതെ, തങ്ങൾക്കും കുടുംബങ്ങൾക്കും എന്തുനേടാൻ കഴിയുമെന്നും അവൎക്കു ചിന്തി

ക്കേണ്ടതുണ്ട്. അദ്ധ്വാനം സമുദായത്തിലെ ഓരോരോ അംഗത്തിന്റെയും പ്രാഥമികമായ ആവശ്യമായിത്തീൎന്നു കഴിഞ്ഞിട്ടില്ല; അതുകൊണ്ട് എല്ലാവരും ഉത്സാഹപൂൎവ്വം പണിയെടുക്കുന്നില്ല. മററുള്ളവരുടെ ചിലവിൽ ജീവിക്കാൻ ശ്രമിക്കുന്ന ആളുകളുമുണ്ട്.

ഇതുകൊണ്ട്, അദ്ധ്വാനത്തിന്റെ അളവിന്റെ മേലും ഉപഭോഗത്തിന്റെ അളവിന്റെ മേലും എല്ലാ ജനങ്ങളുടെയും നിയന്ത്രണം ആവശ്യമാണെന്നു വരുന്നു. അദ്ധ്വാനിക്കുന്നവരുടെ വൈദഗ്ദ്ധ്യത്തിലുള്ള അന്തരങ്ങളും അദ്ധ്വാനത്തിന്റെ സങ്കീൎണ്ണതയുടെ വിവിധ നിലവാരങ്ങളും കണക്കാക്കുകയും, ചിലവഴിച്ചിട്ടുള്ള അദ്ധ്വാനത്തിന്റെ അളവും ഗുണവുമനുസരിച്ചു പ്രതിഫലം നൽകുകയും ചെയ്യേണ്ടതാവശ്യമാണ്. കൂടുതൽ കഠിനമായും, കൂടുതൽ നല്ലവണ്ണവും അദ്ധ്വാനിക്കുന്ന ആളിനു കൂടുതൽ ലഭിക്കുന്നു. ഈ പ്രതിഫലസമ്പ്രദായം, തങ്ങളുടെ വൈദഗ്ദ്ധ്യം അഭിവൃദ്ധിപ്പെടുത്താനും ഉൽപാദനത്തിൽ സജീവമായി പങ്കെടുക്കാനും ഉൽപാദനം വൎദ്ധിപ്പിക്കാനും ഉൽപന്നങ്ങളുടെ ഗുണം നന്നാക്കാനും ആളുകളെ പ്രോത്സാഹിപ്പിക്കുന്നു.

സോഷ്യലിസത്തിൻകീഴിൽ വ്യക്തികളായ ഓരോ ഉല്പാദകനും, അയാൾ സമുദായത്തിനു നൽകുന്നത്രയും തന്നെ ലഭിക്കുന്നു (പൊതുഫണ്ടിലേക്കുള്ള അയാളുടെ വിഹിതം ഇതിൽ നിന്നു കഴിക്കുന്നു) വൎഗ്ഗപരമായ അസമത്വങ്ങളില്ല. എന്നാൽ വിതരണം ചെയ്യപ്പെടുന്ന വിഹിതത്തിലുള്ള അസമത്വം നിലനില്ക്കുന്നു. സോഷ്യലിസത്തിൻകീഴിൽ തുല്യജോലിക്കു തുല്യവേതനമെന്ന

തത്വത്തിന്റെ അർത്ഥം വിവിധജനങ്ങൾക്ക് ഒരേമാന ദണ്ഡം പ്രയോഗിക്കുകയാണെന്നു എളുപ്പത്തിൽ കാണാം. ജനങ്ങൾക്കു പ്രകൃതിദത്തമായ ഗുണങ്ങൾ വ്യത്യസ്ഥ മായതിനാലും അവരുടെ കുടുംബങ്ങളുടെ വലിപ്പം പല തരത്തിലായതിനാലും, തുല്യജോലിക്കു തുല്യവേതനമെന്ന സമ്പ്രദായത്തിൻകീഴിൽ അവർക്കു ലഭിക്കുന്ന വരുമാന ങ്ങളും അസമമായിരിക്കും. ഇതു സോഷ്യലിസത്തിലുള്ള ഒരു അപൂർണ്ണതയാണു്. എന്നാൽ പുതിയ സമുദായ ത്തിന്റെ ആദ്യത്തെ ഘട്ടത്തിൽ ഇതു് അനിവാര്യവു മാണു്. കാരണം, സമുദായത്തിനു് ഈ ഘട്ടത്തിൽ ഉപ ഭോക്തൃസാധനങ്ങളുടെ സമൃദ്ധി കൈവന്നിട്ടില്ല; അതിലെ അംഗങ്ങൾക്കു സാമൂഹ്യബോധത്തിന്റെ വളർച്ച വേണ്ടത്രയുണ്ടായിട്ടുമില്ല. അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളുടെയും വരുമാനങ്ങൾ ഒരുപോലെയാക്കാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അതു്, വൈദ ഗ്ധ്യത്തിന്നനുസരിച്ചു പ്രതിഫലം എന്ന തത്വത്തെ തകിടം മറിക്കുകയും വൈദഗ്ധ്യം വർദ്ധിപ്പിക്കാനുള്ള പരിശ്രമത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും.

പൗരന്മാരുടെ വ്യക്തിപരമായ ആവശ്യങ്ങൾ നിറ വേറ്റാനുദ്ദേശിച്ചുള്ള പൊതുവിനിയോഗഫണ്ടു് സോഷ്യ ലിസത്തിൻകീഴിൽ അധികമധികം പ്രാധാന്യമുള്ളതായി ത്തീരുന്നു. ഈ ഫണ്ടിന്റെ ഒരു ഭാഗം, സൗജന്യവിദ്യാ ഭ്യാസവും വൈദ്യസഹായവും നല്കുന്നതിനും ബോർഡി ങ്സ്കൂളുകൾ, കിന്റർഗാർട്ടനുകൾ, നഴ്സറികൾ, ആ രോഗ്യകേന്ദ്രങ്ങൾ, ഒഴിവുകാലവാസകേന്ദ്രങ്ങൾ, ടൂറിസ്റ്റു സെന്ററുകൾ, ക്ലബ്ബുകൾ, വയോധികർക്കുള്ള ഭവനങ്ങൾ,

യംഗ്പയണിയർ ക്യാമ്പുകഠം എന്നിവയുണ്ടാക്കാനും സംരക്ഷിക്കാനും ചിലവാക്കുന്നു. മററൊരു ഭാഗം അദ്ധ്വാനിക്കുന്ന ജനങ്ങഠംക്ക് അലവൻസുകളായും ഗ്രാൻറുകളായും പെൻഷനായും സ്കോളർഷിപ്പുകളായും ശമ്പളത്തോടുകൂടിയ അവധിയായും പോകുന്നു. ഉദാഹരണത്തിനു സോവ്യററുയൂണിയനിൽ, സ്റ്റേററുഫാമുകളും കളക്ടീവ് ഫാമുകളും പെൻഷൻ വാങ്ങുന്ന രണ്ടുകോടി ആളുകളെയും അൻപതുലക്ഷം വിദ്യാത്ഥികളെയും സംരക്ഷിക്കുന്നു. ഫാക്ടറിതൊഴിലാളികളും ആഫീസ്ജീവനക്കാരുമായ പത്തുകോടി ആളുകഠംക്ക് വഷംതോറും ശമ്പളത്തോടുകൂടിയ അവധി ലഭിക്കുന്നു. വലിയകുടുംബങ്ങളുള്ള അമ്മമാരും അവിവാഹിതമാതാക്കളുമായ അറുപതുലക്ഷം പേക്ക ഗവർമ്മെൻറലവൻസ് ലഭിക്കുന്നു. പ്രതിവർഷം എഴുപതുലക്ഷം സോവ്യററ്പൗരന്മാർ-അദ്ധ്വാനിക്കുന്ന ജനങ്ങളും അവരുടെ കുട്ടികളും-അവരുടെ അവധിക്കാലം ആരോഗ്യകേന്ദ്രങ്ങളിലൊ ഉല്ലാസമന്ദിരങ്ങളിലൊ യംഗ്പയണിയർക്യാമ്പുകളിലൊ ചിലവഴിക്കുന്നു. ഇവയുടെ ചിലവു വഹിക്കുന്നതു സോഷ്യൽ ഇൻഷ്വറൻസ് ഫണ്ടിൽ നിന്നാണ്. കൂടാതെ, സോവ്യററ് കുട്ടികഠംക്കു സൗജന്യവിദ്യാഭ്യാസവും ലഭിക്കുന്നു.

സോഷ്യലിസ്റ്റു രാജ്യങ്ങളിൽ വ്യക്തികളുടെ വേതനം ഇപ്പോഴും പൊതുഫണ്ടിൽ നിന്നു ലഭിക്കുന്ന സ്വകര്യങ്ങളെക്കാഠം വളരെ കൂടുതലാണ്. എന്നാൽ സോഷ്യലിസത്തിൻെറ ആരംഭത്തിൽ തന്നെ, എല്ലാ ജനങ്ങളുടെയും ആവശ്യങ്ങഠം തൃപ്തിപ്പെടുത്താനുള്ള ഫണ്ടു് ജനങ്ങളുടെ ജീവിതത്തിൽ വലിയൊരു പങ്കു

KOTTAYAM PUBLIC LIBRARY KOTTAYAM

വഹിച്ചു. അതു് എല്ലാനിലവാരത്തിലുമുള്ള വിദ്യാഭ്യാസം എല്ലാവരുടെയും കൈപ്പാട്ടിലെത്തിച്ചു. സൗജന്യവൈദ്യസഹായത്തെ സംബന്ധിച്ചും ഇതു വാസ്തവമാണു്. പൊതുജനാരോഗ്യസർവ്വീസിന്റെ വ്യാപ്തി, ഏറ്റവും വികാസം പ്രാപിച്ച മുതലാളിത്തരാജ്യത്തേതിനേക്കാൾ വലുതാണു്. ഗ്രന്ഥശാലകൾ, കാഴ്ചബംഗ്ലാവുകൾ, ക്ലബ്ബുകൾ, സാംസ്കാരികമന്ദിരങ്ങൾ, മററു സാംസ്കാരിക - വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ എല്ലാവരുടെയും ഉപയോഗത്തിൽ കൊണ്ടുവരാൻ പൊതുഫണ്ടു സാദ്ധ്യമാക്കിത്തീർക്കുന്നു. ജീവിതമാർഗ്ഗം സമ്പാദിക്കാൻ കഴിവില്ലാത്തവരെ-കുട്ടികൾ, വിദ്യാർത്ഥികൾ, രോഗികൾ, അംഗഭംഗം നേരിട്ടവർ- സംരക്ഷിക്കാനും പ്രായമായവക്കു മതിയായ പെൻഷൻ നല്കാനും അതു സഹായിക്കുന്നു.

പൊതു വിനിയോഗഫണ്ടിന്റെ പങ്കു വദ്ധിച്ചുവരുകയാണു്. ഇതു വിതരണം ചെയ്യപ്പെടുന്നതു ഫലത്തിൽ "ഓരോ ആളിൽ നിന്നും അയാളുടെ കഴിവനുസരിച്ചു; ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ചു" എന്ന കമ്മ്യൂണിസ്റ്റുതത്വമനുസരിച്ചാണു്. അതു സോഷ്യലിസ്ററു സമുദായത്തിലെ അംഗങ്ങളുടെ ആവശ്യങ്ങളെ അധികമധികം തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സൗഹൃദവർഗ്ഗങ്ങളുടെ സമുദായം. സോഷ്യലിസ്റ്റുസമുദായത്തിൽ അവശേഷിക്കുന്ന വർഗ്ഗങ്ങൾ. അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങൾ-തൊഴിലാളികളും കൃഷികരും ഇവയിലേതെങ്കിലുമൊരു വർഗ്ഗത്തോടു് അടുത്തു

ബന്ധപ്പെട്ടിട്ടുള്ള ബുദ്ധിജീവികളും മാത്രമാണ്. ഈ സൗഹൃദവർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ക്രമേണ അപ്രത്യക്ഷമായി വരികയാണ്. അവയുടെ സാമൂഹ്യനിലയ്ക്കു മൗലികമായ മാററമുണ്ടായിട്ടുണ്ട്.

സോഷ്യലിസ്റ്റു വിപ്ലവത്തിനു മുമ്പു തൊഴിലാളി വർഗ്ഗത്തിന് ഉല്പാദനോപകരണങ്ങളില്ലായിരുന്നു. അവർ ക്രൂരമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. സോഷ്യലിസത്തിൻകീഴിൽ അതു (മുഴുവൻ ജനങ്ങളോടുമൊപ്പം) ഉല്പാദനോപകരണങ്ങളുടെ ഉടമയായിത്തീരുകയും സമുദായത്തിന്റെ ജീവിതത്തിൽ ഒരു നേതൃത്വപരമായ പങ്കു വഹിക്കുകയും ചെയ്യുന്നു. ഈ പങ്കു നിർണ്ണയിക്കപ്പെടുന്നതു് പ്രാഥമികമായി, തൊഴിലാളിവർഗ്ഗത്തിന്റെ സാമ്പത്തികമായ സ്ഥാനം കൊണ്ടു്, ഏററവും ഉയർന്ന രൂപത്തിലുള്ള സോഷ്യലിസ്റ്റു സ്വത്തുമായി, പൊതുസ്വത്തുമായി, അതു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന വസ്തുത കൊണ്ടാണ്. കൂടാതെ, ഏററവും സംഘടിതമായ വർഗ്ഗവും അതാണ്. അതിന് ഏററവും മഹത്തായ വിപ്ലവാനുഭവവും ദശവർഷങ്ങളിലെ വർഗ്ഗസമരം കൊണ്ടു സമ്പാദിച്ച തന്റേടവുമുണ്ടു്. അതാണ് പുരോഗമനപരമായ സാമൂഹ്യാശയങ്ങൾക്കു വേണ്ടി ഉറപ്പായി വാദിക്കുന്നതു്.

കർഷകർ ഒരു കാലത്തു് മിക്കവാറും പരസ്പരം ബന്ധമില്ലാത്ത ചെറുകിട ഉല്പാദകരുടെ ഒരു വർഗ്ഗമായിരുന്നു. അവരിലധികം പേരുടേയും ഗതി നാശത്തിലേക്കായിരുന്നു. സോഷ്യലിസ്റ്റു സമുദായത്തിൽ കർഷകർ, ഭൂവുടമകളാലോ നാട്ടുമ്പുറത്തും നഗരത്തിലുമുള്ള

ബൂർഷ്വാസിയാലൊ ചൂഷണം ചെയ്യപ്പെടാത്ത ഒരു വർഗ്ഗമാണ്. അവർ വലിയ സോഷ്യലിസ്റ്റ് ഫാമുകളിൽ യന്ത്രങ്ങളുപയോഗിച്ച് പണിയെടുക്കുന്നു. അവരുടെ വരുമാനങ്ങൾ അത്ഭുതപൂർവ്വമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്, അതുപോലെതന്നെ അവരുടെ സാംസ്കാരിക നിലവാരവും സാമൂഹ്യബോധവും.

ഒരു കാലത്തു ബുദ്ധിജീവികളിൽ മേലേക്കിടയിലുള്ള ഗ്രൂപ്പ് ബൂർഷ്വാസിയിലെ അംഗങ്ങൾ ചേർന്നതായിരുന്നു. അവർ ചൂഷകവർഗ്ഗങ്ങളെ സേവിച്ചിരുന്നു. സോഷ്യലിസ്റ്റ് സമുദായത്തിൽ, ബുദ്ധിജീവികൾ സാധാരണതൊഴിലാളികളുടെയും കർഷകരുടെയും കുടുംബങ്ങളിൽ നിന്നാണ് വരുന്നത്. അവർ അദ്ധ്വാനിക്കുന്ന ജനങ്ങളെ സേവിക്കുന്നു.

ചില വർഗ്ഗങ്ങൾ മററു ചില വർഗ്ഗങ്ങളെ കീഴ്പ്പെടുത്തുന്ന സമ്പ്രദായത്തെ സോഷ്യലിസം അവസാനിപ്പിക്കുന്നു. പുതിയസമുദായത്തിലെ എല്ലാവർഗ്ഗങ്ങളും വിഭാഗങ്ങളും, ഉല്പാദനോപകരണങ്ങളോടും ഭരണക്രമത്തോടും രാഷ്ട്രീയാധികാരത്തോടുമുള്ള ബന്ധത്തിൽ തുല്യരാണ്. അവക്ക് തുല്യമായ അവകാശങ്ങളും ബാദ്ധ്യതകളുമുണ്ട്. ഇന്ന് യാതൊരാൾക്കും ഉല്പാദനോപകരണങ്ങൾ സ്വന്തമാക്കാനോ മറ്റാളുകളെ ചൂഷണം ചെയ്യാൻ അവയുപയോഗിക്കാനോ സാദ്ധ്യമല്ല. എല്ലാ തൊഴിലുകളിലും സാമൂഹ്യ സമത്വത്തിനും നീതിക്കും വേണ്ടിയുള്ള ഉറച്ച അടിത്തറയിട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ വർഗ്ഗങ്ങളും സാമൂഹ്യഗ്രൂപ്പുകളും ഒരുപോലെയാണ്; പൊതുതാല്പര്യങ്ങൾകൊണ്ടും വീക്ഷണങ്ങൾ

കൊണ്ടും ലക്ഷ്യങ്ങൾകൊണ്ടും, പുതിയ സമുദായത്തിന്റെ വിജയത്തിനു വേണ്ടിയുള്ള പൊതുവായ സമരവും പ്രയത്നവും കൊണ്ടും അവയെല്ലാം ഒരൊറ്റ സമൂഹത്തിൽ യോജിപ്പിക്കപ്പെട്ടിരിക്കുകയാണ്. ജനങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ആഴമേറിയ ഐക്യം സോഷ്യലിസ്ററു സമുദായത്തിനു മുതലാളിത്ത സമുദായത്തേക്കാളുമുള്ള വമ്പിച്ച മെച്ചമാണ്.

പക്ഷെ, സോഷ്യലിസത്തിൻകീഴിൽ തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവും തമ്മിലും അവരും ബുദ്ധിജീവികളും തമ്മിലും ചില വ്യത്യാസങ്ങൾ നിലനില്ക്കുന്നുണ്ട്. തൊഴിലാളികളും കർഷകരും തമ്മിലുള്ള വ്യത്യാസങ്ങൾ, ഒന്നാമതായി, സോഷ്യലിസ്ററുസ്വത്തുടമയുടെ രണ്ടുരൂപങ്ങളുള്ളതിൻെറ ഫലമാണ്. സമുദായത്തിൻെറയാകെ (സ്റ്റേറ്റിൻെറ) വകയായുള്ള സംരംഭങ്ങളിലാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. എന്നാൽ കർഷകർ പണിയെടുക്കുന്നത് പ്രത്യേക കളക്ററിവുകളുടെ വകയായ ഫാമുകളിലാകുന്നു. ഈ രണ്ടു വർഗ്ഗങ്ങൾക്കും കിട്ടുന്ന വേതനത്തിലും അതിൻെറ രീതിയിലും വ്യത്യാസമുണ്ട്. സ്റ്റേററുസംരംഭങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും മററു ജോലിക്കാർക്കും ഗവമ്മെൻറു നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വേതനം ലഭിക്കുന്നു. എന്നാൽ കർഷകൻെറ വേതനം അയാളുടെ കളക്റ്റീവ് ഫാമിൻെറ ആകെ വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. അതിൻെറയർത്ഥം, കളക്റ്റീവ് ഫാംതോറും വേതനം വ്യത്യാസപ്പെട്ടിരിക്കുന്നുവെ

ന്നാണ്. കളക്ടീവ്ഫാമിൽ നിന്നുള്ള വരുമാനത്തിനു പുറമെ കൃഷിക്കാർക്ക് അവരുടെ താമസസ്ഥലത്തുനിന്നുള്ള ആദായം കൂടിയുണ്ട്.

സോഷ്യലിസ്ററു സമുദായത്തിൽ സാമൂഹ്യ- സാമ്പത്തിക വ്യത്യാസങ്ങൾ നിലനിൽക്കുന്നു. അതുപോലെ തന്നെ നഗരത്തിലെയും നാട്ടുമ്പുറത്തെയും സാംസ്കാരിക നിലവാരത്തിലും ജീവിതരീതിയിലുമുള്ള വ്യത്യാസങ്ങളും ബുദ്ധിപരമായ അദ്ധ്വാനവും ശാരീരികാദ്ധ്വാനവും തമ്മിലുള്ള വ്യത്യാസങ്ങളുമുണ്ട്. ഈ വ്യത്യാസങ്ങൾ സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള ഗതിയിൽ നീക്കംചെയ്യപ്പെടും അതിന്റെ‌റയത്ഥം വർഗ്ഗങ്ങൾ അവസാനമായും നശിപ്പിക്കപ്പെടുമെന്നും, സ്വാതന്ത്ര്യരും സാമൂഹ്യബോധമുള്ളവരുമായ എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളുടേയും സമത്വവും സൗഭ്രാത്രവും സ്ഥാപിക്കപ്പെടുമെന്നുമാണ്.

സോഷ്യലിസ്റ്റും ജനാധിപത്യം മുതലാളിത്തത്തിൽ നിന്നുള്ള പരിവത്തനഘട്ടത്തിലെ തൊഴിലാളിവർഗ്ഗജനാധിപത്യത്തിൽ നിന്നു ഒരു സോഷ്യലിസ്റ്റും ജനാധിപത്യം ഒരു പുതിയ, കൂട്ടുതലുയന്ന ജനങ്ങളുടെ ഭരണം ഉത്ഭവിക്കുന്നു. ജനാധിപത്യത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ രാഷ്ട്രീയാവകാശംമാത്രമല്ല സമൂഹാവകാശങ്ങൾകൂടിയുൾപ്പെടുത്തി, സോഷ്യലിസം ജനാധിപത്യത്തെക്കുറിച്ചുള്ള ധാരണയ്ക്കുതന്നെ വളരെ വ്യാപ്തി വദ്ധിപ്പിച്ചു.

സോഷ്യലിസ്റ്റു സമുദായം അതിലെ പൗരന്മാരുടെ അവകാശങ്ങൾ പ്രഖ്യാപിക്കുക മാത്രമല്ല അവയ്ക്കുറപ്പ

കൊടുക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, യു എസ്സ്. എസ്സ്. ആറിന്റെ ഭരണഘടന പൗരന്മാക്ക് അദ്ധ്വാനത്തിനും വിശ്രമത്തിനും വിനോദത്തിനും വിദ്യാഭ്യാസത്തിനും വാദ്ധക്യകാലത്തും രോഗികൾക്കും കായികശക്തിയില്ലാത്തവക്കും സംരക്ഷണം ലഭിക്കാനുമുള്ള അവകാശങ്ങൾ നൽകുന്നു. ഈ അവകാശങ്ങൾക്ക നിയമം മൂലവും സോഷ്യലിസ്റ്റ് സ്റ്റേററിന്റെ സാമ്പത്തികശക്തി ഉന്നക്രമം വദ്ധിപ്പിച്ചുകൊണ്ടും ഉറപ്പുണ്ടാക്കുന്നു.

സോഷ്യലിസ്റ്റു രാജ്യങ്ങളുടെ ഭരണഘടനകൾ പൗരന്മാക്കു പ്രസംഗസ്വാതന്ത്ര്യവും സംഘടിക്കാനും യോഗം ചേരാനുമുള്ള സ്വാതന്ത്ര്യവും തെരുവുപ്രകടനങ്ങളും ഘോഷയാത്രകളും നടത്താനുള്ള സ്വാതന്ത്ര്യവും നൽകുന്നുണ്ട്. അവ ബഹുജനസംഘടനകളിൽ ചേരാനുള്ള ജനങ്ങളുടെ സ്വാതന്ത്ര്യം ഉറപ്പു ചെയ്യുന്നു. ശാരീരികസുരക്ഷിതത്വവും ഭവനത്തിന്റെ അലംഘനീയതയും എഴുത്തുകുത്തുകളുടെ രഹസ്യവും സംരക്ഷിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റുരാജ്യങ്ങളിൽ സ്ത്രീകൾക്ക സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും സാമൂഹ്യവുമായ എല്ലാ ജീവിതരംഗങ്ങളിലും തുല്യാവകാശങ്ങളുണ്ട്. അവക്കു പുരുഷന്മാരോടൊപ്പം തുല്യമായ നിലയിൽ അദ്ധ്വാനത്തിനും വിശ്രമത്തിനും വിനോദത്തിനും വിദ്യാഭ്യാസത്തിനും വേതനത്തിനുമുള്ള അവകാശമുണ്ട്. മാതാവിന്റെയും ശിശുവിന്റെയും താല്പര്യങ്ങളെ സ്റ്റേറ്റ് സംരക്ഷിക്കുന്നു. വലിയ കുടുംബങ്ങളിലെ അമ്മ

മാക്കും അവിവാഹിതമാതാക്കൾക്കും അലവൻസുകൾ നൽകുന്നു. പണിയെടുക്കുന്ന സ്ത്രീകൾക്കു മുഴുവൻ ശമ്പളത്തോടുകൂടി നീണ്ട പ്രസവകാലാവധിയനുവദിക്കുകയും ചെയ്യുന്നു. സോവ്യറ്റ് യൂണിയനിൽ പ്രസവാശുപത്രികളും മാതാവിനും ശിശുവിനുമുള്ള പരിശോധനാകേന്ദ്രങ്ങളും നഴ്സറികളും കിൻറർഗാർട്ടനുകളും പൊതുഭോജനശാലകളും അലക്കു കമ്പനികളുമുണ്ട്.

അധികാരം ഏറെറടുക്കുകയും ചൂഷകന്മാരുടെ ചെറുത്തുനില്പ് തകക്കുകയും ചെയ്തശേഷം സോഷ്യലിസ്ററു സ്റ്റേററിൻെറ കടമ, പുതിയ വർഗ്ഗരഹിതസമുദായത്തിൻെറ നിർമ്മാണവും ജനങ്ങളുടെ സാംസ്കാരിക വിദ്യാഭ്യാസവും തൊഴിലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗേതരജനവിഭാഗങ്ങളും (എല്ലാത്തിനുമുപരി, കൃഷകരും) തമ്മിലുള്ള സഹകരണവുമാകുന്നു. പററിത്തീനികൾക്കും ചൂഷകന്മാക്കും സമുദായത്തിനാപല്ക്കരമായ മററു കൂട്ടർക്കുമെതിരായി, അതായതു്, സമുദായത്തിലെ ഒരു നിസ്സാരന്യൂനപക്ഷത്തിനെതിരായി മാത്രമെ സോഷ്യലിസ്റ്റു സ്റ്റേററു് ബലപ്രയോഗം നടത്തുന്നുള്ളു. ചൂഷകഭരണകൂടത്തിൻെറ പ്രധാനജോലി, മർദ്ദനസംവിധാനത്തെ താങ്ങിനിത്താൻ വേണ്ടി അദ്ധ്വാനിക്കുന്ന ജനങ്ങൾക്കെതിരായി ബലപ്രയോഗം നടത്തുകയാണു്. സോഷ്യലിസ്റ്റു സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ബലപ്രയോഗമല്ല പ്രധാന കാര്യം. സ്റ്റേററിൻെറ സർവ്വപ്രധാനമായ സവിശേഷത, സമുദായത്തെ സോഷ്യലിസ്റ്റു രീതിയിൽ രൂപാന്തരപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി തൊഴി

ലാളിവർഗ്ഗവും മററു ജനവിഭാഗങ്ങളും തമ്മിൽ സഹകരണം സംഘടിപ്പിക്കുന്നുവെന്നതാണ്.

മുഴുവൻ ജനങ്ങളുടെയും ഭരണകൂടം. പരിവർത്തനഘട്ടത്തിൻെറ കടമകൾ നിറവേററപ്പെട്ടുകഴിയുമ്പോൾ, ചൂഷകവർഗ്ഗങ്ങളെ നശിപ്പിക്കുകയും സോഷ്യലിസം കെട്ടിപ്പടുക്കുകയും സോഷ്യലിസ്റ്റു സമുദായം ഉറപ്പിക്കപ്പെടുകയും ചെയ്തുകഴിയുമ്പോൾ, തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം ആവശ്യമാക്കിത്തീർക്കുന്ന ചരിത്ര സാഹചര്യങ്ങൾ അവസാനിക്കുന്നു അതിൻെറ ചരിത്രപരമായ ദൗത്യം നിർവ്വഹിച്ചശേഷം, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം മുഴുവൻ ജനങ്ങളുടെയും സോഷ്യലിസ്റ്റു സ്റ്റേററായിത്തീരുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം സ്ഥാപിക്കപ്പെടുമ്പോൾ മുതൽ തന്നെ അതിനുമുഴുവൻ ജനങ്ങളുടേതുമായ സ്റ്റേററിൻെറ, എല്ലാവർക്കും വേണ്ടിയുള്ള ജനാധിപത്യത്തിൻെറ സവിശേഷതകളുണ്ട്; കാരണം, ഈ സ്റ്റേററ്, ബഹുഭൂരിപക്ഷം ജനങ്ങളുടെയും തൊഴിലാളിവർഗ്ഗത്താൽ നയിക്കപ്പെടുന്ന നഗരത്തിലെയും നാട്ടുമ്പുറത്തെയും എല്ലാ അദ്ധ്വാനിക്കുന്ന സ്ത്രീപുരുഷന്മാരുടെയും മൗലികതാല്പര്യങ്ങളും ഇഛയും പ്രകടിപ്പിക്കുന്നു. അദ്ധ്വാനിക്കുന്നജനങ്ങൾ ഉല്പാദനത്തെനിയന്ത്രിക്കുകയും ഭരണകൂടത്തെനയിക്കുകയും ചെയ്യുന്നു. അവരാണ രാജ്യത്തിൻെറ യജമാനന്മാർ. അവർതങ്ങളുടെ അഭിലാഷമനുസരിച്ചുള്ള ജീവിതം കെട്ടിപ്പടുക്കുന്നു എല്ലാ സാമ്പത്തികരംഗങ്ങളിലും സോഷ്യലിസ്റ്റുബന്ധങ്ങളുടെ

വിജയം, ചൂഷകവർഗ്ഗങ്ങളെ അവസാനിപ്പിക്കൽ, തൊഴിലാളിവർഗ്ഗത്തിൻെറതന്നെ വളച്ച്, കഷ്കർ ചെറുകിടഉല്പാദകരുടെ ഒരു വർഗ്ഗമെന്നനിലയിൽ നിന്നു് സോഷ്യലിസ്റ്റ്തൊഴിലാളികളുടെ ഒരു വർഗ്ഗമായി രൂപാന്തരം പ്രാപിക്കൽ, ഒരു പുതിയ, ജനങ്ങളുടെ, ബുദ്ധിജീവിവിഭാഗത്തിൻെറ വളച്ച്-ഇങ്ങനെ സോഷ്യലിസത്തിന്റെ ഓരോ വിജയവും, സോഷ്യലിസ്റ്റ്സമുദായത്തിൻെറ ദേശീയസംഘടനയെന്ന നിലയിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻെറ വികാസത്തിൽ ഓരൊ ചുവടുവയ്പാണു്.

യൂ. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസത്തിന്റെ പൂർണ്ണവും അവസാനവുമായ വിജയവും, പൂർണ്ണതോതിലുള്ള കമ്മ്യൂണിസ്ററു നിർമ്മാണത്തിലേക്കു സോവിയററുസമുദായത്തിൻെറ പരിവർത്തനവും മുഴുവൻ ജനങ്ങളുടെയും സ്റ്റേറ്റിൻെറ ഉദയത്തിലേക്കു നയിച്ചിരിക്കുന്നു; ഇതിൽ എല്ലാ സാമൂഹ്യഗ്രൂപ്പുകൾക്കും സമത്വമാണുള്ളതു്, അവയിലൊന്നിനും വിശേഷാവകാശങ്ങളില്ല.

സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനകാലത്തും തൊഴിലാളിവർഗ്ഗം സമുദായത്തിൽ നേതൃത്വപരമായ പങ്കു വഹിക്കുന്നു. ഈ പങ്കു് തൊഴിലാളിവർഗ്ഗസർവ്വാധിപത്യംപോലെയല്ല; അതിൻ കീഴിൽ തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വപങ്കു് മുഴുവൻ രാഷ്ട്രീയസമ്പ്രദായംകൊണ്ടുറപ്പു ചെയ്തതായിരുന്നു, മുഴുവൻ ജനങ്ങളുടെയും ഭരണക്രൂടത്തിൻകീഴിൽ, തൊഴിലാളിവർഗ്ഗം സമുദായത്തിൻെറമേൽ സ്വാ

ധീനം ചെലുത്തുന്നതു്, സംഘടനയുടെ നേതൃത്വ ശാഖയായ വ്യവസായത്തിൽ അതു് ഏർപ്പെട്ടിരിക്കുന്നിടത്തോളവും അതിന്റെ രാഷ്ട്രീയബോധത്തിന്റെയും സംഘടനയുടെയും ഉയർന്ന നിലവാരവും മുൻകയ്യും കൊണ്ടു മാത്രമാണു്.

മുഴുവൻ ജനങ്ങളുടെയും സോഷ്യലിസ്റ്റു ഭരണകൂടം പൊലിഞ്ഞുകൊണ്ടിരിക്കുന്ന ഒന്നാണു്. അതായതു്, കമ്മ്യൂണിസ്റ്റ് പൊതു സ്വയംഭരണത്തിലേക്ക ക്രമേണ വികസിച്ചുകൊണ്ടിരിക്കുന്നഒന്നു്.

മുഴുവൻ ജനങ്ങളുടെയും പാർട്ടി. സോവ്യററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി- രാജ്യത്തിന്റെ ഭരണകക്ഷി-ജനിക്കുകയും വളരുകയും ചെയ്തതു്, തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയും ഏററവും ഉയർന്ന വർഗ്ഗസംഘടനയുമെന്നനിലയിലാണു്. അതുരാജ്യത്തിലെ എല്ലാഅദ്ധ്വാനിക്കുന്ന ജനങ്ങളുടെയും മൗലികതാല്പര്യങ്ങൾ പ്രകടിപ്പിക്കുകയുംചെയ്തു.

വിപ്ലവസമരത്തിന്റെയും സോഷ്യലിസ്റ്റു നിർമ്മാണത്തിന്റെയും വർഷങ്ങളിൽ സി. പി. എസ്സ്. യു. ആദ്യം ഭൂരിപക്ഷം ജനങ്ങളേയും പിന്നീടുമുഴുവൻ ജനങ്ങളേയും തൊഴിലാളിവർഗ്ഗത്തിന്റെ ഭാഗത്തേക്ക കൊണ്ടുവന്നു. അതിന്റെ നേതൃത്വത്തിൽ സോവ്യററ് യൂണിയനിൽ ചൂഷകവർഗ്ഗങ്ങൾ നശിപ്പിക്കപ്പെടുകയും മൗലികമായ സാമ്പത്തിക, സാമൂഹ്യപരിവർത്തനങ്ങൾ നടപ്പിലാക്കപ്പെടുകയും ചെയ്തു. പാർട്ടിയാൽ നയിക്കപ്പെട്ട തൊഴിലാളിവർഗ്ഗം നടത്തിയ ക്രൂരോട്ടക്കൂടിയതും ധീരവുമായ സമരത്തിന്റെ ഫലമായി, അദ്ധ്വാനിക്കുന്ന ജന

ങ്ങളുടെ മററു വിഭാഗങ്ങളായ കർഷകരും കൈവേല ക്കാരും ബുദ്ധിജീവികളും, തങ്ങളുടെയും തൊഴിലാളി വർഗ്ഗത്തിൻേറയും മർമ്മപ്രധാനതാല്പര്യങ്ങൾ ഒന്നുതന്നെ യാണെന്നു മനസ്സിലാക്കി. തൊഴിലാളിവർഗ്ഗത്തിൻേറ ലക്ഷ്യം–ഒരു വർഗ്ഗരഹിതസമുദായത്തിന്റെ നിർമ്മാണം –മൊത്തം ജനങ്ങളുടെ ലക്ഷ്യമായിത്തീൎന്നു. എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളും പാർട്ടിയുടെ വീക്ഷണഗ തിയും പ്രത്യയശാസ്ത്രവും സ്വീകരിച്ചു, അതിൻേറ നയ ങ്ങളെ പൂർണ്ണമായി പിന്താങ്ങുന്നു. അതിൻേറ അണി കൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഉത്തമസന്താനങ്ങളെ ക്കൊണ്ടു പുതുക്കപ്പെടുന്നു. അതു യഥാർത്ഥമായും ഒരു സാർവ്വദേശീയപാർട്ടിയാകുന്നു. കാരണം, സോവ്യററു യൂണിയനിലധിവസിക്കുന്ന നൂറിലധികം രാഷ്ട്രങ്ങളു ടെയും ദേശീയജനവിഭാഗങ്ങളുടെയും പ്രതിനിധിക ളാണ് അതിൻേറ അംഗങ്ങളായുള്ളതു്.

ഈ പരിതസ്ഥിതികളും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം മുഴുവൻ ജനങ്ങളുടെയും സ്റ്റേററായി ത്തീൎന്നിട്ടുള്ള വസ്തുതയും, പാർട്ടിയുടെസ്വഭാവത്തിലും സമുദായത്തിൻേറ ജീവിതത്തിലും അവയുടെ മുദ്രപതി ച്ചിട്ടുണ്ടു്. സോഷ്യലിസത്തിൻേറ പൂർണ്ണവും അവസാ നവുമായ വിജയത്തിൻേറ ഫലമായി, സോവ്യററുതൊ ഴിലാളിവർഗ്ഗത്തിൻേറ കമ്മ്യൂണിസ്റ്റ് പാർട്ടി മുഴുവൻ ജനങ്ങളുടേയും പാർട്ടിയായിത്തീൎന്നിരിക്കുന്നു.

സോഷ്യലിസവും വ്യക്തിയും. വ്യക്തിയുടെ യഥാർത്ഥമോചനം സോഷ്യലിസ്റ്റുവിപ്ലവത്തിൻേറ ഫല

മായിട്ടുമാത്രമെ സംഭവിക്കുകയുള്ളുവെന്നു ശാസ്ത്രീയസോഷ്യലിസം വ്യക്തമാക്കിയിട്ടുണ്ടു്.

മുടക്കുമുതലിന്റെ ഭരണമാണുമനുഷ്യന്നെതിരായ ഏററവും വലിയഅക്രമം. ചൂഷണവ്യവസ്ഥ ബഹുഭൂരിപക്ഷം ജനങ്ങളുടെയും സ്വതന്ത്രമായ സൃഷ്ടിപരയത്നത്തിന്റെ വികാസത്തിനുള്ള മാർഗ്ഗം തടയുന്നു. വിശേഷാവകാശങ്ങളനുഭവിക്കുന്ന സമുദായവിഭാഗങ്ങളിൽ മുതലാളിത്തം വ്യക്തിവാദത്തേയും സ്വാർത്ഥതയേയും സാമൂഹ്യവിരുദ്ധദുർഗ്ഗുണങ്ങളേയും ഊട്ടി വളർത്തുന്നു. ഇവ തഴച്ചുവളരുന്നതു ചൂഷണത്തിന്റെയും സ്വാർത്ഥതാല്പര്യത്തിന്റെയും നിലനിൽപിനുള്ള ക്രൂരസമരത്തിന്റെയും അന്തരീക്ഷത്തിലാണു്.

വ്യക്തിയെ മോചിപ്പിക്കുന്നതിനു്, മനുഷ്യനെ അടിമപ്പെടുത്തുന്ന സാമൂഹ്യബന്ധങ്ങളെ മാററിക്കൊണ്ടു് എല്ലാജനങ്ങളേയും സ്വതന്ത്രരാക്കേണ്ടതാവശ്യമാണു് എല്ലാ അദ്ധ്വാനിക്കുന്ന ജനങ്ങളുടേയും മോചനത്തിലൂടെ വ്യക്തിയെ മോചിപ്പിച്ചുകൊണ്ടാണു വ്യക്തിയുടെ പ്രശ്നം പരിഹരിക്കേണ്ടതു്. സ്വയംമോചിപ്പിക്കുന്നതിലൂടെ സമുദായം ഓരോ ആളേയും മോചിപ്പിക്കുന്നു. ഉൽപാദനോപകരണങ്ങളുടെ സ്വകാര്യഉടമസ്സമ്പ്രദായം അവസാനിപ്പിക്കുന്നതിലൂടെ സോഷ്യലിസ്ററുവിപ്ലവം, അദ്ധ്വാനിക്കുന്ന ജനങ്ങളെ അടിമപ്പെടുത്തുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നു. സോഷ്യലിസത്തിൻകീഴിൽ ഒരാൾക്കും ഉല്പാദനാദ്ധ്വാനത്തിന്റെ വിഹിതം മറെറാരാളെ ഏല്പിക്കാൻ സാധിക്കുകയില്ല. നേരെമറിച്ചു്, ഉൽപാദനപരമായ അദ്ധ്വാനം ജനങ്ങളെ അടിമപ്പെട്ട

ത്താനുള്ള ഒരുപകരണമായിത്തീരുന്നതവസാനിക്കുകയും അവരെ മോചിപ്പിക്കുന്നതിനുള്ള ഒരുപകരണമായിത്തീരുകയും ചെയ്യുന്നു. എല്ലാവൎക്കും തങ്ങളുടെ കായികവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കാൻ പ്രയോജനപ്പെടുത്താനും സോഷ്യലിസം കഴിവുണ്ടാക്കുന്നു. അദ്ധ്വാനം ഒരു കനത്ത ഭാരത്തിൽ നിന്നു സൃഷ്ടിപരയത്നമായി, ആനന്ദത്തിന്റെ ഒരുറവിടമായി മാറുന്നു.

സോഷ്യലിസത്തോടുകൂടി, പ്രത്യേകമായ, ഒറ്റപ്പെട്ട നിലനിൽപിനുവേണ്ടി വ്യക്തികൾ തമ്മിലും ഗ്രൂപ്പുകൾ തമ്മിലുമുള്ള നിഷ്ഠൂരസമരം അവസാനിക്കുന്നു. അങ്ങിനെ, ആന്റിഡ്യൂറിങ്ങിൽ എംഗത്സ് എഴുതിയതുപോലെ, മനുഷ്യൻ "മൃഗലോകത്തുനിന്നു വേർതിരിക്കപ്പെടുകയും കേവലം മൃഗീയജീവിതസാഹചര്യങ്ങളിൽ നിന്നു യഥാൎത്ഥമനുഷ്യജീവിതസാഹചര്യങ്ങളിലേക്കു കടക്കുകയും ചെയ്യുന്നു."*

സ്വകാര്യ ഉടമസ്ഥസമ്പ്രദായത്തിൽ നിന്നുത്ഭവിച്ച വ്യക്തിപരമായ താല്പര്യങ്ങളും പൊതുതാല്പര്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം സോഷ്യലിസത്തിൻ കീഴിൽ, രണ്ടിന്റെയും കൂടുതൽ കൂടുതൽ സംയോജനത്തിനു വഴിമാറുന്നു. സമുദായത്തിലെ അംഗങ്ങൾക്കു്, തങ്ങളുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തണമെന്നാഗ്രഹമുണ്ടെങ്കിൽ അവർ സമുദായത്തിന്റെ യാകെനന്മയ്ക്കുവേണ്ടി പണിയെടുക്കേണ്ടതുണ്ടു്. ഇതാണുവ്യക്തിപരമായ താല്പര്യങ്ങളും സാമൂഹ്യതാല്പര്യങ്ങളും ഒന്നുതന്നെയായിത്തീരാനുള്ള വസ്തുനി

*എഫ്. എംഗത്സ്, ആൻറി ഡ്യൂറിങ്, മോസ്കോ 1954 പുറം 392

ഷ്ടമായ അടിസ്ഥാനം. ഇതു ജനങ്ങളുടെ മനസ്സിൽ പ്രതിഫലിക്കുകയും ചെയ്യുന്നു. പുതിയ സോഷ്യലിസ്ററു ബന്ധങ്ങൾ ജനങ്ങളുടെ മനസ്സിലുള്ള മുതലാളിത്തത്തിൻെറ അവശിഷ്ടങ്ങളെ പുറത്തുതള്ളുകയും, കൃഷകരുടേയും സ്വാതന്ത്ര്യമോഹികളുടേയും സമുദായത്തിൽനിന്നുപിന്തുടച്ചുവഴി ലഭിച്ചിട്ടുള്ള ദൗർബ്ബല്യങ്ങളിൽ നിന്നും ന്യൂനതകളിൽനിന്നും വിമുക്തരാകുവാൻ അവരെ സഹായിക്കുകയുംചെയ്യുന്നു. പാർട്ടിയും മററു ബഹുജനസംഘടനകളും ക്ഷമാപൂർവ്വം നടത്തുന്ന ദൈനംദിന വിദ്യാഭ്യാസപ്രവർത്തനം പുതിയ മനുഷ്യൻെറ മാനസിക ഘടനയെ രൂപപ്പെടുത്താൻ സഹായിക്കുന്നു.

### പുതിയ സമുദായത്തിൻെറ വികാസത്തിൻെറ പ്രേരകശക്തികൾ

സോഷ്യലിസ്ററു ഘട്ടത്തിനുമുമ്പുള്ള മനുഷ്യചരിത്രത്തെ മാർക്സ് ചരിത്രാതീതമെന്നു വിവരിച്ചു. സമുദായത്തിൻെറ യഥാർത്ഥ ചരിത്രമാരംഭിക്കുന്നതു തൊഴിലാളിവർഗ്ഗവിപ്ലവത്തിൻെറ വിജയത്തോടുകൂടിയാണെന്നദ്ദേഹം പറഞ്ഞു. മാനവരാശിയുടെ ചരിത്രാതീതകാലത്തുടനീളം, ജനങ്ങളുടെ സാമൂഹ്യജീവിതം അവരെ അഭിമുഖീകരിച്ചതു്, പുറത്തുനിന്നുകെട്ടിവച്ച ഒന്നുപോലെയാണു്. സമുദായത്തിൻെറയും അതിലെ അംഗങ്ങളുടേയും ഭാഗധേയങ്ങളെ ഭരിച്ചിരുന്നതു് ജനങ്ങൾക്കന്യമായ വസ്തുനിഷ്ഠശക്തികളാണു്. സോഷ്യലിസ്റ്റുസമുദായം ഈ വസ്തുനിഷ്ഠശക്തികളെ അധികമധികം കീഴടക്കുന്നു. മാർക്സിസം – ലെനിനിസത്തിൻെറ സഹായത്തോടെ

സമുദായം ഈ വസ്തുനിഷ്ഠശക്തികളെ തിരിച്ചറിഞ്ഞ ശേഷം അവയെ അതിൻെറ നിയന്ത്രണത്തിലാക്കുകയും ബോധപൂർവ്വമായിത്തന്നെ അതിൻെറ സ്വന്തം ചരിത്രം നിർമ്മിക്കാനാരംഭിക്കുകയും ചെയ്യുന്നു. മാനവവംശം ആവശ്യത്തിൻെറ സാമ്രാജ്യത്തിൽനിന്നു സ്വാതന്ത്ര്യത്തിൻെറ സാമ്രാജ്യത്തിലേക്കു കുതിച്ചുചാട്ടുന്നു.

സോഷ്യലിസത്തിൻെറ ഏററവും പ്രധാനപ്പെട്ട സവിശേഷതയെ പരാമർശിച്ച്, 1923 ൽ, സോവ്യറ്റ് ജനത ഒരു പുതിയ സമുദായം കെട്ടിപ്പടുക്കാൻ തുടങ്ങിക്കൊണ്ടിരുന്ന കാലത്ത്, ലെനിൻ പറഞ്ഞു: "...മൗലികമായ സാമൂഹ്യപരിവർത്തനങ്ങൾക്കാവശ്യമായ കാലദൈർഘ്യം നിർണ്ണയിക്കാനുള്ള സൗകര്യം ഇപ്പോൾ നമുക്കുണ്ട്. ഇതു ചരിത്രത്തിൽ അപൂർവ്വമായേ സംഭവിക്കുന്നുള്ളു. അഞ്ചു വർഷംകൊണ്ട് എന്തു ചെയ്യാൻ കഴിയുമെന്നും എന്തിനാണു കൂടുതൽ സമയം വേണ്ടിവരുന്നതെന്നും ഇന്നു നാം വ്യക്തമായി കാണുന്നു"*

സോഷ്യലിസ്റ്റു സമുദായം, കാലഹരണപ്പെട്ട ഉല്പാദനരൂപങ്ങളും മാനുഷിക ബന്ധങ്ങളും ഇല്ലായ്മചെയ്യാൻ പുറപ്പെടുകയും വാസ്തവത്തിലവയെ ഇല്ലായ്മ ചെയ്യുകയും ചെയ്യുന്ന അതു് സമയത്തിൻെറ അടിസ്ഥാനത്തിൽ സാമൂഹ്യസാമ്പത്തിക പരിവർത്തനങ്ങൾ പ്ലാൻചെയ്യുന്നു ഉൽപാദനശക്തികളുടെ വികാസത്തിനും ഉൽപാദനബന്ധങ്ങളുടെ മാറ്റങ്ങൾക്കും എത്രകാലം പിടിക്കുമെന്നു് കണക്കാക്കുകയും ചെയ്യുന്നു,

* വി. ഐ. ലെനിൻ സിലക്ടഡ് വർക്സ്, വാല്യം 3, പുറം 825.

സോഷ്യലിസ്ററു സമുദായത്തിൽ വൈരുദ്ധ്യങ്ങളുണ്ടു്, എന്നാൽ അവ ശത്രുതകളല്ല. അവ മിക്കതും "വലിയ വേദനകൾ" മാത്രമാണു്. പുതിയതു പഴയതുമായും പുരോഗമനപരമായതു പിന്നോക്കമുള്ളതുമായും സംഘട്ടനത്തിലെത്തുന്നതുകൊണ്ടാണിതുണ്ടാവുന്നതു്. പഴഞ്ചൻ രീതികൾ സംരക്ഷിക്കുന്നതിൽ താല്പര്യമുള്ള വർഗ്ഗങ്ങൾ പുതിയ സമുദായത്തിലില്ലാത്തതിനാൽ, ഈ വൈരുദ്ധ്യങ്ങൾ പരിഹരിക്കുന്നതു വർഗ്ഗസമരങ്ങളിൽക്കൂടിയല്ല, പുതിയ രൂപത്തിലുള്ള സാമൂഹ്യബന്ധങ്ങളുടെ വിജയത്തിൽ തുല്യതാല്പര്യമുള്ള എല്ലാ ഗ്രൂപ്പുകളുടെയും വർഗ്ഗങ്ങളുടെയും സഹകരണത്തിലൂടെയാണു്. സോഷ്യലിസത്തിൻ കീഴിലെ വൈരുദ്ധ്യങ്ങൾ പുറത്തുകൊണ്ടുവന്നു പരിഹരിക്കുന്നതു്, എല്ലാത്തിനുമുപരി, വിമർശനവും സ്വയം വിമർശനവുംകൊണ്ടാണു്. ഇതു് അദ്ധ്വാനിക്കുന്ന ജനങ്ങളെ ഉണർത്തുകയും, ഒന്നിനു പുറകെ ഒന്നായി പുതിയ കടമകൾ നിർവ്വഹിക്കാൻ അവരെ അണിനിരത്തുകയും ചെയ്യുന്നു.

സോഷ്യലിസ്ററു സമുദായം ചൂഷണവ്യവസ്ഥയുടെ അനുരഞ്ജകമല്ലാത്ത ശത്രുതകൾകൊണ്ടു വിഭജിക്കപ്പെട്ടിട്ടില്ലാത്തതിനാൽ, അതു വികസിക്കുന്തോറും ശക്തിപ്പെടുകയും അതിലെ അംഗങ്ങൾ അധികമധികം ഐക്യപ്പെടുകയും ചെയ്യുന്നു. പുതിയ പ്രേരകശക്തികളും വികാസത്തിന്റെ ഉറവിടങ്ങളും ഉയർന്നുവരുന്നു. സമുദായത്തിന്റെ ആശയപരവും രാഷ്ട്രീയവുമായ ഐക്യം; അദ്ധ്വാനത്തിലും സമുദായത്തെ നയിക്കുന്നതിനുമുള്ള

സാന്മാർഗ്ഗിക പ്രേരണ; രാജ്യത്തിന്റെ യജമാനനാണെന്നുള്ള തോന്നലും, തൽഫലമായി സോഷ്യലിസ്ററു സമുദായത്തിലെ എല്ലാ പൌരന്മാൎക്കുമുണ്ടാകുന്ന, പൊതു താൽപര്യത്തോടുള്ള ഉത്തരവാദിത്വബോധവും; സഹകരണവും, ഉൽപാദനം അഭിവൃദ്ധിപ്പെടുത്താനുള്ള ശക്തമായ ഉപകരണവുമെന്ന നിലയിലുള്ള സോഷ്യലിസ്ററു മത്സരം; രാജ്യത്തിനുള്ളിലും സാർവ്വദേശീയാടിസ്ഥാനത്തിലും സോഷ്യലിസ്ററു രാഷ്ട്രങ്ങൾ തമ്മിലുള്ള സൗഹൃദം; സോഷ്യലിസ്റ്റു രാജ്യസ്നേഹം, അതായത്, സോഷ്യലിസ്റ്റ് വ്യവസ്ഥയോടുള്ള കൂറും രാജ്യത്തിന്റെ താൽപര്യത്തിനുവേണ്ടി സർവ്വവും, വേണമെങ്കിൽ ജീവനുൾപ്പെടെ നല്കാനുള്ള സന്നദ്ധതയും; സോഷ്യലിസ്റ്റ് സമുദായത്തിന്റെ കൂട്ടായമനസ്സും, ഇച്ഛയും ഏററവും നന്നായി പ്രകടിപ്പിക്കുന്ന വിപ്ലവപ്പാർട്ടിയുടെ നേതൃത്വം.

സോഷ്യലിസം ഒരുതരത്തിലും ചലനമററ, സ്തംഭിച്ചു നില്ക്കുന്ന സമുദായമല്ല, അങ്ങിനെയാകാനും വയ്യ. മുന്നേററത്തോടൊപ്പം അതു തുടൎച്ചയായി അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. സോഷ്യലിസത്തിൻകീഴിൽ മുന്നേററമെന്നതിനർത്ഥം ഒരു വർഗ്ഗരഹിതമായ, കമ്മ്യൂണിസ്ററു സമുദായത്തിലേക്കു മുന്നോട്ടു നീങ്ങുകയെന്നാണ്.

സോഷ്യലിസം കെട്ടിപ്പടുത്തു കഴിഞ്ഞ രാജ്യങ്ങൾ കമ്മ്യൂണിസം നിർമ്മിക്കാനാരംഭിക്കുന്നു. സോവിയററ് യൂണിയൻ സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവൎത്തനത്തിന്റെ ഘട്ടത്തിൽ പ്രവേശി

ച്ചിരിക്കുന്നു. ഇപ്പോഴത്തെ തലമുറ കമ്മ്യൂണിസത്തിൻ കീഴിൽ ജീവിക്കുമെന്നു സോവ്യറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സ് (1961) പ്രഖ്യാപിച്ചു.

കമ്മ്യൂണിസ്റ്റുസമുദായം

1961 ൽ സി. പി. എസ്സ്. യൂ അംഗീകരിച്ച പരിപാടി, കമ്മ്യൂണിസ്റ്റു സമുദായത്തിൻെറ നിർമ്മാണത്തിൻെറ കടമ താഴെ പറയുംപ്രകാരം നിർവ്വചിക്കുന്നു.

"കമ്മ്യൂണിസം ഉൽപാദനോപകരണങ്ങളുടെമേൽ ഒരൊററ രൂപത്തിലുള്ള പൊതുഉടമസമ്പ്രദായത്തോടും സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും പൂർണ്ണമായ സാമൂഹ്യസമത്വത്തോടുംകൂടിയ ഒരു വർഗ്ഗരഹിതസാമൂഹ്യവ്യവസ്ഥയാകുന്നു. അതിൽ, ജനങ്ങളുടെ സർവ്വതോമുഖമായ വികാസത്തോടൊപ്പം ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും തുടച്ച്യായ പുരോഗതിയിൽകൂടി ഉൽപാദനശക്തികളുടെ വളച്ച്യുണ്ടാകും; പൊതുസമ്പത്തിന്റെ എല്ലാ ഉറവകളും സമൃദ്ധിയായി; പ്രവഹിക്കുകയും, "ഓരോ ആളിൽ നിന്നും അയാളുടെ കഴിവനുസരിച്ചു", ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ചു" എന്ന മഹാതത്വം നടപ്പാവുകയും ചെയ്യും.

"കമ്മ്യൂണിസം സാമൂഹ്യബോധമുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സുസംഘടിതസമുദായമാകുന്നു. അതിൽ പൊതു സ്വയംഭരണം സ്ഥാപിക്കപ്പെടും; അതിൽ, സമുദായത്തിൻെറ നന്മയ്ക്കുവേണ്ടിയുള്ള

TAYAM PUBLIC LIBR
KOTTAYAM

അദ്ധ്വാനം ഓരോരുത്തരുടേയും അതിപ്രധാനമായ ആവശ്യമായിത്തീരും, ഓരോരുത്തരും എല്ലാവരും അംഗീകരിക്കുന്ന ആവശ്യം; അതിൽ ഓരോരുത്തരുടേയും കഴിവുകൾ ജനങ്ങൾക്കേറ്റവുമധികം ഗുണത്തിനുവേണ്ടി വിനിയോഗിക്കും"*

സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ സ്വഭാവം. സോഷ്യലിസവും കമ്മ്യൂണിസവും ഒരഭേദ്യമായമതിൽ കൊണ്ടു തമ്മിൽ വേർതിരിക്കപ്പെട്ടവയല്ല; ഒരേ സമുദായത്തിന്റെ തന്നെ, കമ്മ്യൂണിസ്റ്റ് സമുദായത്തിന്റെ, രണ്ടുഘട്ടങ്ങളാണു്. സോഷ്യലിസ്റ്റ് സമുദായം പക്വത പ്രാപിക്കുന്നതോടെ അതു കൂടുതൽ കൂടുതൽ കമ്മ്യൂണിസത്തിന്റെ അംഗങ്ങളെ ജനിപ്പിക്കുകയും ഒരു ഘട്ടത്തിൽ അതു കമ്മ്യൂണിസ്റ്റ് സമുദായത്തിലേക്കു വികസിക്കുകയും ചെയ്യുന്നു. സോഷ്യലിസത്തിൻകീഴിലുള്ള ജീവിതത്തിന്റെ ഓരോ മേഖലയിലും ബീജരൂപത്തിലുള്ള കമ്മ്യൂണിസ്റ്റ് ലക്ഷണങ്ങളുണ്ടു്. ഒരു ചെടിയിൽ പൂക്കളും കായ്കളുമുണ്ടാകുന്നതുപോലെതന്നെ സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസം വളർന്നുവരുന്നു.

മുതലാളിത്തത്തിൽ നിന്നു സോഷ്യലിസത്തിലേക്കു കടക്കുന്നതിനു ഒരു സോഷ്യലിസ്റ്റ് വിപ്ലവം പൂർത്തിയാക്കേണ്ടതുണ്ടു്, സ്വകാര്യസ്വത്തിലും മനുഷ്യന്റെ മേൽ മനുഷ്യൻ നടത്തുന്ന ചൂഷണത്തിലും അധിഷ്ഠിതമായ

*സോവ്യറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി. മോസ്കോ 1961 പുറം 51.

മുതലാളിത്തസമുദായത്തെ തികച്ചും പുനസ്സംഘടിപ്പിക്കേണ്ടതുണ്ട്. സോഷ്യലിസത്തിൽ നിന്ന കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനം ഒരേ സമൂഹഘടനയ്ക്കുള്ളിലെ വികാസമാകുന്നു. അതുണ്ടാകുന്നത് ഒരു രാഷ്ട്രീയ വിപ്ലവത്തിൻെറ ഫലമായിട്ടല്ല; നേരെമറിച്ച്, സോഷ്യലിസ്റ്റുല്പാദനത്തിൻെറ അനുക്രമവും ചിട്ടയോടുകൂടിയതുമായ വികാസത്തിൻെറയും സോഷ്യലിസം ഊട്ടിയുറപ്പിക്കുന്നതിൻെറയും അതിൻെറ തത്വങ്ങൾ സ്ഥിരമായി പ്രയോഗിക്കുന്നതിൻെറയും പഴയതു പൊലിയുന്നതിൻെറയും പുതിയതു് ഉയരുന്നതിൻെറയും യാഥാർത്ഥ്യത്തിൽ നിന്നുളവാകുന്ന പുതിയ, കമ്മ്യൂണിസ്റ്റുസമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിൻെറയും ഫലമായിട്ടാണു്.

ഒരു വർഗ്ഗരഹിതമായ, കമ്മ്യൂണിസ്ററുവ്യവസ്ഥയിലേക്കു സമുദായത്തിൻെറ മുന്നേററത്തിനു സോഷ്യലിസം ഒരവശ്യഘട്ടമാകുന്നു. സോഷ്യലിസത്തിൽനിന്നു്, അതായതു്, വികാസത്തിൻെറ വസ്തുനിഷ്ഠമായ ഒരവശ്യഘട്ടത്തിൽ നിന്നൊഴിഞ്ഞുമാറിക്കൊണ്ടു് ഒരു രാജ്യത്തിനും ഒരു വർഗ്ഗരഹിതസമുദായം കെട്ടിപ്പടുക്കാനാവുകില്ല. സോഷ്യലിസ്ററു വിപ്ലവത്തെ തുടർന്നു്, സമുദായം വസ്തുനിഷ്ഠഘടകങ്ങളെ കൂടുതൽ കൂടുതൽ അതിൻെറ നിയന്ത്രണത്തിലാക്കുകയും അന്ധമായി സംഭവങ്ങളുടെ ഗതിക്കു കീഴടങ്ങുന്നതവസാനിപ്പിക്കുകയുംചെയ്തുകൊണ്ടു് അതിൻെറ ജീവിതത്തെ ബോധപൂർവ്വം സംഘടിപ്പിക്കുന്നു. ഇതിൻെറ അർത്ഥം, സമുദായത്തിനു് വസ്തുനിഷ്ഠസാഹചര്യങ്ങളവഗണിച്ചുകൊണ്ടു് തന്നിഷ്ടംപോലെ

ചെയ്യാൻ കഴിയുമെന്നല്ല. അതു് ഉൽപാദനം പ്ലാൻ ചെയ്യുന്നു. ഒരു നിശ്ചിതകാലത്തിനുള്ളിൽ എന്തുനേടാൻ കഴിയുമെന്നു് അതിനറിയാം. എന്നാൽ, ഉൽപാദനക്കഴിവുകളെ കണക്കാക്കാതെ അതിനു തന്നിഷ്ടംപോലെ പ്ലാനുകളുണ്ടാക്കാൻ വയ്യ. സോഷ്യലിസ്റ്റു സമുദായം എത്രത്തോളം പൂർണ്ണമായി വസ്തുനിഷ്ഠനിയമങ്ങളെ കീഴടക്കുകയും അതിന്റെ കടമകൾ വ്യക്തമായി കാണുകയും ചെയ്യുന്നുവോ അത്രത്തോളം ഫലപ്രദമായി അതു സ്വന്തം വികാസത്തെ മുന്നോട്ടുകൊണ്ടുപോകുന്നു.

യഥാർത്ഥസാദ്ധ്യതകളെ വേണ്ടവിധം പരിഗണിച്ചുകൊണ്ടും ശാസ്ത്രീയമായ കണക്കുക്കൂട്ടലുകളുടെ ബലത്തിലും സി. പി. എസ്സ്. യു. വിൻെറ പരിപാടിപറയുന്നു, സോവ്യററ് യൂണിയനിൽ കമ്മ്യൂണിസ്ററു സമുദായം അതിൻെറ മുഖ്യാംശങ്ങളിൽ 1980 ഓടുകൂടി നിർമ്മിക്കപ്പെടുമെന്നു്.

കമ്മ്യൂണിസ്ററു സമുദായനിർമ്മാണത്തിൽ മൂന്നു പ്രധാന കടമകളാണുള്ളതു്. (1) കമ്മ്യൂണിസത്തിനുള്ള ഭൗതികാടിസ്ഥാനമുണ്ടാക്കൽ (2) കമ്മ്യൂണിസ്ററു സാമൂഹ്യബന്ധങ്ങൾ രൂപപ്പെടുത്തൽ (3) സാമൂഹ്യമായ ഉത്തരവാദിത്വത്തെപ്പററി ഉയന്നബോധമുള്ള പൗരനും നിർമ്മാതാവുമായ പുതിയ മനുഷ്യൻെറ വിദ്യാഭ്യാസം. ഈ കടമകൾ വളരെയടുത്ത പരസ്പരബന്ധമുള്ളവയാണു്. അവ പ്രകടമാക്കുന്നതു്. സോഷ്യലിസ്ററു സമുദായത്തെ കമ്മ്യൂണിസ്ററു സമുദായത്തിലേക്കു രൂപാന്തരപ്പെടുകയെന്ന ഒരൊററ പ്രക്രിയയുടെ വ്യത്യസ്ഥ ഭാവങ്ങളാണു്.

കമ്മ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ. ഉൽപാദനശക്തികളുടെ സുശക്തവും സർവ്വതോമുഖവുമായ വികാസം സോഷ്യലിസത്തിൽനിന്ന കമ്മ്യൂണിസത്തിലേക്കു വികസിക്കുന്നതിനുള്ള ഒരു നിർണ്ണായക വ്യവസ്ഥയാണെന്നു ശാസ്ത്രീയ സോഷ്യലിസം തെളിയിച്ചിട്ടുണ്ട്. ഉൽപാദനശക്തികൾ വളരുന്നതോടെ സോഷ്യലിസ്ററുൽപാദനബന്ധങ്ങൾ അഭിവൃദ്ധിപ്പെടുകയും ഒരു ഘട്ടത്തിൽ കമ്മ്യൂണിസ്ററു ബന്ധങ്ങളായിത്തീരുകയുംചെയ്യും. അതിനാൽ സോഷ്യലിസത്തിൽനിന്ന കമ്മ്യൂണിസത്തിലേക്കുള്ള പരിവത്തനത്തിന്റെ ഘട്ടത്തിലെ മുഖ്യകടമ, കമ്മ്യൂണിസത്തിനുള്ള ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനമുണ്ടാക്കുകയാണ്. എന്തുകൊണ്ട്?

എന്തുകൊണ്ടെന്നാൽ-

ഒന്നാമതായി, ഈ അടിസ്ഥാനമുണ്ടാക്കുന്നതുകൊണ്ടു മാത്രമെ ഉൽപാദനശക്തികളെ അഭൂതപൂർവ്വമായവിധം വളർത്തുകയും അദ്ധ്വാനത്തിൻെറ ഏററവുമുയന്ന ഉൽപാദനക്ഷമതയുറപ്പുണ്ടാക്കുകയും ചെയ്യാനും ജനങ്ങൾക്ക് ഏററവും നല്ല സാങ്കേതിക സൗകര്യങ്ങൾ നൽകാനും അദ്ധ്വാനത്തെ ആവേശത്തിൻെറയും ആനന്ദത്തിൻെറയും ഒരു ഉറവിടമാക്കിത്തീക്കാനും .അതിനെ വാസ്തവത്തിൽ സൃഷ്ടിപരമാക്കാനും സാദ്ധ്യമാവുകയുള്ളു.

രണ്ടാമതായി, ഈ അടിസ്ഥാനമുണ്ടാക്കുന്നതുകൊണ്ടുമാത്രമെ, ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററുന്നതിന വേണ്ടി ഭൗതികസൗകര്യങ്ങളുടെ

ഉൽപാദനത്തെ ഉത്തേജിപ്പിക്കാനും ജനങ്ങൾക്ക് ഏററവുമുയന്ന ജീവിതനിലവാരം നേടാനും ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള വിതരണത്തിനു പാതയൊരുക്കാനും സാദ്ധ്യമാവുകയുള്ളു

മൂന്നാമതായി, ഈ അടിസ്ഥാനമുണ്ടാക്കുന്നതുകൊണ്ടു മാത്രമെ സോഷ്യലിസ്റ്റു സാമൂഹ്യ ബന്ധങ്ങളെ ക്രമേണ കമ്മ്യൂണിസ്റ്റ സാമൂഹ്യബന്ധങ്ങളായിത്രുപാന്തരപ്പെടുത്താനും ഒരു വർഗ്ഗരഹിതസമുദായം സൃഷ്ടിക്കാനും നഗരവും നാട്ടുമ്പുറവും തമ്മിലും ബുദ്ധിപരമായ അദ്ധ്വാനവും ശാരീരികാദ്ധ്വാനവും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങളില്ലാതാക്കു ചെയ്യാനും പുതിയ മനുഷ്യനെ വിദ്യാഭ്യാസം ചെയ്യിക്കാനും സാദ്ധ്യമാവുകയുള്ളു.

കമ്മ്യൂണിസത്തിനുള്ള ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനമുണ്ടാക്കുകയെന്നാലെന്താണർത്ഥം?

അതിൻെറ അർത്ഥം, എല്ലാത്തിനുമുപരി, രാജ്യം പൂർണ്ണമായി വൈദ്യുതീകരിക്കുകയും അതിൻെറയടിസ്ഥാനത്തിൽ സാങ്കേതിക വിദ്യകളും സാങ്കേതികവിജ്ഞാനങ്ങളും നന്നാക്കുകയും എല്ലാ സാമ്പത്തികശാഖകളിലും സാമൂഹ്യോൽപാദനം സംഘടിപ്പിക്കുകയുമെന്നാണ്. 1980 ൽ 27 ലക്ഷം മില്യൻകിലോവാട്ട് മണിക്കൂർ മുതൽ 30 ലക്ഷം മില്യൻകിലോവാട്ട് മണിക്കൂർവരെ വിദ്യുച്ഛക്തിയുൽപാദിപ്പിക്കാൻ സോവ്യററ് യൂണിയൻ പ്ലാൻ ചെയ്യുന്നു. ഇന്നു ലോകത്തിലെ മററെല്ലാരാജ്യങ്ങളും ചേർന്നുല്പാദിപ്പിക്കുന്നതിനേക്കാൾ അൻപതു ശതമാനത്തോളം കൂടുതലാണിതു്.

വിദ്യുച്ഛക്തി, ഉല്പാദനത്തിൽ സാർവ്വത്രികമായ യന്ത്രവൽകരണവും സ്വയം പ്രവർത്തനയന്ത്രങ്ങളുടെ ഉപയോഗവും നടപ്പിലാക്കാനുള്ള സാദ്ധ്യതയുണ്ടാക്കും. സ്വയം പ്രവർത്തനയന്ത്രങ്ങൾ അദ്ധ്വാനം ലഘൂകരിക്കുകയും അതിന്റെ ഉല്പാദനക്ഷമത വളരെ വർദ്ധിപ്പിക്കുകയും അദ്ധ്വാനത്തിന്റെ സ്വഭാവം തന്നെ തികച്ചും മാററിത്തീർക്കുകയും ചെയ്യുന്നു. അതു കായികാദ്ധ്വാനത്തെയും കൂടുതലടുപ്പിച്ചുകൊണ്ടുവരുകയും അവതമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ നീക്കം ചെയ്യുന്നതിലേക്കു നയിക്കുകയും ആവശ്യമായ അദ്ധ്വാനസമയം കുറയ്ക്കുകയും ചെയ്യുന്നു.

വിഭാവനം ചെയ്തിട്ടുള്ള കടമകളിലൊന്നു്, രസതന്ത്രത്തെ സമ്പദ്ഘടനയിൽ വിപുലമായി പ്രയോജനപ്പെടുത്തുകയും കൃത്രിമസാധനങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും, പൊതുവിൽ, പുതിയ ലാഭകരമായ ഉല്പാദനശാഖകളുടെ, പുതിയതരത്തിലുള്ള ഊർജ്ജത്തിന്റേയും പുതിയ സാധനങ്ങളുടേയും ഉല്പാദനശാഖകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയുമാണ്.

കമ്മ്യൂണിസത്തിനുള്ള ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനമുണ്ടാക്കുന്നതിൽ ഘനവ്യവസായങ്ങളുടെ വികാസം-രാസം. ഊർജ്ജം, ഇന്ധനം, ഇരുമ്പും ഉരുക്കും, എഞ്ചിനീയറിങ്ങ്, ലോഹപ്പണി എന്നീ ശാഖകൾ ഒരു നേതൃത്വപങ്കാണു വഹിക്കുന്നതു്. സാങ്കേതികമായി ഘനവ്യവസായം എല്ലാ സാമ്പത്തികശാഖകളേയും- ഉപഭോഗസാധനവ്യവസായങ്ങൾ, കൃഷി, കെട്ടിട

നിർമ്മാണം, ഗതാഗതവും വാർത്താവിനിമയവും-പുതുതായി യന്ത്രീസജ്ജീകൃതമാകുന്നു. അതുപോലെതന്നെ ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ടു നിർവ്വഹിക്കുന്ന ശാഖകളായ പൊതുഭക്ഷണശാലകൾക്കും ആരോഗ്യസർവ്വീസിനും ഭവനനിർമ്മാണത്തിനും സാമൂഹ്യസേവനങ്ങൾക്കും അതു് ഉപകരണങ്ങൾ പുതുതായി നൽകുന്നു. ഇന്നു മുതലാളിത്തലോകമാകെ ഉല്പാദിപ്പിക്കുന്നിടത്തോളംതന്നെ 1980 ൽ സോവ്യററ്യൂണിയൻ ഉല്പാദിപ്പിക്കും കൃഷിയുടെ ഊർജ്ജിതമായ വികാസം കമ്മ്യൂണിസ്റ്റു സമൃദ്ധിസൃഷ്ടിക്കും. അതു നാട്ടുമ്പുറത്തും കമ്മ്യൂണിസ്റ്റുസാമൂഹ്യബന്ധങ്ങളിലേക്കുള്ള പരിവർത്തനത്തിന്റെ അടിസ്ഥാനമുണ്ടാക്കും.

കമ്മ്യൂണിസ്റ്റുനിർമ്മാണത്തിന്റെ വിപുലമായി പരിപാടി പൂർത്തീകരിക്കുകയും ഭൗതികവും ആത്മീയവുമായ സൗകര്യങ്ങളുടെ സമൃദ്ധി സൃഷ്ടിക്കുകയും ചെയ്യുന്നതിനു അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത സ്ഥിരമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കേണ്ടതാവശ്യമാണു്. ചൂഷണവ്യവസ്ഥയിൽ ഭാവന ചെയ്യാൻ വയ്യാത്തവിധം സാമൂഹ്യാദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമത ഏറ്റവുമധികം വർദ്ധിപ്പിച്ചുകൊണ്ടു് കമ്മ്യൂണിസം മുതലാളിത്തത്തെ പരാജയപ്പെടുത്തും.

ശാസ്ത്രവും സാങ്കേതികവിദ്യയും തുടർച്ചയായ ത്വരിതപുരോഗതി നേടുകയും ഉല്പാദനത്തേയും ശാസ്ത്രത്തേയും ഗാഢമായി കൂട്ടിയിണക്കുകയും ചെയ്യുന്നതുകൊണ്ടു് കൂടിയാണു് കമ്മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവു

മായ അടിസ്ഥാനമുണ്ടാവുന്നത്. സോവ്യറ്റ് യൂണിയൻ ആറ്റം ശക്തികേന്ദ്രങ്ങളും ആറ്റംശക്തികൊണ്ടോടുന്നകപ്പലുകളും സങ്കീർണ്ണങ്ങളായ കംപ്യൂട്ടറുകളും നിർമ്മിച്ചിട്ടുണ്ട്. ഒരു സോഷ്യലിസ്റ്റ് രാജ്യമായ യു. എസ്സ്. എസ്സ്. ആറിൽ നിർമ്മിച്ച കൃത്രിമചന്ദ്രന്മാരാണ് ആദ്യമായി ബഹിരാകാശത്തു ചെന്നെത്തിയത്. ശൂന്യാകാശത്തിലേക്കുള്ള പാതയിൽ വെളിച്ചം വീശിയവർ സോഷ്യലിസ്റ്റ് സമുദായത്തിലെപൗരന്മാരാണ്. ആദ്യത്തെ ശൂന്യാകാശസഞ്ചാരിയായ യൂറിഗഗാറിനും ശൂന്യാകാശത്തിൽ സഞ്ചരിച്ച ഒന്നാമത്തെ വനിതയായ വാലൻറീന നിക്കോളയവതെരഷ്കോവയും സർവ്വലോകപ്രശസ്തിയാർജ്ജിച്ചിരിക്കുന്നു. സോവ്യറ്റ്ശാസ്ത്രം അധികമധികം നേട്ടങ്ങൾ ഓരോ ഉല്പാദനമേഖലയിലും നടപ്പാക്കിക്കൊണ്ടു തുടച്ചയായി പുരോഗമിക്കുന്നു.

കമ്മ്യൂണിസത്തിൻെറ ഭൗതികവും സങ്കേതികവുമായ അടിത്തറ സൃഷ്ടിക്കുകയെന്നതിൻെറ അർത്ഥം അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് ഒരുയന്ന സാംസ്കാരികവും സാങ്കേതികവുമായ നിലവാരമുണ്ടാകുന്നുവെന്നും ഒരു പുതിയതരം തൊഴിലാളികളെ-ഉയന്ന സാമൂഹ്യബോധവും ഉറച്ച ശാസ്ത്രീയവിജ്ഞാനവും വിശാലമായ സാംസ്കാരികവീക്ഷണവുമുള്ള ആളുകളെ- വാർത്തെടുക്കുന്നുവെന്നും കൂടിയാണ്.

ജനങ്ങളുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തൽ. സോഷ്യലിസത്തിൻകീഴിലെ ഉല്പാദനത്തിന്റെ ലക്ഷ്യം, ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ സാദ്ധ്യമായത്ര പൂർണ്ണമായി

ത്തരപ്പിപ്പെടുത്തുകയെന്നതാണ്. സി. പി. എസ്സ്. യുവി ൻെറ ഇരുപതുവർഷപ്പരിപാടി, ഏതു മുതലാളിത്ത രാജ്യത്തേതിനേക്കാളും ഉയന്ന ജീവിതനിലവാരംവിഭാവനം ചെയ്യുന്നു. കമ്മ്യൂണിസത്തിൻെറ ഭൗതികവും സാങ്കേതികവുമായ അടിത്തറ സൃഷ്ടിക്കപ്പെടുന്നതോടെ ഈ ലക്ഷ്യം നേടുകയും ചെയ്യും.

സോഷ്യലിസം അതിൻെറ പൗരന്മാക്ക് സൗജന്യമായി വിദ്യാഭ്യാസവും വൈദ്യസഹായവും പൂർണ്ണ ജോലിയും സാംസ്കാരിക സൗകര്യങ്ങളും ഉറപ്പുചെയ്യുന്നു. അതു സ്ഥിരമായി സാമൂഹ്യരക്ഷ അഭിവൃദ്ധിപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുന്നു; ഭവനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു; വാടക താണനിലയിൽ നിർത്തുന്നു. സോഷ്യലിസത്തിൽനിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവത്തനത്തിൻെറ ഘട്ടത്തിൽ ജനങ്ങളുടെ ജീവിതനിലവാരം വീണ്ടും വർദ്ധിപ്പിക്കുന്നു; ജനങ്ങളുടെ ആവശ്യമനുസരിച്ചു വിതരണം ചെയ്യുകയെന്ന കമ്മ്യൂണിസ്റ്റു തത്വം നടപ്പിലാക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു; ജനങ്ങളുടെ ജീവിതനിലവാരത്തിലുള്ള വ്യത്യാസങ്ങൾ ക്രമേണ അവസാനിപ്പിക്കുന്നു.

1960നും 1980നു മിടയിൽ സോവ്യററ് യൂണിയനിലെ ഓരോ അദ്ധ്വാനിക്കുന്ന പൗരൻെറയും വരുമാനം 250 ശതമാനത്തിലധികം വർദ്ധിക്കുന്നതാണ്. ഉയന്ന വേതനത്തിൻെറയും നികുതികൾ നിത്തലാക്കുന്നതിൻെറയും പബ്ലിക്ക് കൺസ്ഷൻ ഫണ്ടും വിപുലപ്പെടുത്തുന്നതിൻെറയും ഫലമായിട്ടാണിതുണ്ടാവുന്നതു്.

ഫാബ്രിക്സ്, തുണിത്തരങ്ങൾ, പാദരക്ഷകൾ, വയർലസ് സെററുകൾ, ടെലിവിഷൻസെററുകൾ, റെഫ്രിജറേററുകൾ എന്നിവയും മററുപഭോഗസാധനങ്ങളും വൻതോതിൽ നിർമ്മിക്കപ്പെടുന്നു. ഒരോകുടുംബത്തിനും ആധുനികമായ ഒരു പ്രത്യേകഫ്ളാററുണ്ടായിരിക്കും. പട്ടണപരിഷ്കാരത്തിൻെറയും നാട്ടുമ്പുറത്തെ സ്വാഭാവിക ചുററുപാടുകളുടെയും (ധാരാളം പച്ചച്ചെടികളും ശുദ്ധവായുവും) ഏററവും നല്ല ഗുണങ്ങൾ കൂട്ടിയിണക്കിയ ഒരു പുതിയതരം വാസഭവനങ്ങളും പുതിയടൗണുകളും വില്ലേജുകളും നിർമ്മിക്കപ്പെടും.

ഫാക്റ്ററിജോലിക്കാരും ആഫീസ് ജോലിക്കാരും, ആഴ്ചയിൽ ഒരു ദിവസത്തെ അവധിയോടുകൂടി ദിവസേന ആറുമണിക്കൂറൊ, രണ്ടു ദിവസത്തെ അവധിയോടുകൂടി ആഴ്ചയിൽ മുപ്പത്തഞ്ചുമണിക്കൂറൊ ജോലി ചെയ്യും. ഭൂമിയ്ക്കടിയിലുള്ളതൊ അനാരോഗ്യകരമൊ ആയജോലികൾക്ക് ദിവസം അഞ്ചുമണിക്കൂറൊ ആഴ്ചയിൽ മുപ്പതുമണിക്കൂറൊ നിശ്ചയിക്കപ്പെടും. പിന്നീട്, അദ്ധ്വാനത്തിൻെറകൂടുതലുയർന്ന ഉല്പാദനക്ഷമത, ജോലിസമയം വീണ്ടുംകുറയ്ക്കാൻ സാദ്ധ്യമാക്കിത്തീർക്കും.

സ്ത്രീകൾക്ക പല ഗാർഹിക ബുദ്ധിമുട്ടുകളും ഒഴിവായിക്കിട്ടും. കുടുംബത്തിനു് ഒന്നാന്തരം ഗാർഹികയന്ത്രങ്ങളും ഉപകരണങ്ങളും ലഭിക്കും. പൊതുഭക്ഷണവിതരണം വൻതോതിൽ വളരും. പൊതുസർവ്വീസുകൾ വളരെയേറെ അഭിവൃദ്ധിപ്പെടും.

സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനകാലത്തും ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിറവേററുവാനുള്ള മുഖ്യരീതി, അദ്ധ്വാനത്തിന്റെ അളവും ഗുണവുമനുസരിച്ചു പ്രതിഫലം നൽകുകയെന്നതായിരിക്കും. ഇതാവശ്യമായിത്തീരുന്നതു് ഉല്പാദനത്തിന്റെ നിലവാരം കൊണ്ടുമാത്രമല്ല. ജനങ്ങളുടെ സാമൂഹ്യബോധത്തിന്റെ നിലവാരംകൊണ്ടുമാണു്. അദ്ധ്വാനത്തെ ഉത്തേജിപ്പിക്കാൻ ഇതനുപേക്ഷണീയമാണു്. അതേസമയം പ്രതിഫലത്തിലുള്ള വ്യത്യാസങ്ങൾ ക്രമേണ തുടച്ചുനീക്കപ്പെടും. അതുണ്ടാകുന്നതു കൃത്രിമമായി സമീകരണം നടത്തുന്നതുകൊണ്ടല്ല, യന്ത്രവല്ക്കരണത്തിന്റെയും ഓട്ടോമേഷന്റെയും ഫലമായി അദ്ധ്വാനം അധികമധികം വൈദഗ്ദ്ധ്യമാർജ്ജിക്കുന്നതു കൊണ്ടാണു്.

പബ്ലിക്ക്കൺസംഷൻ ഫണ്ടു് വ്യക്തിപരമായ വേതനത്തെക്കാൾ വേഗത്തിൽ വളരുകയും, 1980 ന്റെ അവസാനത്തോടുകൂടി ജനങ്ങളുടെ യഥാർത്ഥവരുമാനത്തിൻ പകുതി അതിൽ നിന്നു ലഭിക്കുകയും ചെയ്യും.

സമുദായം നിർവ്വഹിക്കാൻ ഭാരമേൽക്കുന്നആവശ്യങ്ങളിൽ ചിലതു താഴെ ചേർക്കുന്നു.

കുട്ടികൾക്കുള്ള നഴ്സറികളും കിന്റർഗാർട്ടനുകളും ബോർഡിങ്ങ് സ്കൂളുകളും സൗജന്യമാക്കുക; സ്കൂളുകളിൽ ചൂടുപ്രാതലും ഉച്ചഭക്ഷണവും സൗജന്യമായി നൽകുക; സ്കൂൾ യൂണിഫാറങ്ങളും പാഠപുസ്തകങ്ങളും സൗജന്യമായി കൊടുക്കുക; എല്ലാസ്കൂളുക

ളിലും പരിശീലനവക്ക്ഷാപ്പുകളും ലാബറട്ടറികളും കായികാഭ്യാസശാലകളും കളിസ്ഥലങ്ങളുമുണ്ടാക്കുകയും സംഗീതം, ചിത്രമെഴുത്ത് കൊത്തുപണി തുടങ്ങി അമ ച്ചർകലകളിലേർപ്പെടാനുള്ള സൗകര്യങ്ങളുണ്ടാക്കു കയും ചെയ്യുന്ന ജോലിപൂർത്തിയാക്കുക;

കഴിവില്ലാത്തവരെ സംരക്ഷിക്കുക; വയോധികരേ യും കഴിവില്ലാതായവരേയും സൗജന്യമായി സംരക്ഷിക്കു വാനുള്ള നല്ല ഭവനങ്ങളുടെ ഒരു വിപുലശൃംഖലസ്ഥാ പിക്കുക;

വാടകക്കൂടാതെ താമസസ്ഥലങ്ങളും സൗജന്യ മായി വിദ്യുച്ഛക്തിയും ഗ്യാസും വെള്ളവും ഭവനങ്ങ ളിൽചൂടുംനൽകുക;

പൊതുഗതാഗതം സൗജന്യമാക്കുക;

ഫാക്ടറികളിലും പബ്ളിക്ക് ആഫീസുകളിലും കളക്റ്റീവ് ഫാമുകളിലും സൗജന്യമായി ഉച്ചഭക്ഷണം നൽകുക.

1980 അവസാനത്തോടുകൂടി, ജനങ്ങളുടെ ആവ ശ്യങ്ങളിൽ പകുതിയും, എല്ലാവർക്കും തുല്യതയെന്ന അടി സ്ഥാനത്തിൽ സമുദായം സൗജന്യമായി നിറവേററുക യായിരിക്കുമെന്നു ഇതിൽ നിന്നു സിദ്ധിക്കുന്നു. നാം ഉദ്ദേ ശിക്കുന്നത് സ്വകാര്യാവശ്യങ്ങളേക്കാളും (വസ്ത്രം, ചെരുപ്പ്, തുടങ്ങിയവ), ജനങ്ങൾ പങ്കുചേർന്നുകൂട്ടായുപ യോഗിക്കുന്ന സൗകര്യങ്ങളെയാണ്. അതേസമയം, വർദ്ധിച്ച വ്യക്തിപരമായ വരുമാനംകൊണ്ടു്, വിഘ

കൊടുക്കേണ്ട ഭൗതികസൗകര്യങ്ങൾ എല്ലാവൎക്കും നേടാൻ കഴിയുന്നു. ഇതിൽ നിന്നു്, എല്ലാ സൗകര്യങ്ങളുടെയും സർവ്വീസുകളുടേയും സൗജന്യമായ, കമ്മ്യൂണിസ്റ്റു് വിതരണത്തിലേക്കു് ഒരു ചുവടുമാത്രമേ ബാക്കിയുള്ളൂ.

കമ്മ്യൂണിസത്തിൻകീഴിലെ അദ്ധ്വാനം കമ്മ്യൂണിസത്തിൻകീഴിൽ എല്ലാസമ്പത്തിന്റെയും ഉറവിടം അദ്ധ്വാനം തന്നെയായിരിക്കും. കമ്മ്യൂണിസം സമുദായത്തിലെ ഓരോ അംഗത്തിനും അയാളുടെ കഴിവനുസരിച്ചു് പണിയെടുക്കാനുള്ള കടപ്പാടുണ്ടാകുന്നു. സോഷ്യലിസവും അങ്ങിനെ ചെയ്യുന്നുണ്ടു്. എന്നാൽ കമ്മ്യൂണിസത്തിൻകീഴിൽ അദ്ധ്വാനത്തിന്റെ സ്വഭാവം വ്യത്യാസപ്പെടും, അതിനു യത്നത്തിന്റെ ആവശ്യം കുറയും. അദ്ധ്വാനദിവസത്തിന്റെ ദൈർഘ്യം ചുരുങ്ങും; അതിൻഫലമായി, ഉല്പാദനത്തിൽ പങ്കെടുക്കുകയെന്നതു് എല്ലാവൎക്കും രസകരവും ഉന്മേഷകരവുമായ തൊഴിലായിത്തീരും. ഈ പരിതസ്ഥിതികളിൽ, അദ്ധ്വാനം ജനങ്ങൾക്കുപ്രധാനപ്പെട്ട ആവശ്യമായിത്തീരും. ലെനിന്റെ നിൎവ്വചനമനുസരിച്ചു്, അതു് "പൊതുനന്മയ്ക്കുവേണ്ടിപണിയെടുക്കുന്നതു് ഒരു ശീലമായിത്തീൎന്നിട്ടുള്ളതുകൊണ്ടും പൊതുനന്മയ്ക്കുവേണ്ടി പണിയെടുക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ബോധപൂർവ്വം മനസ്സിലാക്കുന്നതുകൊണ്ടും (ശീലമായിത്തീരുക) ചെയ്യപ്പെടുന്ന അദ്ധ്വാനം — ആരോഗ്യമുള്ള ശരീരത്തിന്റെ ഒരാവശ്യമെന്നനിലയിലുള്ള അദ്ധ്വാനം" * ആയിരിക്കും.

---

* വി. ഐ. ലെനിൻ. സമ്പദ്ഘടനയുടെ സോഷ്യലിസ്റ്റ് സംഘടനയുടെ പ്രശ്നങ്ങൾ. മോസ്കോ,, 1964 പേജ് 270

ഇന്നു് എഞ്ചിനീയർമാരും സാങ്കേതിക വിദഗ്ദ്ധന്മാരും ചെയ്യുന്നതരത്തിലുള്ള ജോലിയായിരിക്കും കമ്മ്യൂണിസ്റ്റുല്പാദനത്തിൽ എല്ലാതൊഴിലാളികളും ചെയ്യുന്നതു്.

ആഴ്ചയിലെ ജോലിസമയം ഇരുപതു മുതൽ ഇരുപത്തഞ്ചുവരെമണിക്കൂറുകളായിരിക്കും; അതായതു്, ദിവസം നാലോ അഞ്ചോമണിക്കൂർ. പിന്നീട് ഇതുവീണ്ടും കുറയ്ക്കുന്നതാണു്. പഴയതൊഴിൽവിഭജനം അവസാനിപ്പിക്കപ്പെടും. അതിൻെറ അർത്ഥം, എല്ലാവർക്കും തങ്ങളുടെ കഴിവിനും വാസനയ്ക്കുമനുസരിച്ചുള്ള തൊഴിൽ തിരഞ്ഞെടുക്കാൻ സാധിക്കുമെന്നും അവർക്കുകൂടുതലിഷ്ടപ്പെടുന്ന തരത്തിലുള്ള തൊഴിലിലേർപ്പെടാനോ, ഒരു തൊഴിലിൽനിന്നു മറ്റൊന്നിലേക്കുമാറാനൊ കഴിയുമെന്നുമാണു്. സോഷ്യലിസത്തിൻെറയും കമ്മ്യൂണിസത്തിന്റെയും കീഴിൽ ഉല്പാദനത്തിനു് ദൈർഘ്യംകുറഞ്ഞ ജോലിദിവസ കൂടിയേതീരൂ. കാരണം, ഉല്പാദനത്തിന്റെ ഉയന്നനിലവാരത്തോടുകൂടി, തൊഴിലാളികൾ അവരുടെ വൈദഗ്ദ്ധ്യം അനുസ്യൂതം അഭിവൃദ്ധിപ്പെടുത്തുകയും അവരുടെ ചക്രവാളം വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ടു്. കമ്മ്യൂണിസ്റ്റുസമുദായത്തിലെ അംഗത്തിനു ധാരാളം ഒഴിവുസമയമുണ്ടാവും. എന്നാൽ അയാളതു് പാഴാക്കിക്കളയുകയില്ല. അയാൾ പലസാംസ്കാരികസംരംഭങ്ങളും ശാസ്ത്രീയഗവേഷണവും കലാപരിപരിശ്രമങ്ങളും കായിക പരിശീലനവും കളികളും പൊതുസ്വയംഭരണ പ്രവത്തനവും ബുദ്ധിപൂർവ്വം തിരഞ്ഞെടുക്കും. എല്ലാ ആവശ്യങ്ങളും

നിർവ്വഹിക്കാൻ സമുദായം ഭരമേൽക്കുമെന്നുള്ളതി നാൽ പണിയെടുക്കുന്ന മനുഷ്യൻ വേതനത്തെപ്പററി ചിന്തിച്ചു വിഷമിക്കേണ്ടിവരുകയില്ല. പുതിയ സമുദായത്തിൽ അദ്ധ്വാനം വലിയതായി കരുതപ്പെടും. അതെല്ലാവരുടേം മനുഷ്യൻെറ മാന്യതയുടെ മാനദണ്ഡമായിത്തീരും.

ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ച് "ഓരോ ആളിൽ നിന്നും അയാളുടെ കഴിവനുസരിച്ച്, ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ച്" എന്ന കമ്മ്യൂണിസത്തിന്റെ അടിസ്ഥാനതത്വം യഥാർത്ഥമാക്കുന്നതിനു സോഷ്യലിസം വഴിയൊരുക്കുന്നു. ജനങ്ങളുടെ ആവശ്യമനുസരിച്ചു വിതരണം നടപ്പിലാക്കാൻ കഴിയുന്നതിനുമുമ്പ് ഭൗതികസൗകര്യങ്ങളുടെ സമൃദ്ധി സൃഷ്ടിക്കണം. ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ചു സത്യസന്ധമായി അദ്ധ്വാനിക്കുകയും സമുദായത്തിൽനിന്നു തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടതുമാത്രം സ്വീകരിക്കുകയും ചെയ്യത്തക്കവണ്ണം ജനങ്ങളുടെ സംസ്കാരവും സാമൂഹ്യബോധവും ഉയർത്തുകയെന്നതും പ്രധാനമാണ്. അദ്ധ്വാനമനുസരിച്ചു വിതരണം ചെയ്യുകയെന്ന സോഷ്യലിസ്ററു തത്വം, വിതരണത്തിന്റെ കമ്മ്യൂണിസ്ററുതത്വത്തിലേക്കുള്ള പരിവർത്തനത്തിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. അതു് അദ്ധ്വാനത്തിൻെറ വർദ്ധമാനമായ ഉല്പാദനക്ഷമതയ്ക്കു് ആക്കം കൂട്ടുകയും തങ്ങളുടെ സാംസ്കാരികവും സാങ്കേതികവുമായ നിലവാരമുയർ

ത്താൻ തൊഴിലാളികളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അദ്ധ്വാനമനുസരിച്ചുള്ള വിതരണം സമുദായത്തിലെ ഓരോ അംഗത്തിലും, തന്റെ കഴിവനുസരിച്ച് അദ്ധ്വാനിക്കാനുള്ള ശീലം വളർത്തുന്നു. ഒരു വശത്ത് ജോലിയുടെ അളവും ഗുണവുമനുസരിച്ചുള്ള വരുമാനവും മറുവശത്ത് പബ്ലിക്ക് കൺസംഷൻ ഫണ്ടും കൂട്ടിയിണക്കുന്നത് സമുദായത്തെ കമ്മ്യൂണിസത്തിലേക്ക് കൂടുതൽ കൂടുതൽ അടുപ്പിച്ചുകൊണ്ടുവരും. സമുദായത്തിലെ അംഗങ്ങളുടെ ആവശ്യങ്ങൾ സൗജന്യമായി തൃപ്തിപ്പെടുത്താനുദ്ദേശിച്ചുള്ള പബ്ലിക്ക് കൺസംഷൻ ഫണ്ടിന്റെ പ്രാധാന്യം സ്ഥിരമായി വർദ്ധിച്ചുകൊണ്ടിരിക്കും. ചെയ്തുതീർത്ത ജോലിയനുസരിച്ചുള്ള വിതരണമെന്നതത്വം സാമ്പത്തികമായി ക്ഷയിച്ചുകഴിഞ്ഞ ഒരു സമയം വരും; ഭൗതികവും സാംസ്കാരികവുമായ സൗകര്യങ്ങളുടെ സമൃദ്ധിയുണ്ടായിരിക്കും, അദ്ധ്വാനം സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും അതിപ്രധാന ആവശ്യമായിത്തീരും, ജോലി ചെയ്യുന്നവർക്ക് പിന്നീട് ഭൗതിക പ്രേരണകൾ നൽകേണ്ട ആവശ്യം ഉണ്ടായിരിക്കുകയുമില്ല.

അപ്പോഴാണ്, ജനങ്ങളുടെ ആവശ്യമനുസരിച്ചുള്ളവിതരണം ഒരു സാമ്പത്തികാവശ്യമായിത്തീരുന്നത്. ഈ രൂപത്തിലുള്ള വിതരണം, എല്ലാത്തിലുമേറെ, ഉല്പാദനത്തിന്റെ വർദ്ധനവിനും ത്വരിതമായ സാമൂഹ്യ പുരോഗതിക്കും പ്രേരകമായിത്തീരും. എംഗത്സ് പറഞ്ഞതുപോലെ, അത് "തങ്ങളുടെ കഴിവുകൾ ഏററവു

മധികം സാർവ്വത്രികമായി വികസിപ്പിക്കുവാനും സംരക്ഷിക്കുവാനും പ്രയോഗിക്കുവാനും സമുദായത്തിലെ എല്ലാ അംഗങ്ങളേയും അനുവദിക്കുന്നു."*

പൗരന്മാരുടെ വസ്ത്രം, ഭവനം തുടങ്ങിയ ആവശ്യങ്ങൾ പൂർണ്ണമായിനിറവേററുവാൻ മാത്രമല്ല, സംസ്കാരസമ്പന്നനായ മനുഷ്യന് പൂർണ്ണമായ ഒരു ജീവിതത്തിനാവശ്യമായ എല്ലാകാര്യങ്ങളും നൽകാനും തക്കവിധം സമ്പന്നമായിരിക്കും കമ്മ്യൂണിസ്റ്റുസമുദായം. വ്യക്തിപരമായിനിറവേററപ്പെടുന്ന ആവശ്യങ്ങൾ മനുഷ്യന് വളരെ കുറച്ചേയുള്ളു. കൂട്ടായ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെടേണ്ട അയാളുടെ ആവശ്യങ്ങൾ വളരെ പ്രാധാന്യമുള്ളതായിത്തീരും. കമ്മ്യൂണിസ്റ്റുസമുദായത്തിൻെറ സമ്പത്ത്, ഇന്നത്തെ മുതലാളിത്തത്തിൻെറ സ്വത്തിനെ വാമനരൂപിയാക്കിത്തീർക്കും.

ആദായത്തിൻെറയും ദുരാഗ്രഹത്തിൻെറയും ഭൗതികനേട്ടത്തിൻെറയും ചിന്തയിൽ നിന്നു ജനങ്ങൾ ശാശ്വതമോചനം നേടും. പണം ആവശ്യമില്ലാതായിത്തീരും. അതിൻഫലമായി, ജനങ്ങളുടെ മനസ്സ് ആരോഗ്യമുള്ളതായിത്തീരും. അവസാനം, ഉന്നതമായ താല്പര്യങ്ങളെ സേവിക്കാൻ ജനങ്ങൾ കഴിവുള്ളവരായിത്തീരും. അതിലൊന്നാമത്തേതു സമുദായത്തിൻെറ താല്പര്യങ്ങളായിരിക്കും. ജനങ്ങളുടെ ആവശ്യങ്ങൾ അനുസ്യൂതം വളന്നുകൊണ്ടിരിക്കും. എന്നാൽ അവ, സമ്യക്കായവിധം വികാസം പ്രാപിച്ച വ്യക്തികളുടെ ന്യായമായ ആവശ്യ

* ഫ്രഡറിക്ക് എംഗത്സ്, ആൻറി ഡൂറിങ്ങ്, മോസ്കൊ, 1954, പുറം 278

ങ്ങളായിരിക്കും. കമ്മ്യൂണിസ്റ്റുസമുദായം പുതിയ മാനുഷികാവശ്യങ്ങൾ സൃഷ്ടിക്കുന്നതോടെ, അവ നിറവേറ്റാനുള്ള മാർഗ്ഗങ്ങളും കണ്ടുപിടിക്കും.

കമ്മ്യൂണിസ്റ്റുസ്വത്തുടമ. കമ്മ്യൂണിസത്തിൻ കീഴിൽ, ഉല്പാദനോപകരണങ്ങളിലും വ്യാവസായികവും കാർഷികവുമായ ഉല്പന്നങ്ങളിലും ഒരു രൂപത്തിലുള്ള സ്വത്തുടമ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. അതു്, മുഴുവൻ ജനങ്ങളുടേയും കമ്മ്യൂണിസ്റ്റു സ്വത്തുടമയായിരിക്കും. സോഷ്യലിസത്തിൻകീഴിലുള്ള രണ്ടു രൂപത്തിലുള്ള സ്വത്തുടമയും-സ്റ്റേറ്റിൻെറയും കോവോപ്പറേറ്റീവുകളുടെയും (രണ്ടാമത്തേതു്, സോവ്യററ്യൂണിയൻെറ കാര്യത്തിൽ കളക്ടീവ്ഫാമുകളുടെയും മററു കോവോപ്പറേററീവുകളുടെയും സ്വത്താണു്)-വികസിക്കുകയും അവ ഒരൊററ കമ്മ്യൂണിസ്റ്റുസ്വത്തുടമയിൽ ലയിച്ചുചേരുകയും ചെയ്യും. സോഷ്യലിസ്റ്റുടൗൺ, കൂട്ടായിത്തീന്ന കൃഷിയെ അധികമധികം സഹായിക്കുന്നു. ഉല്പാദനത്തിൻെറയും സംസ്കാരത്തിൻെറയും രാഷ്ട്രീയപ്രവത്തനങ്ങളുടെയും രംഗങ്ങളിൽ നഗരവും നാട്ടുമ്പുറവും തമ്മിലുള്ള ബന്ധങ്ങൾ അനവരതം വളന്നുകൊണ്ടിരിക്കുന്നു. തൊഴിലാളികളും കഷകരും തമ്മിലുള്ള സഹകരണവും പരസ്പരസഹായവും കൂടുതൽ ഗാഢമായിത്തീന്നുകൊണ്ടിരിക്കുന്നു. നഗരവും നാട്ടുമ്പുറവും തമ്മിലുള്ള സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മററു തരത്തിലുള്ള വ്യത്യാസങ്ങൾ തുടച്ചുനീക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കൃഷി, ശക്തിയിലും സാങ്കേതിക സൗകര്യങ്ങ

KOTTAYAM PUBLIC LIBRARY KOTTAYAM

ളിലും കൂടുതൽ സമ്പന്നമായിത്തീൎന്നുകൊണ്ടിരിക്കുന്നു. കാർഷികോല്പാദനം വൎദ്ധിപ്പിക്കൽ പ്രകൃതിയെ ആശ്രയിക്കുന്ന അവസ്ഥ കുറഞ്ഞുകൊണ്ടിരിക്കുന്നു. തൽഫലമായി കോവോപ്പറേറ്റീവ് രൂപത്തിലുള്ള സ്വത്ത്, പൊതുസ്വത്തിൻെറ നിലവാരത്തിൻെറയും നിലവാരത്തിലേക്കു ക്രമേണ ഉയൎന്നുകൊണ്ടിരിക്കുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങൾ പൊതുസ്വത്തിൻെറ ഉല്പാദനത്തിലും നിയന്ത്രണത്തിലും കൂടുതൽ കൂടുതൽ സജീവമായ പങ്കു വഹിക്കുന്നതിലും, കമ്മ്യൂണിസ്ററു സ്വത്തിലേക്കു സോഷ്യലിസ്ററുസ്വത്തിന്റെ വികാസം പ്രകടമാവുന്നുണ്ടു്.

കമ്മ്യൂണിസ്റ്റുസ്വത്ത് . സമുദായത്തിലെ, എല്ലാ അംഗങ്ങൾക്കും ലഭ്യമാകത്തക്കവണ്ണമുള്ള ഭൗതികസൗകര്യങ്ങളുടെ സമൃദ്ധിയുടെമൂൎത്തീകരണമാകുന്നു. അതിനു് ചരക്കിന്റെയും പണത്തിന്റെയും ബന്ധങ്ങളുമായി അടുപ്പമുണ്ടായിരിക്കുകയില്ല. അദ്ധ്വാനത്തിലെ എല്ലാസാമൂഹ്യമായ വ്യത്യാസങ്ങളുടെയും (മാനസികവും കായികവുമായ അദ്ധ്വാനം തമ്മിലും കാൎഷികവും, വ്യാവസായികവുമായ അദ്ധ്വാനം തമ്മിലും വിദഗ്ദ്ധവും അവിദഗ്ദ്ധവുമായ അദ്ധ്വാനം തമ്മിലും മററും) അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാംസ്കാരികവും സാങ്കേതികവും ജീവിതനിലവാരത്തിലേതുമായ വ്യത്യാസങ്ങളുടെയും എല്ലാ അവശിഷ്ടങ്ങളും തുടച്ചു മാററപ്പെടുമെന്നുള്ളതിനാൽ സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും ഉല്പാദനോപകരണങ്ങളോടു്; അവയുടെ കൂട്ടായ ഉടമയെന്ന നിലയിൽ സമമായ ബന്ധങ്ങളുണ്ടായിരിക്കുമെന്നും ഈ സമത്വം

പ്രായോഗികമാക്കുന്നതിന് സന്ദർഭസമത്വമുണ്ടായിരിക്കുമെന്നുമാണ് ഇതിനർത്ഥം

കമ്മ്യൂണിസത്തിൻ കീഴിൽ വ്യക്തിപരമായ സ്വത്ത്, വ്യക്തികൾ ഉപഭോഗം നടത്തുന്നതും അവയുടെ സ്വഭാവം കൊണ്ടുതന്നെ സാമൂഹ്യവൽക്കരിക്കാൻ കഴിയാത്തതുമായ സാധനങ്ങളുടെ ഒരു പ്രത്യേക പരിധിവരെ വ്യാപിച്ചിരിക്കും; ഉദാ: വസ്ത്രം, പാദരക്ഷകൾ മുതലായവ ഒടുങ്ങാത്ത പൊതുഫണ്ടുണ്ടായിരിക്കും; അതിൽനിന്നും ജനങ്ങളുടെ വളർന്നുകൊണ്ടിരിക്കുന്ന ഭൗതികവും ആത്മീയവുമായ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററപ്പെടും.

വർഗ്ഗരഹിതമായ സമുദായം. ഉല്പാദനോപകരണങ്ങളുടെ മേലുള്ള ഒരൊററ പൊതുഉടമസമ്പ്രദായം വർഗ്ഗരഹിതമായ സമുദായത്തിന്റെ അടിത്തറയായിത്തീരും. ഏതെങ്കിലും വർഗ്ഗവിഭജനം നിലനിൽക്കാനുള്ള അടിസ്ഥാനം ബാക്കിയുണ്ടാവില്ല.

സോഷ്യലിസത്തിൻ കീഴിൽ തന്നെ ചൂഷകവർഗ്ഗങ്ങളെ അവസാനിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ വർഗ്ഗങ്ങളെ പൂർണ്ണമായി അവസാനിപ്പിക്കുന്നതിന്റെ അർത്ഥം, ചൂഷകന്മാർ- ഭൂവുടമകളും മുതലാളിമാരും അട്ടിമറിക്കപ്പെടണമെന്നുമാത്രമല്ല, അവരുടെ സ്വത്തും സ്വകാര്യസ്വത്തു പൊതുവിലും അവസാനിപ്പിക്കപ്പെടണമെന്നുകൂടിയാണ്. നഗരവും നാട്ടുമ്പുറവും തമ്മിലും മാനസികാദ്ധ്വാനവും കായികാദ്ധ്വാനവും തമ്മിലുമുള്ള വ്യത്യാസങ്ങളും കൂടി തുടച്ചുനീക്കേണ്ടതാവശ്യമാണ്.

അങ്ങിനെ തൊഴിലാളിവർഗ്ഗത്തിൻെറ അന്തിമ ലക്ഷ്യം നേടിയിരിക്കും. വർഗ്ഗങ്ങൾ തുടച്ചുനീക്കപ്പെട്ടിരിക്കും. പരിപൂർണ്ണസമത്വത്തിലധിഷ്ഠിതമായ ഒരു സമുദായം സൃഷ്ടിക്കപ്പെട്ടിരിക്കും.

സോഷ്യലിസത്തിൽ നിന്നു കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനകാലത്തു്, രണ്ടുതരത്തിലുള്ള സോഷ്യലിസ്റ്റുസ്വത്തുക്കൾ അധികമധികം അടുത്തുവരുകയും അവസാനം ഒന്നിച്ചു ലയിക്കുകയും ചെയ്തുകൊണ്ടു്, തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവും തമ്മിലുള്ള വ്യത്യസ്ഥതകൾ ക്രമേണ ഇല്ലാതാക്കപ്പെടുന്നു. തൊഴിലാളികളുടെയും കർഷകരുടെയും സാങ്കേതികവും സാംസ്കാരികവുമായ നിലവാരം സ്ഥിരമായി അഭിവൃദ്ധിപ്പെടുകയും, അതിൻെറ ഫലമായി തൊഴിലാളിവർഗ്ഗവും കർഷകരും ബുദ്ധിജീവികളും തമ്മിലുള്ള വ്യത്യാസങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്യും. പുതിയ സമുദായംസാമൂഹ്യഘടനയിൽ അധികമധികം ഏകസ്വഭാവമുള്ളതായിത്തീരും. വർഗ്ഗവ്യത്യാസങ്ങളുടെ അവശിഷ്ടങ്ങൾ ബാക്കി നില്ക്കുന്ന സോഷ്യലിസ്റ്റുസമുദായത്തിൻെറ ഐക്യം, ഒരു വർഗ്ഗരഹിതസമുദായത്തിൻെറ കൂടുതലുറച്ച ഐക്യത്തിലേക്കു വളരും. കമ്മ്യൂണിസത്തിൻകീഴിൽ, ജനങ്ങൾ തമ്മിൽ സാമൂഹ്യവ്യത്യാസങ്ങളുണ്ടായിരിക്കുകയില്ല; കാരണം, അവരെല്ലാവരും ഉല്പാദകരായിരിക്കും.

ഈ രീതിയിൽ എല്ലാവരുടെയും വാസ്തവത്തിലുള്ള സമത്വം നേടും. സമുദായത്തിലെ ഓരോ അംഗത്തിനും,

സാമൂഹ്യോല്പാദനത്തിന് അയാളുടെ സംഭാവനകണക്കാക്കാതെതന്നെ അയാളുടെ കഴിവനുസരിച്ച് സമുദായത്തിനുവേണ്ടി പണിയെടുക്കാനും ജീവിതത്തിൻെറ എല്ലാ നേട്ടങ്ങളും ആസ്വദിക്കാനും പൊതുകാര്യങ്ങളുടെ തീരുമാനത്തിൽ പങ്കെടുക്കാനും സമുദായത്തോടുള്ള അയാളുടെ പൊതുകടമയെപ്പററി അയാൾക്കുള്ള സ്വന്തം ആശയങ്ങൾ പിന്തുടരാനും ഒരു വ്യക്തിയെന്നനിലയിൽ വളരാനുമുള്ള സമമായ അവസരം ലഭിക്കും. എല്ലാവരുടെയും യഥാർത്ഥസമത്വത്തിനുള്ള ഈ അവസരത്തിനുപരിമിതിയുണ്ടാവുകയില്ല. മാർക്സ് എഴുതി, കമ്മ്യൂണിസത്തിൻ കീഴിൽ "ഒരു വ്യത്യസ്ഥരൂപത്തിലുള്ള പ്രവർത്തനം, അദ്ധ്വാനം അസമത്വത്തെ ന്യായീകരിക്കുന്നില്ല, കൈവശത്തേയും അനുഭവത്തേയും സംബന്ധിച്ച് യാതൊരു വിശേഷാവകാശങ്ങളും അനുവദിക്കുന്നില്ല.*

## കമ്മ്യൂണിസത്തിൻ കീഴിലെ സ്വയംഭരണം.

കമ്മ്യൂണിസത്തിൻ കീഴിൽ ഭരണക്രമം അനിവാര്യമായും ക്ഷയിച്ചുപോകുമെന്ന് ശാസ്ത്രീയസോഷ്യലിസത്തിൻെറ സ്ഥാപകന്മാർ വ്യക്തമാക്കി. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭരണക്രമം മുഴുവൻ ജനങ്ങളെയാകെ അധികമധികം പ്രതിനിധീകരിക്കാൻ തുടങ്ങുന്നു. സോഷ്യലിസ്റ്റു വിപ്ലവത്തിൻെറ വിജയത്തോടും ചൂഷകരുടെ പരാജയത്തോടും സോഷ്യലിസത്തിൻെറ ഉറപ്പിക്കലോടുംകൂടി ഭരണക്രമത്തിൻെറ ജോലികളിൽ കൂടുതൽ കൂടുതൽ മാറ്റം

---

* കാറൽമാർക്സ്, ഫ്രെഡറിക് എംഗത്സ്. ദി ജർമ്മൻ ഐഡിയോളജി, മോസ്കൊ 1964, വാല്യം 2, പുറം 593.

വരുന്നു. വർഗ്ഗസംഘട്ടനങ്ങളുണ്ടാകത്തക്കവിധം അപരിഹാര്യമായ ശത്രുതകൾ സോഷ്യലിസ്റ്റ സമുദായത്തിലില്ല. ഒരു വർഗ്ഗം മറെറാന്നിൻെറമേൽ ആധിപത്യം ചെലുത്തുന്നുമില്ല. സമുദായം, "ഓരോ ആളിൽ നിന്നും അയാളുടെ കഴിവനുസരിച്ച്, ഓരോ ആൾക്കും അയാളുടെ ആവശ്യമനുസരിച്ച്" എന്ന തത്വം നടപ്പിലാക്കുമ്പോൾ ഭരണകൂടത്തിനു പൂർണ്ണമായി ക്ഷയിച്ചു പോകാൻ കഴിവുണ്ടാകുന്നു. അദ്ധ്വാനത്തിൻെറയും ഉപഭോഗത്തിൻെറയും അളവിൻെറ മേൽ നിയന്ത്രണം വേണ്ടി വരുകയില്ല; കാരണം, പുതിയസമുദായത്തിൻെറ മൗലികചട്ടങ്ങൾ പാലിക്കുന്നതിൽ ജനങ്ങൾ പരിചയമുള്ളവരായിത്തീന്നിരിക്കും. അവരുടെ അദ്ധ്വാനം വളരെ ഉല്പാദനക്ഷമതയുള്ളതായിത്തീരുകയും അവർ സ്വമനസ്സാലെ തങ്ങളുടെ കഴിവനുസരിച്ചു പണിയെടുക്കുകയും ചെയ്യുന്നു. വിതരണത്തിൽ റേഷൻസമ്പ്രദായം ആവശ്യമായിത്തീരുകയില്ല. എല്ലാവരും സ്വതന്ത്രമായി അവക്കാവശ്യമുള്ളതെടുക്കുന്നു.

കമ്മ്യൂണിസ്റ്റ സമുദായം, വളരെ സംഘടിതവും രഞ്ജിപ്പുള്ളതുമായ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഒരു കൂട്ടുകെട്ടാകുന്നു. ഉല്പാദനത്തിലും ശാസ്ത്രത്തിലും സാങ്കേതികവിജ്ഞാനത്തിലുമുള്ള അതിന്റെ ഉയന്ന നിലവാരം, വ്യവസായങ്ങളിൽ, സംഘടിതവും ആസൂത്രിതവുമായ അദ്ധ്വാനവിതരണവും വ്യവസായത്തിൻെറ മേൽ പൊതുവായ നിയന്ത്രണം സംഘടിപ്പിക്കലും ആവശ്യമാക്കിത്തീക്കും. എന്നാൽ അതുജനങ്ങളുടെ മേലുള്ള നിയന്ത്രണമായിരിക്കുകയില്ല; കാര്യങ്ങളുടെ മേലുള്ള നിയന്ത്ര

ണമായിരിക്കും. അതുപ്രയോഗിക്കുന്നതു ഭരണക്കൂടത്തിന്റെ സംഘടനകളൊ രാഷ്ട്രീയസംഘടനകളോ ആയിരിക്കുകയില്ല; പൊതുജനങ്ങളുടെ സംഘടനകളായിരിക്കും. എല്ലാവിധബലപ്രയോഗവും ആവശ്യമില്ലാതായിത്തീരും. അതുകൊണ്ടു്, നിർബ്ബന്ധത്തിൻെറതായ ഉപകരണം, പ്രത്യേകനിർമ്മാണംകൊണ്ടു സ്ഥാപിക്കപ്പെടുന്നതും നീതിന്യായസ്ഥാപനങ്ങൾ കൊണ്ടും ബന്ധനസ്ഥാപനങ്ങൾകൊണ്ടും സംരക്ഷിക്കപ്പെടുന്നതുമായ നിയമപരമായ മാനദണ്ഡങ്ങൾ ആവശ്യമില്ലാതായിത്തീരും.

സോഷ്യലിസ്റ്റു സമുദായം ഉറച്ചിരിക്കുന്നതു്, അതിലെ അംഗങ്ങളുടെ സ്വതന്ത്ര്യമായ സഹകരണത്തിലാണു്. അതിൻെറ കീഴിൽ മനുഷ്യൻെറ സ്വാതന്ത്ര്യം പരിപൂർണ്ണവിജയം നേടും. വിദ്യാഭ്യാസവും പ്രേരണയും മാത്രമായിത്തീരും, സമുദായജീവിതത്തെ നിയന്ത്രിക്കുന്ന രീതി. പൊതുതാല്പര്യങ്ങളോടുമുള്ള ബഹുമാനം കമ്മ്യൂണിസ്റ്റു സമുദായത്തിലെ അംഗങ്ങൾക്കു രണ്ടാം പ്രകൃതിയായിത്തീരും.

കമ്മ്യൂണിസത്തിൻെറ പൊതുസ്വയംഭരണം സോഷ്യലിസ്ററു ജനാധിപത്യത്തിൽ നിന്നാണു് വളന്നുവരുന്നതു്. രാജ്യകാര്യങ്ങളിൽ, സാമ്പത്തികവും സാംസ്കാരികവുമായ വികാസത്തിൽ എല്ലാ പൗരന്മാരും പങ്കെടുക്കുന്നു ഭരണക്കൂടത്തിൻെറ ജോലികൾ ക്രമേണ ബഹുജനസംഘടനകളിലേക്കും പൊതുസ്വയംഭരണസ്ഥാപനങ്ങളിലേക്കും കൈമാററം ചെയ്യപ്പെടും.

പുതിയ മനുഷ്യൻെറ വിദ്യാഭ്യാസം. കമ്മ്യൂണിസത്തിൻ കീഴിൽ, സാമൂഹ്യപ്രയോജനമുള്ള അദ്ധ്വാന

ത്തിൽ പങ്കെടുക്കലും പൊതുസ്വത്തിനോടു പരിഗണന യുള്ള മനോഭാവവും സമുദായത്തിൻെറ ചട്ടങ്ങൾ കർശനമായി പാലിക്കലും സത്യസന്ധതയും അച്ചടക്കവും എല്ലാവരുടെയും ബോധപൂർവ്വമായ ശീലവും സാന്മാർഗ്ഗികകടമയുമായിത്തീരും.

പക്ഷെ, പുതിയ മനുഷ്യൻെറ വിദ്യാഭ്യാസം ദീർഘവും സങ്കീർണ്ണവുമായ ഒരു പ്രക്രിയയാകുന്നു. ജനങ്ങളുടെ ബോധം അവരുടെ ജീവിതപരിതസ്ഥിതികൾക്കും സാമൂഹ്യചുററുപാടുകൾക്കും പിന്നിലാണു് കിടക്കുന്നതു്. എല്ലാവരുടെയും മനസ്സിലുള്ള മുതലാളിത്തത്തിൻെറ അവശിഷ്ടങ്ങളെ കീഴടക്കാനും നൂററാണ്ടുകൾകൊണ്ടു വളന്നു വന്നിട്ടുള്ള, കോടിക്കണക്കിനാളുകളുടെ ശീലങ്ങളിലും സന്മാർഗ്ഗബോധത്തിലും മാററംവരുത്താനും സമയമെടുക്കും. അദ്ധ്വാനത്തിൻെറ ഗതിയിൽ, പുതിയ സമുദായത്തിൻെറ – നിർമ്മാണത്തിൻെറ ഗതിയിൽ, വിവിധസാമൂഹ്യപ്രവത്തനങ്ങളുടെ ഗതിയിൽ ഭൗതികവും സാങ്കേതികവുമായ അടിത്തറസൃഷ്ടിക്കപ്പെടുകമാത്രമല്ല, പുതിയ ജനങ്ങൾ വൻതോതിൽ വിദ്യാഭ്യാസം ചെയ്യിക്കപ്പെടുകയും ഭൂതകാലത്തിൻെറ അവശിഷ്ടങ്ങൾ അപ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ജനങ്ങളുടെ ബോധത്തിൽ വസ്തു നിഷ്ഠഘടകങ്ങൾ മാത്രം സ്വാധീനം ചെലുത്തുകയല്ല ചെയ്യുന്നതു്, കാരണം, വ്യക്തിനിഷ്ഠഘടകങ്ങളും വളരെ പ്രാധാന്യമുള്ളവയാണു്. വിപ്ലവപ്പാർട്ടി സ്ഥിരമായും ചിട്ടയായും സോദ്ദേശമായും വിദ്യാഭ്യാസപ്രവത്തനം നടത്താതെ പുതിയ മനുഷ്യനെ വാർത്തെടുക്കാൻ സാദ്ധ്യമല്ല. പാർട്ടി, സോഷ്യലിസം

നിർമ്മിക്കുന്നവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും, കമ്മ്യൂണിസത്തിൻകീഴിലെ ജീവിതത്തിനു് അവരെ പരിശീലിപ്പിക്കുകയും ചെയ്യുന്നു. സാന്മാർഗ്ഗികമായ അധികാരവും പൊതുജനാഭിപ്രായത്തിൻെറ ബഹുമാന്യതയും ഉപയോഗപ്പെടുത്തിക്കൊണ്ടു്, സമുദായത്തിലെ അധികമധികം അംഗങ്ങളെ വിദ്യാഭ്യാസപ്രവർത്തനത്തിലേക്കു കൊണ്ടുവരുന്നു.

വ്യക്തിയുടെ സർവ്വതോമുഖമായ വികാസം. കമ്മ്യൂണിസത്തിൻെറ ലക്ഷ്യങ്ങളിലൊന്നു്, മനുഷ്യൻെറ വ്യക്തിത്വത്തിനു വികസിക്കുവാൻ പരിപൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കലാണു്; സൃഷ്ടിപരമായ അദ്ധ്വാനവും സാമൂഹ്യപ്രവർത്തനവും തമ്മിൽ, ആത്മീയസമ്പത്തും സാന്മാർഗ്ഗികപരിശുദ്ധിയും തമ്മിൽ, കലാപരമായ വിദ്യാഭ്യാസവും ശാരീരികമായ പൂർണ്ണതയും തമ്മിൽ സമഞ്ജസമായിക്കൂട്ടിയിണക്കുകയാണു്. മനുഷ്യൻെറ സർവ്വതോമുഖമായ വികാസം കമ്മ്യൂണിസത്തിൻെറ വസ്തുനിഷ്ഠമായ ഒരാവശ്യമാണു്, അതിൻെറ നിയമങ്ങളിലൊന്നാണു്. സമ്യക്കായവികാസം നേടിയജനങ്ങൾക്കു മാത്രമെ ഭാവിസമുദായത്തിൽ ഉല്പാദനം മുന്നോട്ടുകൊണ്ടുപോകാനും ആ സമുദായത്തിൻെറ ആത്മീയ ജീവിതത്തിലും, പൊതു സ്വയം ഭരണത്തിലും പങ്കെടുക്കാനും കഴിവുണ്ടാവുകയുള്ളൂ.

സാർവ്വത്രിക സുരക്ഷിതത്വവും, പരിപൂർണ്ണമായ ഒരു ശുചീകരണവ്യവസ്ഥയും ആരോഗ്യസംരക്ഷണവും, യുക്തമായ ഒരു ജീവിതവും, മനുഷ്യൻെറ

ആരോഗ്യത്തിനും സന്തുഷ്ടിക്കും ഉത്സാഹത്തിനും ദീർഘായുസ്സിനും കാരണമായിത്തീരും കമ്മ്യൂണിസ്റ്റ വിതരണം ജനങ്ങളെ ജീവിതോപായം തേടുകയെന്ന പ്രശ്നത്തിൽ നിന്നും സ്വത്തിനോടുള്ള അടിമത്തപരമായ ബന്ധത്തിൽനിന്നും വിമുക്തരാക്കുന്നു. മാനുഷികബന്ധങ്ങൾ, കുടുംബത്തിലേതുൾപ്പെടെ, പണസംബന്ധമായ പരിഗണനകളിൽ നിന്ന പൂർണ്ണമായും സ്വതന്ത്രമാക്കപ്പെടുകയും, പരസ്പരബന്ധത്തിലും താല്പര്യങ്ങളുടെ ഒരുമയിലും സൗഹൃദത്തിലും പ്രേമത്തിലും അധിഷ്ഠിതമാവുകയും ചെയ്യും. എല്ലാവർക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനും അവയെ അനുസ്യൂതം വളർത്താനുമുള്ള അപരിമിതമായ അവസരം ലഭിക്കും. മനുഷ്യരാശി പൂർണ്ണമായ അളവിൽ ജീവിതമാസ്വദിക്കും. അങ്ങനെ എല്ലാം എല്ലാവർക്കും സുലഭമായി ലഭിക്കണമെന്നും സ്വാതന്ത്ര്യവും സമത്വവും കൈവരണമെന്നും ജനങ്ങൾക്കിടയിൽ സമാധാനവും സാഹോദര്യവും സഹകരണവും ഉണ്ടാകണമെന്നും അഭിലഷിച്ച മനുഷ്യവർഗ്ഗത്തിന്റെ എല്ലാതലമുറകളുടെയും യുഗദീർഘമായ സ്വപ്നം യഥാർത്ഥമായിത്തീരും.

* * * * * *

മുതലാളിത്തവും കൊളോണിയലിസവും മനുഷ്യരാശിയുടെ ഇന്നലെയാകുന്നു. ഇക്കാലത്തു സോഷ്യലിസം ഒരു പ്രബലശക്തിയായി, ഭൂഗോളത്തിന്റെ അതിവിശാലമായ പ്രദേശങ്ങളിൽ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന

ഒരു യഥാർത്ഥ സമുദായമായിത്തീന്നിരിക്കുന്നു. ശാസ്ത്രീയ സോഷ്യലിസത്തിന്റെ ആശയങ്ങൾ എല്ലാഭൂഖണ്ഡങ്ങളിലും കൂടുതൽ കൂടുതലായി കോടിക്കണക്കിനു ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

എല്ലാവിപ്ലവശക്തികളുടേയും ഐക്യം—സോഷ്യലിസ്റ്റ രാജ്യങ്ങൾ, ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ജനങ്ങൾ, എല്ലാ രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗവും മററധ്വാനിക്കുന്ന ജനങ്ങളും, മാർക്സിസം-ലെനിനിസത്തിന്റേയും അതിന്റെ അവിഭാജ്യഭാഗമായ ശാസ്ത്രീയസോഷ്യലിസത്തിന്റെയും കൊടിക്കീഴിലുള്ള ഐക്യം-സാമ്രാജ്യത്വത്തിനെതിരായ സമരത്തിൽ വിജയത്തിനുള്ള ഉറപ്പാകുന്നു.

പുതിയലോകം സ്വയമായി ഉണ്ടാവുകയില്ല. പഴയലോകത്തിന്റെ ശക്തികൾക്കെതിരായുള്ള കഠിനസമരത്തിലാണതു് ജനിക്കുന്നതു്. എന്നാൽ, ലോകത്തെ വിപ്ലവകരമായ രീതിയിൽ നവീകരിക്കാനുള്ള ശക്തികൾ അജയ്യമാണു്. ചൂഷണവ്യവസ്ഥ ചരിത്രത്തിന്റെ അഭിനയരംഗത്തു നിന്നു മാറിപ്പോകും. ഇതു തടയാനൊ മാററാനൊ ആക്കും സാദ്ധ്യമല്ല. ഒരു ഋതുവിനെ മറ്റൊന്നു പിന്തുടരുന്നതുപോലെ, രാത്രിക്കുശേഷം പകൽ വന്നെത്തുന്നതുപോലെ അനിവാര്യമായി എല്ലാ രാജ്യങ്ങളും എല്ലാ ജനതകളും സോഷ്യലിസത്തിലെത്തും.

This book is a milestone for Socialism

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 335 MN 5 Acc. No. 39802

This book should be returned on or before the date last stamped below.

29 MAR 1987
23 SEP 1987
23 JAN 1991
21 FEB 1991

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

33ഫ 32802

നം. ട. ദിനക്ഷേവ് ചരിത്ര

ശാസ്ത്രീയമായ ഭേദം ശരിയായ സത്ത

ഒരു ഉത്പത്തിക്കഥകളും

KOTTAYAM PUBLIC LIBRARY

Call No. [illegible] Acc. No. [illegible]

Author [illegible]

Title [illegible]